ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.


ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in



# പ്രാചീനമലയാളം

## ശ്രീചട്ടമ്പിസ്വാമികൾ

digitized by www.sreyas.in

# പ്രാചീനമലയാളം

(ഒന്നാംഭാഗം)

ചട്ടമ്പിസ്വാമികൾ

digitized by www.sreyas.in

digitized by www.sreyas.in

# ഓം

മനുഷ്യാണാം സഹസ്രേഷു
കശ്ചിത് യതതി സിദ്ധയേ
യതതാമപി സിദ്ധാനാം
കശ്ചിന്മാം വേത്തി തത്വതഃ

“അനേകായിരം മനുഷ്യരിൽ ഒരാൾ ആത്മസാക്ഷാത്കാരത്തിനുവേണ്ടി ശ്രമിക്കുന്നു. അങ്ങനെ ശ്രമിക്കുന്ന അനേകരിൽ ഒരാൾ അതു നേടിയെന്നുവരാം” – എന്നുള്ള ഗീതാവചനമനുസരിച്ചു നോക്കുമ്പോൾ ആത്മാവ് എല്ലാവർക്കുമുണ്ടെങ്കിലും “ആത്മബോധമുള്ള ഒരു വ്യക്തി ഉണ്ടാവുകയെന്നത് തുലോം അപൂർവ്വസംഭവമാണ്. അത്തരം ഒരു വിശിഷ്ട വ്യക്തിയാണ്, വിദ്യാധിരാജ ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ. കോടിക്കണക്കിനു ജനം ജനിച്ചുവളർന്നു മൺമറഞ്ഞുപോയകൂട്ടത്തിൽ, ജനിച്ചുവളർന്നു സ്വയം വികസിച്ച് ജനഹൃദയങ്ങളിൽ എന്നെന്നും ജീവിക്കുന്ന ഒരു യതിവര്യനത്രേ സ്വാമികൾ.

തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ ഒരു സാധാരണ നായർ തറവാട്ടിൽ ജനിച്ചു. പാവപ്പെട്ട ചുറ്റുപാടുകളിൽ വളർന്ന് എഴുതാനും, വായിക്കാനും, കണക്കുകൂട്ടാനും മാത്രം കഷ്ടിച്ചു പഠിച്ചു. കൂലിവേലചെയ്തു വേണ്ടിയിരുന്നു നിത്യജീവിതം പുലർത്താൻ. ലക്ഷ്യബോധമില്ലെന്ന് ആർക്കും തോന്നിക്കുന്ന ഒരു തകർന്ന ജീവിതത്തിന്റെ ഉടമ.

എന്നാൽ പൂർവ്വജന്മ പുണ്യ പരിപാകമെന്നു പറയട്ടെ; സാധാരണജനം പിടിച്ചടക്കാനും, നിലനിർത്താനും പാടുപെടുന്ന ഭൗതികകാര്യങ്ങളിൽ അദ്ദേഹം അശേഷം മനസ്സുവച്ചില്ല; നേരെമറിച്ച് ആത്മാവിന്റെ ഉദ്ഗതിക്കു മനസ്സുവയ്ക്കുകയും ചെയ്തു. ആ മണ്ഡലത്തിൽ വിജയിക്കുകയും ആത്മാരാമനായി ജീവിക്കുകയും ചെയ്തു. ധന്യമായ ഒരു ജീവിതം! ഭഗവത്ഗീത ഉദ്ഘോഷിക്കുന്ന ഒരു മഹാസത്യമുണ്ട്; യഥാർത്ഥജീവിതത്തെക്കുറിച്ച്:–

digitized by www.sreyas.in

യാ നിശാ സർവ്വഭൂതാനാം
തസ്യാം ജാഗർത്തി സംയമീ
യസ്യാം ജാഗ്രതി ഭൂതാനി
സാ നിശാ പശ്യതോ മുനേഃ

ജീവിതത്തിന്റെ ഗതിവിഗതികളെ നല്ലപോലെ നിരീക്ഷണം ചെയ്ത് മനഃശാന്തി നേടിയ ഒരാൾ, സാധാരണ ജനങ്ങൾ അഗവണിച്ചുതള്ളിയിരിക്കുന്ന ആത്മാവിന്റെ കാര്യത്തിൽ എപ്പോഴും ജാഗരൂകനായിരിക്കും. (അവർ ഉറങ്ങുന്നിടത്ത് ഇവൻ ഉണർന്നിരിക്കും) എന്നാൽ സാധാരണ ജനം വളരെ ആർത്തിപിടിച്ച് ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്ന ഭൗതികകാര്യങ്ങളിൽ ഈ തത്വജ്ഞാനി ജാഗ്രത കാണിക്കുകയില്ല. (അവർ ഉണരുന്നിടത്തു ഇവൻ ഉറങ്ങിയിരിക്കും)

അനാസക്തിയോഗമെന്നും, നിഷ്കാമകർമ്മയോഗമെന്നും മറ്റും പ്രഖ്യാതമായ ഈ ജീവിതമണ്ഡലത്തിൽ സ്വയം ജ്യോതിസ്സായി പ്രകാശംചൊരിഞ്ഞ ഒരു ധന്യാത്മാവത്രേ സ്വാമിതിരുവടികൾ. ഉൽകൃഷ്ഠജീവിതത്തിന്റെ ദിവ്യസന്ദേശമായ ശ്രീമദ് ഭഗവത്ഗീത ഉറക്കെ പ്രഖ്യാപിക്കുന്ന ജീവിതസത്യങ്ങൾ അനുഷ്ഠാനംകൊണ്ടു തെളിയിച്ച ഈ മഹാൻ പ്രത്യേകിച്ചും ജ്ഞാനകാണ്ഡത്തിന്റെ നിദർശനമായിരുന്നു. കർമ്മയോഗവും, ഭക്തിയോഗവും, രാജയോഗവും അനുഷ്ഠിച്ചവർ വളരെയുണ്ടെങ്കിലും, ജ്ഞാനയോഗമാർഗ്ഗത്തിൽ ജയം വരിച്ചവർ ആധുനികയുഗത്തിൽ വളരെ അപൂർവ്വമാണ്. ഇത്തരം നിത്യശുദ്ധബുദ്ധമുക്തയോഗികളിൽ അഗ്രഗണ്യനായ സ്വാമിതിരുവടികളെ സമകാലികർപോലും ശരിക്കു മനസ്സിലാക്കിയിട്ടില്ലെന്നുള്ള ഒരു ദുഃഖസത്യം അവശേഷിക്കുന്നു.

ദുഃഖിച്ചിട്ടു കാര്യമില്ല. ഏതിനുമുണ്ട് ഒരനുകൂലാവസ്ഥ. അതുവരുംവരെ ഏതു സത്യവും മങ്ങിനിൽക്കുകയേയുള്ളു. ആചാര്യശങ്കരന്റെ ജന്മഭൂമിയായ കാലടി അദ്ദേഹത്തിന്റെ തന്നെ ശാപമേറ്റ് “ആയിരത്താണ്ട് താളും തകരയും കുരുത്തു” വികൃതഭൂമിയായികിടന്ന കഥ കേട്ടറിവുള്ളതാണല്ലോ. കൊല്ലവർഷാരംഭദശകങ്ങളിൽ സംഭവിച്ച ഈ ശാപത്തിന്, ആയിരത്തിഒരുനൂറാമാണ്ടോടുകൂടി മോചനകാലമാരംഭിച്ചു. ഇന്ന് കാലടി ഭൗതികമായും, ആദ്ധ്യാത്മികമായും സുകൃതഭൂമിയായി ഉയർന്നുയർന്നങ്ങനെ പുരോഗമിക്കുന്ന വസ്തുത ആർക്കും അറിവുള്ളതുമാണല്ലോ.

തന്റെ “മാർഗ്ഗം പ്രചരിക്കുന്നതിന് സമാധിക്കുശേഷം അരനൂറ്റാണ്ടു കഴിയേണ്ടിവരു”മെന്ന് ഈ മഹാത്മാവുതന്നെ പ്രവചിച്ചിട്ടുള്ള

digitized by www.sreyas.in

തായി കേട്ടിട്ടുണ്ട്. സംഗതി ശരിയാണെന്ന് ഈ ദശകം തെളിയിച്ചു കൊണ്ടിരിക്കുന്നു. നാടെമ്പാടും വിദ്യാധിരാജ സ്മാരകങ്ങൾ ഉയർന്നു കൊണ്ടിരിക്കുന്നു. "വിദ്യാധിരാജായനം" എന്നു വിശേഷിപ്പിക്കാവുന്ന മട്ടിൽ ധർമ്മപ്രചരണ സംഘങ്ങളും അവിടവിടെ അനവധി എണ്ണം രൂപം പൂണ്ടുകൊണ്ടിരിക്കുന്നു. കൂട്ടത്തിൽ അതിമുഖ്യമായ ഒരു സംഘടന യാണ് "ശ്രീ വിദ്യാധിരാജപരിഷത്ത്."

"ജന്മനാജായതേശൂദ്രഃ
കർമ്മണാജായതേ ദ്വിജഃ" - എന്ന പഴയ പ്രമാണപ്രകാരംതന്നെ ഏതു മനുഷ്യനും സൽകർമ്മാനുഷ്ഠാനം കൊണ്ട് "ദ്വിജത്വമുണ്ടാ കുന്ന"; ബ്രാഹ്മണനായിത്തീരുന്നു. "വേദാധികാരം" അങ്ങനെയുള്ള വർക്കെല്ലാം അർഹതയുള്ളതുമാണ്. അപ്രകാരം ഏതുമനുഷ്യനും വൈദികവിധികൾ പരിശീലിക്കാനും "സഹസ്രനാമാർച്ചന" തുടങ്ങിയ കാര്യങ്ങൾ നടത്താനും പ്രചോദനം നൽകുന്ന ഏക സംഘടനയും ഇന്ന് വിദ്യാധിരാജ പരിഷത്തുതന്നെയാണ്. അനേകായിരം സാധാര ണജനങ്ങൾ പ്രത്യേകിച്ച് കൊച്ചുകുട്ടികൾ ഇന്നിതു പരിശീലിച്ച് സഹ സ്രാർച്ചനയും, ലക്ഷാർച്ചനയും, ദശലക്ഷാർച്ചനയും മറ്റും അനേകം കേന്ദ്രങ്ങളിൽ ഏറ്റവും വിജയകരമായി നടത്തിക്കഴിഞ്ഞിരിക്കുന്നു.

ഇക്കഴിഞ്ഞ വൃശ്ചികമാസം ആദ്യ ഞായറാഴ്ചമുതൽ തുടർന്നു പത്തു ഞായറാഴ്ചകളിൽ, വിദ്യാധിരാജ സമാധിപീഠമായ പന്മന ആശ്ര മത്തിൽ ഈ മഹായജ്ഞം തുടർന്നുവന്നു. കൊച്ചുകുട്ടികളും അമ്മ മാരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും ഭക്ത്യാദരപുരസ്സരം പങ്കെടു ക്കുന്ന ഈ മഹായജ്ഞം ഒരു മഹാസംഭവം തന്നെയാണ്. പരിസര ഗ്രാമങ്ങളെ രോമാഞ്ചമണിയിച്ചുകൊണ്ടുള്ള നാമപ്രചരണ പദയാത്ര കൾ പ്രചണ്ഡമായ ഒരു ഭക്തിപ്രവാഹം തന്നെ സൃഷ്ടിച്ചു. രണ്ടു തിരഞ്ഞെടുപ്പു കോലാഹലങ്ങൾക്കിടയിലായിരുന്നു നാമോച്ചാരണ ത്തിന്റെ അലയൊലി. നിറപറയും നിലവിളക്കുംവച്ച് ഗ്രാമലക്ഷ്മിമാർ എവിടെയും സമാദരിച്ചു.

പരിഷത്തിന്റെ വിവിധശാഖകളിൽനിന്നും പരിശീലനം സിദ്ധിച്ച ബാലികാബാലകർ നൂറുകണക്കിന് എന്നും അർച്ചനയിൽ പങ്കെടുത്തു കൊണ്ടിരുന്നു. ആദ്യദിവസം ശ്രീ ചന്ദ്രദത്തൻ എം.എ. എഴുതിവായിച്ചു സമർപ്പിച്ച "ശ്രീ വിദ്യാദിരാജ സുപ്രഭാതം" അടുത്ത അർച്ചനാദിവസ മായപ്പോഴേക്കും, ശ്രീ. കണ്ണകത്തു നാണുപിള്ള എന്ന സുകൃതി സ്വന്ത ചെലവിൽ അച്ചടിച്ചു പ്രകാശനം ചെയ്തിരുന്നു.

digitized by www.sreyas.in

സ്വാമിതിരുവടികളുടെ ഗ്രന്ഥങ്ങൾ വലിയതോതിൽ പ്രചരിപ്പിക്കുക എന്നത് പരിഷത്തിന്റെ ഒരു മുഖ്യ ലക്ഷ്യമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ "അദ്വൈത ചിന്താപദ്ധതി" ആർക്കും വായിച്ചറിയുന്നതിന് ഇടവരുത്തുന്നത് മഹത്തായ ഒരു പുണ്യകർമ്മംതന്നെ. ഈ ഗ്രന്ഥപരമ്പരയിലെ അഞ്ചാമത്തെ പുസ്തകമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "പ്രാചീനമലയാളം." ഇത് തിരുവടികളുടെ ഗ്രന്ഥങ്ങളിൽ വളരെ പ്രാധാന്യപ്പെട്ട ഒന്നാണ്.

പരിഷത്തിന്റെ ചുമതലയിൽ ഈ പുസ്തകം പ്രസാധനം ചെയ്യുന്നതിന് ആവശ്യമായ മുഴുവൻ ചെലവും വഹിക്കുന്നത് കുന്നത്തൂർ താലൂക്കിൽ കടമ്പനാട്ടു താമരശ്ശേരിൽ പി.സരോജിനിയമ്മ അവർകളാണ്. തന്റെ പിതാവ് പോരുവഴി കാഞ്ഞിരപ്പള്ളിൽ പരേതനായ കെ.പി.പത്മനാഭപിള്ള അവർകളുടെ സ്മരണാഞ്ജലിയായിട്ടാണ് ആ മഹതി ഈ പുണ്യകർമ്മം നിർവ്വഹിക്കുന്നത്. ഇത് മറ്റു പലർക്കും മാർഗ്ഗദർശകമാകട്ടെ എന്ന് പ്രത്യാശിക്കുന്നു. ധർമ്മപ്രചരണം സമ്പത്തിന്റെ അനശ്വരമായ സമ്പാദ്യമാണ് എന്ന് അറിയുന്ന സുകൃതികളാണ് സുകൃതികൾ - അവർക്ക് ഇഹപരങ്ങൾ ഒരുപോലെ സുഖപരങ്ങളാകുന്നു.

കാട്ടൂർ ജി.കെ.കുറുപ്പ്
സെക്രട്ടറി
വിദ്യാധിരാജപരിഷത്ത്

digitized by www.sreyas.in

# അവതാരിക

"ഈ മലയാളഭൂമിയിൽ ജന്മികൾ അധികവും മലയാളബ്രാഹ്മണരാകുന്നു. അവർക്ക് കൂടുതൽ കുലശ്രേഷ്ഠതയും മറ്റുള്ളവരുടെമേൽ ഗുരുസ്ഥാനവും ഉണ്ടെന്ന് പലരും സമ്മതിച്ചുവരുന്നു. ഈ അവകാശങ്ങൾക്ക് അടിസ്ഥാനമായി അവർ പറയുന്നതു രണ്ടു സംഗതികളെയാകുന്നു:

1. പരശുരാമൻ സമുദ്രനിഷ്കാസനംകൊണ്ടു മലയാളഭൂമിയെ വീണ്ടെടുത്ത് വിദേശത്തുനിന്നും ബ്രാഹ്മണരെ വരുത്തി അവർക്ക് അതിനെ ദാനംചെയ്തു എന്നുള്ളത്.

2. ജാതിവിഭാഗത്തിൽ ഒന്നാമത്തെ സ്ഥാനത്തേയും അങ്ങനെ ഹിന്ദുമതാനുസാരികളായ മറ്റുള്ളവരുടെ ഗുരുപുരോഹിതസ്ഥാനത്തേയും അവർ അർഹിക്കുന്നു എന്നുള്ളത്.

പഴയ പ്രമാണങ്ങൾ, പാരമ്പര്യങ്ങൾ, നടപടികൾ ഇവയിൽനിന്നും സർവ്വസമ്മതമായ യുക്തിവാദങ്ങളിൽ നിന്നും മേല്പറഞ്ഞ രണ്ടു സംഗതികളും അടിസ്ഥാനമില്ലാത്തവയാണെന്നും, ഈ ഭൂമി വാസ്തവത്തിൽ മലയാളി[1] നായന്മാരുടെ വകയാണെന്നും, നായന്മാർ ഉൽകൃഷ്ടകുലജാതന്മാരും നാടുവാഴികളും ആയ ദ്രാവിഡന്മാരാണെന്നും അവർ തങ്ങളുടെ ആർജ്ജവശീലവും ധർമ്മതല്പരതയും കൊണ്ട് സ്വദേശബഹിഷ്കൃതന്മാരും പാഷണ്ഡമതഗാമികളും ആയ ഒരുകൂട്ടം ആര്യബ്രാഹ്മണരുടെ വലയിൽ അകപ്പെട്ട് കാലാന്തരത്തിൽ കക്ഷിപിരിഞ്ഞ് ഇങ്ങനെ അകത്തും പുറത്തു[2]മായി താഴ്മയിൽ കഴിഞ്ഞുപോരികയാണെന്നും ആണ് ഈ പുസ്തകം സ്ഥാപിക്കാൻ ഉദ്യമിക്കുന്നത്."

ഇതിലേക്ക്, ഒന്നാമതായി മലയാളബ്രാഹ്മണർ എന്നു പറയുന്നവർക്ക് ഇവിടെ (ഭാർഗ്ഗവദത്തം) ജന്മാവകാശമില്ലെന്നും, രണ്ടാമതായി. അവർക്കു യാതൊരു മേന്മക്കും അർഹതയില്ലെന്നും, മൂന്നാമതായി, മേല്പറഞ്ഞ രണ്ടുവക അവകാശങ്ങളും നായന്മാരിൽ ചേർന്നവയാണെന്നും ഇവിടെ കാണിക്കുന്നു. ഇവയിൽ ഒന്നാമത്തേതു മുഴുവനും സഹ്യാദ്രിഖണ്ഡം, കേരളമാഹാത്മ്യം, കേരളോല്പത്തികൾ, കേരളാ

digitized by www.sreyas.in

വകാശക്രമം എന്നീ ബ്രാഹ്മണപരങ്ങളായ ഗ്രന്ഥങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ അതിന്റെ ഖണ്ഡനം ഈ ഗ്രന്ഥങ്ങളുടെ ഖണ്ഡനം കൊണ്ടും, മറ്റു രണ്ടിന്റെയും ഖണ്ഡനങ്ങൾ, അനുഭവങ്ങൾ യുക്തിവാദങ്ങൾ മുതലായവയെ കൊണ്ടും സാധിക്കും. മലയാള ബ്രാഹ്മണർക്ക് ഇവിടെ ജന്മാവകാശമില്ലെന്ന് സാമാന്യമായും വിശേഷമായും ഖണ്ഡനരീത്യാ രണ്ടുവിധത്തിൽ നിർണ്ണയിക്കാം. പ്രകൃതസംഗതികളെ മുൻകാണിച്ച ഗ്രന്ഥങ്ങളിൽ പൂർവ്വാപരവിരുദ്ധമായും പരസ്പരവിരുദ്ധമായും പ്രതിപാദിച്ചിരിക്കുന്നതിനെ വെളിപ്പെടുത്തി പ്രമാണഗ്രന്ഥങ്ങളുടെ അവിശ്വാസ്യതയെ കാണിക്കുന്ന സാമാന്യഖണ്ഡനം ഈ അവതാരികയിലും, അവയെ പ്രത്യേകം പ്രത്യേകം വ്യവഹരിച്ച് മറ്റു പ്രമാണങ്ങൾക്കും യുക്തിക്കും ന്യായത്തിനും അവ വിപരീതങ്ങളാണെന്നു കാണിക്കുന്ന വിശേഷഖണ്ഡനം ഒന്നുമുതൽ നാലുവരെ (ഉൾപ്പെടെ)യുള്ള അദ്ധ്യായങ്ങളിലും സാധിച്ചിരിക്കുന്നു.

## സാമാന്യഖണ്ഡനം

സ്കാന്ദപുരാണത്തിൽ ഉൾപ്പെട്ട സഹ്യാദ്രിഖണ്ഡത്തിന്റെ ഉത്തരാർദ്ധം 1-ാം അദ്ധ്യായത്തിൽ താഴെ പറയുന്ന വിധം കാണുന്നു: പരശുരാമൻ 21 വട്ടം ക്ഷത്രിയരെ കൊന്ന് വിധിപോലെ ഭൂമിയെ ബ്രാഹ്മണർക്കു ദാനം ചെയ്തു. അനന്തരം വേറൊരു ഭൂമിയെ സൃഷ്ടിച്ചു. ഈ ഭൂമി[3] വൈതരണി നദിക്ക്[4] തെക്ക് സുബ്രഹ്മണ്യത്തിനു വടക്ക് സഹ്യപർവ്വതം മുതൽ കടൽവരെ ശൂർപ്പാകാരം[5] ആയി 100 യോജന നീളത്തിൽ 3 യോജന വീതിയിൽ കിടക്കുന്നു. അവിടെ ഒരു മലയിൽ പരശുരാമൻ താമസിച്ചു. ശ്രാദ്ധമൂട്ട്, യാഗം എന്നിവയ്ക്കായി ബ്രാഹ്മണരെ ക്ഷണിച്ചിട്ട് അവരാരും വരായ്കയാൽ കോപിച്ച് ബ്രാഹ്മണരെക്കൂടി പുതുതായി ഉണ്ടാക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. രാവിലെ സമുദ്രസ്നാനത്തിനു ചെന്നപ്പോൾ ചിതാസ്ഥാനത്തു വന്നുനിന്ന ചില മുക്കുവരെ കണ്ട് തൃപ്തനായി അവരുടെ ചൂണ്ട മുറിച്ച് അതിന്റെ കയറു കൊണ്ട് പൂണുനൂലുണ്ടാക്കി അവർക്കിടുകയും വിശുദ്ധരാക്കി അവർക്ക് ബ്രാഹ്മണ്യം[6] കൊടുക്കുകയും ചെയ്തു. 14 ഗോത്രവും കുലവും കല്പിച്ച് ചതുരംഗം എന്ന സ്ഥാനത്ത് അവരെ പാർപ്പിച്ചു. അവർ വിചാരിക്കുമ്പോൾ താൻ ചെന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്ത് പരശുരാമൻ പോയി. കുറെനാൾ കഴിഞ്ഞു പരീക്ഷിപ്പാനായിട്ടുമാത്രം അവർ അദ്ദേഹത്തിനെ സ്മരിക്കുകയും അദ്ദേഹം താൻ പറഞ്ഞിരുന്നതുപോലെതന്നെ അവിടെ ചെല്ലുകയും ചെയ്തു. അപ്പോൾ പ്രയോജനംകൂടാതെ വരുത്തിയതാണെന്നറിഞ്ഞ് ഭാർഗ്ഗവൻ കോപിച്ച് ദുർവ്വൈദ്യ

digitized by www.sreyas.in

ന്മാരും നിന്ദ്യന്മാരും കുത്സിതന്മാരും ദരിദ്രന്മാരും സേവാപരന്മാരും ആയിപ്പോകട്ടേ എന്ന് അവരെ ശപിച്ചു.

ടി സഹ്യാദ്രിഖണ്ഡത്തിന്റെ ഉത്തരാർദ്ധം ആറാം അധ്യായത്തിൽ പരശുരാമന്റെ ഭൂമിനിർമ്മാണത്തിനെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു: മഹാവിഷ്ണു (വാമനാവതാരത്തിൽ) ബലിയോട് ലോകം വീണ്ട് "രജസ്വലാദിദത്തമന്നം നിനക്കു ഭവിക്കട്ടേ" എന്നു കല്പിക്കുകയും ഭൂമി മുഴുവൻ കശ്യപനായിക്കൊണ്ട് ദാനം ചെയ്കയും ചെയ്തു. കശ്യപൻ ഗൗഡർക്കും, ദ്രാവിഡർക്കും, ആര്യാവർത്തത്തിലുള്ള പണ്ഡിതന്മാർക്കും, കർമ്മികൾക്കും കൂടി അതിനെ കൊടുത്തു. അനന്തരം ത്രേതായുഗത്തിൽ കാർത്തവീര്യാദിരാജാക്കന്മാർ ഭൂമിയെ അപഹരിച്ച് രക്ഷിച്ചു. പിന്നെ കശ്യപാദിബ്രാഹ്മണരുടെ പ്രാർത്ഥനപ്രകാരം വിഷ്ണുഭഗവാൻ ജമദഗ്നിപുത്രനായിട്ട് രേണുകയിൽ അവതരിക്കയും തപസ്സുചെയ്ത് ശിവനെ പ്രസാദിപ്പിച്ച് വെണ്മഴു വാങ്ങി 21 വട്ടം ക്ഷത്രിയരെ വധിച്ച് വസിഷ്ഠകശ്യപാദിമുനിമാർക്ക് ഭൂമിയെ വീണ്ടും ദാനം ചെയ്കയും ചെയ്തു. പിന്നീട് ഭാർഗ്ഗവൻ സഹ്യാദ്രിയുടെ മുകളിൽ കയറി സമുദ്രംകണ്ട് വിചാരം തുടങ്ങി. അപ്പോൾ നാരദൻ വന്ന് വിചാരകാരണം ചോദിച്ചു. ഭൂമി മുഴുവനും ദാനംചെയ്തുപോയതിനാൽ തനിക്ക് ഇരിപ്പാൻ ഇടമില്ലെന്ന് ഉത്തരംപറഞ്ഞു. അപ്പോൾ സമുദ്രത്തിനെ അകറ്റുവാൻ നാരദൻ ഉപദേശിച്ചു. പരശുരാമൻ ഉടനെ സഹ്യാദ്രിമേൽ നിന്നുകൊണ്ട് സായകമയച്ച് സമുദ്രത്തെ നീക്കി സ്ഥലമുണ്ടാക്കി. ആ സ്ഥലം രാമക്ഷേത്രം എന്നു പ്രസിദ്ധമായിത്തീർന്നു. ബാണം വീണദിക്കിൽ 'ബാണവല്ലി' എന്നൊരു പുണ്യപുരവും ഉണ്ടായി.

ഇപ്രകാരം സമുദ്രനിഷ്കാസനം ചെയ്തുണ്ടാക്കിയ ഭൂമിയിൽ സപ്തകൊങ്കണങ്ങൾ അടങ്ങിയിരിക്കുന്നു - അതാവിത്: (1) കേരളം (2) തുലംഗം (3) സൗരാഷ്ട്രം (4) കൊങ്കണം (5) കരഹാടം (6) കർണാടം (7) ബർബരം - ഈ ഭൂമിയുടെ ആകെ വിസ്തീർണ്ണം 100 യോജന നീളവും 5 യോജന വീതിയും ആകുന്നു. ഗോകർണ്ണമെന്ന സ്ഥലത്ത് ശിവൻ അധിവസിക്കുന്നു. അവിടെ ശിവന് മഹാബലൻ എന്നു പേർ. അവിടെനിന്നും 10 യോജന വടക്ക് സപ്തകോടീശ്വരം എന്ന സ്ഥലത്ത് രാമൻ ഇരുന്നുകൊണ്ട് നാനാഭാഗങ്ങളിൽനിന്നും ബ്രാഹ്മണരെ വരുത്തി നിർഭയരായി പാർപ്പാൻ ആജ്ഞാപിച്ചു. അവർ സ്മരിക്കുമ്പോൾ താൻ ചെന്നുകൊള്ളാമെന്നു പറഞ്ഞ് രാമൻ പോയി. ഒരിക്കൽ പൂതരായി ഗർവ്വിഷ്ഠരായിത്തീർന്ന ബ്രാഹ്മണരും (ചിത്പാവന) ഇവരും ഒത്തുകൂടി പരശുരാമനെ പരീക്ഷിച്ചപ്പോൾ (മുൻപറഞ്ഞ വിധം) പരശുരാമൻ അവിടെ ചെല്ലുകയും കാരണമില്ലാതെ സ്മരിച്ച

digitized by www.sreyas.in

തിനായിട്ട് അവരെ ശപിക്കയും ചെയ്തു. ശാപവാക്കുകൾ (മുൻ പറഞ്ഞവ കൂടാതെ) താഴെ പറയുന്നവിധം ആയിരുന്നു:

"വിദ്യകളിൽ ഗർവ്വിഷ്ഠരും, പരസ്പരം ഈർഷ്യയുള്ളവരും, മര്യാദയെ ലംഘിച്ചു കാലംകഴിക്കുന്നവരും, യാചകന്മാരും, ശൂദ്രരോടിരന്നു മേടിക്കുന്നവരും, ക്ഷത്രിയർക്കും മറ്റും ഭൃത്യപ്രായരും, അല്പജ്ഞന്മാരും, നികൃഷ്ടമായ പൂജകഴിക്കുന്നവരും, ദരിദ്രരെങ്കിൽ ബഹുപുത്രരും, സമ്പന്നരെങ്കിൽ സന്താനഹീനരും, കന്യാവിത്തം ഗ്രഹിക്കുന്നവരും, പുണ്യം വിലയ്ക്കു വിൽക്കുന്നവരും ആകട്ടെ." ശാപമോക്ഷം താഴെപ്പറയുന്ന വിധമായിരുന്നു:

"ജനങ്ങൾ ധർമ്മം വെടിഞ്ഞു നടക്കുന്നതായി ഘോരമായിരിക്കുന്ന കലിയുഗമാകുമ്പോൾ മാത്രം ശാപം ഫലിക്കട്ടെ."

ടി 7–ാം അദ്ധ്യായത്തിൽ, പണ്ട് പരശുരാമൻ അശ്വമേധം ചെയ്യുകയും അവഭൃതസ്നാനാന്തരം അതിൽ ഗുരുവായിരുന്ന കശ്യപന് സാഗരാന്തയായ ഭൂമിയെ ദാനം ചെയ്യുകയും ചെയ്തു. അതിന്റെ ശേഷം ഋത്വിക്കുകളെല്ലാരുംകൂടി രാമനോട് അദ്ദേഹത്തിനാൽ ദത്തയായ ഭൂമിയിൽ ഇരിക്കരുതെന്നു പറഞ്ഞു. അതു സമ്മതിച്ച് നടന്നുപോവുകയും സഹ്യപർവ്വതംകണ്ട് അതിന്മേൽകയറി വരുണനോട് കാര്യം പറയുകയും വരുണന്റെ അപേക്ഷപ്രകാരം പരശു എറിഞ്ഞ് രാജ്യമുണ്ടാക്കുകയും ചെയ്തു. അതിന്റെ അതിർത്തി[7] സഹ്യപർവ്വതം തുടങ്ങി 3 യോജന വീതിയിൽ 'കന്യാകുമാരി മുതൽ നാസികാത്ര്യംബകം' വരെയാകുന്നു. അത് നൂറു യോജന നീളമുള്ളതും (മുൻപറഞ്ഞ വിധം) ഏഴുഭാഗങ്ങളോടുകൂടിയതും ആകുന്നു. ബ്രാഹ്മണരില്ലാതിരുന്ന ആ ദേശത്ത് പരശുരാമൻ ചില കൈവർത്തന്മാരെക്കണ്ട് അവരുടെ ചൂണ്ടൽ മുറിച്ചുകളഞ്ഞശേഷം അതിന്റെ ചരടിനെ പൂണുനൂലാക്കി കഴുത്തിലിട്ട് അവരെ ബ്രാഹ്മണരാക്കി വാഴിക്കുകയും ക്ഷാമം വരികയില്ലെന്നു വരംകൊടുത്ത് വിചാരിക്കുമ്പോൾ വരാമെന്നു പറഞ്ഞുപോകയും ചെയ്തു. അനന്തരം മുൻപറഞ്ഞ വിധം തന്നെ അവരെ ശപിച്ചു. ശാപത്തിലുള്ള വിശേഷവാക്യം താഴെ പറയുന്നു. "കുത്സിതാന്നഭക്ഷകന്മാരും ചൈലഖണ്ഡം (മുറിമുണ്ട്) ഉടുക്കുന്നവരും ആയിട്ട് അസിപ്രസ്താവനീസ്ഥാനത്തു ശ്ലാഘ്യരായിട്ടു ഭവിക്കട്ടെ."

പരശുരാമൻ പോവുകയും ആ ബ്രാഹ്മണർ ശാപപീഡിതരായിത്തീരുകയും ചെയ്തു. കുറേനാൾ കഴിഞ്ഞ് മയൂരവർമ്മനെന്ന ആര്യകുലരാജാവ് ആ ദേശം പരിപാലിച്ചു. ശൂദ്രപ്രായരായ തന്നാട്ടിലെ ബ്രാഹ്മണരെ കണ്ടിട്ട് മയൂരവർമ്മൻ അഹിച്ഛത്രത്തിൽ പോയി അവി

digitized by www.sreyas.in

ടെനിന്നും ബ്രാഹ്മണരെ കൊണ്ടുവന്ന് അവർക്കായിട്ട് 32 ഗ്രാമമുള്ള നാടു കൊടുത്തു. പരശുരാമനും മറ്റു ദിക്കിൽനിന്നും വേറെ ബ്രാഹ്മണരെ വരുത്തി. 32 ഗ്രാമങ്ങളാക്കിച്ചമച്ചു ബ്രാഹ്മണരെ മേൽപ്രകാരം താമസിപ്പിച്ചു. പിന്നെ മയൂരവർമ്മൻ കലിയുടെ ആക്രമണം കണ്ട് മന്ത്രിമാരെ രാജ്യം ഏൽപ്പിച്ചുംവെച്ച് കാട്ടിൽ തപസ്സിനുപോയി. രാജകുമാരനായ ചന്ദ്രാംഗദനും മന്ത്രിമാരും രക്ഷയ്ക്കുപോരെന്നു വിചാരിച്ചു ബ്രാഹ്മണരെല്ലാവരുംകൂടി തിരിച്ചു പൊയ്ക്കളഞ്ഞു (അഹിച്ഛത്രത്തിലേക്ക്). അവിടെയുള്ളവർ ഈ ചെന്നവരെ കൂട്ടിനടത്തിയില്ല. ഇവർ പ്രത്യേകം പുറത്തുഭാഗത്തായി താമസിച്ചു. വളരെനാൾ കഴിഞ്ഞ് ചന്ദ്രാംഗദൻ പ്രാപ്തിയായപ്പോൾ ആ ബ്രാഹ്മണരെ അന്വേഷിച്ച് അഹിച്ഛത്രത്തിൽ ചെന്ന് അവരെ പിടിച്ചുകൊണ്ടുവന്ന് പഴയപോലെ 32 ഗ്രാമങ്ങളിൽ ഗൃഹഭേദങ്ങൾ ചെയ്ത് പിരിവുകൾ ഏർപ്പെടുത്തി മുൻപിൽ കുടുമയടയാളവും നിശ്ചയിച്ച് പാർപ്പിച്ചു.

## കേരളമാഹാത്മ്യം 4–ാം അദ്ധ്യായം

(ഭൂഗോളപുരാണാന്തർഗതം)

ഇരുപത്തൊന്നു തവണ ക്ഷത്രിയരാജാക്കന്മാരെ നിഗ്രഹിച്ച് പാപശാന്തിക്കു പലവിധദാനങ്ങളും ചെയ്തുവാണ പരശുരാമനെ ഭൂദാനം ചെയ്വാൻ മുനിമാർ പ്രേരിപ്പിച്ചു. അദ്ദേഹം രാജ്യം മുഴുവൻ ബ്രാഹ്മണർക്കു കൊടുത്തു. അനന്തരം തനിക്കിരിപ്പാൻ വേറെ സ്ഥലം അന്വേഷിക്കണമെന്നുള്ള അവരുടെ വാക്കുകേട്ട് വിഷാദിച്ചു. കൈലാസത്തു ചെന്നു ശിവനെ സേവിക്കുകയും അദ്ദേഹത്തിന്റെ ആജ്ഞാനുസരണം സുബ്രഹ്മണ്യനുമായി പുറപ്പെട്ട് കന്യാകുമാരിയിൽ എത്തുകയും ചെയ്തു. അവിടെ സുബ്രഹ്മണ്യന്റെ പ്രഭാവംകൊണ്ടുണ്ടായ വിഷ്ണുമായയെ ഒരു വർഷം പരശുരാമൻ ഭജിച്ചു. അപ്പോൾ വരുണൻ പ്രത്യക്ഷമായി രണ്ടുപേരെയും നമസ്കരിച്ചു. വരുണനോടു താമസിക്കാൻ സ്ഥലം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം “പശ്ചിമസമുദ്രത്തിൽ പരശുവിനെ ഇടത്തുകൈകൊണ്ടെറിഞ്ഞാൽ അതുചെന്നു വീഴുന്നെടത്തോളം ഭൂമിയെ പരിപാലിച്ചുകൊള്ളുകെവേണ്ടു” എന്നു പറഞ്ഞു. ആ ഭൂമിക്കു ദശയോജന വിസ്തീർണ്ണവും ശതയോജന ദൈർഘ്യവും ഉണ്ട്.

## കേരളോൽപത്തി

ദുഷ്ടന്മാരായ ക്ഷത്രിയരാജാക്കന്മാരെ നിഗ്രഹിപ്പാൻ ശ്രീപരശുരാമൻ അവതരിച്ച് തന്റെ കൃത്യം നിറവേറ്റി. അപ്പോളുണ്ടായ “വീരഹ

digitized by www.sreyas.in

ത്യാദോഷം പോക്കണമെന്നു കല്പിച്ചു കർമ്മം ചെയ്‌വാൻ തക്കവണ്ണം ഗോകർണ്ണം പുക്ക് കന്മലയിൽ ഇരുന്നു വരുണനെ സേവിച്ചു തപസ്സു ചെയ്തു. ഭൂമിദേവിയെ വന്ദിച്ച് നൂറ്ററുപതുകാതം ഭൂമിയെ ഉണ്ടാക്കി. മലയാളഭൂമിക്കു രക്ഷവേണം എന്നുകല്പിച്ച് നൂറ്റെട്ട് ഈശ്വരപ്രതിഷ്ഠ ചെയ്തു. എന്നിട്ടും ഭൂമിക്ക് ഇളക്കം മാറിയില്ല എന്നു കണ്ടശേഷം ശ്രീപ രശുരാമൻ നിരൂപിച്ച് ബ്രാഹ്മണരെ ഉണ്ടാക്കി പല ദിക്കിൽ നിന്നും കൊണ്ടുവന്നു കേരളത്തിൽവച്ചു.'' അവർ കുറച്ചുകാലം കഴിഞ്ഞപ്പോൾ നാഗഭീതികൊണ്ട് ഓടിപ്പൊയ്ക്കളഞ്ഞു. പിന്നെ നാഗന്മാർതന്നെ കുറേ ക്കാലം രാജ്യം ഭരിച്ചു. പരശുരാമൻ ഓടിപ്പോയവരുടെ വേഷവും ആചാ രങ്ങളും ഭേദപ്പെടുത്തി അവരെ വീണ്ടും കേരളത്തിൽ പാർപ്പിച്ചു.

മുൻ കാണിച്ച പ്രമാണങ്ങളിൽ കാണുന്നവിധം മലയാളബ്രാഹ്മ ണരുടെ ജന്മാവകാശം സംബന്ധിച്ച് നിരൂപിക്കേണ്ട പ്രധാന സംഗതി കളാവിത്:

1. മലയാളഭൂമി ഉണ്ടാക്കാനുള്ള ഹേതു.
2. മലയാളഭൂമി ഉണ്ടാക്കാനുള്ള കൃത്യം.
3. മലയാളഭൂമിയുടെ അതിർത്തിയും വിസ്തീർണ്ണവും.
4. മലയാളഭൂമിദാനത്തിനുള്ള കാരണം.

ഈ സംഗതികളെപ്പറ്റി മേൽ കാണിച്ച ഗ്രന്ഥങ്ങളിൽ പ്രതിപാദി ച്ചിരിക്കുന്ന വിവരങ്ങളെ അടുക്കായി താഴെ ചേർക്കുന്നു.

1. മലയാളഭൂമിയുണ്ടാക്കാനുള്ള ഹേതു: സ.ഉ. 1-ൽ ക്ഷത്രിയനി ഗ്രഹവും ഭൂമിദാനവും കഴിഞ്ഞു വേറൊരു ഭൂമിയെ സൃഷ്ടിച്ചു എന്നും, ടി 6-ൽ ടി ദാനത്തിനുശേഷം ഇരിക്കാൻ ഭൂമിയില്ലാഞ്ഞു നാരദൻ പറ കയാലും, ടി 7-ൽ, ടി ദാനത്തിനുശേഷം ദത്തഭൂമിയിൽ ഇരുന്നുകൂ ടെന്നു ഋത്വിക്കുകൾ പറകയാൽ ഇരിപ്പാൻ ഇടമന്വേഷിച്ചു വരുണന്റെ വാക്കിനാലും, കേരളമാഹാത്മ്യത്തിൽ മേല്പറഞ്ഞവിധം ചതിപ്രയോ ഗത്താലുണ്ടായ ദാനത്താൽ രാജ്യം കൈവിട്ട് ഇരിപ്പാൻ സ്ഥലമില്ലാതെ കൈലാസത്തുചെന്നു സങ്കടം പറകയും ശിവന്റെ ആജ്ഞാനുസരണം സുബ്രഹ്മണ്യനുമായി കന്യാകുമാരിയിൽ ചെന്നു സുബ്രഹ്മണ്യന്റെ പ്രാഭവംകൊണ്ടുണ്ടായ വിഷ്ണുമായയെ സേവിക്കയും ചെയ്കയാലും, ഭൂമിയുണ്ടാക്കിയെന്നും കാണുന്നു.

2. മലയാളഭൂമി ഉണ്ടാക്കാനുള്ള കൃത്യം: സഹ്യാദ്രി ഖണ്ഡം ഉത്തരാർദ്ധം 6-ാം അദ്ധ്യായത്തിൽ സഹ്യാദ്രിയിൽ നിന്നു സായകമ യച്ചു സമുദ്രത്തെ നീക്കിയെന്നും, ടി 7-ാം അദ്ധ്യായത്തിൽ പരശു എറിഞ്ഞു രാജ്യമുണ്ടാക്കിയെന്നും, കേരളമാഹാത്മ്യത്തിൽ ഇടത്തു

digitized by www.sreyas.in

കൈകൊണ്ടു കന്യാകുമാരിയിൽവച്ചു പരശു എറിഞ്ഞു അപ്രകാരം ചെയ്തു എന്നും, കേരളോല്പത്തിയിൽ ഗോകർണ്ണത്തു കന്മലയിലിരുന്നു വരുണനെ സേവിച്ചു ഭൂമിയുണ്ടാക്കിയെന്നും കാണുന്നു.

3. മലയാളഭൂമിയുടെ അതിർത്തിയും വിസ്തീർണ്ണവും: സ.ഉ.1-ൽ കലിംഗത്തിലെ വൈതരണനദിക്കു തെക്ക് സുബ്രഹ്മണ്യത്തിനു വടക്ക് 100 യോജന നീളത്തിൽ 3 യോജന വീതിയിൽ എന്നും, ടി 6-ാം അദ്ധ്യായത്തിൽ 100 യോജന നീളത്തിൽ 5 യോജന വീതിയിൽ എന്നും, കേരളമാഹാത്മ്യത്തിൽ 100 യോജന നീളത്തിൽ 10 യോജന വീതിയിൽ എന്നും, കേരളോല്പത്തിയിൽ 160 കാതം ഭൂമിയെന്നും കാണുന്നു.

4. മലയാളഭൂമിദാനത്തിനുള്ള കാരണം: പരശുരാമൻ മലയാളഭൂമിയെ ദാനം ചെയ്തതായിട്ടു സഹ്യാദ്രിഖണ്ഡത്തിലും കേരളമാഹാത്മ്യത്തിലും കാണുന്നില്ല. കേരളോല്പത്തിയിൽ വീരഹത്യാപാപശാന്തിക്കായിട്ടും കേരളാവകാശക്രമത്തിൽ വീരഹത്യാപാപാവശിഷ്ടത്തിന്റെ പരിഹാരത്തിനായിട്ടും അപ്രകാരം ചെയ്തു എന്നുകാണുന്നു.[8]

ഇനിയും പരശുരാമൻ ബ്രാഹ്മണരെ കൊണ്ടുവരിക, അവർ തിരിച്ചു പൊയ്ക്കളയുക, വീണ്ടും കൊണ്ടുവന്നു പാർപ്പിക്കുക മുതലായ കാര്യങ്ങൾ, വാസ്തവസംഗതികളെ മറയ്ക്കാൻവേണ്ടിയുള്ള യത്നത്തിൽ ഒന്നിനൊന്നു വിപരീതമായും പൊതുവെ വിശ്വാസയോഗ്യമല്ലാതേയും ഈ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഇതിന് ഒരു ഉദാഹരണം പറയാം: മലയാചലനിവാസികളും രണശൂരന്മാരുമായ നാകന്മാർ സമുദ്രംവയ്പിൽ ഉണ്ടായ ഭൂമിയെ കൈവശംവച്ച് രക്ഷിക്കുമ്പോൾ, മറ്റുള്ളവർ അതിൽ പ്രവേശിപ്പാൻ തുടങ്ങി. അപ്പോൾ നാകന്മാർ കയർക്കുകയും, വിദേശികൾ ഭയപ്പെട്ട് ഓടി രക്ഷപെടുകയും ചെയ്തു. പിന്നീട് ആശ്രയിച്ച് അപേക്ഷിച്ചപ്പോൾ അവിടവിടെ പാർത്തുകൊള്ളുവാൻ അവരെ നാകന്മാർ അനുവദിച്ചു[9]. ഇപ്രകാരം വാസ്തവസംഗതികൾ ഇരിക്കവെ സ്വാർത്ഥതല്പരതനിമിത്തം 'നാകന്മാർ' എന്ന വർഗ്ഗനാമത്തെ (ദ്രാവിഡഭാഷയിലുള്ള) സംസ്കൃതത്തിലെ നാഗന്മാർ'[10] എന്ന പദമായിട്ടു മാറ്റിമറിക്കയും സമുദ്രം നീങ്ങി ഉണ്ടായ കേരളത്തിൽ സർപ്പങ്ങൾ അധികം ഉണ്ടായിരുന്നതിനാൽ പാർപ്പാൻ പാടില്ലാതെ വന്നു എന്നും മറ്റും എഴുതിവയ്ക്കുകയും ചെയ്തിരിക്കുന്നു.

നടന്നതോ നടക്കുന്നതോ ആയ ഒരു സംഗതിയുടെ കാരണം അറിയുന്നതിനായി വിചാരണ ചെയ്യുമ്പോൾ അതുസംബന്ധമായ സാക്ഷിമൊഴിയും പ്രമാണവും പൂർവ്വാപരവിരുദ്ധമായും പരസ്പരവിരുദ്ധമായും കാണപ്പെടുന്നു എങ്കിൽ ആയത് അവിശ്വാസ്യവും

digitized by www.sreyas.in

ത്യാജ്യവും ആണെന്നും, ഒരേപ്രകാരം യുക്ത്യനുഭവങ്ങൾക്കു ചേർന്നിരിക്കുന്നു എങ്കിൽ വിശ്വാസ്യവും സ്വീകാര്യവും ആണെന്നും ഉള്ളത് സർവ്വസമ്മതമാണല്ലൊ. മലയാളബ്രാഹ്മണരുടെ ജന്മാവകാശത്തെ നിർണ്ണയിക്കുന്ന അവരുടെ പ്രമാണഗ്രന്ഥങ്ങളിൽ അതുസംബന്ധമായ വിവരങ്ങൾ പൂർവ്വാപരവിരുദ്ധമായും പരസ്പരവിരുദ്ധമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നതിനാൽ അവ വിശ്വാസയോഗ്യങ്ങളല്ലെന്നും അതിനാൽ അവർക്ക് ഇവിടെ ജന്മാവകാശമില്ലെന്നും സിദ്ധിക്കുന്നു[11].

സംഗതികൾ അനുഭവത്തിൽ ഇരിക്കയാൽ സാക്ഷിമൊഴിയും പ്രമാണവും അവിശ്വാസ്യങ്ങളായിരിക്കുന്നതുകൊണ്ട് വലിയ ദോഷമില്ലെന്നും പ്രകൃതത്തിലെ പല വിഷയങ്ങളും പ്രസ്തുത പ്രമാണഗ്രന്ഥങ്ങളിൽ ഏറക്കുറെ സമ്മതിക്കപ്പെട്ടിരിക്കുന്നതിനാലും ഈ മലയാളത്തിലെ ഏർപ്പാടും നടപ്പും ഏതാവൽപര്യന്തം അവയ്ക്ക് അനുസരണമായിത്തന്നെ ഇരിക്കുന്നതിനാലും അവയേയും ആവക പ്രമാണസാരങ്ങളേയും വിശ്വസിക്കേണ്ടതാണെന്നും ഒരു പക്ഷമുണ്ടാകാം. ഇതിൻപ്രകാരം താഴെപ്പറയുന്ന സംഗതികൾ അംഗീകാര്യങ്ങളായിത്തീരുന്നു: ഈ മലയാളഭൂമി പരശുരാമക്ഷേത്രമാകുന്നു. പരശുരാമൻ ബ്രാഹ്മണരെ വരുത്തി അവർക്കായിട്ട് അതിനെ ദാനംചെയ്തു. അങ്ങനെ ഇവിടത്തെ സകല അവകാശങ്ങളും അധികാരങ്ങളും യജമാനത്വവും ബ്രാഹ്മണർക്കും ദാസ്യവൃത്തി മുതലായ എല്ലാ ഏർപ്പാടുകളും നടപടികളും മലയാളിനായന്മാർക്കും (ഇടക്കാലങ്ങളിൽ തുടങ്ങി ഈ ബ്രാഹ്മണരാൽ ശൂദ്രരെന്നു വിളിക്കപ്പെട്ടുപോരുന്ന) സിദ്ധിച്ചു.

ഈ സംഗതികളെ പ്രത്യേകം പ്രത്യേകമായി തിരിച്ച് അവയുടെ അയാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നതിനുള്ള വിശേഷഖണ്ഡനം അടുത്ത അദ്ധ്യായം മുതൽ ആരംഭിക്കുന്നു.

## അടിക്കുറിപ്പുകൾ

1. മലൈ+അളം (പ്രദേശം) = മലൈയളം
   മലൈയ+അളം = മലൈയവളം
2. നമ്പൂരി, എമ്പ്രാൻ, പോറ്റി ഈ പേരുകളെ വഹിക്കുന്നവർ നായന്മാർ (നാകന്മാർ ആണെന്ന് ഗ്രന്ഥകർത്താവിന്റെ രണ്ടാംപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു – പ്രസാ.
3. "വൈതരണ്യാ ദക്ഷിണേ തു സുബ്രഹ്മണ്യാ തഥോത്തരേ സഹ്യാൽ സാഗരപര്യന്തം ശൂർപ്പാകാരം വ്യവസ്ഥിതം ശതയോജനമായാതം വിസ്താരം ത്രാണി യോജനം."

digitized by www.sreyas.in

4. കലിംഗത്തിൽ
5. മുറത്തിന്റെ ആകൃതിയിൽ
6. ചിത്പാവനബ്രാഹ്മണർ
7. "സഹ്യപർവ്വതമാരഭ്യ യോജനത്രിതയാവധി
   കന്യാകുമാരീചൈകത്ര നാസികാത്ര്യംബകഃ പരം"
8. കേരളക്ഷിതിരത്നമാല മുതലായി ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്ന മറ്റു ഗ്രന്ഥങ്ങൾ മിക്കവാറും സംഗതികളിൽ മേൽപറഞ്ഞ ഗ്രന്ഥങ്ങളോടു യോജിക്കുന്നതിനാൽ ഗ്രന്ഥകർത്താവ് അവയെപ്പറ്റി പ്രത്യേകം പറയാത്തതായിരിക്കണം.
9. യാത്രകളിയിൽ വിനോദമായിപ്പറയുന്ന ഇട്ടിക്കണ്ടപ്പൻനായരുടെ അധികാരം ആന്തരാൽ വാസ്തവമായിരുന്നിരിക്കും.
10. കേരളം മാസികയിൽ നാഗങ്ങൾ മനുഷ്യസ്ത്രീകളുമായി കാമക്രീഡ ചെയ്തിരുന്നതിനെ സംബന്ധിച്ചും മറ്റും ഒരു മഹാൻ അത്ഭുതപ്പെട്ട് എഴുതിയിരിക്കുന്നു. കേരളോല്പത്തിയിൽ ബ്രാഹ്മണരെ ഭയപ്പെടുത്തി ഓടിച്ചശേഷം സർപ്പങ്ങൾ കുറേക്കാലം രാജ്യം ഭരിച്ചിരുന്നതായിപ്പറയുന്നു.– പ്രസാ.
11. പക്ഷേ, ഇനി നായന്മാർക്കു കൂടുതൽ വസ്തുതകൾ വേണമെങ്കിൽ പണം കൊടുത്തു വാങ്ങണം. സാക്ഷാൽ ജന്മിയുടെ സ്ഥാനം അതുകൊണ്ടും സിദ്ധിക്കുകയില്ലാ.

digitized by www.sreyas.in

അദ്ധ്യായം 1

# ദാനകാരണനിഷേധം

ഭാർഗ്ഗവന് ക്ഷത്രിയവധം നിമിത്തം ഉണ്ടായ വീരഹത്യാദോഷത്തെയാണ് മലയാളഭൂമിദാനത്തിനു കാരണമാക്കി കല്പിച്ചിരിക്കുന്നത്; എന്നാൽ,

"മാതൃഹത്യേശ്ച പാപസ്യ ക്ഷത്രിയാനപ്യതഃപരം
കാർത്തവീര്യാർജ്ജുനം ഹത്വാ ഏകശാസനയാ വിഭോ
പാല്യതാം......................" (കേ മാ. അ. 3)

"മാതൃഹത്തിപാപത്തിന് ക്ഷത്രിയരേയും കാർത്തവീര്യാർജ്ജുനനേയും കൊന്ന് ഏകശാസനയോടുകൂടി രാജ്യപരിപാലനം ചെയ്യണം," എന്നിങ്ങനെ മഹർഷിമാർ വിധിച്ചപോലെ അദ്ദേഹം ചെയ്തു. അതുകൊണ്ടും, ആയതു ശിഷ്ടപരിപാലനത്തിനുവേണ്ടിയുള്ള ദുഷ്ടനിഗ്രഹമായി പറയപ്പെട്ടിരിക്കയാലും, ലോകരക്ഷകന്മാർ ധനജനയൗവനഗർവ്വിഷ്ഠന്മാരായ ലൗകികരുടെ ബോധത്തിനായിട്ടു പാപശാന്തിക്കെന്നപോലെ പുണ്യകർമ്മങ്ങൾ ചെയ്ക പതിവുള്ളതിനാലും ഭാർഗ്ഗവനിൽ പാപലേശമില്ല. വീണ്ടും ഔപചാരികമായിട്ടെന്നപോലെ,

"ഷോഡശാഖ്യം മഹാദാനം
കർത്തുമിച്ഛാമി ഭൂസുരാഃ
കേന രൂപേണ തദ്ദാനം
കിയത്സംഖ്യാ യഥാവിധിഃ
വീരഹത്യേശ്ച പാപസ്യ
ബ്രൂത സർവ്വേ ദ്വിജോത്തമാഃ"

(കേ. മാ. അ. 4)

"ഹേ! ബ്രാഹ്മണശ്രേഷ്ഠന്മാരെ! ഞാൻ വീരഹത്തി പാപത്തിനു ഷോഡശമഹാദാനം കഴിപ്പാനിച്ഛിക്കുന്നു. അത് എങ്ങനെയെല്ലാം എത്രത്തോളം വേണ്ടിവരുമെന്നു നിങ്ങളെല്ലാവരും ഒത്തുപറവിൻ" എന്ന്

digitized by www.sreyas.in

അദ്ദേഹം ബ്രാഹ്മണരോട് ആവശ്യപ്പെടുകയും അവരുടെ വിധിപ്രകാരം ദാനം വളരെ കേമമായി നടത്തുകയും ചെയ്തു. ആ അവസരത്തിൽ,

"വിശ്വാമിത്രസ്തു ധർമ്മാത്മാ കൗതൂഹലസമന്വിതഃ
അത്യാശ്ചര്യമിദം രാജന്നലമിത്യബ്രവീന്മുനിഃ"

(കേ. മാ. അ. 5)

"ധർമ്മാത്മാവായ വിശ്വാമിത്രമുനി സന്തോഷത്തോടു കൂടി ഹേ! രാജൻ! ഇത് അത്യാശ്ചര്യമായിരിക്കുന്നു. മതി" എന്നുപറഞ്ഞു. അതോടുകൂടി ഭാർഗ്ഗവനിൽ പാപം ഒട്ടും ശേഷിപ്പാൻ ഇടയില്ല. ഇനിയും ദാനം കഴിഞ്ഞ ഉടൻ ബ്രാഹ്മണരുടെ അപേക്ഷപ്രകാരം,

"സർവ്വാൻ ഭൂമണ്ഡലാന്വാപി സർവ്വപാപവിമുക്തയേ
വിപ്രേഭ്യോഹം ഭൂമിദാനം പ്രദദാമ മുനീശ്വരാഃ"

(കേ. മാ. അ. 5)

"ഹേ! മുനിശ്രേഷ്ഠന്മാരെ! സർവ്വപാപവിമോചനത്തിനായിട്ട് എല്ലാ ഭൂമണ്ഡലങ്ങളേയും വിപ്രന്മാർക്കു ഞാൻ ദാനം ചെയ്യുന്നു." എന്നിങ്ങനെ പറഞ്ഞു ഭാർഗ്ഗവൻ ദാനം ചെയ്തു. ഇതിനുശേഷം പാപത്തിന്റെ ലവലേശംപോലും ശേഷിപ്പാൻ ഇടയില്ല.

ഇത്രയും കഴിഞ്ഞിട്ടും ഭാർഗ്ഗവനിൽ പാപലേശം കിടന്നിരുന്നതായി കേരളാവകാശക്രമത്തിൽ പറഞ്ഞിരിക്കുന്നു.[1] ഇതിനു യാതൊരടിസ്ഥാനവുമില്ല. വിശിഷ്യ, അർവാചീനമായ ഭാഷാഗദ്യഗ്രന്ഥത്തിനു സംസ്കൃതമൂലഗ്രന്ഥത്തിനോളം പ്രാമാണ്യം ഒരിക്കലും ഉണ്ടാകയില്ല.

"ദാനകാരണനിഷേധം" സ്ഥാപിക്കുന്നതിനായി മേല്പറഞ്ഞവ കൂടാതെ ഭാർഗ്ഗവന്റെ തപസ്സ്, യോഗം, ജ്ഞാനം മുതലായ ശക്തികൾ അത്യന്തം ഗണനീയങ്ങളാകുന്നു. പാപമറ്റവർക്കു മാത്രമെ ഈവക ശക്തികൾ വർദ്ധിച്ചു സമുദ്രനിഷ്കാസനം മുതലായവ സ്ഥിരമായി സാധ്യമാവൂ എന്നുള്ളതിന് ശ്രുതിസ്മൃത്യാദികളിൽനിന്നും ചില പ്രമാണങ്ങളെ താഴെ ചേർക്കുന്നു:

"തപോഭിഃ ക്ഷീണപാപാനാം" (ആത്മബോധം)
അർത്ഥം: "തപസ്സുകൊണ്ടു പാപം നശിച്ചവർക്ക്."
"തപസ്സാ കല്മഷം ഹന്തി (സ്മൃതി)
അർത്ഥം: "തപസ്സുകൊണ്ടു പാപത്തിനെ ഹനിക്കുന്നു."
"യോഗാഗ്നിർദ്ദഹതേ ക്ഷിപ്ര-
മശേഷം പാപപഞ്ജരം" (സ്മൃതി)

digitized by www.sreyas.in

അർത്ഥം: "യോഗാഗ്നി സകല പാപങ്ങളേയും വേഗത്തിൽ നശിപ്പിക്കുന്നു."

ഇത്യാദി പ്രമാണങ്ങളാൽ തപസ്സുകൊണ്ടും യോഗം കൊണ്ടും പാപം ക്ഷയിക്കുമെന്നു വരുന്നു. ഭാർഗ്ഗവൻ വലിയ തപസ്വിയും യോഗിയുമാണെന്നുള്ളതും പ്രസിദ്ധമാണല്ലൊ.

"ജ്ഞാനാഗ്നിസ്സർവകർമ്മാണി
ഭസ്മസാൽകുരുതേർജ്ജുന" (ഭ. ഗീത)
അർത്ഥം: "ഹെ! അർജ്ജുന! ജ്ഞാനാഗ്നി സർവ്വകർമ്മങ്ങളേയും ഭസ്മമാക്കിച്ചെയ്യുന്നു."
"സർവം ജ്ഞാനപ്ലവേനൈവ
വ്രജിനം സന്തരിഷ്യസി" (ഭ. ഗീത) അ. IV ശ്ലോകം-36
അർത്ഥം: "എല്ലാ പാപങ്ങളേയും ജ്ഞാനം അതിക്രമിക്കുന്നു."
"അശ്വമേധസഹസ്രാണി
ബ്രഹ്മഹത്യാശതാനി ച
കുർവന്നപി ന ലിപ്യേത
യദ്യേകത്വം പ്രപശ്യതി. " (സൂതസംഹിത)

അർത്ഥം: "ആയിരം അശ്വമേധവും നൂറു ബ്രഹ്മഹത്യയും ചെയ്താലും ആത്മൈക്യജ്ഞാനമുണ്ടെങ്കിൽ പാപമുണ്ടായിരിക്കയില്ല."

"യസ്യ നാഹംകൃതോ ഭാവോ
ബുദ്ധിര്യസ്യ ന ലിപ്യതേ
ഹത്വാപി സ ഇമാൻ ലോകാൻ
ന ഹന്തി ന നിബദ്ധ്യതേ." (ഭ. ഗീത)

അർത്ഥം: "യാതൊരുത്തന്ന് അഹങ്കാരവും മനപ്പറ്റുമില്ലാതിരിക്കുന്നുവോ അവന്ന് ഈ ലോകം മുഴുവനും നശിച്ചാലും ബന്ധനവും ഹാനിയും ഇല്ല."

"തപസാ ബ്രഹ്മ വിജിജ്ഞാസസ്വ" (ശ്രുതി)
അർത്ഥം: "തപസ്സുകൊണ്ടു ബ്രഹ്മത്തെ അറിവാനിച്ഛിക്കുന്നു."
"ന മാതൃവധേന പിതൃവധേന ന ഭ്രൂണഹത്യയാ" (കൗഷീതക്യുപനിഷത്ത്)

അർത്ഥം: "മാതൃവധംകൊണ്ടും പിതൃവധംകൊണ്ടും ഭ്രൂണഹത്യകൊണ്ടും ഒന്നുമില്ല." (വിദ്വാന് മുഖഭാവം മാറുകയില്ലെന്നു ശേഷം.)

"യഥാ പുഷ്കരപലാശ ആപോ ന ശ്ലിഷ്യന്ത, ഏവം പാപം വിദികർമ്മ ന ശ്ലിഷ്യതെ" (ശ്രുതി)

digitized by www.sreyas.in

അർത്ഥം: "താമരയിലയിങ്കൽ വെള്ളം പറ്റാത്തതുപോലെ വിദ്വാങ്കൽ കർമ്മച്ചേർച്ചയില്ല." (കർമ്മം തങ്ങുകയില്ല.)

"തദധിഗമ ഉത്തരപൂർവ്വാഘയോരശ്ലേഷവിനാശൗ
തദ്വ്യപദേശാൽ" (ബ്രഹ്മസൂത്രം)

അർത്ഥം: "ജ്ഞാനപ്രാപ്തിയിങ്കൽ മുൻപിൻ പാപങ്ങളുടെ രണ്ടിന്റേയും പറ്റില്ലായ്മയും നാശവും ക്രമേണ വരുന്നു."

"ഇതരസ്യാപ്യേവമസംശ്ലേഷഃ പാതേതു" (ബ്രഹ്മസൂത്രം)

അർത്ഥം: "ജ്ഞാനസിദ്ധികാലത്ത് ഇതുപോലെ തന്നെ പുണ്യങ്ങളുടേയും പറ്റ് അറുതിവരുന്നു."

ഭാർഗ്ഗവൻ ദത്താത്രേയഭഗവന്മുഖത്തുനിന്നും ബ്രഹ്മതത്വോപദേശം ലഭിച്ച ജ്ഞാനിയാകുന്നു.[2] (ത്രിപുരാരഹസ്യം ജ്ഞാനകാണ്ഡം നോക്കുക). മേൽ കാണിച്ച പ്രമാണങ്ങൾകൊണ്ട് തപസ്സ്, യോഗം ഇതുകൾ നിമിത്തം അശേഷപാപക്ഷയവും സകല സിദ്ധികളും സംഭവിക്കുമെന്നും ജ്ഞാനിയെ യാതൊരു പാപപുണ്യങ്ങളും തീണ്ടുകയില്ലെന്നും കാണുന്നു. ഭാർഗ്ഗവൻ തപസ്വിയും യോഗിയും ജ്ഞാനിയുമാകുന്നു എന്നത് മറ്റു പ്രമാണങ്ങളെക്കൊണ്ടും തെളിയുന്നു.

ഈ കാരണങ്ങളാൽ ദാനകാരണമില്ലെന്നും കാര്യകാരണസംബന്ധയുക്ത്യാ* ദാനമുണ്ടായിട്ടില്ലെന്നും സിദ്ധിച്ചു.

## അടിക്കുറിപ്പുകൾ

1. മാപ്പിളത്തിരുവപ്പാടു അവർകൾ
2. മലയാളഭൂമിനിർമ്മാണത്തിനു മുമ്പുതന്നെ ഭാർഗ്ഗവനെക്കുറിച്ചു "ബ്രഹ്മജ്ഞാനീ മഹായോഗീ, ധനുർവേദേ ച നിഷ്ഠിതഃ" എന്നു കേരളമാഹാത്മ്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ പൗർവാപര്യശങ്കയ്ക്കിടയില്ല. അദ്ധ്യാത്മരാമായണം ബാലകാണ്ഡവും നോക്കുക. – പ്രസാ.

digitized by www.sreyas.in

അദ്ധ്യായം 2

# മലയാളബ്രാഹ്മണരെ പരശുരാമൻ കൊണ്ടുവന്നിട്ടില്ല

സംഗ്രഹം: പരശുരാമനു പാപമില്ലെന്നും അതിനാൽ പാപപരിഹാരത്തിനായിട്ട് മലയാളഭൂമിയെ ദാനംചെയ്‌വാൻ കാരണമില്ലെന്നും ഒന്നാം അദ്ധ്യായത്തിൽ സാധിച്ചു. ഈ അദ്ധ്യായത്തിൽ ദാനംകൊടുക്കുന്നതിനായ് അദ്ദേഹം വിദേശത്തുനിന്നും ബ്രാഹ്മണരെ വരുത്തിയിട്ടില്ലെന്നും തെളിയിക്കുന്നു. ഇതിലേക്കായി ഏർപ്പെടുന്ന പ്രധാന വാദമുഖങ്ങളേയും അതുകളുടെ തീർച്ചകളേയും വായനക്കാരുടെ സൗകര്യത്തിനായി ഇവിടെ കാണിക്കുന്നു.

1. മറ്റുള്ള ജാതികളെന്നപോലെ മലയാളബ്രാഹ്മണരിലും അനേകം അവാന്തരവിഭാഗങ്ങൾ ഇപ്പോൾ കാണുന്നുണ്ട്. ഇവയെ വിവരിക്കുന്ന കേരളമാഹാത്മ്യം, കേരളാവകാശക്രമം മുതലായ പ്രമാണങ്ങളിൽ ദാനസ്വീകരണവും മറ്റുമാണ് ഈ വിഭാഗത്തിന്റെ അടിസ്ഥാനമെന്നു കാണുന്നു. അവയിൽ ആദ്യകാരണം ദാനസ്വീകരണമായിരിക്കണമെന്നും മറ്റു കാരണങ്ങൾ കാലാന്തരത്തിൽ സംഭവിച്ചവയായിരിക്കണമെന്നും ഉള്ളതിനു സംശയമില്ല. ദാനം സ്വീകരിച്ചവരെ ഭ്രഷ്ടന്മാരായിട്ടും സ്വീകരിക്കാത്തവരെ ഉത്തമന്മാരായിട്ടും അദ്യാപി* ഗണിച്ചുപോരുന്നുണ്ട്. ഈ ഫലം സംഭവ്യമാണോ എന്നു പരിശോധിക്കാം.

2. പരശുരാമനിൽനിന്നും ദാനം വാങ്ങിയതുകൊണ്ടു ബ്രാഹ്മണർക്ക് പതിത്വം സംഭവിക്കണമെങ്കിൽ ദാനം ചെയ്യുന്നതിനുമുമ്പ് അദ്ദേഹത്തിനു പതിത്വം ഉണ്ടായിരുന്നിരിക്കണം. എന്നാൽ മലയാളഭൂമിദാനത്തിനുമുമ്പുതന്നെ അനേകം മഹാദാനങ്ങളും മറ്റും നടത്തിയിട്ടുള്ള ദിവ്യശ്രീമാനായ പരശുരാമനു പതിത്വം ഒരിക്കലും ഉണ്ടെന്നു വരുന്നതല്ല. ഇതു മുന്നദ്ധ്യായത്തിൽ സാധിക്കയും ചെയ്തിരിക്കുന്നു. ആയതിനാൽ ബ്രാഹ്മണർക്കു പതിത്വം വന്നു എന്നു പറയുന്നതു ശരിയല്ല.

3. ശരിയായ കർമ്മാനുഷ്ഠാനങ്ങളുണ്ടെങ്കിൽ ദാനം വാങ്ങുന്നതുകൊണ്ടു ബ്രാഹ്മണർക്കു പതിത്വം വരികയില്ല; പതിത്വം വന്നു എന്നു

digitized by www.sreyas.in

പറഞ്ഞിരിക്കുന്നതുകൊണ്ട് ആ ബ്രാഹ്മണർക്കു കർമ്മശക്തിയില്ലായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ ഭയന്നു കയ്യിൽ വാങ്ങാതെയിരുന്ന ഉത്തമന്മാരും കയ്യിൽ വാങ്ങി ഭ്രഷ്ടരായി ത്തീർന്ന മറ്റുള്ളവരും ആന്തരാൽ ഒരുപോലെതന്നെ. ആകയാൽ മലയാളത്തിൽ വരുന്നതിനുമുമ്പ് ഈ ബ്രാഹ്മണർക്ക് ഉണ്ടായിരുന്നതായി കേരളമാഹാത്മ്യാദികളിൽ പറഞ്ഞിരിക്കുന്ന യോഗ്യതാംശങ്ങൾ ഇവരെ സംബന്ധിക്കാനിടയില്ല.

4. ദാനസ്വീകാരംനിമിത്തം പതിത്വം വന്നത് ദാനാർഹത ഇല്ലായ്മകൊണ്ടല്ല. പരശുരാമന്റെ പ്രത്യേകവിധിപ്രകാരം ആണ് എന്നുള്ള പക്ഷത്തിൽ മറ്റു ഭൂമികളെ ദാനംചെയ്തപ്പോൾ ഏർപ്പെടുത്താത്ത ചട്ടം മലയാളഭൂമിദാനത്തിന്റെ കാര്യത്തിൽ മാത്രം പരശുരാമൻ ശ്രുതിസ്മൃത്യാദികൾക്കും ലൗകികനിയമത്തിനും വിപരീതമായി ഏർപ്പെടുത്താനിടയില്ല.

5. പരശുരാമൻ ദാനാർഹരായവർക്കേ ദാനം ചെയ്തിട്ടുള്ളു എന്നു പ്രമാണങ്ങളിൽ കാണുന്നു. ദാനാർഹന്മാരുടെ ലക്ഷണം ദാതാവിന്റെ പാപത്തെ കർമ്മശക്തികൊണ്ട് അവരിലും തങ്ങളിലും പറ്റാത്തവിധം നശിപ്പിക്കുന്നതാണ്. എന്നാൽ മലയാളബ്രാഹ്മണർക്കു ദാനം വാങ്ങിയതുകൊണ്ട് പതിത്വം വന്നതായി കാണുന്നതിനാൽ അവരെ പരശുരാമൻ ഇതിലേക്കായിട്ടു കേരളത്തിൽ വരുത്തിയിട്ടില്ല.

## ബ്രാഹ്മണരുടെ ജാതിവിഭാഗം

"അഷ്ടൗ ഹി വിപ്രാ ദ്വൗ ന്യൂനൗ
ദ്വാദശൈവാന്തരാളികാഃ" (ജാതിനിർണ്ണയം)

അർത്ഥം: "ബ്രാഹ്മണവർഗ്ഗത്തിൽ ജാതി എട്ട്; ന്യൂനജാതി രണ്ട്; അന്തരാളജാതി പന്ത്രണ്ട്."

ഈ ജാതികൾ എല്ലാം താഴെ പറയുന്ന വിഭാഗങ്ങളിലും അവയുടെ പിരിവുകളിലും ഉൾപ്പെട്ടിരിക്കുന്നു.

"സമ്രാഡാഢ്യോ വിശിഷ്ടശ്ച
സാമാന്യോ ജാതിമാത്രകഃ
സാങ്കേതികശ്ച ശപ്തശ്ച
പാപീത്യഷ്ടവിധോ ദ്വിജഃ" (ജാതിനിർണ്ണയം)

അർത്ഥം: "1-ാമത് സമ്രാട് (തമ്പ്രാക്കൾ); 2-ാമത് ആഢ്യന്മാർ (അഷ്ടഗൃഹത്തിൽ); 3-ാമത് വിശിഷ്ടബ്രാഹ്മണർ; 4-ാമത് സാമാന്യ

digitized by www.sreyas.in

ന്മാർ; 5-ാമത് ജാതിമാത്രന്മാർ; 6-ാമത് സാങ്കേതികന്മാർ: 7-ാമത് ശാപഗ്രസ്ഥന്മാർ: 8-ാമത് പാപികൾ."

ഇവരിൽ ഒന്നാമതായ തമ്പ്രാക്കൾക്ക് ഭദ്രാസനം, സാർവ്വമാന്യം, ബ്രഹ്മസാമ്രാജ്യം, ബ്രഹ്മവർച്ചസ്സ് ഇങ്ങനെ നാലുസ്ഥാനങ്ങൾ പരശുരാമൻ ആചന്ദ്രതാരം പുത്രപൗത്രപരമ്പരയായി കൊടുത്തിരിക്കുന്നു. ഇവരുടെ വൃത്തി മേല്പറഞ്ഞ സ്ഥാനങ്ങളെ യഥാവിധി അനുഷ്ഠിച്ചു പോരികയാകുന്നു.

രണ്ടാമത് അഷ്ടഗൃഹത്തിൽ ആഢ്യന്മാർ വളരെ യാഗം ചെയ്ത് ദേവപ്രീതി സമ്പാദിച്ചിട്ടുള്ളവരാകയാൽ മേലിൽ ഇവർക്ക് യാഗം ചെയ്യാതെതന്നെ യാഗഫലത്തോടുകൂടി തപസ്സ്, വേദവേദാംഗങ്ങളുടെ അർത്ഥജ്ഞാനം, പ്രഭുത്വം, ധർമ്മശീലത്വം ഇങ്ങനെ നാലുസ്ഥാനങ്ങൾ പരശുരാമൻ കൊടുത്തിരിക്കുന്നു. തദനുഷ്ഠാനംതന്നെ ഇവരുടെ വൃത്തി. ഇവരെ നമ്പൂരിപ്പാടന്മാർ എന്നു പറയും.

മൂന്നാമത് വിശിഷ്ടബ്രാഹ്മണർ, ഇവർക്ക് അഗ്നിഹോത്രം, ഭട്ടവൃത്തി, സന്ന്യാസം, അന്യദ്വിജന്മാരെ കൊണ്ട് യാഗംചെയ്യിക്കൽ ഇങ്ങനെ നാലു സ്ഥാനങ്ങൾ കൊടുത്തിരിക്കുന്നു. തദനുഷ്ഠാനംതന്നെ ഇവരുടെ വൃത്തി. 'ആധാനം' എന്ന കർമ്മം ചെയ്താൽ ഇവരെ 'ആഹിതാഗ്നി' അല്ലെങ്കിൽ 'അടിതിരി' എന്നും സോമയാഗം ചെയ്താൽ 'സോമയാജി' അല്ലെങ്കിൽ 'ചോമാതിരി' എന്നും അഗ്നിചയനം ചെയ്താൽ 'അഗ്നിചിത്ത്' അല്ലെങ്കിൽ 'അക്കിത്തിരി' എന്നും ഭട്ടവൃത്തിമാത്രമുള്ളവരെ 'ഭട്ടതിരി'മാർ എന്നും പറയുന്നു.

നാലാമതു സാമാന്യബ്രാഹ്മണർ, ഇവർക്കു വേദാദികൾ അഭ്യസിക്കുക, സന്ന്യാസം, മന്ത്രവാദം, ക്ഷേത്രങ്ങളിൽ തന്ത്രം ഇങ്ങനെ നാലു സ്ഥാനങ്ങൾ കൊടുത്തിരിക്കുന്നു.

അഞ്ചാമതു ജാതിമാത്രന്മാർ. ഇവരെ നാലുതരമായി പറഞ്ഞിരിക്കുന്നു. (1) പരശുരാമനിയോഗത്താൽ വൈദ്യശാസ്ത്രം അഭ്യസിച്ചു ചികിത്സിക്കുന്നവരായ അഷ്ടവൈദ്യന്മാർ. (2) പരശുരാമനോടു ബ്രഹ്മക്ഷത്രമായി മലയാളത്തെ രക്ഷിപ്പാൻ ആയുധം വാങ്ങിയവർ. (3) ദാരിദ്ര്യം കൊണ്ടോ മഹാരോഗംകൊണ്ടോ വേദാദ്ധ്യയനത്തെ ഉപേക്ഷിച്ച് ഏതു പ്രവൃത്തികൊണ്ടെങ്കിലും ജീവനെ രക്ഷിച്ചവരായ ബ്രാഹ്മണർ. (4) രാഗദ്വേഷാദികളെക്കൊണ്ടു ദുഷ്ടന്മാരായതുനിമിത്തം വേദാദ്ധ്യയനത്തെ ഉപേക്ഷിച്ചു സ്വേച്ഛയായി ഓരോ വേഷങ്ങളെ അവലംബിച്ച് ജീവനെ രക്ഷിച്ചവർ. ഇവർക്ക് ഉത്തമന്മാരോടുകൂടി ഒരു കട

digitized by www.sreyas.in

വിൽ സ്നാനം, പങ്ക്തിഭോജനം, രംഗസ്ഥാനം, മഹാനസം (അരങ്ങും അടുക്കളയും) ഇങ്ങനെ നാലു സ്ഥാനങ്ങൾ കൊടുത്തിരിക്കുന്നു. ഇവരിൽ മുമ്പു മുമ്പു പറഞ്ഞവർക്ക് ക്രമേണ കൂടുതൽ ശ്രേഷ്ഠത്വവും പിമ്പു പിമ്പു പറഞ്ഞവർക്ക് അതുപോലെ ന്യൂനതയും ഉള്ളതായി വിധിച്ചിരിക്കുന്നു. ഈ കൂട്ടരിൽ ഒന്നാമതായി പറയപ്പെട്ട അഷ്ടവൈദ്യന്മാർക്ക് ചികിത്സാദിയും, രണ്ടാമതായുള്ളവർക്ക് നാലു സ്ഥാനങ്ങളുടെ അനുഷ്ഠാനവും മറ്റുള്ള പരിഷകൾക്ക് സ്വസ്ഥതയും വൃത്തികളാകുന്നു. അഷ്ടവൈദ്യന്മാരെ സാമാന്യമായി 'നമ്പൂരി' എന്നും വിശേഷമായി 'മൂസ്സ്' എന്നും 'നമ്പി' എന്നും പറയുന്നു. രണ്ടാംതരക്കാരെ 'ശാസ്ത്രനമ്പൂരിമാർ' എന്നും മൂന്നും നാലും തരക്കാരെ വെറും നമ്പൂരിമാർ എന്നും പറയുന്നു.

ആറാമത് സാങ്കേതികന്മാർ: ഇവർ മലയാളത്തിലുള്ള ഉപദ്രവം നിമിത്തം അവിടം ഉപേക്ഷിച്ചുപോകയും പിന്നീട് ആ സ്ഥലം സ്വർഗ്ഗതുല്യമായിത്തീരുകയാൽ പരശുരാമനോടപേക്ഷിച്ച് വീണ്ടും വന്നു പാർക്കുകയും ചെയ്തിട്ടുള്ളവരാണ്. ഇവരെ പരശുരാമൻ "ഹേ! ബ്രാഹ്മണാഃ!" എന്നു വിളിക്കുകയും അതിലുള്ള പകുതിഭാഗം ഇവരുടെ പേർ ആയിട്ടു തീരുകയും ചെയ്തു. ആയത് 'ഹെബ്രാ' എന്നാകുന്നു. അതു ലോപിച്ച് എമ്പ്രാൻ എന്നായിത്തീർന്നു. ഇവരിൽ ചിലർക്ക് മുഴുവനും മലയാളാചാരവും ചിലർക്ക് പരദേശാചാരവും മറ്റുചിലർക്ക് ഇതുകൾ ഇടകലർന്ന ഒരു രീതിയും ആകുന്നു. ഇവരെ ആറു ക്ലാസ്സാക്കി വ്യവഹരിച്ചുപോരുന്നു: (1) തിരുവല്ലാദേശി, (2) തൃപ്പൂണിത്തുറദേശി, (3) അക്കരദേശി, (4) ഇക്കരദേശി, (5) കർണ്ണാടകര്, (6) തൗളവന്മാര് ഇതിൽ തിരുവല്ലാദേശികളെ കോലത്തിരിരാജാവു കൊണ്ടുവന്നു കോലത്തുനാട്ടിൽ വാഴിക്കയും തൃപ്പൂണിത്തുറദേശികളെ തൃപ്പൂണിത്തുറരാജാവു കൊണ്ടുവന്ന് അവിടെ വാഴിക്കയും മൂന്നും നാലും തരക്കാരെ കുലശേഖരമഹാരാജാവു കൊണ്ടുവന്നു വാഴിക്കയും ചെയ്തു. കർണ്ണാടകന്മാരും തൗളവന്മാരും ആരും കൊണ്ടുവരാതെ തങ്ങൾതന്നെ ദക്ഷിണദിക്കുകളിൽ ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്നവരാകുന്നു. ഈ ആറു ക്ലാസ്സുകാരേയും പരശുരാമൻ മുപ്പത്തിരണ്ടു ഗ്രാമങ്ങളിൽ പണ്ടു വാഴിച്ചു. ഇവർക്ക് വേദാദ്ധ്യയനം, ക്ഷേത്രങ്ങളിൽ ശാന്തി, നമസ്കാരഭക്ഷണം, പരികർമ്മം ഇങ്ങനെ നാലു സ്ഥാനങ്ങൾ കൊടുത്തിരിക്കുന്നു.

ഏഴാമത് ശാപഗ്രസ്ഥന്മാർ: പരശുരാമന്റെ പ്രത്യക്ഷത്തെ പരീക്ഷിക്കയാൽ അദ്ദേഹത്തിനാലും ആചാര്യസ്വാമികളാലും ശപിക്കപ്പെട്ടവരാകുന്നു ഇവർ ഇവരേയും സാമാന്യമായി 'നമ്പൂരിമാർ' എന്നു പറയും. ഇവർക്ക് അവേദപാഠവും, അനമസ്കാരഭക്ഷണവും, അപൂ

digitized by www.sreyas.in

ജ്യത്വവും, അസഹസ്ഥിതിയും ഇങ്ങനെ നാലു സ്ഥാനങ്ങളും തത്സംബന്ധമായ വൃത്തികളും വിധിച്ചിരിക്കുന്നു.

എട്ടാമത് പാപികൾ: ഇവരെ അഞ്ചു ക്ലാസ്സാക്കിപ്പറഞ്ഞിരിക്കുന്നു. (1) പരശുരാമനോടു ദാനംവാങ്ങിച്ചവരായ ഊരിലെ 'പരിഷമൂസ്സെന്മാർ' (2) പെരുമാളെ നിഗ്രഹിപ്പാൻ അനുവാദം കൊടുത്ത ഗ്രാമണികൾ. (3) വരാഹമൂർത്തിയെക്കളഞ്ഞ പന്നിയൂർ ഗ്രാമക്കാർ. (4) ശൂദ്രപൗരോഹിത്യം വഹിച്ച ഇളയതന്മാർ. (5) ബ്രാഹ്മണരുടെ അനുവാദപ്രകാരം പെരുമാളിനെ നിഗ്രഹിച്ച നമ്പിടികൾ. ഇവരിൽ ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലുള്ളവർക്ക് പാപതാരതമ്യംപോലെ സ്ഥാനതാരതമ്യവും നാലും അഞ്ചും ക്ലാസ്സുകാർക്ക് ജാതിഭേദവും ഉണ്ട്. ഇതുകൂടാതേയും; ഏതേതു കർമ്മങ്ങൾ ചെയ്താൽ ഭ്രഷ്ട് ഭവിക്കുമെന്ന് ശാസ്ത്രത്താൽ വിധിക്കപ്പെട്ടിരിക്കുന്നുവൊ ആ കർമ്മങ്ങൾ ചെയ്തവരേയും പാപിഷ്ഠന്മാർ എന്നു പറയുന്നു.

മേൽവിവരിച്ച ബ്രാഹ്മണരെ അവരുടെ വിശേഷാലുള്ള പേരുകളെക്കൊണ്ടല്ലാതെ സാമാന്യമായി 'നമ്പൂരിമാർ' എന്നും നാലും അഞ്ചും ക്ലാസ്സുകളിൽ ചിലരെ 'പോറ്റിമാർ' എന്നും വ്യവഹരിച്ചുവരുന്നു. ഒടുവിൽ വിവരിച്ചവരിൽ ചില സ്ഥാനമുള്ളവരെ 'നമ്പിടിമാർ' (പണ്ടാരത്തിൽ) എന്നും പറയുന്നു. ആറാംക്ലാസ്സുകാരെ സാമാന്യമായി 'എമ്പ്രാൻ' എന്നും ചില ദിക്കുകളിൽ 'പോറ്റി' എന്നും ഏഴാംക്ലാസ്സിലുള്ളവരെ സാമാന്യമായി 'നമ്പൂരി' എന്നും എട്ടാംക്ലാസ്സിലുള്ളവരിൽ മൂന്നാമന്മാരെ 'നമ്പൂരി' എന്നും ശിഷ്ടമുള്ളവരെ അതതു പിരിവിൽ വിവരിച്ചിരിക്കുന്നതുപോലെയും വ്യവഹരിച്ചുപോരുന്നു. മാതൃവഴിയവകാശം സ്വീകരിച്ച പയ്യന്നൂർ ഗ്രാമക്കാരായ ബ്രാഹ്മണരെ 'അമ്മാമന്മാർ' എന്നുപറയുന്നു. മേൽക്കാണിച്ച വിഭാഗങ്ങളിൽ ചിലതിൽ ഉൾപ്പെട്ട ബ്രാഹ്മണദാനം വാങ്ങുക ഹേതുവായിട്ടും മറ്റും ചിലർ അതിൽ പിന്നീടു സംഭവിച്ച വേറെ കാരണങ്ങളാലും ഭ്രഷ്ടന്മാരായിത്തീർന്നു എന്നു പറഞ്ഞിരിക്കകൊണ്ട് അവർക്കു തക്കതായ കർമ്മശക്തിയില്ലായിരുന്നു എന്നും അങ്ങനെ കർമ്മശക്തിയില്ലാത്തവരും അതിനാൽ ദാനത്തിന് അർഹതയില്ലാത്തവരും ആയ ബ്രാഹ്മണന്മാരെ പരശുരാമൻ ദാനത്തിനായി കൊണ്ടുവന്നിരിക്കയില്ലെന്നും വിചാരിക്കേണ്ടതാണ്.

പരശുരാമൻ കൊണ്ടുവന്ന ബ്രാഹ്മണർ മലയാളത്തിൽ വരുംമുമ്പ് ഉത്തമന്മാരായിരുന്നു എന്നുള്ളതിനു പറയുന്ന പ്രമാണം:

> "കൃഷ്ണാതീരേ തു ഗത്വാഥ ചചാര ഭൃഗുനന്ദനഃ"
> ....................... ഇത്യാദി." [അനുബന്ധം (1) നോക്കുക.]

digitized by www.sreyas.in

ഇത്യാദിയായ പ്രമാണങ്ങളാലും ദാനം വാങ്ങുക മുതലായ ഭ്രഷ്ടുസംഗതികളിൽ ഉൾപ്പെട്ടവരെ ഒഴിച്ചു ശേഷമുള്ള മലയാളബ്രാഹ്മണർ എല്ലാവരും ഉത്തമന്മാരായിത്തന്നെ ഇരിക്കയാലും ഭാർഗ്ഗവൻ കൊണ്ടുവന്നപ്പോൾ അവരിൽ ആരുംതന്നെ ഭ്രഷ്ടന്മാരായിരുന്നില്ലെന്നും ഇവിടെ വന്ന് മേല്പറഞ്ഞ സംഗതികളിൽ ചേർന്ന കാരണത്താൽ അപ്പോൾമുതൽക്ക് ഇപ്രകാരം പതിത്വം അവർക്കു സംഭവിച്ചതാണെന്നും ഈ വിഷയത്തിൽ ഒരു സമാധാനം പറഞ്ഞേക്കാം.

## ടി പ്രമാണം ഇവിടെ യോജിക്കുന്നില്ലാ

എന്നാൽ ഏതാനും പേർ ഉൾപ്പെടുകയും അതുകൊണ്ട് ഭ്രഷ്ടന്മാരായിപ്പോകയുംചെയ്തു എന്നും മറ്റുള്ളവർ ഉൾപ്പെടാതെ മാറിനിന്നുകളഞ്ഞതുകൊണ്ട് പൂജ്യന്മാരായി എന്നും കാണുകയാൽ ഈ ഒടുവിൽ പറഞ്ഞവരും ഉൾപ്പെട്ടിരുന്നു എങ്കിൽ മറ്റേവരെപ്പോലെ ഭ്രഷ്ടന്മാരാകുമായിരുന്നു എന്നും അങ്ങനെ ചെയ്യാത്തതുകൊണ്ടു മാത്രമാണ് ഭ്രഷ്ടന്മാരാകാതിരിക്കുന്നത് എന്നും തീർച്ചയാക്കാം. ഈ ഒരു സംഗതികൊണ്ടുതന്നെ ഇവർ എല്ലാവരും ആന്തരാൽ തുല്യന്മാരാണെന്നും തന്നിമിത്തം ദാനാർഹന്മാരല്ലെന്നും പ്രസ്തുത പ്രമാണം ഇവരെ സംബന്ധിക്കയില്ലെന്നും സിദ്ധിക്കുന്നു.

## ദാനം വാങ്ങിയനിമിത്തം ഭ്രഷ്ടുഭവിപ്പാൻ ഇടയില്ലാ

സ്വീകൃത്തുക്കൾക്ക് ദാനസ്വീകാരദ്വാരാ സംക്രമിച്ച വീരഹത്യാപാപമാണ് ഈ മലയാളബ്രാഹ്മണരിൽ ഇങ്ങനെ ഭ്രഷ്ടരൂപമായി നിലനിന്നുപോരുന്നതെന്നു കാണുന്നല്ലൊ. അങ്ങനെയാണെങ്കിൽ ഈ പാപം നിന്നിരുന്ന സ്ഥലത്തെല്ലാം ഭ്രഷ്ടരൂപമായിത്തന്നെ ഇരുന്നിരിക്കാൻ ഇടയുണ്ട്. ആയതുകൊണ്ട് ദാനദ്വാരാ ഈ ദോഷം ഇവരിലാകുന്നതിനുമുമ്പ് ഭാർഗ്ഗവനിൽത്തന്നെ നിന്നിട്ടുള്ളതിനാൽ ആ കാലം മുഴുവൻ അദ്ദേഹത്തിനും ഈ വിധം ഭ്രഷ്ടു സംഭവിച്ചിരിക്കേണ്ടതാണെന്നും ഉത്തമവൈദികകാര്യങ്ങളിൽ ഇവരെപ്പോലെ അദ്ദേഹം ബഹിഷ്കൃതനായിരുന്നിട്ടുണ്ടെന്നും വരണം. അതിനു യുക്തിയും പ്രമാണവും വിപരീതമായിരിക്കുന്നു. ആ ദോഷം ഇവരിൽ വന്നപ്പോൾമാത്രം ഭ്രഷ്ട്രൂപമായി എങ്കിൽ അതിലേക്കു കാരണവും വേറെ ഉണ്ടായിരുന്നിരിക്കണം. അല്ലാതെ ദാനം വാങ്ങിയ നിമിത്തം ഭ്രഷ്ടു ഭവിപ്പാൻ ഇടകാണുന്നില്ലാ.

digitized by www.sreyas.in

## പരശുരാമന്റെ വിധി

മലയാളബ്രാഹ്മണപരമായുള്ള ശാങ്കരസ്മൃതി എന്ന ലഘുധർമ്മ പ്രകാശിക 1-ാം അദ്ധ്യായം 2-ാം പാദം 9-ഉം 10-ഉം ശ്ലോകങ്ങളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"സ്വക്ഷേത്രേ സംഗ്രഹംചക്രേവിഷ്ണുർദ്ധർമ്മപതിർഭൃഗുഃ
ലജ്ജതേ ഭർത്സ്യതേ തേന വിപ്രഃ കാമി ശമോചിതഃ
പ്രശമപ്രതിപന്നേരിത്യുച്യതേ ഭൂപ്രതിഗ്രഹാത്
ജൽമേതിവർണവ്യത്യാസാത്തത്സംബന്ധേനസാചഭൂഃ
ജന്മേത്യാഖ്യായതേതസ്യസ്വാമിത്വഞ്ചതദാശ്രയം"

(ശാങ്കരസ്മൃതി)

അർത്ഥം: ധർമ്മപ്രതിഷ്ഠാപകനായ വിഷ്ണുവിന്റെ അവതാര മൂർത്തിയായ ഭാർഗ്ഗവൻ തന്റെ സ്വന്തമായ മലയാളത്തിൽ ഭൂമിയെ ദാനം വാങ്ങുന്നത് ഉത്തമമല്ലെന്നുവെച്ച് അതിനെ ബ്രാഹ്മണധർമ്മത്തിൽ ചുരുക്കി (കുറവാക്കി) കല്പിച്ചിരിക്കുന്നു. ശമോചിതനും, കാമിയും, ഭൂമിദാനം വാങ്ങുന്നവനുമായ ബ്രാഹ്മണൻ ശമശീലന്മാരാൽ നിന്ദിക്കപ്പെടുന്നു. അവർ ലജ്ജിക്കുന്നു. 'ലജ്' ധാതുവിന് പൃഷോദരാദിത്വാൽ വർണ്ണ വ്യത്യാസം വന്നിട്ടാകുന്നു 'ജല്മി' (ദുഷിച്ച് ജന്മി) എന്നുള്ള പേരുണ്ടായത്. തത്സംബന്ധം കൊണ്ട് ഭൂമിക്കു 'ജല്മം' (ജന്മം) എന്നു വ്യവഹാരമുണ്ടായി. ഇതുകൊണ്ടാണ് ദാനസ്വീകാരംനിമിത്തം ദോഷം സംഭവിച്ചത് എന്ന് ഒരു പക്ഷമുണ്ട്.

## മേൽപ്രകാരം വിധി ഉണ്ടായിട്ടില്ല

ഈ മലയാളത്തിൽമാത്രം ഭൂമിദാനസ്വീകരണം ദോഷകരമെന്നു ഭാർഗ്ഗവൻ കല്പിക്കാനിടയില്ല. ഈ ഭാർഗ്ഗവൻ മലയാളഭൂമിദാനത്തിനു മുമ്പ് ഭാരതഖണ്ഡം മുഴുവനും ബ്രാഹ്മണർക്കു ദാനംചെയ്തിട്ടുണ്ട്. അതിന്റെ വിവരം താഴെക്കാണിക്കുന്നു.

"കുഠാരേണ ച തം ഹത്വാ വർഗ്ഗാൻ ക്ഷത്രിയവംശജാൻ
ഏകവിംശതിരാവൃത്തൗ സംഭവാനഖിലാൻ തദാ
ഹത്വാഹത്വാ കൃതാൻ സർവ്വാൻ ഉഭയോർവംശജാൻ മുദാ"

(കേ. മാ. അ.3.)

"ധർമ്മേണ പാലയൻ സർവക്ഷത്രിയസ്യാന്തകഃ പ്രഭുഃ
വീരാൻ ഹത്വാ തു രക്തൈശ്ച പിതൄൻ താൻതർപ്പയത്യഹോ

digitized by www.sreyas.in

കാർത്തവീര്യാർജ്ജുനം ഹത്വാ ഏകശാസനയാ ഭുവി
രാജാഭുൽ പരശുരാമശ്ച സമസ്തേ ക്ഷിതിമണ്ഡലേ"
(കേ. മാ. അ. 4.)

അർത്ഥം: "ഇരുപത്തിയൊന്നു പ്രാവശ്യം രണ്ടു വംശത്തിലും ഉള്ള വർഗ്ഗക്ഷത്രിയന്മാരെ ജനിക്കുന്നവരെ ജനിക്കുന്നവരെ ഒക്കെ പരശുകൊണ്ടു കൊന്നുകൊന്നൊടുക്കി. കാർത്തവീര്യാർജ്ജുനാദി സർവ്വ ക്ഷത്രിയന്മാരെയും നിഗ്രഹിച്ച് ഏകശാസനമായിട്ട് എല്ലാ ഭൂമണ്ഡലങ്ങളും ധർമ്മത്തോടുകൂടി ഭാർഗ്ഗവൻ പരിപാലിച്ചു. ഹനിച്ച വീരന്മാരുടെ രക്തത്തിൽ പിതൃതർപ്പണം കഴിച്ചു."

"അന്യോന്യം വീക്ഷിതാസർവ്വേ ആലോച്യമുനിപുംഗവാഃ
നാരദന്തം സമാഹൂയ ഉവാച കുശികാത്മജഃ
ഉപായേനൈവ ഭൂദാനം വിശേഷഫലമുത്തമം
ഏവഞ്ച ബോധയസ്വാർത്ഥമാഗച്ഛ മുനിപുംഗവ!
ഏവമുക്തോ മഹാരാജോ നാരദസ്ത്വരിതം ഗതഃ
ഇംഗിതജ്ഞോ മുനിശ്രേഷ്ഠോ രാജാനം വാക്യമബ്രവീൽ"

നാരദഃ "ശ്രൂയതാം ദാനമാഹാത്മ്യം..................................

തസ്മാത്ത്വം ഭൂമിദാനഞ്ച ത്വരിതം കുരു ഭാർഗ്ഗവ!
ഏവമുക്തസ്തു രാജർഷിഃ പ്രണമ്യ വിനയാന്വിതം
ഭൂദാനം പ്രദദാമ്യത്ര കുസുമൈസ്സഹിതോദകം
ഹസ്തേ ഗൃഹീത്വാ രാമസ്തു................................
ചതുസ്സാഗരമദ്ധ്യാ ച ഭൂമിസ്സാ ദീയതേ മയാ
നാനാഗോത്രദ്വിജേഭ്യസ്തു ഭൂമിദാനം മയാ കൃതം

ഗൃഹീത്വാ മുനയസ്സർവ്വേ തോഷിതാ മുനിസത്തമാഃ
......................ഭാർഗ്ഗവശ്ച തദാബ്രവീൽ
അഹം കിങ്കരവാണ്യത്ര വക്തവ്യം മുനിപുംഗവാഃ
ഭാർഗ്ഗവേണൈമുക്താസ്തേ സർവ്വേ ച ബ്രഹ്മവാദിനഃ
ത്രപാഭരാശ്ച മുനയസ്തൽകാലേ കൗശികോഽബ്രവീൽ
സർവ്വാൻ ഭൂമണ്ഡലാൻ ദത്വാ ത്വയാ സ്ഥാതും ന ശക്യതേ
കുത്രാപി ഗച്ഛ സർവ്വജ്ഞ, യഥേഷ്ടം പയസാന്നിധൗ
ഏവം പുരാ കൃതയുഗേ ശാപകാരണമത്ര തേ
ഏവമുക്തസ്തു ഭഗവാൻ പ്രതിജ്ഞാമകരോത്തദാ
സ്ഥീയദ്ധ്വം യൂയമേവാസ്മിൻ ഭൂമൗ ച ഋഷിപുംഗവാഃ
അഹന്തു ച ഗമിഷ്യാമി ആകാശേ വാരിധാവപി

digitized by www.sreyas.in

ഏവമേവഞ്ച നിർമ്മായ തൽ ഭൂമിം പാലയാമ്യഹം
ഇത്യുക്താ ഭാർഗ്ഗവഃ ശ്രീമാൻ ധൈര്യയുക്തഃ പരാഭവാൽ
കൈലാസഞ്ച പ്രവിശ്യാഥ പ്രണാമമകരോച്ഛിവം.”

(കേ. മാ. അ. 5)

അർത്ഥം: “വളരെ വളരെ ദാനങ്ങൾ കഴിച്ചിരുന്നിട്ടും ഭൂദാനംകൂടി ചെയ്യണമെന്നു വിശ്വാമിത്രമഹർഷി പറഞ്ഞതനുസരിച്ച് നാരദൻ പരശുരാമനെ വിവരമറിയിച്ചു. ഭാർഗ്ഗവൻ പൂവും നീരും കൈയിൽ എടുത്ത് നാലു സമുദ്രത്തിനകത്തുള്ള ഭൂമി മുഴുവനും ദാനംചെയ്തു. ബ്രാഹ്മണർ സന്തോഷസമേതം പ്രത്യേകം പ്രത്യേകം അനുഗ്രഹിച്ചു. അനന്തരം ഭാർഗ്ഗവൻ ഇനി എന്തുവേണ്ടൂ എന്നു നമസ്കാരപൂർവ്വം ചോദിച്ചപ്പോൾ വിശ്വാമിത്രനൊഴിച്ച് മറ്റെല്ലാവരും നാണിച്ചിരുന്നുപോയി. ഭൂമി മുഴുവനും ദത്തമായിപ്പോയതിനാൽ ഇനി ഇവിടെ ഇരിക്കാൻ പാടില്ലാ, ആകാശത്തിലോ സമുദ്രത്തിലോ പൊയ്ക്കൊള്ളണം എന്നു വിശ്വാമിത്രമഹർഷി പറഞ്ഞു. അപ്രകാരംതന്നെ ‘നിങ്ങൾ ഈ ഭൂമിയിൽ സുഖമായിരിപ്പിൻ’ എന്നു പറഞ്ഞുംകൊണ്ട് ഭാർഗ്ഗവൻ ധൈര്യസമേതം തിരിച്ച് ശ്രീകൈലാസത്തുചെന്ന് ശിവനെ നമസ്കരിച്ചു.”

അപ്പോൾ ഭഗവാൻ കല്പിച്ച് ഇങ്ങനെ ചോദിച്ചു:
“രാജ്യഭാരം വിഹായ ച മുനിഭിർവ്വഞ്ചിതസ്ത്വം ഹി”

(കേ. മാ. അ.6)

ഇപ്രകാരം ഭൂമിദാനം താനാലോചിക്കാതെ പ്രതിഗ്രഹീതന്മാരുടെ വഞ്ചനയിൽ അകപ്പെട്ട് ചെയ്തുപോയിട്ടുള്ളതാണ്. ഈ സ്ഥിതിക്ക് ഭാർഗ്ഗവൻ ഈ കാണിച്ച ഭൂമിദാനത്തിനെയാണ് പാപകരമെന്നു കല്പിക്കാൻ കാര്യമുള്ളത്. എന്നിട്ടും ഇതിനെ നിന്ദ്യമെന്നോ ജാതിന്യൂനതയ്ക്ക് ഹേതുവെന്നോ ഭാർഗ്ഗവൻ കല്പിച്ചതായും അതുനിമിത്തം സ്വീകൃത്തുകളിൽ ആർക്കെങ്കിലും സമമായിട്ടോ കൂടുതൽ കുറവായിട്ടോ ന്യൂനത സംഭവിച്ചതായും നിവർത്തിപ്പാൻ പാടില്ലാത്തവിധത്തിൽ ആ ന്യൂനത ഇന്നുവരെയ്ക്കും നിലനിന്നുപോരുന്നതായും പ്രമാണങ്ങളിലും ജനശ്രുതിയിലും അനുഭവത്തിലും ഇല്ല.

ഈ മലയാളഭൂമിയാകട്ടെ മറ്റാരുടേയും കൈവശത്തിലും അനുഭവത്തിലും ഇരുന്നിട്ടുള്ളതും അവരെ ഉപദ്രവിച്ചു പിടിച്ചുപറിച്ചിട്ടുള്ളതും അല്ല.

“രാജൻ തവസഹായാർത്ഥം രാജ്യം നിർമ്മയിതും ഗുഹം, കുമാരം പ്രേഷയിഷ്യാമി.....................................................

digitized by www.sreyas.in

ഭാർഗ്ഗവസ്ത്വരിതംഗച്ഛ സുബ്രഹ്മണ്യസ്സഹായകഃ
കന്യാകുമാരീം കല്യാണീം പൂജയിത്വാ.........
ഗൃഹീത്വാ പരശുംഹസ്തേ വാരിധൗ പ്രേഷ്യതിപ്രഭോ"
(കേ. മാ. അ. 6)

ഇപ്രകാരം പരശുരാമൻ സുബ്രഹ്മണ്യന്റെ സഹായത്തോടുകൂടി സ്വപ്രയത്നത്താൽ ഉണ്ടാക്കീട്ടുള്ളതും ബ്രഹ്മാവിഷ്ണുമഹേന്ദ്രാദി മുപ്പത്തിമുക്കോടി ദേവകളും സകല മഹർഷിമാരും അടിക്കടി വന്നുവേണ്ടുന്ന അനുഗ്രഹങ്ങളും സഹായങ്ങളും ചെയ്തു സുഖമേറ്റി വച്ചിട്ടുള്ളതും കുബേരന്റെ നിധികൾ ഉള്ളതും സ്വർഗ്ഗസ്ത്രീകൾ താമസിക്കുന്നതിനാലും മറ്റും സ്വർഗ്ഗതുല്യവും ആയ സ്ഥലമാകുന്നു ഈ കേരളം. വിശേഷിച്ചും ദാതാവും സ്വീകൃത്തുക്കളും വേണ്ട വിധം അധികാരിതയുള്ള ബ്രാഹ്മണശ്രേഷ്ഠനും ബ്രാഹ്മണശ്രേഷ്ഠന്മാരുമായിരുന്നു. ഇക്കാരണങ്ങളാൽ പൂർവ്വകാലം തുടങ്ങി ഇന്നുവരെ നടന്നിട്ടുള്ള മറ്റെല്ലാദാനങ്ങളെക്കാളും ഈ ദാനമാകുന്നു ശരിയും അത്യുത്തമവുമായിട്ടുള്ളതെന്ന് ആരും സമ്മതിക്കുന്നതാണ്. പരശുരാമൻ തന്റെ ഇപ്രകാരമുള്ള ഉത്തമകൃത്യത്തെ നിന്ദ്യമെന്നു തെറ്റിദ്ധരിച്ചു ആയതിനെ തന്റെ ആജ്ഞയിൽ ഉൾപ്പെട്ടിരിക്കുന്ന സ്വജാതിജനത്തിനു ദോഷം സംഭവിക്കുമാറ് പ്രകടിപ്പിക്കുന്നവനായ ഒരു ഉന്മത്തനല്ല. അതിനാൽ ദാനസ്വീകാരം നിമിത്തമാണ് പതിത്വമുണ്ടായതെന്നു പറയുന്നത് ഒരിക്കലും ശരിയല്ല.

## കർമ്മാനുഷ്ഠാനം ദാനം നിമിത്തമുള്ള പാപത്തെ പരിഹരിക്കും

ഇനി മലയാളത്തിലെ ഭൂമിദാനസ്വീകാരത്തെ മുൻപിൽ പറഞ്ഞതുപോലെ പാപകരമായിട്ടുതന്നെ സമ്മതിച്ചുനോക്കാം. എന്നാലും സ്വീകൃത്തുക്കൾക്ക് പതിത്വം വന്നുകൂടാ എന്നു കാണിക്കാം.

"അഗ്നിഗുർവ്വതിഥിപ്രേഷ്ഠ ഭിക്ഷു ശിഷ്ടേന ഭൂസുരാഃ
ജീവിത്വാജന്മഭോഗേന ന സീദേയുഃ ക്വചിത് ധ്രുവം"
(ശാങ്കരസ്മൃതി - അ. 1, 2-ാം പാദം ശ്ലോ.11)

അർത്ഥം: "എന്നാൽ ന്യായമായി കിട്ടുന്ന ജന്മഭോഗത്തിൽനിന്ന് അഗ്നി, ഗുരു, അതിഥി, ഇഷ്ടന്മാർ (ബന്ധുക്കൾ), ഭിക്ഷുക്കൾ ഇവർക്കു വേണ്ടുന്നതിനെ കൊടുത്ത് ബാക്കികൊണ്ട് ഉപജീവനം കഴിക്കുന്ന ബ്രാഹ്മണനു ദോഷം സംഭവിക്കുന്നതല്ല." അല്ലാതേയും,

digitized by www.sreyas.in

“സർവ്വേഷാമപിദേയാനാം പ്രതിഗ്രാഹീ ദ്വിജോത്തമഃ
ബ്രഹ്മണാ കല്പിതഃ പൂർവ്വം നാന്യസ്തത്രാധികാരവാൻ
കേഷാഞ്ചിന്ന നിഷിദ്ധശ്ച വിശേഷജ്ഞൈകഃ പ്രതിഗ്രഹഃ
ആത്യന്തികപരത്വേന തന്നിഷേധസ്യ ജായതേ
തത്തദ്ദാനകഥോച്ഛിത്തിരർത്ഥാഭാവശ്ച ധർമ്മതഃ
തത്തദ്ദാനവിധേരന്യഥാ പ്രമാണഞ്ച തന്മുനിഃ
ഭാർഗ്ഗവോഭഗവാന്വീക്ഷ്യദുഷ്പ്രതിഗ്രഹജൈനസാം
പ്രാഹ ദാനാനി ശാന്ത്യർത്ഥം വക്ഷ്യന്ത്യേതാന്യനുക്രമാൽ
സ്വധർമ്മസ്ഥേന സർവ്വേഷാം ഗൃഹസ്ഥേനപ്രതിഗ്രഹഃ
കാര്യോനാന്യേനകേനാപിതസ്യൈതദഘമർഷണം”
(ശാങ്കരസ്മൃതി – അ. 5, നാലാംപാദം 1 – 5 ശ്ലോ.)

അർത്ഥം: “ഏതു ദാനവും വാങ്ങുവാൻ ദൈവം ബ്രാഹ്മണനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. മറ്റാർക്കും അധികാരമില്ല. അറിവുള്ളവർ ചിലർക്കു ദാനം വാങ്ങുന്നതിനു വിരോധമില്ലെന്നു പറയുന്നു. ആരും ദാനം വാങ്ങിക്കയില്ലെന്നുവന്നാൽ ലോകത്തിൽ ദാനകഥ തന്നെ ഇല്ലാതായിത്തീരും. എന്നാൽ ദുഷ്പ്രതിഗ്രഹം ദോഷമാകുന്നു.” അവിടെ മഹർഷിയാൽ വിധിക്കപ്പെട്ട ശാന്തിയെ താഴെ വിവരിക്കുന്നു.

“സ്വധർമ്മത്തെ വേണ്ടപോലെ അനുഷ്ഠിക്കുന്ന ഗൃഹസ്ഥനു മാത്രമേ ദാനം വാങ്ങുവാൻ അധികാരമുള്ളു. അവന്റെ സ്വധർമ്മാചരണം ദാനംനിമിത്തമുള്ള പാപത്തെ ശമിപ്പിക്കും.”

ഇതിന്റെ ശേഷം പ്രസ്തുത പ്രമാണത്തിൽ ആ സ്വധർമ്മത്തെ വിവരിച്ചു പറയുകയും അതിനെ ക്രമപ്രകാരം ആചരിച്ചാൽ ദുഷ്പ്രതിഗ്രഹദോഷം തീർന്ന് അഗ്നിയെപ്പോലെ ശോഭിക്കും എന്നു കല്പിക്കുകയും ചെയ്തിരിക്കുന്നു. ഈ കാരണത്താൽ ദാനസ്വീകാരംകൊണ്ട് ദോഷമുണ്ടെങ്കിലും അതിനെ അപ്പോൾതന്നെ നിവർത്തിച്ചുകൊള്ളാമെന്നുള്ളതിനാൽ ആയതു കുറച്ചിലിനു കാരണമായിട്ട് ചിരകാലമെന്നല്ല അല്പകാലംപോലും നിലനിൽക്കാനിടയില്ല. ഇനിയും ബ്രാഹ്മണരും അവരിൽ താണ ജാതിക്കാരും പലവകയായിട്ട് എത്രയോ ദാനങ്ങൾ കഴിക്കയും ബ്രാഹ്മണരുതന്നെ സ്വീകരിക്കയും ചെയ്യുക പണ്ടു പണ്ടേ പതിവും നടപ്പും ആയിട്ടുള്ളതാകുന്നു. ഇവിടുള്ള ബ്രാഹ്മണർക്കല്ലാതെ ഈ പുതുമ മറ്റൊരുത്തർക്കും ഉള്ളതായോ ഉണ്ടായിരുന്നതായോ കേട്ടുകേൾവിപോലുമില്ല.

ഭ്രഷ്ടിനു കാരണം ദാനസ്വീകാരമല്ല; ആണെന്നു വാദിക്കുന്ന പക്ഷത്തിൽ സ്വീകൃത്തുക്കൾക്കു കർമ്മശക്തിയില്ല. ദാനത്തിന് അർഹ

digitized by www.sreyas.in

തയില്ലാത്തവരെ പരശുരാമൻ കൊണ്ടുവരികയില്ല, കൊണ്ടുവന്നിട്ടുമില്ല.

ഈ മലയാളഭൂമിദാനവും സ്വീകരണവും നിന്ദ്യമായിട്ടുള്ളതെന്നു വരുന്നപക്ഷവും സ്വീകൃത്തുകൾ ഇന്ന ഇന്ന പ്രകാരം സദ്വൃത്തിയിലിരുന്നാൽ അവരുടെ ദാനസ്വീകാരദോഷങ്ങളെല്ലാം നശിച്ച് അവർ യശസ്വികളായിരിക്കും എന്നു പറഞ്ഞിരിക്കുന്നതിനാൽ ഈ മലയാളബ്രാഹ്മണർ അപ്രകാരമുള്ള സൽകൃത്യങ്ങളിൽ അധികാരവും അനുഷ്ഠാനവും ഇല്ലാത്ത അധമന്മാരാകുന്നു എന്ന് സ്വയം സമ്മതിച്ചുകൊണ്ടാലല്ലാതെ ദാനസ്വീകാരദോഷമാണ് അവരുടെ കുറച്ചിലിനു കാരണമെന്നുള്ളതു ചേരുകയില്ല. ഭ്രഷ്ടിനു കാരണം ദാനമല്ലെന്നു സമ്മതിക്കുന്നപക്ഷം മലയാളഭൂമിയുടെ അവകാശം ഉടൻ ബ്രാഹ്മണരെ വിട്ടൊഴിയേണ്ടതായിവരും. ഈ വാദം അവസാനിക്കുകയും ചെയ്യും. അതല്ലാതങ്ങൾ കർമ്മാനുഷ്ഠാനമില്ലാത്ത അധമന്മാർ തന്നെയെന്ന് അവർ സമ്മതിച്ചുകളയുന്ന പക്ഷം അവർ ദാനത്തിന് അർഹന്മാരല്ലെന്നും വന്നുപോകും. “സ്വധർമ്മസ്ഥേന സർവ്വേഷാം ഗൃഹസ്ഥേന പ്രതിഗ്രഹഃ കാര്യോ നാന്യേന..................................................” (ശാ. സ്മൃ. അ. 5 പാ. 4 ശ്ലോ. 5)

അർത്ഥം: “സ്വധർമ്മത്തെ വേണ്ടുംവണ്ണം അനുഷ്ഠിക്കുന്ന ഗൃഹസ്ഥനുമാത്രമേ ദാനം വാങ്ങാൻ അധികാരമുള്ളൂ. അല്ലാത്തവനധികാരമില്ല. (ഈ വിഷയം മനുസ്മൃതി 4–ാം അദ്ധ്യായത്തിൽ വിവരിച്ചുപറഞ്ഞിട്ടുണ്ട്.)

ഭാർഗ്ഗവന് ഈ വിഷയത്തെപ്പറ്റിയുള്ള അഭിപ്രായം മേൽപ്രകാരമാകുന്നു. ഈ അഭിപ്രായത്തിൽ ഭാർഗ്ഗവസ്മൃതിയും ശാങ്കരസ്മൃതിയും യോജിക്കുകയും ചെയ്യുന്നു. ഭാർഗ്ഗവൻ മുമ്പു ദാനംചെയ്വാൻ ഇച്ഛിച്ച് ബ്രാഹ്മണരെ വരുത്താൻ ദൂതനെ അയച്ചപ്പോൾ അവനോടു പ്രത്യേകം ഇങ്ങനെ കല്പിച്ചു.

“ദ്വിജോത്തമാനാനയസ്വ ജവാൽ ഗത്വാ.........
ദാനാർഹാൻ...............................” (കേ. മാ. അ. 4)
അനന്തരം ദാനംകൊടുത്തയവസരത്തിൽ ഇങ്ങനെ പറഞ്ഞു:
“ദദാമി ദശദാനാനി ദാനാർഹാഃ കില ഭൂസുരാഃ”

(കേ. മാ. അ. 5)

ഇങ്ങനെ പ്രത്യേകം കരുതൽകാണിച്ചിട്ടുള്ള മതിമാനും ദാനഫലാനുഭോക്താവുമായ ഭാർഗ്ഗവൻ ഈ മലയാളഭൂമിയെ ദാനം ചെയ്യു

digitized by www.sreyas.in

ന്നതിനു താൻതന്നെ ആളുകളെ അന്വേഷിച്ചുപിടിക്കുമ്പോൾ ഈ വിഷയം അല്പംപോലും വിസ്മരിച്ചുപോകയില്ലാ. അതിനാൽ ആചാരഹീനന്മാർ അദ്ദേഹത്താൽ കൊണ്ടുവരപ്പെടുകയില്ല. ഇനി മലയാള ഭൂമി ദാനംവാങ്ങുന്നതിലേക്കുമാത്രം എങ്ങനെയുള്ളവരായാലും മതി എന്നു കരുതിയതായിട്ടു പറയുന്നു എങ്കിൽ മുൻവിവരിച്ച കേരളമാഹാത്മ്യം 11-ാം അദ്ധ്യായവും മറ്റും നോക്കുക. (അനുബന്ധം1) അവിടെ ഭാർഗ്ഗവൻ ഇങ്ങോട്ടു കൊണ്ടുവന്നത് അത്യുത്തമന്മാരെയാണെന്ന് സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്.

ഈ ന്യായങ്ങളെക്കൊണ്ടു നോക്കുമ്പോൾ ദാനം കൈയിൽ വാങ്ങിയിരുന്നു എങ്കിൽ ദോഷവും സംഭവിക്കുമായിരുന്നു എന്നുള്ളേടത്ത് സിദ്ധിക്കുന്ന ദാനാർഹതയെ അനുവദിക്കുന്നതായ വ്യവധാനജന്യപാപാഭാവം അർത്ഥാൽ സിദ്ധിന്യായപ്രകാരം സമ്രാട്ടുമുതൽ പാപിവരെ എല്ലാവരിലും ആപതിക്കുന്നു. അപ്പോൾ "അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ" എന്നപോലെ ആയിത്തീരുന്നു. ഈ കാരണങ്ങളാൽ ഈ മലയാളബ്രാഹ്മണർ ഭാർഗ്ഗവനാൽ വരുത്തപ്പെട്ടവരല്ല എന്നു തെളിയുന്നു.

digitized by www.sreyas.in

അദ്ധ്യായം 3

# പരശുരാമൻ മലയാളഭൂമിയെ ദാനംചെയ്തിട്ടില്ല

(സംഗ്രഹം) കേരളമാഹാത്മ്യം, കേരളാവകാശക്രമം, ജാതിനിർണ്ണയം മുതലായവയിൽ മലയാളബ്രാഹ്മണരായ സകലരും അറുപത്തിനാലുഗ്രാമക്കാരിൽ ഉൾപ്പെട്ടവരാണെന്നും ഈ അറുപത്തിനാലു ഗ്രാമക്കാർക്കുംകൂടിയാണ് പരശുരാമൻ മലയാളഭൂമിയെ ദാനംചെയ്തിട്ടുള്ളതെന്നും പറഞ്ഞിരിക്കുന്നു. എല്ലാർക്കും കൊടുത്തു എന്നു പറഞ്ഞതു ശരിയാണെങ്കിൽ ദാനസ്വീകാരംകൊണ്ട് ചിലർക്കുമാത്രം പതിത്വം വന്നതെങ്ങനെ എന്നു നോക്കുമ്പോൾ കൈയിൽ വാങ്ങിയവർ (പൂവും നീരും സഹിതം) പാപികൾ, കൈയിൽ വാങ്ങാത്തവർ ഉത്തമർ എന്ന് ആ പ്രമാണങ്ങളിൽ സമാധാനം കാണുന്നു. കൈയിൽ വാങ്ങിയില്ലെങ്കിൽ അവകാശം എങ്ങനെ സിദ്ധിച്ചു എന്നുള്ള ചോദ്യത്തിന് കൈയിൽ വാങ്ങിയവർ തങ്ങൾക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയുംകൂടി (കുറതീർത്ത് അല്ലെങ്കിൽ പ്രതിനിധിസ്ഥാനം വഹിച്ച്) വാങ്ങി എന്നും അങ്ങനെ വാങ്ങിയവർക്ക് ഭൂമിയും പാപവും സിദ്ധിക്കയും മറ്റുള്ളവർക്ക് പാപം കൂടാതെ ഭൂമിമാത്രം സിദ്ധിക്കയുംചെയ്തു എന്നും മറുപടി കിട്ടുന്നു. എന്നാൽ ഈ അറുപത്തിനാലു ഗ്രാമക്കാരിൽത്തന്നെ പലർക്കും ജന്മിത്വമില്ലാതെ ഇരിക്കുന്നല്ലൊ കുറ തീർത്തു വാങ്ങിയതിൽ ഇവരെ ഉൾപ്പെടുത്താത്തതെന്ത് എന്നുള്ള ചോദ്യത്തിനു സമാധാനമേ കാണുന്നില്ല.മുമ്പിലത്തെ ചോദ്യങ്ങൾക്കുള്ള സമാധാനങ്ങൾ സ്വീകാര്യങ്ങളല്ലായ്കയാലും ഒടുവിലത്തെ ചോദ്യത്തിനു സമാധാനമില്ലായ്കയാലും അറുപത്തിനാലു ഗ്രാമക്കാരിൽ എല്ലാർക്കും കൂടി പരശുരാമൻ മലയാളഭൂമിയെ ദാനംചെയ്തു എന്നു പറഞ്ഞിരിക്കുന്നതു സാധുവല്ല. അങ്ങനെ ഓരോ കാരണങ്ങളാൽ ഈ ബ്രാഹ്മണരിൽ ഉത്തമന്മാരായ അഷ്ടഗൃഹത്തിൽ ആഢ്യന്മാർക്കും അതുപോലെ കൈയിൽ വാങ്ങിയവരെന്നു പറയുന്ന ഭ്രഷ്ടന്മാർക്കും, ഈ മൂന്നു സംഗതികളേയും വേറെ ചില കാരണങ്ങളേയും അടിസ്ഥാനപ്പെടുത്തി ഈ ബ്രാഹ്മ

digitized by www.sreyas.in

ണരിൽ യാതൊരുത്തർക്കും പരശുരാമൻ മലയാളഭൂമിയെ ദാനം ചെയ്തിട്ടില്ല.

"അഖിലാം കേരളീം ഭൂമീം ബ്രാഹ്മണേഭ്യോ ദദൗ പ്രഭുഃ
ചതുഷ്ഷഷ്ടിതമേഭ്യസ്തു....." (കേ. മാ)

അർത്ഥം: "ഭാർഗ്ഗവൻ അറുപത്തിനാലു ഗ്രാമക്കാർക്കുമായിട്ടു കേരളഭൂമി മുഴുവനും ദാനംചെയ്തു" എന്ന് അടക്കിപ്പറഞ്ഞിരിക്ക കൊണ്ട് ഇവിടെയുള്ള എല്ലാ മലയാളബ്രാഹ്മണർക്കും (ഈ അറുപത്തിനാലിൽ ഉൾപ്പെടാതെ ഇവിടെയില്ല) ജന്മഭൂമിയും ജന്മിത്വവും ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരമല്ലാതെ എത്രയോ മലയാളബ്രാഹ്മണ കുടുംബങ്ങൾ പാരമ്പര്യമായിട്ടേ ഈ മലയാളഭൂമിയിൽ ഉണ്ട്. അതിനാൽ എല്ലാപേർക്കും കൊടുത്തു എന്നുള്ള പ്രമാണവും ജനശ്രുതിയും ധാരണയും ശരിയായിട്ടുള്ളതല്ല. എന്നാൽ അനേകംപേർക്കു കൊടുത്തിട്ടില്ലതന്നെ എന്നാണെങ്കിൽ ഭാർഗ്ഗവൻ അന്യായക്കാരനാണെന്നും വന്നുപോകും.

എങ്ങനെയെന്നാൽ, പരദേശങ്ങളിൽ ചെന്ന് ഉത്തമബ്രാഹ്മണരെ സത്യംചെയ്തു ക്ഷണിച്ചുകൊണ്ടുവന്ന് ഇവിടെ സുഖമായി പാർപ്പിച്ചതിന്റെശേഷം അവരിൽ ഏതാനുംപേർ സ്വദേശത്തേക്കു പൊയ്ക്കളഞ്ഞതിനാൽ ഭാർഗ്ഗവൻ വ്യസനിച്ച് ഇതുപോലെ ശേഷം ഉള്ളവരും പോകാതിരിപ്പാൻവേണ്ടി അവർക്കെല്ലാം പൂർവ്വശിഖ (മുൻകുടുമ) വയ്പിക്കയും വേഷം ആചാരം വേദാദ്ധ്യയനസ്വരസമ്പ്രദായം മുതലായവയെ ഭേദപ്പെടുത്തുകയും ചെയ്തു എന്നു കാണുകയാൽ അവർക്ക് ഇവിടം സ്വദേശംപോലെ സുഖപ്രദമല്ലായിരുന്നു എന്നും, എങ്കിലും തിരിച്ചുപോകാതിരിപ്പാൻ ആയിരുന്നു പരദേശനിഷിദ്ധമായ മുൻപറഞ്ഞ ഏർപ്പാടുകൾ ചെയ്തു ബലാത്കാരമായി അവരെ താമസിപ്പിച്ചതെന്നും സ്പഷ്ടമാകുന്നു. ഇപ്രകാരം ഭാർഗ്ഗവൻ ചെയ്തതു വാസ്തവമാണെന്നുവരികിൽ ദാനം വാങ്ങിയവർക്കെന്നപോലെതന്നെ വാങ്ങാത്തവർക്കും ഭൂമി മുതലായവയും അതുകളുടെ ജന്മാവകാശവും ആഢ്യത്വവും അദ്ദേഹം കൊടുത്തിരിക്കണം. അല്ലാതെ കുലശത്രുത ഉണ്ടായിരുന്നിട്ടും കീഴടങ്ങിയ ക്ഷത്രിയനെ സ്വക്ഷേത്രത്തിൽ കൊണ്ടിരുത്തി രക്ഷിച്ച ഇദ്ദേഹം തന്നാൽ കൊണ്ടുവരപ്പെട്ടവരും തന്റെ ആജ്ഞയ്ക്കു കീഴടങ്ങി സ്വദേശത്തേക്കു കൊള്ളരുതാത്തവിധത്തിൽ വേഷം മുതലായവയും മാറ്റി അനന്യഗതികളായി നിന്നിരുന്നവരും ആയ എത്രയോ ബ്രാഹ്മണരെ ഒന്നും കൊടുക്കാതെ ഉപേക്ഷിച്ചു എന്നു പറയുന്നത് ഒരിക്കലും ചേരുകയില്ല. എന്നാൽ കൊടുക്കാതെ ഉപേക്ഷിച്ചിട്ടല്ല

digitized by www.sreyas.in

അവർക്കു വേണ്ടെന്ന് ഒഴിഞ്ഞിട്ടാണ് എന്നു പറകയാണെങ്കിൽ വിദേശത്തുനിന്നുമുള്ള അവരുടെ ആഗമനത്തിന്റെ ഉദ്ദേശ്യം പിന്നെ എന്തായിരിക്കും? ഒരുവേള അബദ്ധത്തിൽ വന്നുപോയതാണെന്നുവരികിൽ അവർ വേഷം മാറുകയും വേറെ വിധം സമ്പാദിച്ച് ഉപജീവനം കഴിച്ചുകൊണ്ടെങ്കിലും ഇവിടെത്തന്നെ സ്ഥിരമായി താമസിക്കുകയും ചെയ്യാതെ ഉടൻതന്നെ പൊയ്ക്കളയുമായിരുന്നു.

ഇനി ഇവർ ഭാർഗ്ഗവനാൽ ക്ഷണിക്കപ്പെടാതെ (തനിയെ) വന്നു വേഷംമാറി താമസിച്ചവരാകകൊണ്ടാണ് ഇവർക്ക് ഭൂമി കിട്ടാതിരുന്നതെങ്കിൽ, ഒന്നാമത് അതിലേക്ക് പ്രമാണമോ ജനശ്രുതിയോ ഒന്നുംതന്നെയില്ല; രണ്ടാമതു പരദേശത്തുള്ള ബ്രാഹ്മണരുടെ വാസസ്ഥലത്തു ചെന്ന് അവരെ നിർബന്ധിച്ചു കൂട്ടിക്കൊണ്ടുവന്ന് ദാനംചെയ്ത ഭാർഗ്ഗവൻ ആ കാലത്തു തനിയെ വന്നവരും ജന്മം മുഴുവൻ ഇവിടെ താമസിക്കുന്നതിന് സന്നദ്ധരായിരുന്നവരും ആയ ഇവരെ ഒഴിക്കയില്ലായിരുന്നു. അതുകൊണ്ടും ദാനംവാങ്ങിയവർ വാങ്ങാത്തവരായ മറ്റുള്ളവർക്കുവേണ്ടിച്ചെയ്ത കുറതീർച്ചയിൽ ഇവർ ഉൾപ്പെടാതിരുന്നതുകൊണ്ടും അറുപത്തിനാലു ഗ്രാമക്കാരിൽ എല്ലാവർക്കും കൊടുത്തു എന്ന് പറഞ്ഞതു ശരിയാകുന്നില്ല.

ഈ മലയാളത്തിലെ ഭൂമിദാനസ്വീകരണത്തിൽ ദത്തഭൂമി മാത്രമല്ല ഒരുനാളും മാറാത്തതായ ഭ്രംശരൂപമായ പാപവുംകൂടി സിദ്ധിക്കും എന്നാണല്ലോ പ്രമാണംകൊണ്ടും അനുഭവംകൊണ്ടും ഈ ബ്രാഹ്മണർ വിശ്വസിച്ചിരിക്കുന്നതായി തെളിഞ്ഞിരിക്കുന്നത്. ഈവിധ ഭ്രഷ്ടരൂപ പാപസഹിതദാനസ്വീകാരമാകുന്നു ഇവിടെ ഉള്ള ജന്മിത്വത്തിനും പ്രഭുത്വത്തിനും കാരണമെന്നും കാണുന്നു. ആഢ്യന്മാർക്കുള്ള അവകാശം ഭാർഗ്ഗവദാനപ്രകാരം സിദ്ധിച്ചതാണെന്നു കാണുന്നതിനാൽ മേൽപറഞ്ഞ മുറയ്ക്ക് ഇവർക്കും പാപവും തന്നിമിത്തം ഭ്രഷ്ടും സംഭവിച്ചിരിക്കേണ്ടതായിരുന്നു. അപ്രകാരം കാണുന്നില്ല. ആഢ്യന്മാർ ഇന്നും ശ്രേഷ്ഠന്മാർതന്നെയാണ്.

സമാധാനം: നേരിട്ടു കയ്യിൽ വാങ്ങിച്ചെങ്കിലേ പാപമുള്ളു. ഈ ആഢ്യന്മാർ അങ്ങനെ വാങ്ങിച്ചിട്ടില്ല. അതുകൊണ്ട് അവർക്കു പാപവുമില്ല.

നിഷേധം: 'മഹാബ്രാഹ്മണർക്കു ഭ്രഷ്ടു വരുത്തേണ്ട. ദാനം മേൽപ്രകാരംമതി. അതുകൊണ്ടു ദാനഫലം സിദ്ധിച്ചുകൊള്ളും' എന്നിങ്ങനെ ഭാർഗ്ഗവനു ദയവുതോന്നി ദാനം സ്വീകരിക്കാനുള്ളവരെ മാറ്റി

digitized by www.sreyas.in

നിറുത്തിയുംവെച്ച് ഭൂമിയിലോ മറ്റെവിടെയെങ്കിലുമോ ദാനവസ്തു വെച്ചു കൊടുക്കുകയും അപ്രകാരം ഇവർക്കു സിദ്ധിക്കയും ചെയ്തിരിക്കയാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് ഇത്ര ദയാലുവായ ഭാർഗ്ഗവന് മറ്റുള്ളവരെ (കയ്യിൽവാങ്ങിയവരെ) സംബന്ധിച്ചും ഇതുപോലെ ചെയ്ത് ദോഷം കൂടാതെ കാര്യം സാധിക്കാമായിരുന്നു. അങ്ങനെ നടത്തിയതായിക്കാണാത്തതിനാൽ ഭാർഗ്ഗവന് അതു സമ്മതമല്ലെന്നും അതുകൊണ്ട് അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ലെന്നും തെളിയുന്നു.

വിശേഷിച്ചും ദാനവിഷയമായ പാപം ഏതുവിധത്തിലെങ്കിലും ദാനം സ്വീകരിച്ചവനോടല്ലാതെ എവിടേക്കുപോകുമെന്ന് അറിയുന്നില്ല. അതുവീണ്ടും ദാതാവിൽതന്നെ ചേരുമെന്നോ അതല്ലാ തൽക്കാലം മാറിനിന്ന് കൈയിൽ വാങ്ങാതെയുള്ള സ്വീകാരക്രിയകൊണ്ടു നശിച്ചുപോകുമെന്നോ പറയുന്നതായാൽ അതു യുക്തിക്കു ചേരുന്നതല്ല.

ഒരുവൻ കൊടുക്കുകയും വേറൊരുവൻ അതിനനുകൂലമായിനിന്ന് ഏറ്റുവാങ്ങുകയും ചെയ്തെങ്കിലേ അതു ദാനമാകയും ഫലപ്പെടുകയും പ്രതിഗ്രഹീതാവിനു ദത്തവസ്തുവിൽ അവകാശം സിദ്ധിക്കയും ചെയ്കയുള്ളൂ. ആ സ്ഥിതിക്ക് നേരേ ഏറ്റുവാങ്ങീട്ടില്ലാത്ത ഇവർക്കു വസ്തു അവകാശമുണ്ടെന്നു പറയുന്നതു ശരിയല്ല. അഥവാ അവകാശമുണ്ടെന്നുവരികിൽ അതുവേറെ വല്ല മാർഗ്ഗത്തിലും സിദ്ധിച്ചിട്ടുള്ളതായിരിക്കണം.

എന്നാൽ, ഇവർ (ആഢ്യന്മാർ) വാങ്ങിയില്ലെങ്കിലും മറ്റുള്ളവർ വാങ്ങീട്ടുണ്ടല്ലോ. ആ വാങ്ങൽ ഇവരുടെ അവകാശത്തിനും കാരണമായി എന്നാണെങ്കിൽ, അവർക്കു ഭാർഗ്ഗവനോടു ദാനം വാങ്ങീട്ടുള്ളതായല്ലാതെ വേറെ വസ്തുക്കളില്ലാത്തതിനാലും അവരുടെ വാങ്ങലിന്റെ ഫലസിദ്ധി ഇവർക്കാണെന്ന് ഇപ്പറഞ്ഞ ഭാഗംകൊണ്ടു വന്നുപോകുന്നതിനാലും അവരുടെ സകലവസ്തുക്കളുടെ അവകാശവും ഇവർക്കു സിദ്ധിച്ചിരിക്കേണ്ടതാകുന്നു.

സമാധാനം: മറ്റവർ (കൈയിൽ വാങ്ങിയവർ) അവർക്കുവേണ്ടിയും ഇവർക്കുവേണ്ടിയും ഇങ്ങനെ രണ്ടുവിധം വാങ്ങീട്ടുണ്ട്; അതിനാൽ ഇവർക്കുവേണ്ടി വാങ്ങിയതുമാത്രം ഇവരുടേതായിരിക്കും.

നിഷേധം: അപ്രകാരം വാങ്ങിയത് ദത്തവസ്തുസഹിതമോ അതോ പാപത്തെമാത്രമോ? ദത്തവസ്തുസഹിതമാകുന്നു എങ്കിൽ ആർക്കുവേണ്ടി ആയാലും ശരി ദേയവസ്തുസംബന്ധമായി ദാതാവി

digitized by www.sreyas.in

ന്നുണ്ടായിരുന്ന അവകാശം ആ ദാതാവിനോടു വേർപെട്ടു പ്രതിഗ്ര ഹീതാവിന്റെ അധീനത്തിൽ ആകുമാറുള്ള കൃത്യത്തിനെ ആകുന്നു സ്വീകാരം (വാങ്ങൽ) എന്നുപറയുന്നത്. അതിനാലും,

"സർവ്വപാപവിമുക്തയേ" (കേ. മാ. അ. 5)

അർത്ഥം: "എല്ലാ പാപത്തിന്റേയും വിമോചനത്തിനായിട്ട്" എന്ന തിനാലും എല്ലാ പാപത്തിന്റേയും വിമോചനമാണ് ദാനത്തിന്റെ പ്രയോ ജനമെന്നു സിദ്ധിക്കുന്നു. പാപത്തെ ഏറ്റുവാങ്ങിക്കൊണ്ടതിനാൽ ഭാർഗ്ഗ വനു ദാനത്തിന്റെ പ്രയോജനമായ പാപവിമോചനത്തിനു ഹേതു കൈയിൽ വാങ്ങൽ ആകുന്നു. ആകയാൽ സ്വാർത്ഥമായും പരാർത്ഥ മായും ഉള്ള രണ്ടു വാങ്ങലിൽ ഉൾപ്പെട്ട വസ്തുക്കളുടെ അവകാശ ങ്ങളും തുല്യബലത്തോടുകൂടി ആ കൈയിൽ വാങ്ങിയവരിൽതന്നെ ഇരിക്കാനേ ന്യായമുള്ളൂ. അതല്ലാ നല്ല മനസ്സോടുകൂടി പരാർത്ഥം വാങ്ങിയ വസ്തുക്കളെ വിട്ടുകൊടുക്കുന്നപക്ഷത്തിലും സ്വാർത്ഥംവാ ങ്ങിയ വസ്തുക്കളുടെ അവകാശം എല്ലാ കാലത്തും അവരിൽതന്നെ ചേർന്നിരിക്കേണ്ടതാണ്. ഈ സ്ഥിതിക്ക് എല്ലാ വകക്കാരുടേയും വസ്തുക്കളുടെ അവകാശം ആദ്യം ഭാർഗ്ഗവനും രണ്ടാമത് അദ്ദേഹം കൊടുത്തിട്ട് കൈയിൽ വാങ്ങിയവർക്കും അവർ കൊടുത്തിട്ട് 3-ാമത് ഇവർക്കും (ആഢ്യന്മാർക്കും) സിദ്ധിച്ചിട്ടുള്ളതായിരിക്കണമെന്നു സ്ഥിര പ്പെടുന്നു. ഭാർഗ്ഗവദാനപ്രകാരം സിദ്ധിച്ചതു മറ്റവർക്കും അവരുടെ ദാന പ്രകാരം സിദ്ധിച്ചത് ഇവർക്കും എന്നല്ലാതെ ആഢ്യന്മാർക്കു ഭാർഗ്ഗവ ദാനപ്രകാരം സിദ്ധിച്ചു എന്നു പറയുന്നതിനെ ഇവരുടെ പ്രമാണംത ന്നെ ഖണ്ഡിക്കുന്നു.

ഇനി കൈയിൽ വാങ്ങിയവർ അവകാശത്തെ വിട്ടു പാപത്തെ മാത്രമാണ് വാങ്ങിയതെങ്കിൽ ഭൂമി അതിൽ ഉൾപ്പെടാതിരുന്നതുകൊണ്ട് അത് ആഢ്യന്മാരുടെ ജന്മാവകാശത്തിനു കാരണമല്ലെന്നാവും. ഭാർഗ്ഗ വനോടു വാങ്ങീട്ടില്ലെന്ന് ആദ്യമേതന്നെ പറഞ്ഞുപോയതിനാൽ ഭാർഗ്ഗ വദാനമാണ് ജന്മാവകാശത്തിനു കാരണമെന്നു പറവാനും പാടില്ല. അല്ലാതെയും ആചന്ദ്രതാരം അനുഭവിപ്പാൻ വസ്തുവിനെ അല്ലാതെ വിഷൂചിക എന്നപോലെ ക്ഷയത്തിനു ഹേതുഭൂതമായ പാപത്തെ ആണോ പൂവും നീരും സഹിതം കൊടുക്കുന്നത്? ദാനത്തിന്റെ മുറ പ്രകാരം ആണോ? ഇതിനു വിപരീതമായി ഭാർഗ്ഗവൻതന്നെ ചെയ്തി ട്ടുള്ള ഭൂമീദാനമര്യാദയെ നോക്കാം:

"പുരോഹിതാൻ സമാഹൂയ വേദജ്ഞാൻ വേദപാരഗാൻ
വസിഷ്ഠാദീൻ ദ്വിജാതീംശ്ച ഭൂമിദാനമകല്പയൽ;

digitized by www.sreyas.in

അസ്മൽ പാപവിനാശാർത്ഥം കുസുമൈസ്സഹിതോദകം
ഹസ്തേ ഗൃഹീത്വാ രാമസ്തു ഉവാച മുനിപുംഗവാൻ:
പുരോഹിതശ്ശതാനന്ദസ്സമാഗത്യ സമാസ്ഥിതഃ
ഭൂദാനം ദീയതാം രാജൻ ഗോത്രപൂർവ്വം സനാമകം
ഗൗതമസ്യ സുതേനോക്തമബ്രവീന്മന്ത്രപൂർവ്വകം:
ഭൂമിം ലിഖിത്വാ പത്രേഷു ബ്രാഹ്മണേഭ്യോ ദദൗപ്രഭുഃ
സർവ്വാൻ ഭൂമണ്ഡലാന്വാപി സർവ്വപാപവിമുക്തയേ
വിപ്രേഭ്യോഹം ഭൂമിദാനം പ്രദദാമി മുനീശ്വരാഃ
ചതുസ്സാഗരമദ്ധ്യാ ച ഭൂമിസ്സാദീയതേ മയാ
നാനാഗോത്രദ്വിജേഭ്യസ്തു ഭൂമിദാനം മയാ കൃതം.”

(കേ. മാ. അ. 5)

ഇപ്രകാരം ദാനംചെയ്തിട്ടുള്ള പ്രയോജനം ദാതാവിന് പാപമോചനവും സ്വീകർത്താവിനു വസ്ത്വനുഭോഗവും ആകുന്നു. ദാതാവു വസ്തുവിനേയും പാപത്തേയുംകൂടി കൊടുത്തു എങ്കിലും വസ്തു അനുഭവിക്കപ്പെടണമെന്നും പാപം ക്ഷയിപ്പിക്കപ്പെടണമെന്നും ആകുന്നു ഉദ്ദേശ്യം. അതിനാൽ കുസുമോദകസമേതം ദത്തമാകേണ്ടതും ആയിട്ടുള്ളതും 'ദേയവസ്തു' ആകുന്നു. അല്ലാതെ ഒരിക്കലും 'പാപമല്ലാ' എന്നുള്ളതു മുൻകാണിച്ച പ്രമാണംകൊണ്ടും സിദ്ധിക്കുന്നു. അതിനാൽ വസ്തുവിനെ ഒഴിച്ചു ദാനം വാങ്ങി എന്നു പറഞ്ഞാൽ ആയതു ചേരുകയില്ലാ.

ഇനി വാങ്ങിച്ചവർ വാങ്ങിക്കാത്തവരായ ഇവർക്കുവേണ്ടി കുറ തീർച്ചചെയ്തപ്പോൾ കുറ തീർന്നുപോയതായും പാപം വസ്തുവിനേയും തദനുഭോക്താക്കളായ ഇവരേയും വിട്ടിട്ട് അവരുടെ അടുത്ത് ഉടൻ ചെന്നതായും പറയുന്നത് ഒട്ടും ശരിയല്ലെന്നു കാണിക്കാം.

ദാതൃപാപത്തെ ദേയവസ്തുവിൽ സങ്കല്പിച്ചാക്കിയും ദേയവസ്തു കയ്യിൽ അടങ്ങാത്തതാണെങ്കിൽ ആയതിനെ ഉദകദാനത്തിൽ സങ്കല്പിച്ചാക്കിയും ആകുന്നു ദാനംചെയ്യുന്നത്. ദാതാവ് നീരും പൂവും കയ്യിലെടുത്ത് എന്റെ പാപം എന്നെ വിട്ട് ഈ ദാനത്തോടുകൂടി പോയൊഴിയട്ടെ എന്നിങ്ങനെ സങ്കല്പിച്ചു കൊടുക്കുകയും സ്വീകർത്താവ് ഈ ദാതാവിന്റെ പാപത്തെ ഈ ദേയവസ്തുവോടുകൂടി ഞാൻ ഏറ്റിരിക്കുന്നു എന്നു സങ്കല്പിച്ചു വാങ്ങിക്കുകയും ചെയ്യുമ്പോൾ ആ സങ്കല്പപ്രകാരം ആ പാപമാകട്ടെ ദത്തവസ്തുവിനെ തുടർന്നു സ്വീകൃത്തിനോടു ചേരുന്നു. ഈ സ്ഥിതിക്ക് ദാതൃസങ്കല്പം

digitized by www.sreyas.in

അവന്റെ പാപത്തെ അവന്റെ പക്കൽനിന്നും വേർപെടുത്തി സ്വീകൃത്തിനോടു ചേരുമാറ് ദത്തവസ്തുമാർഗ്ഗമായി തള്ളിവിടുന്നതിനുള്ള ഒന്നാകുന്നു: ദത്തപദാർത്ഥം മേൽപ്രകാരം വിടപ്പെട്ട പാപത്തിനു സ്വീകൃത്തിങ്കൽ പാഞ്ഞു ചെല്ലുന്നതിനുള്ള മാർഗ്ഗമാകുന്നു. സ്വീകൃത്തിന്റെ സങ്കല്പം അപ്രകാരം വരുന്ന പാപത്തെ അത് ഇരുന്ന സ്ഥലത്തേയ്ക്കു (മറുപടിയും ദാതാവിങ്കൽ തന്നെ) ചെല്ലാത്തവിധം ഏറ്റുകൊള്ളുന്നതിനുള്ള ഒന്നാകുന്നു. ഇപ്രകാരം ദാനവും സ്വീകാരവും കഴിഞ്ഞിട്ട് ദത്തവസ്തുവിൽ ദാതാവിനാൽ സങ്കല്പംകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള പാപത്തെ സ്വീകൃത്തായവൻ തന്റെ തപോബലംകൊണ്ടു നശിപ്പിച്ച് ആ വസ്തുവിനെ അന്യനെ പാപത്തിൽനിന്നും രക്ഷിച്ചതിന്റെ പ്രതിഫലമായിട്ട് അനുഭവിച്ചുകൊള്ളുന്നു.

അല്ലാതെ കയ്യിൽ നേരിട്ടുകൊടുക്കുന്നതും വാങ്ങുന്നതും പാപത്തെ മാത്രമല്ല സങ്കല്പവിന്ന്യസ്തപാപമായിരിക്കുന്ന ദേയവസ്തുവിനേയും തദവകാശത്തേയുമാകുന്നു. ഈ അവസ്ഥയ്ക്ക് ഒരു ദാനത്തിൽ വസ്തുവും പാപവും ഒന്നിച്ചിരിക്കവെ വസ്തു ഒരിടത്തും പാപം മറ്റൊരിടത്തും ആകുമെന്നുള്ളത് അസംഭാവ്യംതന്നെ.

സമാധാനം: കയ്യിൽ വാങ്ങിയവർക്ക് ഇവർക്കുള്ളതുപോലെ തന്നെ ഭാർഗ്ഗവദത്തവസ്തുക്കൾ ഉള്ളതിനാൽ ഈ പാപവുംകൂടി സങ്കല്പപ്രകാരം അവയിൽ ചേർന്നിരുന്നുകൊള്ളും.

നിഷേധം: എങ്കിൽ, ആ ദത്തവസ്തുമാർഗ്ഗം സംക്രമിച്ച പാപം എവിടെ പോകും? ഈ പാപത്തിന് ഇരിപ്പാൻകൂടി ആ വസ്തുക്കൾ മതിയാകുമെങ്കിൽ ഇവർക്കു വേറെ കൊടുത്തിട്ടാവശ്യമില്ലാ, കൊടുത്തിരിക്കുകയും ഇല്ല.

ഇനിയും കയ്യിൽ വാങ്ങിയവർ വാങ്ങാത്തവരായ മറ്റുള്ളവരുടെ കുറതീർച്ചകൂടി ചെയ്തുവാങ്ങിച്ചു എന്നു പറയുന്നുവല്ലൊ. ആയതു സത്യമായിരുന്നുവെങ്കിൽ തങ്ങൾക്കുവേണ്ടിയും, കൈയ്യിൽ വാങ്ങലാകുന്ന അശുദ്ധിയെ തൊടാതെ വസ്തുക്കളെമാത്രം മുറുകെപ്പിടിച്ച് അനുഭവിച്ചുംകൊണ്ട് പരിശുദ്ധമായിരിക്കുന്ന മറ്റുള്ള ജന്മികൾക്കുവേണ്ടിയും ദാനത്തെ കയ്യിൽ വാങ്ങിച്ച് കുഴങ്ങിക്കിടക്കുന്ന ആ ജന്മികളെ പിടികൂടിയ സ്വാർത്ഥപരാർത്തകൃത്യങ്ങളായിരിക്കുന്ന രണ്ടുവക ഭ്രഷ്ടുകളേയും ഭ്രഷ്ടുകൂടാതെ കാര്യം പറ്റിച്ചു സമർത്ഥന്മാരായിരിക്കുന്ന ജന്മികൾ, ദാനദോഷപരിഹാരമാർഗ്ഗം സ്മൃതികളിൽ വിധിക്കപ്പെട്ടിരുന്നിട്ടും, ആയതിനെ ചെയ്ത് ഉപകാരികളായ സ്വജനങ്ങളിൽനിന്നു ദോഷം

digitized by www.sreyas.in

നീക്കി അവരെ തങ്ങളുടെ സമൂഹത്തിൽ ചേർത്തുകൊള്ളാതെ എന്ന ന്നേക്കും ഇങ്ങനെ പുറംതള്ളി വിട്ടുകളയുകയും അവർ (കയ്യിൽവാങ്ങിയവർ) ആ ഉപകാരത്തെ ഓർമ്മപ്പെടുത്തി മറ്റവരോട് നിർബന്ധിച്ചു പ്രതിവിധി ചെയ്യിച്ചു തങ്ങളുടെ സ്ഥിതി ശരിയാക്കിക്കൊള്ളാതെ ഉള്ള കാലമൊക്കെയും ഈ കാര്യത്തിൽ മാത്രം ക്ഷമയോടുകൂടി ഇങ്ങനെ മൗനവ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്തുകളയുമായിരുന്നോ? ഒരിക്കലുമില്ല. അതുകൊണ്ടു വാങ്ങിയവർ മറ്റുള്ളവരുടെ കുറ തീർച്ചചെയ്തു വാങ്ങീട്ടില്ലെന്നുള്ളതു നിശ്ചയമാകുന്നു.

സമാധാനം: ഇത് ഈ ഒരു ദാനത്തിനു മാത്രമായിട്ടുള്ള പുതിയ സംഭവമാണ്. ആയതിനാൽ ഇതിന്റെ നിവൃത്തിക്കുള്ള ഉപായം ഒരു സ്മൃതിയിലും പ്രമാണങ്ങളിലും വേദത്തിലും കാണുകയില്ല. അതുകൊണ്ടാണ് പരിഹൃതം ആകാതെ കിടക്കുന്നത്. അല്ലാതെ അവർക്കു മനസ്സില്ലാഞ്ഞിട്ടല്ല.

നിഷേധം: ഒരു ദാനത്തിൽ വസ്തുവും പാപവും ഉൾപ്പെട്ടിരിക്കവെ വസ്തുമാത്രം ദാനം വാങ്ങിയവനോടു പാപം മാത്രം അതിൽ സംബന്ധിക്കാത്ത വേറൊരുവനോടും ചെന്നുചേരുമെന്നുള്ള നിയമവും ഒന്നിലും ഒരിടത്തും ഇല്ല. അതിനാലായിരിക്കാം പരിഹാരവും കല്പിക്കപ്പെടാത്തത്.

സമാധാനം: ദാനം വാങ്ങാത്തവർ മറ്റുള്ളവരുടെ കുറ തീർച്ച ചെയ്തു വാങ്ങിയ നിമിത്തമാണ് അവർക്ക് അവകാശം സിദ്ധിച്ചത്.

നിഷേധം: ആയത് എല്ലാവർക്കും സിദ്ധിച്ചിരിക്കേണ്ടതായിരുന്നു. ഇവിടെ വാങ്ങാത്തവരിൽ അനേകംപേർക്ക് ഇതു ഫലിക്കാതെ അവർ കുടിയായിവന്മാരുടെ ശേഖരത്തിൽ വേറെവിധം സമ്പാദിച്ചു കാലക്ഷേപം ചെയ്യുന്നവരായി കാണുന്നു. അതിനാൽ ഇതു ശരിയാകുന്നില്ല.

സമാധാനം: ചിലർക്കുവേണ്ടി മാത്രമേ വാങ്ങിയുള്ളൂ.

നിഷേധം: അപ്രകാരം പക്ഷപാതം ചെയ്‌വാൻ കാരണമില്ല. അവർ അങ്ങനെ തുനിഞ്ഞാലും.

“നാനാഗോത്രദ്വിജേഭ്യസ്തു ഭൂമിദാനം മയാ കൃതം”(കേ. മാ. അ. 5)

“എല്ലാ ഗോത്രക്കാരായ ബ്രാഹ്മണർക്കും എന്നാൽ ഭൂമി ദാനം ചെയ്യപ്പെട്ടു. ”

digitized by www.sreyas.in

ഇങ്ങനെ എല്ലാപേർക്കും പക്ഷപാതം കൂടാതെ ദാനം ചെയ്ത ഭാർഗ്ഗവൻ അതിലുൾപ്പെട്ട ഏതാനുംപേർക്കായിട്ടു മാത്രം കൊടുക്കയില്ല. കൊടുക്കാത്ത സ്ഥിതിക്കു അവർ വാങ്ങിയും ഇരിക്കയില്ലല്ലൊ.

സമാധാനം: ഈ മലയാളഭൂമിദാനത്തിനുമാത്രം ഭാർഗ്ഗവൻ പക്ഷപാതമാർഗ്ഗത്തെ അനുഷ്ഠിച്ചു.

നിഷേധം: ഇത് അറുപത്തിനാലു ഗ്രാമക്കാരായ ബ്രാഹ്മണർക്കുമായിട്ടു കേരളഭൂമി മുഴുവനും ഭാർഗ്ഗവൻ ദാനം ചെയ്തു എന്നുള്ള പ്രമാണത്തിനു വിപരീതമായിട്ടിരിക്കുന്നു.

ഇനിയും ഇവർക്കുള്ളതിനെ ഇവർതന്നെ വാങ്ങാതിരിപ്പാനും ആ കുറവിനെ അന്യരുടെ വാങ്ങലിൽ സമർപ്പിച്ചുകളയാനും കാരണമെന്ത്? ദോഷശങ്കനിമിത്തം മനസ്സില്ലാഞ്ഞിട്ടോ, അതോ ഭാർഗ്ഗവൻ കൊടുക്കാഞ്ഞിട്ടോ?

ദോഷശങ്കനിമിത്തം മനസ്സില്ലാഞ്ഞിട്ടെങ്കിൽ ഇത്ര ദൂരം വരികയും അനന്തരം അനന്യദേശശരണന്മാരായിട്ട് ഇവിടെത്തന്നെ വാഴുകയും ചെയ്കയില്ലായിരുന്നു. അല്ലാതേയും ദാനാർഹന്മാർക്ക് ഇതിൽ ദോഷശങ്കയ്ക്ക് വകയും ഇല്ല. ഉണ്ടായിപ്പോയെങ്കിൽ അർഹരല്ലെന്നും ജന്മിത്വകാരണം ഭാർഗ്ഗവദാന (സ്വീകരണ)മല്ലെന്നും വന്നുകൂടും. ഭാർഗ്ഗവൻ കൊടുക്കാതിരിക്കാൻ ഇടയില്ലെന്നുള്ളതു താഴെപ്പറയുന്ന പ്രമാണഭാഗത്തിൽനിന്നും വെളിവാകുന്നു.

"തത്രാസ്തേ ബ്രാഹ്മണഃ കശ്ചിദ്വേദവിദ്ഭിരലംകൃതഃ
ഷട്ക്കർമ്മനിരതോ നിത്യമാചാര്യസ്തൽ പുരേ സുധീഃ
തസ്യ ദാരാ പതിവ്രതാ ഭർതൃശുശ്രൂഷണേ രതാ
തയോരഷ്ടസുപുത്രാംശ്ച......
ഭാർഗ്ഗവേണൈവ മുക്തസ്തു ദ്വിജാതീനാം ഗുരുസ്തദാ
അഷ്ടപുത്രൈ സദാരൈശ്ച പ്രയാണമകരോദ്ദ്വിജഃ
ആഗത്യ കേരളേ സംജ്ഞേ വൃഷാദ്രിപുരസംജ്ഞികേ"
(കേ. മാ. അ. 11)

മേൽകാണിച്ച പ്രമാണത്തിൽനിന്നും അഷ്ടഗ്രഹത്തിൽ ആഢ്യന്മാർ ഒരച്ഛന്റേയും അമ്മയുടേയും പുത്രന്മാരെന്നു കാണുന്നു. ഈ സ്ഥിതിക്ക് അവർ ഒരു ഗോത്രക്കാരായിരിപ്പാനേ ഇടയുള്ളൂ. ഒരു ഗോത്രക്കാർക്ക് അന്യോന്യം വിവാഹബന്ധം പാടില്ല എന്ന നിയമം ഇന്നും ബ്രാഹ്മണരുടെ ഇടയിൽ നടപ്പാണ്. ഇവർ അന്യോന്യം വിവാഹം ചെയ്തുവരുന്നതുകൊണ്ട് മുൻപറഞ്ഞതു ശരിയല്ലെന്നും അവർ വെവ്വേറെ ഗോത്രം ഉള്ളവരാണെന്നും നിശ്ചയിക്കേണ്ടിയിരിക്കുന്നു.

digitized by www.sreyas.in

**കയ്യിൽ വാങ്ങിയവർ എന്നു പറയപ്പെടുന്നവരായ ജന്മികൾക്കും ഭാർഗ്ഗവൻ കൊടുത്തിട്ടില്ലാ**

ഭാർഗ്ഗവൻ വളരെ ക്ലേശപ്പെട്ട് സമുദ്രത്തിൽനിന്നും ഈ ഭൂമിയെ സമ്പാദിച്ചത് എന്തിനായിട്ട്? അദ്ദേഹം ആദ്യം ചെയ്ത ഷോഡശമഹാദാനം (ദശ) സർവ്വഭൂമണ്ഡലദാനം ഇതുകൾനിമിത്തം മുമ്പിൽ കാണിച്ചപ്രകാരം വീരഹത്യാപാപത്തിന്റെ എന്നല്ല തന്റെ സകല പാപങ്ങളുടെയും മോചനം സിദ്ധിച്ചുപോയതിനാൽ ആയതിലേക്ക് അല്ലെന്നുള്ളതു തീർച്ചതന്നെ. "പ്രയോജനമനുദ്ദിശ്യ ന മന്ദോപി പ്രവർത്തതേ" പ്രയോജനത്തെ ഇച്ഛിക്കാതെ മന്ദനായുള്ളവൻപോലും ഒന്നുംതന്നെ പ്രവർത്തിക്കയില്ലാ. ഭാർഗ്ഗവന് ഈ സന്ദർഭത്തിൽ അത്യാവശ്യമായ പ്രയോജനമെന്തായിരുന്നിരിക്കാം എന്നു നോക്കിയാൽ ആയതു മുമ്പുള്ള പ്രമാണങ്ങൾകൊണ്ട് ഇരിപ്പാൻ ഇടം ഉണ്ടാവുകയാണെന്നു വെളിപ്പെടുന്നു.

അല്ലാതെ ദാനം ചെയ്യണമെന്നുള്ള ആവശ്യം അദ്ദേഹത്തിനു സ്വല്പംപോലും ഉണ്ടായിരുന്നില്ല.

അദ്ദേഹം ആവേഗത്തോടുംകൂടിവന്ന് ഭൂമിയെ ഉണ്ടാക്കി പുതുമോടിയിൽ അപ്രകാരം യഥേഷ്ടം ഇരുന്നുവെങ്കിലും കുറേക്കാലം കഴിഞ്ഞശേഷം ബ്രാഹ്മണർക്കു കൊടുത്തു എന്ന് വിചാരിക്കുന്നപക്ഷം, ഭാർഗ്ഗവൻ അദ്ദേഹത്തിന്റെ പുതിയ ഭൂമിയിൽ ബ്രാഹ്മണരെ ഇരുന്നുകൊള്ളുവാൻ അനുവദിച്ചുംവെച്ച് പോകയും കുറഞ്ഞൊരുകാലം ചെന്നശേഷം അവർ അദ്ദേഹത്തെ പരീക്ഷിക്കയാൽ തൽക്ഷണം വന്നു കോപിച്ചു ശപിച്ചിട്ട് ഭൂമി കൊടുക്കുകയില്ല, എന്നു പറകയും അവർ ഭയന്നു സ്തുതിച്ചപ്പോൾ, ശാപമോക്ഷം കൊടുത്തുംവച്ചു പോവുകയും ചെയ്തു. ഇപ്രകാരമല്ലാതെ സഹ്യാദ്രിഖണ്ഡത്തിൽ ഭാർഗ്ഗവദാനത്തിനേക്കുറിച്ച് ഒന്നുംതന്നെ കാണുന്നില്ല. അതുകൊണ്ട് ഭാർഗ്ഗവൻ ദാനം ചെയ്തിട്ടില്ല. ഇനി ഉണ്ടെന്നു വയ്ക്കുന്നപക്ഷവും അത് ഇപ്പറഞ്ഞതിനിടയ്ക്ക് ഏതെങ്കിലും ഒരു സന്ദർഭത്തിലായിരിക്കാനേ പാടുള്ളു. അങ്ങനെയാണെങ്കിൽ അത് ബ്രാഹ്മണരെ ഇരുത്തിയുംവെച്ച് സന്തോഷമായിട്ട് പോയപ്പോഴോ അതല്ല, അനന്തരം ബ്രാഹ്മണർ പരീക്ഷിച്ചതിനാൽ രണ്ടാമതു വന്നു ശപിച്ചപ്പോഴോ? ആദ്യമാണെങ്കിൽ,

"സർവ്വാൻ ഭൂമണ്ഡലാന്ന്വാപി സർവ്വപാപവിമുക്തയേ
വിപ്രേഭ്യോഹം ഭൂമിദാനം പ്രദദാമി മുനീശ്വരാഃ"

(കേരളമാഹാത്മ്യം)

digitized by www.sreyas.in

“എല്ലാ ഭൂമിയും സകലപാപനിവൃത്തിക്കായിട്ട് ഞാൻ ബ്രാഹ്മണർക്ക് ദാനംചെയ്യുന്നു.” എന്നും മറ്റും കാണുന്നതുപോലെ, ആ വിവരവും ഈ പ്രമാണത്തിൽ കാണിക്കാത്തതിനു കാരണമെന്ത്? പിന്നെ ഭാർഗ്ഗവന് അപ്പോൾ ഭൂമിദാനം ചെയ്തിട്ട് യാതൊരു കാര്യവും ഇല്ലായിരുന്നു താനും.

ഇനിയും, ആദ്യമെ കൊടുത്തിരുന്നുവെങ്കിൽ ഇനി തരികയില്ലെന്നു രണ്ടാമതു പറവാൻ ഇടയില്ലാ. അല്ലാതെയും കൊടുത്തുംവെച്ച് അപ്രകാരം പറകയെന്നുവന്നാൽ ഭാർഗ്ഗവൻ ഭോഷ്കുപറയുന്നവനായിപ്പോകയും അപ്പോൾ “മദ്വാക്യം സത്യമേവന്തു” (എന്റെ വാക്ക് സത്യമായിട്ടുതന്നെ ഭവിക്കും) എന്ന് അദ്ദേഹം പലേടത്തും പറഞ്ഞിട്ടുള്ളതു വിശ്വാസയോഗ്യമല്ലെന്നും അദ്ദേഹത്തിനു ദത്താപഹാരദോഷം ഉണ്ടെന്നും വരികയും ചെയ്യും. ഭൂമി മുഴുവനും വാങ്ങിക്കൊണ്ട് “ഇനി ഇതിലിരിക്കാൻ പാടില്ല എവിടെ എങ്കിലും പൊയ്ക്കൊള്ളുകേ വേണ്ടു” എന്നു മുമ്പ് മുനിമാരും മറ്റും പറഞ്ഞപ്പോൾ ഇതിലധികം കോപം വരാനും “എന്നെ വഞ്ചിച്ചു വാങ്ങിയതാകകൊണ്ട് ഇതു ശരിയായ ഒരു ദാനമേ അല്ല, ആയതിനാൽ ഞാൻ തരുന്നതല്ല”, എന്നു പറയുവാനും തിരിയെ എടുത്തുകൊള്ളുന്നതിനുതന്നെയും ന്യായമുണ്ടായിരുന്നു. എന്നിട്ടുപോലും അപ്രകാരം ചെയ്യാതെ ക്ഷമിച്ചുപോന്ന മഹാനായ ഭാർഗ്ഗവൻ മുമ്പെ കൊടുത്തിരുന്നു എങ്കിൽ പിന്നീട് ഇങ്ങനെ പറയുകയില്ലെന്നു നിശ്ചയംതന്നെ.

രണ്ടാമതു വന്നിരുന്നപ്പോൾ ദാനംചെയ്തുവെങ്കിൽ, അപ്പോഴുണ്ടായത് കോപിച്ചു ശപിക്കയും ഭൂമി തരികയില്ലെന്നു ശപഥംചെയ്തൊഴികയും ആയിരുന്നല്ലോ. അല്ലാതെയും, ബ്രാഹ്മണർ ഭൂമി മുഴുവനും കൈക്കലാക്കിക്കൊണ്ട് “ഞങ്ങൾക്കു ദത്തമായിപ്പോയി, ഇനി ഇതിലിരിക്കേണ്ട, എവിടെ എങ്കിലും പൊയ്ക്കൊള്ളണം” എന്നു പറഞ്ഞുകേട്ടപ്പോൾ പൊടുന്നനവേ ഉണ്ടായ മനസ്താപത്താൽ “ആകട്ടെ ഇപ്രകാരം ഒരു ഭൂമി ഉണ്ടാക്കി പരിപാലിക്കാമോ എന്നു നോക്കട്ടെ” എന്നു പ്രതിജ്ഞചെയ്തു പോയി ഭൂമി സമ്പാദിച്ച ഭാർഗ്ഗവൻ “കൊള്ളി കൊണ്ടടികൊണ്ട പൂച്ചയ്ക്കു മിന്നാമിനുങ്ങിനെ ഭയം” എന്നുള്ള പഴമൊഴിപോലെ തനിക്കുപറ്റിയ തകരാറിനെ ഓർത്ത് ഒരുകാലത്തും ഈ ഭൂമി അന്യാധീനത്തിൽ പോകാത്തവിധം ഏർപ്പാടുചെയ്കയല്ലാതെ ദാനംചെയ്വാൻ ഒരുങ്ങുകയില്ലെന്നു പ്രത്യേകം പറയേണ്ടതുമില്ല.

digitized by www.sreyas.in

## ഭാർഗ്ഗവൻ മലയാളഭൂമിയെ ആർക്കും ദാനംചെയ്തില്ല[1]

> "അബ്രാഹ്മണ്യേ തദാ ദേശേ കൈവർത്താൻ പ്രേക്ഷ്യഭാർഗ്ഗവഃ
> ഛിത്വാ തൽബളിശം കണ്ഠേ യജ്ഞസൂത്രമകല്പയൽ
> സ്ഥാപയിത്വാ സ്വകീയേ സ്വക്ഷേത്രേ വിപ്രാൻ സ്വകല്പിതാൻ
> ജാമദഗ്നിസ്തതോവാച സുപ്രീതേനാന്തരാത്മനാ"
>
> (സഹ്യാദ്രിഖണ്ഡം)

ഭാർഗ്ഗവൻ ഇപ്രകാരമെല്ലാം ചെയ്തത് ആലോചിക്കുമ്പോൾ "ഇനി യാതൊന്നിനും ബ്രാഹ്മണരുടെ സഹായവും ചാർച്ചയും സഹവാസവും വേണ്ട" എന്നും നിത്യവും ജീവഹിംസചെയ്തു കഴിക്കുന്ന അതിനികൃഷ്ടജാതിക്കാരെന്നു വരികിലും "ഇവർ അവരെക്കാൾ ഭേദം, അവരുടെ പൂണൂനൂലിനെക്കാളും ഇവരുടെ ഇര കോർത്തിടുന്ന ചൂണ്ടൽക്കയറു ഭേദം" എന്നും അവരെ (ബ്രാഹ്മണരെ)ക്കുറിച്ച് അദ്ദേഹത്തിന് ഒരു വെറുപ്പു തോന്നിയതായി വെളിപ്പെടുന്നു. ഈ സ്ഥിതിക്കു ഭൂമിതരികയില്ലെന്നു പറഞ്ഞിട്ടുള്ളതിൽ നിന്ന് മുമ്പിൽ കൊടുത്തിട്ടില്ലെന്നു വെളിവാകുന്നതുപോലെതന്നെ പിന്നെയും അതായത് ഇതുവരെയും കൊടുത്തിട്ടില്ലെന്നു നിശ്ചയിക്കാവുന്നതാണ്.

അത്രയുമല്ല ഭാർഗ്ഗവൻ അവരെ (ബ്രാഹ്മണരെ) "നിങ്ങൾ വളരെ പ്രകാരത്തിലുള്ള കഷ്ടാവസ്ഥകളെ പ്രാപിപ്പിൻ" എന്നു ശപിച്ചിട്ടാണ് "ഭൂമി തരികയില്ല" എന്നു പറഞ്ഞിട്ടുള്ളത്. അനന്തരം ബ്രാഹ്മണർ ഏറ്റവും വ്യസനത്തോടുകൂടി ശാപമോക്ഷത്തിന് അപേക്ഷിച്ചപ്പോൾ അദ്ദേഹം അവരോട് കലിയുഗം വർദ്ധിച്ചുവരുന്ന കാലത്ത് എന്റെ വാക്കു ശരിയായിട്ടുവരും; എങ്കിലും നിങ്ങൾ 'അസിപ്രസ്ഥം' എന്ന ഭൂമിയിൽ ശ്ലാഘനീയന്മാരായി ഭവിക്കും; എന്നിങ്ങനെ പറഞ്ഞ് അയച്ചതേയുള്ളു. ഭൂമി കൊടുത്തിരുന്നുവെങ്കിൽ ഇപ്രകാരം പറകയില്ലായിരുന്നു. ഈ വാക്കുകൊണ്ട് അദ്ദേഹത്തിന്റെ ദേശത്ത് ഇവരിരിക്കുന്നതുപോലും ഇഷ്ടമല്ലെന്നും ഇരുന്നാൽ ഇവർക്ക് കഷ്ടത ഭവിക്കുമെന്നും എന്തെങ്കിലും നന്മവേണമെങ്കിൽ അവിടം വിട്ട് അന്യദേശത്തു പൊയ്ക്കൊള്ളണമെന്നും ഉള്ള ഭാർഗ്ഗവന്റെ ആശയം വെളിപ്പെടുന്നു.

സമാധാനം: ഭൂമി തരികയില്ലെന്നും മറ്റുമുള്ള വാക്യങ്ങൾ സഹ്യാദ്രിഖണ്ഡം എന്ന ഗ്രന്ഥത്തിൽ ഉത്തരാർദ്ധത്തിൽ ഉള്ളവയും വേറെ ദൂരസ്ഥലത്തുവച്ച് സംഭവിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചവയും ഈ മലയാളഭൂമിയെക്കുറിച്ചു സ്വീകരിക്കത്തക്കതല്ലാത്തവയും

digitized by www.sreyas.in

ആകുന്നു. ഇവിടെ വേണ്ടത് ‘കേരളമാഹാത്മ്യം’ ‘കേരളോല്പത്തി’ മുതലായവയിലുള്ള സാക്ഷ്യങ്ങളാണ്.

നിഷേധം: ഇപ്പറഞ്ഞ രണ്ടുവക പ്രമാണങ്ങളിൽ പറയുന്ന ഭൂമികളുടെ ഉടമസ്ഥനും രണ്ടുസ്ഥലത്തെ സംഗതികളും നടത്തിയ ആളും ഭാർഗ്ഗവൻ ഒരാൾതന്നെ ആകുന്നു.

സമാധാനം: അവിടെ ബ്രാഹ്മണർക്കു ഭൂമി കൊടുക്കയില്ലെന്നു പറഞ്ഞു നിഷേധിക്കയും ഇവിടെ സൽക്കാരപൂർവ്വം കൊടുക്കയുമാണ് ചെയ്തിട്ടുള്ളത്.

നിഷേധം: സഹ്യാദ്രിഖണ്ഡത്തിൽ പറയുന്ന ഭൂമി, ആൾ, സംഗതികൾ, നടപടികൾ ഇവതന്നെയാണ് ഈ കേരളമാഹാത്മ്യം മുതലായവയിലും പ്രതിപാദിച്ചിരിക്കുന്നത്. അതിനാൽ ഇതുകളെ ഒന്നായിട്ടല്ലാതെ വെവ്വേറെ പറവാൻ പാടില്ല. പറയുന്നതായിരുന്നാൽ, ഈ രണ്ടിലേക്കും നാഥൻ ഒരാളായിരിക്കകൊണ്ടു പ്രസ്തുത സംഗതികൾ ഒരു സന്ദർഭത്തിൽ നടത്തുന്നതിനു പാടില്ലെന്നും, രണ്ടു സന്ദർഭത്തിൽ മുന്നും പിന്നും ആയിരിക്കാനെ പാടുള്ളൂ എന്നും വരും. ആ സ്ഥിതിക്ക് ഇവിടെ കൊടുത്തത്, അവിടെ കൊടുക്കയില്ലെന്നു നിഷേധിക്കയും ശപിക്കയും ചെയ്തതിൽ പിന്നീടോ അതിനു മുമ്പോ? എന്ന് ആലോചിക്കാം.

പിന്നീട് ആണെങ്കിൽ, അപ്രകാരം വിരോധപ്പെട്ട് നിഷേധിക്കയും ശപിക്കയുംചെയ്ത സ്ഥിതിക്ക് അനന്തരം ഇവിടെവന്നു കൊടുപ്പാൻ തുനിയുകയില്ല. അതിലേക്ക് ആവശ്യവും ഇല്ല. അത്രയുമല്ല അവിടെ ബ്രാഹ്മണരെ സക്രോധം ബഹുപ്രകാരത്തിൽ ശപിച്ചുംവച്ചു ഭാർഗ്ഗവൻ തപസ്സിനായി പൊയ്ക്കളഞ്ഞു എന്നും പിന്നെ തിരിഞ്ഞുനോക്കീട്ടേ ഇല്ലെന്നും അതിന്റെശേഷം ആ ബ്രാഹ്മണർ ശാപഗ്രസ്തന്മാരും, ദുഃഖാർത്തന്മാരും, ശൂദ്രപ്രായന്മാരും ആയിക്കിടന്നിരുന്നുവെന്നും അനന്തരം മയൂരവർമ്മൻ എന്ന സൂര്യകുലരാജാവും പിൽക്കാലം അദ്ദേഹത്തിന്റെ പുത്രനായ ചന്ദ്രാംഗദനും ആ ദിക്കിനെ പരിഷ്കരിച്ചു എന്നും മുൻപറഞ്ഞ ബ്രാഹ്മണരുടെ അനന്തരാനുഭവങ്ങൾ ഭാർഗ്ഗവൻ കൊടുത്ത ശാപമോക്ഷപ്രകാരം തന്നെ ആയിരുന്നു എന്നും കാണുന്നതല്ലാതെ ഭാർഗ്ഗവൻ പിന്നെ മറ്റൊരു സ്ഥലത്തു ചെന്നു മുമ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ഒന്നുംതന്നെ നടത്തിയതായി കാണുന്നില്ല.

സമാധാനം: അവിടെ നിഷേധിക്കപ്പെട്ട ബ്രാഹ്മണർക്കല്ല, ഇതിലേക്കായിട്ടു വേറെ കൊണ്ടുവരപ്പെട്ട ബ്രാഹ്മണർക്കാണ്, ഇവിടെ ഭൂമി കൊടുത്തത്.

digitized by www.sreyas.in

നിഷേധം: അപ്പോൾ, സമുദ്രത്തെ നീക്കൽ, ഭൂമിനിർമ്മാണം, ദാനം മുതലായവ ഭാർഗ്ഗവൻ പലപ്പോഴും ചെയ്തിട്ടുണ്ടെന്നു വന്നു പോകും. അങ്ങനെ ആകുമ്പോൾ, വീരഹത്യാപാപമോചനാർത്ഥം ദാനം ചെയ്വാനെന്നും ഭൂമി മുഴുവനും ബ്രാഹ്മണർക്കു കൊടുത്തുപോയതിനാൽ തനിക്കിരിപ്പാൻ സ്ഥലമില്ലാഞ്ഞിട്ട് അതിലേക്കുവേണ്ടി ആണെന്നും ഉള്ള സമാധാനങ്ങളും തത്സംബന്ധമായ കൃത്യങ്ങളും ഒന്നിലധികം തവണ വേണ്ടിവരും. അപ്പോൾ ഇരുപത്തൊന്നുവട്ടം ക്ഷത്രിയരെ നിഗ്രഹിച്ച് ഭൂമിയെ നിക്ഷത്രിയയാക്കുക, വീണ്ടും ഭൂമിയെ നിർമ്മിക്കുക അതിനെ ദാനംചെയ്യുക ഇവയെല്ലാം ആദ്യം ഒരിക്കൽചെയ്തിട്ട് പിന്നെയും ചെയ്യുക, അതായത് ആദ്യം കൊന്ന ക്ഷത്രിയരെ പിന്നെയും കൊല്ലുക. ആദ്യം ദാനം ചെയ്ത ഭൂമിയെ പിന്നെയും ദാനം ചെയ്ക, ആദ്യം നിർമ്മിച്ച ഭൂമിയെ പിന്നെയും നിർമ്മിക്ക, ആദ്യം വരുത്തിയതുപോലെ പിന്നെയും ബ്രാഹ്മണരെ വരുത്തുക, മുമ്പിലത്തെപ്പോലെ ബ്രാഹ്മണരെ ഇരുത്തിയും വച്ചു വിചാരിക്കുമ്പോൾ വരാമെന്നും പറഞ്ഞു പിന്നെയും പോക, ആദ്യം പരീക്ഷിച്ചതുപോലെ പിന്നെയും ബ്രാഹ്മണർ പരീക്ഷിക്ക, ആദ്യം വന്നപ്രകാരം പിന്നെയും വരിക, ആദ്യം കോപിച്ചപ്രകാരം പിന്നെയും കോപിക്ക, ആദ്യം ശപിച്ചപ്രകാരം പിന്നെയും ശപിക്ക എന്നിങ്ങനെ ഇതുസംബന്ധമായി പറയപ്പെടുന്ന സകലസംഗതികളേയും ഇപ്രകാരംതന്നെ ഭാർഗ്ഗവൻ വീണ്ടും പ്രവർത്തിച്ചിട്ടുണ്ടെന്നു വരികയും ആയതു പരിഹാസജനകമായിത്തീരുകയും ചെയ്യും.

സമാധാനം: ഭാർഗ്ഗവൻ ഇരുന്നുവാഴുന്നതിനും ദാനംചെയ്യുന്നതിനും ഭൂമികൾ ആവശ്യപ്പെട്ടിരുന്നു. അതിനാൽ വടക്കെ ഭാഗമായ സുബ്രഹ്മണ്യംമുതൽ വൈതരണിവരെ തനിക്കിരിക്കുന്നതിലേക്കും കന്യാകുമാരിമുതൽ ഗോകർണ്ണം വരെ ദാനംചെയ്യുന്നതിലേക്കും ഭൂമി ഉണ്ടാക്കി വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തിട്ടുള്ളതാണ്. ഈ സ്ഥിതിക്ക് അവ പ്രത്യേകം പ്രത്യേകം ആയിട്ടല്ലാതെ ഒന്നായിട്ടിരിക്കാൻ പാടുള്ളതല്ല.

നിഷേധം: മുമ്പു ഭാർഗ്ഗവന്റെ അധീനത്തിൽ ഇരുന്ന ഭൂമി മുഴുവനും ദാനംനിമിത്തം കൈവിട്ടുപോയതിനാൽ തനിക്കിരുന്നു വാഴുവാനായിട്ടു മാത്രമാണ് തെക്കേ ഭാഗമായ കന്യാകുമാരി മുതൽ ഗോകർണ്ണംവരെ ഉള്ള ഭൂമി ഉണ്ടാക്കിയതെന്ന് ഇവിടത്തേക്കുള്ള പ്രമാണങ്ങളിൽ മുഖ്യമായി കേരളമാഹാത്മ്യത്തിൽ പറഞ്ഞിരിക്കകൊണ്ടും കേരളോല്പത്തികളിൽ കാണുന്നപ്രകാരം ഈ ഭൂമി പാപവിമോച

digitized by www.sreyas.in

നാർത്ഥം ദാനംചെയ്‌വാനായിട്ട് ഉണ്ടാക്കിയതാണെന്നുള്ള ഭാഗം ഇതിനുമുമ്പുതന്നെ ഖണ്ഡിക്കപ്പെട്ടുപോയിരിക്കകൊണ്ടും ഇതും ഭാർഗ്ഗവന് ഇരുന്നു വാഴുവാൻ ഉണ്ടാക്കിയതാണെന്നും (ഉണ്ടാക്കിയെങ്കിൽ) ദാനത്തിനായിട്ട് അല്ലെന്നും സ്പഷ്ടമാകുന്നു.

പിന്നെയും സുബ്രഹ്മണ്യംമുതൽ ഗോകർണ്ണംവരെയുള്ള സ്ഥലം സഹ്യാദ്രിഖണ്ഡപ്രകാരം ആദ്യം ഭാർഗ്ഗവൻ നിർമ്മിച്ചതിൽ ഉൾപ്പെട്ടുപോയി. അതുപോലെ ആ സ്ഥലം കേരളമാഹാത്മ്യാദിപ്രകാരം രണ്ടാമത്തെ നിർമ്മാണത്തിലും ഉൾപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇതു തീരെ യോജിക്കുന്നില്ല.

എല്ലാ കാരണങ്ങളാലും ഇതുകൾ രണ്ടല്ല എന്നും ഒന്നുതന്നെയാണെന്നും രണ്ടെന്നമട്ടിൽ പറയുന്നതു ശരിയല്ലെന്നും ദൃഷ്ടാന്തപ്പെടുന്നു.

എന്നാൽ, വാസ്തവം ഇപ്രകാരമാണെങ്കിൽ പ്രമാണങ്ങൾ രണ്ടുപ്രകാരം എഴുതിവെയ്പാൻ കാരണമെന്തെന്ന് ഒരു വലുതായ ജിജ്ഞാസയും ശങ്കയും ഇവിടെ സംഭവിക്കാൻ ഇടയുണ്ട്. ഇതിൽത്തന്നെ ഇനിയൊരു സ്ഥലത്ത് ഓരോന്നായി ചൂണ്ടിക്കാണിച്ചു പറയേണ്ടതായിരിക്കുന്നതിനാലും ഇതുവരെ പറഞ്ഞുവന്ന സംഗതികൾ മേൽക്കാണിച്ച ന്യായങ്ങൾകൊണ്ട് ഏറ്റവും സ്പഷ്ടീഭവിച്ചിരിക്കുന്നതിനാലും അവയെ ഇവിടെ വിവരിക്കുന്നില്ല.

നിഷേധിക്കയും ശപിക്കയും ചെയ്തിട്ടുള്ളതിനു മുമ്പായിരുന്നുവെങ്കിൽ, ‘സഹ്യാൽ സാഗരപര്യന്തം’ കിടക്കുന്ന ഭാർഗ്ഗവക്ഷേത്രത്തിന്റെ തെക്കേഭാഗമായ ഈ മലയാളഭൂമിയിൽ മഹായോഗ്യന്മാരായ ബ്രാഹ്മണർ ഭാർഗ്ഗവന്റെ സ്വാധീനത്തിൽ ഉണ്ടായിരുന്നിരിക്കുമെന്നുള്ളത് നിശ്ചയമാകുന്നു. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ സ്വന്തകാര്യങ്ങൾക്കായിട്ട് അസ്വാധീനത്തിൽ ഇരിക്കുന്നവരായ വേറെ ബ്രാഹ്മണരെപ്പോയി ക്ഷണിക്കുന്നതിന് ആവശ്യമില്ലായിരുന്നു.

സമാധാനം: അന്ന് ഇവിടെ ഉണ്ടായിരുന്ന ബ്രാഹ്മണർ ദാനം വാങ്ങുക മുതലായ കൃത്യങ്ങളിൽ ഉൾപ്പെട്ടതിനാൽ പലപ്രകാരം ഭ്രഷ്ടുഭവിച്ചവരായിരുന്നതുകൊണ്ട് ഉത്തമകാര്യങ്ങൾക്ക് ഇനി അവരെ ക്ഷണിക്കേണ്ടെന്നു വിചാരിച്ചായിരുന്നു.

നിഷേധം: ഭ്രഷ്ടന്മാരല്ലാത്തവരായ വിശിഷ്ടർ മുതലായ ബ്രാഹ്മണർ എത്രയോപേർ ഉണ്ടായിരുന്നല്ലോ. ആയവരെ ക്ഷണിക്കരുതായിരുന്നോ?

digitized by www.sreyas.in

സമാധാനം: മറ്റുള്ള ബ്രാഹ്മണർ (ഭ്രഷ്ടന്മാർ) വരുമെന്നു വിചാരിച്ചിരുന്നതിനാൽ ആണ്.

നിഷേധം: ആയവർ വരികയില്ലെന്നു തീർച്ച ആയതിൽ പിന്നെയെങ്കിലും ഇവരെ ക്ഷണിക്കാമായിരുന്നല്ലോ; ഇവർക്കു വരാതിരിപ്പാൻ പാടില്ലെന്നുള്ളതിലേക്കു സംശയവുമില്ലല്ലോ. എന്നിട്ട് അപ്രകാരം ചെയ്യാതെ "ശ്രാദ്ധാർത്ഥഞ്ചൈവയജ്ഞാർത്ഥം മന്ത്രിതാസ്സർവ്വബ്രാഹ്മണാഃ നാഗതാ ഋഷയസ്സർവ്വേ ക്രുദ്ധോഭൂൽ ഭാർഗ്ഗവോ മുനിഃ മയാ ............... ക്ഷേത്രം നൂതനനിർമ്മിതം.

നാഗതാ ബ്രാഹ്മണാസ്സർവ്വേ കാരണം കിം പ്രയോജനം.
ബ്രാഹ്മണാ നൂതനാ കാര്യാ ഏവം..................."

അർത്ഥം: "ശ്രാദ്ധം യാഗം ഇതുകൾക്കായി ബ്രാഹ്മണരെ ക്ഷണിച്ചിട്ട് ആരുംതന്നെ ചെന്നില്ല. ഭാർഗ്ഗവൻ കോപിച്ച് 'ഞാൻ നൂതനമായി ഭൂമിയുണ്ടാക്കി; ബ്രാഹ്മണരാരും ക്ഷണിച്ചിട്ടു വന്നില്ല. ഇതിലേക്കു കാരണമെന്ത്? ഇനി ബ്രാഹ്മണരേയും നൂതനമായി ഉണ്ടാക്കുന്നുണ്ട്."

എന്നിപ്രകാരം ചിന്തിച്ച് മറ്റാരും ലഭിക്കാത്തതുപോലെ "പോക്കറ്റാൽ (ഗതികെട്ടാൽ) പുലി പുല്ലും തിന്നും" എന്ന മട്ടിൽ നികൃഷ്ടജാതിക്കാരെ, അതും നിത്യവും ജീവി ഹിംസചെയ്തു കഴിച്ചുകൂട്ടുന്ന മുക്കുവന്മാരെ പിടിച്ചു തന്റെ കാര്യങ്ങൾക്ക് ഉപയോഗപ്പെടുന്നവിധം ബ്രാഹ്മണരാക്കിത്തീർക്കുമായിരുന്നോ? ഒരിക്കലുമില്ലാ. അതിനാൽ സഹ്യാദ്രിഖണ്ഡപ്രകാരം വടക്കുഭാഗത്തെ ഏർപ്പാടിനു മുമ്പിലായിരുന്നു ഇവിടത്തേത് എന്നു പറവാൻ അല്പംപോലും കാരണമില്ലാ.

ഇക്കാണിച്ച ന്യായങ്ങൾകൊണ്ട് സഹ്യാദ്രിഖണ്ഡം കേരളമാഹാത്മ്യം മുതലായവയിലെ പ്രമാണങ്ങൾ വേറെ ഭൂമികൾ, സംഗതികൾ ഇവയെക്കുറിച്ചുള്ളവയല്ലെന്നു സ്ഥിരപ്പെടുന്നു.

സമാധാനം: സഹ്യാദ്രിഖണ്ഡപ്രമാണത്തെ വിശ്വസിപ്പാൻ പാടില്ല.

നിഷേധം: അപ്രകാരം വിശ്വസിക്കാതിരിക്കുന്നത് കാരണത്തോടുകൂടാതെയോ കൂടിയോ?

കൂടാതെ എങ്കിൽ, ഇതുപോലെതന്നെ ഏതു പ്രമാണത്തേയും ആർക്കും വിശ്വസിക്കാതെ തള്ളിക്കളയാമെന്നുവരും. ആ സ്ഥിതിക്കു കേരളമാഹാത്മ്യം, കേരളോല്പത്തികൾ മുതലായ പ്രമാണങ്ങളും തള്ള

digitized by www.sreyas.in

പ്പെടും. അപ്പോൾ ഈ ഭാർഗ്ഗവ ബ്രാഹ്മണകീർത്തനാദികളെല്ലാം ദൂരെ തെറിച്ചുപോകയും സത്യം നിലനിൽക്കുകയും ചെയ്യും.

കാരണത്തോടുകൂടിയാണെങ്കിൽ, അതിനെ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതായി വരും.

സമാധാനം: സഹ്യാദ്രിഖണ്ഡപ്രമാണം ബ്രാഹ്മണരെ ദുഷിക്കാൻ വേണ്ടി ആരെല്ലാമോകൂടി എഴുതി വെച്ചതാണ്. ഇതുതന്നെ കാരണം.

നിഷേധം: കേരളമാഹാത്മ്യം, കേരളോല്പത്തി മുതലായവ ബ്രാഹ്മണരെ വർണ്ണിക്കാനും മറ്റുള്ളവരെ ദുഷിക്കാനുമായിട്ട് ആരെല്ലാമോ കൂടിച്ചേർന്ന് എഴുതിവയ്ക്കപ്പെട്ടവയാണ്.

സമാധാനം: ഈ മലയാളത്തിൽ ബ്രാഹ്മണരും, വിശേഷിച്ച് നമ്പൂരിമാരും, ശൂദ്ര(നായന്മാ)രും തമ്മിലുള്ള സേവ്യസേവക ഭാവം തെക്കെ മലയാളത്തിലേക്കുള്ള പ്രമാണങ്ങളായ കേരളമാഹാത്മ്യം മുതലായവയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇന്നുവരെയും പ്രത്യക്ഷമായി കണ്ടുവരികയാൽ ആ വക പ്രമാണങ്ങളെ വിശ്വസിക്കതന്നെ വേണം.

നിഷേധം: പ്രമാണത്തിൽ പറയുന്ന സംഗതിയും കാരണവും നടപടിയും അതിൽ പറയുംപ്രകാരംതന്നെ ശരിയായിട്ടും യുക്ത്യാനുഭവങ്ങൾക്കൊത്തും ഇരിക്കുന്നുവെങ്കിൽ വിശ്വസിക്കണം. പ്രത്യക്ഷത്തിൽ കണ്ടറിയത്തക്കതും നടപ്പിൽ ഇരിക്കുന്നതും ആയ സംഗതികളെക്കുറിച്ചുള്ള ഒരു പ്രമാണം ആ സംഗതിക്ക് അല്ലെങ്കിൽ അതിൽ അധികം ഭാഗത്തിനുതക്കതായ അടിസ്ഥാനമായിരിക്കണം.

കേരളോല്പത്തി, കേരളമാഹാത്മ്യം, മുതലായവയിൽ, കന്യാകുമാരി മുതൽ വടക്ക് കാഞ്ഞരോട്ടുപുഴ വരെ 32 മലയാളഗ്രാമമടങ്ങിയ തെക്കേ മലയാളദേശത്തെക്കുറിച്ചുള്ള സകല സംഗതികളേയും ടി കാഞ്ഞരോട്ടുപുഴ മുതൽ വടക്കു ഗോകർണ്ണംവരെയുള്ള തുളുദേശത്തെക്കുറിച്ച് 32 ഗ്രാമങ്ങളുടെ നാമങ്ങളെ മാത്രവും പറയുന്നു.

സഹ്യാദ്രിഖണ്ഡത്തിൽ സുബ്രഹ്മണ്യം മുതൽ ഗോകർണ്ണംവരെ എന്നും സുബ്രഹ്മണ്യത്തിനു സമീപമുള്ളതായ ഉത്തരകന്യാകുമാരിമുതൽ നാസികാത്ര്യംബകംവരെയെന്നും അതിർത്തിനിർണ്ണയം കാണുന്നു.

അതിൽ ഗോകർണ്ണത്തേക്കപ്പുറമുള്ള 32 ഗ്രാമങ്ങളേയും തൽസംബന്ധമായ സംഗതികളേയും കൂടി വിവരിച്ചിരിക്കുന്നു; ഗോകർണ്ണംവരെ

digitized by www.sreyas.in

യുള്ള തുളുദേശം മേല്പറഞ്ഞ രണ്ടുവകപ്രമാണങ്ങളിലും ഉൾപ്പെട്ടു കാണുന്നു. ഇതുകളിൽ ശരിവെക്കേണ്ടതു കേരളമാഹാത്മ്യം മുതലായതുകളെയോ സഹ്യാദ്രിഖണ്ഡത്തെയോ? ആദ്യം പറയപ്പെട്ടവയെ ആണെങ്കിൽ, (1) ആ വക പ്രമാണങ്ങൾ പ്രധാന സംഗതികളെപ്പോലും അന്യോന്യം വിരുദ്ധമായും വ്യത്യാസമായും പറഞ്ഞിരിക്കുന്നു; (2) അവയിലെ പ്രധാനവിഷയങ്ങളായ ഭൂദാനം മുതലായവയുടെ സകല കാരണങ്ങളും യുക്തിന്യായങ്ങളാൽ ആദ്യമേതന്നെ ഖണ്ഡിക്കപ്പെട്ടുപോയിരിക്കുന്നു: (3) വടക്കെ 32 തുളുഗ്രാമങ്ങളുടെ നാമങ്ങളെ മാത്രമല്ലാതെ ആ ഗ്രാമങ്ങൾ ഇരിക്കുന്ന സ്ഥലം, അതിർത്തി, ലക്ഷ്യം, സംഖ്യ, അവിടെയുള്ള നദികൾ, ഗ്രാമങ്ങളുടെ പിരിവുകൾ, ആ പിരിവുകളുടെ കാരണം, ഗ്രാമക്കാരുടെ ആഗമം, അവസ്ഥാതാരതമ്യം, ആചാരം ഇതുകളെ ഒന്നിനെയും അവ വിവരിക്കുന്നില്ല.

ബ്രാഹ്മണരും ശൂദ്രരും തമ്മിലുള്ള സേവ്യസേവകഭാവം ബ്രാഹ്മണർ എഴുതിവച്ചിട്ടുള്ള പ്രമാണങ്ങളിൽ കാണുന്നുണ്ടെന്നല്ലാതെ പരമ്പരയായി നടന്നുവരുന്ന നടപടികളെ നോക്കുമ്പോൾ അതു കാണുന്നില്ല. എന്നുതന്നെയുമല്ല പ്രമാണങ്ങളിൽ കാണുന്ന സംഗതികളാകട്ടെ അതുകൾക്കു പറയുന്ന കാരണങ്ങളാകട്ടെ, ഒട്ടുംതന്നെ പരമാർത്ഥമായിരിക്കുന്നില്ല. ഇക്കാണിച്ച ന്യായങ്ങളാൽ വിശ്വസിക്കാതെ തള്ളുന്നതിലേക്കു തക്കതായ കാരണങ്ങളോടുകൂടിയിരിക്കുന്നത് കേരളമാഹാത്മ്യം മുതലായവതന്നെയാണ്. കാസരോട്ടുപുഴ (കാഞ്ഞരോട്ടുപുഴ)യ്ക്കു വടക്ക് ഗോകർണ്ണംവരെയുള്ള ദേശങ്ങൾ, നദികൾ, ദ്വാത്രിംശൽ (32) തുളു ഗ്രാമങ്ങൾ, അതുകൾ ഇരിക്കുന്ന സ്ഥലങ്ങൾ, അതുകളുടെ നാമങ്ങൾ, പിരിവുകൾ, ആ പിരിവുകളുടെ സംഖ്യകൾ, അപ്രകാരം പിരിവുകൾ ഉണ്ടാകാനുള്ള കാരണം, ഗ്രാമക്കാരുടെ ആഗമം, ഉൽകൃഷ്ടനികൃഷ്ടതകൾ, ആചാരങ്ങൾ, ചിഹ്നങ്ങൾ മുതലായവയും ഗോകർണ്ണത്തേക്കപ്പുറമുള്ള സംഗതികളും സഹ്യാദ്രിഖണ്ഡത്തിൽ വിവരിച്ചിരിക്കുന്നവിധം അദ്യാപി മിക്കവാറും ശരിയായിട്ടും പരമാർത്ഥമായിട്ടും ഇരിക്കുന്നു എന്നുള്ളത് ദേശചരിത്രം ഭൂമിശാസ്ത്രം ഇതുകൾ വായിക്കുന്നവർക്കും അന്വേഷിക്കുന്നവർക്കും ദൃഷ്ടാന്തപ്പെടുന്നതാണ്. ഇപ്രകാരമാകയാൽ ഈ രണ്ടിൽ നിഷേധനീയമല്ലാതെയും സകാരണം വിശ്വസനീയമായും ഇരിക്കുന്നത് സഹ്യാദ്രിഖണ്ഡംതന്നെയാകുന്നു.

ഇനി ഈ സഹ്യാദ്രിഖണ്ഡത്തേയുംകൂടി വിശ്വസിക്കാതെ ഉപേക്ഷിച്ചുകളയേണ്ടതായിവന്നു എന്നിരിക്കട്ടെ. അപ്പോൾ ഈ വിഷയത്തി

digitized by www.sreyas.in

ലേക്ക് പുരാണപ്രമാണങ്ങൾ ഒന്നും ഇല്ലെന്നായി. പിന്നെ യുക്തിയും ഇതുവരെ നടന്നുവരുന്നവയും പ്രത്യക്ഷാനുഭവയോഗ്യങ്ങളും ആയ നടപടികളും വസ്തുക്കളെ സംബന്ധിച്ചുള്ള ആധാരപ്രമാണങ്ങളും മാത്രം ശേഷിക്കും. ഇങ്ങനെ നോക്കുന്നതായിരുന്നാലും ബ്രഹ്മസ്വം വക, ദേവസ്വംവക, ഗവൺമെന്റുവക മുതലായ സകല വസ്തുക്കളുടേയും ആദ്യജന്മിമാർ നായർപ്രഭു (നാകപ്രഭു)ക്കന്മാർതന്നെയെന്നു തെളിവാകും. അതിനെപ്പറ്റി അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

എന്നാൽ മേൽപറഞ്ഞ യുക്ത്യനുഭവങ്ങൾ, ആധാരപ്രമാണങ്ങൾ ഇതുകളേയും വിശ്വസിക്കാതെ തള്ളാമോ എന്നു നോക്കിയാൽ പിന്നെ യാതൊരവകാശവും ശേഷിക്കയില്ല. ജന്മികൾക്കും രാജാക്കന്മാർക്കും പ്രഭുക്കൾക്കും ആർക്കുംതന്നെ ഒന്നിനും അവകാശം സിദ്ധിക്കാതെ സകലവും അരാജകത്വമായി കലാശിക്കും.

കേരളമാഹാത്മ്യാദി മേൽപറയപ്പെട്ട പുരാണപ്രമാണങ്ങളുടെ സ്വീകരണം അന്യോന്യസ്പർദ്ധയ്ക്കും ഐകമത്യനാശങ്ങൾക്കും മറ്റും കാരണമായിരിക്കുന്നു. അതുകളെ ഉപേക്ഷിക്കുന്നതുകൊണ്ട് യാതൊരു തരക്കേടും വരുവാനില്ല. മനുഷ്യർക്ക് സാധാരണമായി ഉണ്ടായിരിക്കേണ്ടതും പ്രകൃതത്തിൽ നായന്മാർക്ക് പ്രത്യേകമായി ഉണ്ടായിരിക്കേണ്ടതും ആയ ആത്മാഭിമാനം ആർക്കും ദോഷത്തെ ചെയ്യുന്നതായി വരികയില്ല.

digitized by www.sreyas.in

അദ്ധ്യായം 4

# മലയാളഭൂമി ഭാർഗ്ഗവനുള്ളതല്ല

"വൈതരണ്യാദ്ദക്ഷിണേ തു സുബ്രഹ്മണ്യാത്തഥോത്തരേ
സഹ്യാത്സാഗരപര്യന്തം ശൂർപ്പാകാരം വ്യവസ്ഥിതം"
(സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം)

അർത്ഥം – "വൈതരണിക്കു തെക്കും സുബ്രഹ്മണ്യത്തിനുവടക്കും സഹ്യപർവ്വതം തുടങ്ങി സമുദ്രംവരെ, അതായത് സഹ്യന്ന് പടിഞ്ഞാറും സമുദ്രത്തിനു കിഴക്കുമായിട്ട്, മുറത്തിന്റെ ആകൃതിയിൽ കിടക്കുന്നു," ഇതാകുന്നു ഭാർഗ്ഗവഭൂമിയുടെ അതിർത്തിനിർണ്ണയം.

ഭാർഗ്ഗവൻ സ്വന്തഭൂമിയായ ഈ സ്ഥലത്തിരുന്നും കൊണ്ട്, പലദിക്കിൽനിന്നും അവിടെവന്നു താമസിക്കുന്ന ബ്രാഹ്മണരോട് "ഞാൻ നിങ്ങൾക്ക് ഭൂമി തരികയില്ല; നിങ്ങൾ എല്ലായിടത്തും യാചകന്മാരായി ഭവിക്കും" എന്നു മുതലായി ശപിച്ചപ്പോൾ അവർ ഭയന്ന് ശാപമോക്ഷത്തിന്നപേക്ഷിച്ചു. എന്നിട്ടും അദ്ദേഹം സ്വന്തഭൂമിയെ അവർക്കു കൊടുക്കയില്ലെന്നുള്ള സിദ്ധാന്തത്തെ വിടാതെ ഉറപ്പിച്ചുംകൊണ്ട് കലിയുഗമാകുമ്പോൾ നിങ്ങൾ,

"അസിപ്രസ്ഥാവനീസ്ഥാനേ ശ്ലാഘനീയാ ഭവിഷ്യഥ."
(സഹ്യാദ്രിഖണ്ഡം)

അർത്ഥം – "അസിപ്രസ്ഥം എന്ന സ്ഥലത്ത് ശ്ലാഘനീയരായി ഭവിപ്പിൻ."

എന്നിങ്ങനെ പറഞ്ഞ് തള്ളിവിട്ടതായി കാണുന്നതിനാലും ആ ശാപമോക്ഷപ്രകാരം ആ ബ്രാഹ്മണർ വന്നുചേർന്നത് ഈ മലയാളഭൂമിയിലാകകൊണ്ടും ഇവിടം ഭാർഗ്ഗവന്റേതല്ലെന്നു തെളിയുന്നു.

സമാധാനം: ഈ മലയാളത്തിലെ ബ്രാഹ്മണർ ശാപം ഏറ്റും ശാപമോക്ഷപ്രകാരവും വന്നവരാണെന്നു പറവാൻ പാടില്ല. ശാപമേറ്റിട്ടുള്ളവർ ഭാർഗ്ഗവൻ പറഞ്ഞപ്രകാരം അസിപ്രസ്ഥാവനിയിൽ പോയിരിക്കും. ആ സ്ഥലം വേറെ എവിടെയോ ആയിരിക്കാം.

digitized by www.sreyas.in

നിഷേധം: ഈ ബ്രാഹ്മണർ ആദ്യം വടക്കൻപ്രദേശങ്ങളിൽ മംഗലപുരം പുഴയുടെ വടക്കേകരയോളം വന്നുനിറഞ്ഞു. അനന്തരം സ്ഥലവും, ഭവനവും, നിത്യവൃത്തിമാർഗ്ഗവും ഇല്ലാതെ നദീമാർഗ്ഗത്തൂടെ മലവെള്ളം നിറഞ്ഞുകവിഞ്ഞുവരുംപോലെ തിക്കിത്തിരക്കി പ്രവഹിച്ച് തെക്കോട്ടുതന്നെ വരികയാൽ ഈ പ്രദേശത്തു വന്നുചേരുവാനേ ഇടയുള്ളൂ. എന്നുതന്നെയുമല്ല, കുലഭ്രഷ്ടരായി രാമശാപഹതന്മാരായിരിക്കുന്ന ഇവർ (ബ്രാഹ്മണർ) ശൂദ്രാന്ന നിരതന്മാരായിട്ട് ശുക്തിമതി (മംഗലപുരം ഉള്ളാളൻപുഴ) കടന്ന് ദക്ഷിണകന്യാകുമാരിയും അഗസ്ത്യകൂടവും നാകന്മാരെന്നു പ്രസിദ്ധി അടഞ്ഞവരായിരിക്കുന്ന പ്രഭുക്കളും ഉള്ളിടമായ ദക്ഷിണ (തെക്കൻ) ദിക്കിലേക്കു പുറപ്പെട്ടുചെന്ന് അനേകവിധം പ്രവൃത്തികൾ കൈക്കൊണ്ട് കാലക്ഷേപം ചെയ്തുവന്നു എന്ന് ടി സഹ്യാദ്രിഖണ്ഡത്തിൽ പറഞ്ഞിരിക്കയും ചെയ്യുന്നു. 'മലയാദ്രിമാഹാത്മ്യം' എന്ന ഗ്രന്ഥത്തിൽ ഈ മലയാളഭൂമിയുടെ അതിർത്തിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"മലയക്രോഢഭൂമേസ്തു സീമാത്വേന വിനിശ്ചിതാ
പയസ്വിന്ന്യുത്തരസ്യാന്തു[1] ദക്ഷിണേ തു കുമാരികാ
പൂർവ്വസീമാ തു ഗിരിരാണ്മലയഃ പശ്ചിമേംബുധിഃ"

"വടക്ക് കാഞ്ഞരോട്ടുപുഴയും തെക്ക് കന്യാകുമാരിയും കിഴക്ക് മലയപർവ്വതവും പടിഞ്ഞാറ് സമുദ്രവും." ടി ഗ്രന്ഥത്തിൽ അതിന്റെ പേരിനേയും ഭരണത്തേയും കുറിച്ചു താഴെപ്പറയുംപ്രകാരം കാണുന്നു:

"അസിഹസ്തൈഃ രക്ഷിതത്വാൽ പ്രഭുഭിർന്നാക നാമകൈഃ
അസിപഞ്ജരിതത്വാച്ച അസിപ്രസ്ഥമഥാഗമത്"

അർത്ഥം - കൈയിൽ (ഒഴിയാതെ) വാളുള്ളവരായി നാകന്മാരെന്ന പ്രഭുക്കന്മാരാൽ എല്ലായ്പ്പോഴും ഭരിക്കപ്പെടുകയാലും വാൾപ്രയോഗവും അതിലേക്ക് അധികചാതുര്യപ്രചാരവും ഉള്ളതിനാലും (ഈ മലയാളഭൂമിക്ക്) അസിപ്രസ്ഥം എന്ന നാമം സിദ്ധിച്ചു." ഈ കാരണങ്ങളാൽ ഭാർഗ്ഗവഭൂമി കാഞ്ഞരോട്ടുപുഴ മുതൽ വടക്കോട്ടുള്ള പ്രദേശമാണെന്നും മലയാളഭൂമി കാഞ്ഞരോട്ടുപുഴ മുതൽ തെക്കോട്ടുള്ള പ്രദേശമാണെന്നും ഇത് മലയാളിനായർപ്രഭുക്കന്മാർക്ക് സ്വന്തമായിട്ടുള്ളതാണെന്നും തെളിയുന്നു.

എന്നാൽ,

"...................... പ്രതിജ്ഞാ സാധിതാ ത്വയാ
തസ്മാത്തു രാജ്യഭാരസ്ത്വപ്യഭിഷേകസ്ത്വമർഹസി"

(കേ. മാ. അ. 9)

digitized by www.sreyas.in

അർത്ഥം – "അങ്ങേടെ പ്രതിജ്ഞ സാധിച്ചു. അതുകൊണ്ട് അഭിഷേകത്തിനും രാജ്യഭാരത്തിനും അങ്ങുതന്നെ അർഹനാകുന്നു."

എന്നിങ്ങനെ ത്രിമൂർത്തികളും സകല ദേവന്മാരും ഋഷികളും കൂടി ഭാർഗ്ഗവനോട് പറഞ്ഞപ്രകാരം അദ്ദേഹം,

ചതുഃഷഷ്ടിതമൈർഗ്രാമൈർബൃഹന്നദ്യാം സമാഗതഃ
കേരള്യാം ഭാർഗ്ഗവോ രാമഃ സമ്മ്യഗ്രാജ്യം പ്രശാസതി
ത്രിപഞ്ചാശത്സഹസ്രാണി വർഷാണി ച ഭൃഗൂത്തമഃ
യാവദ് ഗോകർണ്ണപര്യന്താം താവദ്കന്യാകുമാരികാം
രാമേ രാജ്യം പ്രശാസതി ധർമ്മേണ പൃഥ്വിവീമിമാം."

(കേ. മാ. അ. 54)

അർത്ഥം – "അറുപത്തിനാലുഗ്രാമക്കാരോടുംകൂടി പെരുമ്പുഴക്കൽ വന്നുചേർന്ന് ഗോകർണ്ണം മുതൽ കന്യാകുമാരിയോളം ഉള്ള രാജ്യത്തെ അൻപത്തിമൂവായിരം വർഷം ധർമ്മത്തോടെ പരിപാലിച്ചിരുന്നു" എന്നു കാണുന്നു. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ പേരിൽ രേഖാപ്രമാണങ്ങൾ ധാരാളം ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരം കാണുന്നില്ലെന്നുതന്നെയല്ല, ഈ മലയാളനാടുകളിൽ ഒന്നായ തിരുവിതാംകൂർഭൂമി തന്നെ പണ്ടാരവക തേട്ടം, പണ്ടാരവക ഒറ്റി, പണ്ടാരവക കാണം, പണ്ടാരവക പാട്ടം, പെരുംപറ്റ്, വിരുത്തിപ്പാട്ടം, പുതുവൽ പാട്ടം, കഴകപ്പാട്ടം, ദർഘാസ്പാട്ടം, നെന്തപ്പാട്ടം, സഞ്ചായപ്പാട്ടം, നടുപ്പാട്ടം, കുത്തകപ്പാട്ടം, വിരുത്തിഒന്നു പാതിപ്പാട്ടം, മീതെടുപ്പുപാട്ടം, തോൽപാട്ടം, പയിറ്റുപാട്ടം, വെട്ടഴിവുപാട്ടം, കരിക്കൂറുപാട്ടം, പാൽപായസമഠംവക പിഴയാപ്പാട്ടം, വിളക്കുപാട്ടം, കണ്ടുകൃഷിവക പാട്ടം, കുത്തകക്കൃഷിവകപ്പാട്ടം, മേൽകങ്ങാണം, സങ്കേതം, തുരം, കുടിയിരിപ്പ്, കുടുംബപ്പൊറുതി, തിരുമുഖ ഇറയിലി, അരുളിറയിലി, കുടുംബവിരുത്തി, ചാവേറ്റുവിരുത്തി, കൂത്തുവിരുത്തി, കൊടുവിരുത്തി, കുഴൽവിരുത്തി, കൊമ്പുവിരുത്തി, വള്ളുവിരുത്തി, വഞ്ചിവിരുത്തി, ആനവിരുത്തി, മാലവിരുത്തി, ശാന്തിവിരുത്തി, കയറുവിരുത്തി, തളിവിരുത്തി, ചൂലുവിരുത്തി, കഴകവിരുത്തി, പാട്ടുവിരുത്തി, പാലുവിരുത്തി, പാലെടുപ്പുവിരുത്തി, കീഴാണ്മവിരുത്തി, ചെമ്പുപണിവിരുത്തി, കൂറവിരുത്തി, ഓടന്മാർവിരുത്തി, ശംഖുവിരുത്തി, മഹാഭാരതം വായ്പുവിരുത്തി, നടകാവൽവിരുത്തി, വെടിവിരുത്തി, അനുഭോഗവിരുത്തി, പരിശവിരുത്തി, കച്ചവിരുത്തി, മുന്നിലവിരുത്തി, മൂന്നിലവകപ്പടി, പഴംചോറ്റുവിരുത്തി, ഊഴിയവിരുത്തി, ഇറയിലിനായരുവകപ്പടി, മാനിഭം, അർത്ഥമാനിഭം, കരമൊഴിവ്, സർവ്വമാനിഭം, ബ്രഹ്മദായം, ദേവദായം, വട്ടവിരുത്തി,

digitized by www.sreyas.in

മഠപ്രം, നന്താവനപ്രം, ദ്വാദശിപ്രം, ഉമ്പളം, ഉഭയഉമ്പളം, ഉടമഉമ്പളം, ജപ്തി, അയൽ, ലയൻ ഉൾപ്പെട്ട അയൽ, അടിമ, അനുഭവം, തിരുവിളം, തിരുഅടയാളം, ഗുരുദക്ഷിണ, മണ്ഡപക്കുറതീർച്ച, മലവാരം, വിളമേലടി, അടിയറപ്പാട്ടം, രക്ഷാഭോഗം, ദാനപ്രമാണം, പൊന്നിട്ടുകാരാണ്മ, നേർകാരാണ്മ, കാരാണ്മ, അട്ടിപ്പേറ്, തീറ്, വിലയോല, വായോല, ക്രയശാസനം, ചേരാഒറ്റി, മീളാവൊറ്റി, ഇടക്കാരാഴ്മ, വച്ചുപാതികാരാഴ്മ, അഞ്ചുരണ്ടുകാരാഴ്മ, കുഴിക്കാരാഴ്മ, മേലാഴ്മ, നടുക്കൂറനുഭവം, നടുക്കൂറുവായോല, കാണപ്പാട്ടം, ഒറ്റി, ഉഴവുപാട്ടം, ഉഴവോല, ഉഴവൊറ്റി, പട്ടയോല, മാരായം, അറ്റൊറ്റി, നേരൊറ്റി, നേർപാട്ടം, ചിറ്റൊറ്റി, റാവൊറ്റി, മേലൊറ്റി, കോടാലിക്കാണി, പര്യപ്പാട്, പണയം, നേർപണയം, ചൂണ്ടിപ്പണയം, ചൂഴിപ്പണയം, മാരായപ്പാട്ടം, പാട്ടഒറ്റി, മാറാപാട്ടം, കാരാണ്മപാട്ടം, വച്ചുപാതിപ്പാട്ടം, കുടിപ്പാതിപ്പാട്ടം, ഒഴിയാപ്പാട്ടം, വരമ്പടകപ്പാട്ടം, വെൺപാട്ടം, പെരുമ്പാട്ടത്തേട്ടം, പാതിവാരം, വിത്തുപാതി, വിത്തിട്ടുകിളച്ചുപാതി, ഇട്ടുപാതിപ്പാട്ടം, കൈയൊരുപാതി, ഒറ്റിയും കുഴിക്കാണവും, പാട്ടവും കുഴിക്കാണവും, കുടിപ്പുള്ളി, തനത്, കുടിജന്മം, ഉകന്തുടമ, യാപ്യ ഉകന്തുടമ, നംകുടമ, പേർകൂലി, അറപ്പുസ്സ്വാമ്മ, കുടസ്സ്വാമ്മ, പെരുമ്പടപ്പുസ്വരൂപംവക വിരുത്തി, പാലിയത്തുമേനവൻവക വിരുത്തി ഇങ്ങനെ മറ്റു പല ഇനങ്ങളിലായിട്ടാണു കാണപ്പെടുന്നത്.

സമാധാനം: ഇപ്പോൾ പല ഇനങ്ങളിലായിട്ടിരിക്കുന്നുയെങ്കിലും ഈ ഭൂമി മുൻപറഞ്ഞപോലെ ആദ്യം പരശുരാമസ്വത്തായിട്ടുമാത്രം ഒരേ ഇനത്തിലും പരശുരാമനാൽ പാലിക്കപ്പെട്ടും ഇരുന്നിരുന്നു. അനന്തരം അദ്ദേഹം അറുപത്തിനാലു ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരെവരുത്തി പൂജിച്ച് അവർക്കായിട്ടു കേരളഭൂമി മുഴുവനും ദാനംചെയ്തു. ഇപ്രകാരം ബ്രാഹ്മണർക്കു കൊടുത്തതിന്റെശേഷം ആ ബ്രാഹ്മണരുടെ രക്ഷയ്ക്കു ലൗകികമായും വൈദികമായും വേണ്ടുന്ന കാര്യങ്ങളെ നടത്തുന്നതിനു നിയമിക്കപ്പെട്ട ജനങ്ങളുടേയും രാജാക്കന്മാരുടേയും മന്ത്രികളുടേയും മറ്റും ഉപജീവനാർത്ഥമായും ദേവാലയങ്ങൾക്കുവേണ്ടിയും വകവച്ചു തിരിച്ചുകൊടുക്കനിമിത്തം മേൽപ്രകാരം പല ഇനങ്ങളിലായിട്ടുള്ളതാണ്.

നിഷേധം: മറ്റുള്ള ഇനങ്ങളാകുന്ന സ്വപരിണാമങ്ങളോടും മുന്നിനത്തിന്റെ അഭാവത്തോടുംകൂടി സ്ഥിരപ്പെട്ട് ഒന്നായും പൊതുവായും ഉള്ള ഒരിനം ഉണ്ടായിരിക്കണമെന്നുള്ളതു നിശ്ചയമാകകൊണ്ട് ഈ പല ഇനങ്ങളും വന്ന മാർഗ്ഗം പിടിച്ചു നോക്കിച്ചെന്നാൽ എല്ലാറ്റിന്റേയും ഒന്നായ മൂലസ്ഥാനത്തെ ശരിയായി കണ്ടുപിടിക്കാമെന്നു വരും. അതിനാൽ മുമ്പിൽ കാണിക്കപ്പെട്ട ഇനങ്ങളെ സംബന്ധിച്ച് സംശയനിവൃത്തി

digitized by www.sreyas.in

വരുന്നതുവരെ (വേണ്ടിടത്തോളം) ഓരോന്നിനെ ആയിട്ടു പിടിച്ചു നോക്കി അങ്ങോട്ടുചെല്ലാം. അതിനുള്ള മാർഗ്ഗം രേഖാപ്രമാണങ്ങൾ ആകുന്നു. ഇവിടെ രേഖാപ്രമാണങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു കേരളോല്പത്തികൾ, കേരളമാഹാത്മ്യം, ജാതിനിർണ്ണയം മുതലായ ഗ്രന്ഥങ്ങളെ ആണെന്ന് ആരും മനസ്സിലാക്കിക്കളയരുത്. അവയെല്ലാം ഓരോ ഉദ്ദേശ്യനിവൃത്തിക്കായി എഴുതി ഉണ്ടാക്കപ്പെട്ടവയാണ്. അങ്ങനെ എഴുതി ഉണ്ടാക്കുന്നത് (1) വാസ്തവം വെളിപ്പെടുത്താൻ മാത്രവും (2) സ്വാർത്ഥപരതനിമിത്തം ഇല്ലാത്തവയെ കൃത്രിമമായി എഴുതിച്ചേർത്തു വാസ്തവത്തെ മറച്ച് കുക്ഷിപൂരണം സാധിക്കുന്നതിനുമാത്രവും ആയിരിക്കും. കേരളോല്പത്തികൾ മുതലായവ രണ്ടാമതു പറയപ്പെട്ട ശേഖരത്തിൽ ഉള്ളവയാണ്. ഇതുകളിൽ മുൻകാണിച്ചപോലെ വസ്തുക്കളെ സംബന്ധിച്ച് അറിയേണ്ടതായ ഒരു വിവരവും ഇല്ലാ. ആകയാൽ ഇതുകൾ യഥാർത്ഥാന്വേഷണവിഷയത്തിൽ കൈകൊണ്ടുതൊടാൻപോലും കൊള്ളുകയില്ല.

ഇനി മുൻപറഞ്ഞപോലെ, രാജാക്കന്മാർ മന്ത്രിമാർ പ്രഭുക്കന്മാർ മുതലായവരുടേയും ദേവസ്വം ബ്രഹ്മസ്വം മുതലായവയിലേയും സകല ചെലവുകൾക്കും വേണ്ടുന്നതെല്ലാം അതാതിന്നു വക ഇറക്കീട്ടുള്ള വസ്തുക്കളിൽനിന്നുതന്നെ ഉണ്ടാകണം. ഉണ്ടാകുന്നതിനു ദേഹണ്ണം നടത്തണം. ദേഹണ്ണം നടത്തുന്നതിന് അവയെ കുടിയാനവന്മാരായ ജനങ്ങളെ ഏല്പിക്കണം. അങ്ങനെ ഏല്പിക്കുമ്പോൾ വളരെ ജനങ്ങളും വസ്തുക്കളും ഉണ്ടാകകൊണ്ട് എവിടെ, എപ്രകാരമുള്ള വസ്തുവിനെ ആര്, ആർക്ക്, എങ്ങനെ കൊടുത്തു എന്നു മുതലായ വിവരങ്ങൾ അറിയുന്നതിനു രേഖാപ്രമാണം വേണം.

സ്ഥാനമറിഞ്ഞു കരം കൊടുക്കുന്നതിന് എഴുതിക്കൊടുക്കുന്ന ജന്മിയുടെ പേരും കരം കൊടുക്കാത്തപക്ഷം വരുത്തിച്ചോദിക്ക, നടപടി നടത്തുക ഇതുകൾക്ക് എഴുതിവാങ്ങിക്കുന്ന ഉഴവന്റെ പേരും വസ്തു കിടക്കുന്ന സ്ഥലം അറിയുന്നതിനു ദേശം മുതലായവയുടെ വിവരവും അതിരുകടന്ന് അന്യന്റേതിൽ ചെല്ലാതെ ഇരിക്കാനും തന്റേതറിഞ്ഞ് മുഴുവനിലും പ്രവേശിപ്പാനും വേണ്ടി എലുകകളും ഇത്രയെന്നറിഞ്ഞു കരം നിശ്ചയിക്കുന്നതിലേക്ക് അളവും അപ്പോഴപ്പോൾ കാരണാന്തരവശാൽ പലവിധത്തിൽ പലമാതിരി അവകാശങ്ങളും സിദ്ധിച്ചുകൊണ്ടു പലരും അവകാശികളായി വന്നേക്കുമെന്നുള്ളതിനാൽ അടിക്കടി പേരുമാറി വരുമ്പോൾ മുൻവിവരങ്ങൾക്കും വസ്തുവിനും കുഴക്കു നേരിടാതെ ഇരിക്കുന്നതിലേക്കു വസ്തുവിന്റെ മുന്നിനവും (ഇന്നാരുടെ സ്വന്തമെന്ന് ആദ്യ ഉടമസ്ഥന്റെ പേർ കാണിക്കൽ) ഉടമസ്ഥനു സിദ്ധിച്ച

digitized by www.sreyas.in

മാർഗ്ഗവും അവകാശത്തിന്റെ അളവും മറ്റും രേഖാപ്രമാണത്തിൽ (ആധാരത്തിൽ) കാണിച്ചുകൊടുക്കുകയും വേണ്ടുന്ന എല്ലാ വിവരങ്ങൾക്കും ജന്മിസ്ഥാനത്തു കണക്കുകളും നടന്നിട്ടുള്ളതും നടക്കുന്നതും ആയ സംഗതികൾക്ക് യഥാർത്ഥമായി ഗ്രന്ഥവരിയും ഉണ്ടാക്കിവയ്ക്കുകയും ചെയ്യുന്നതു പരിപാലനകർത്താക്കന്മാർക്കു പതിവാണല്ലൊ. ഇവിടെ വാസ്തവം കണ്ടുപിടിക്കുന്നതിന് ഈവക പ്രമാണങ്ങളാകുന്നു വേണ്ടത്.

ഇപ്രകാരം ആധാരങ്ങൾ കണക്കുകൾ മുതലായ പ്രമാണങ്ങൾ[2] പരിശോധിച്ചതിന്റെ ശേഷം കുടികൾ, സർക്കാർ സാമന്തന്മാർ, രാജാക്കന്മാർ, ദേവസ്വങ്ങൾ, ധർമ്മമഠങ്ങൾ, ഇതുകളിൽ യാതൊന്നിന്റേയും മൂന്നിനങ്ങൾ ഭാർഗ്ഗവന്റേതോ ബ്രാഹ്മണരുടേതോ ആയിട്ടു കാണുന്നില്ലാ. സമസ്തവും മലയാളിനായർപ്രഭുക്കളുടെ വകയായിട്ടു മാത്രമാണു കാണുന്നത്.

സമാധാനം: അതു പരശുരാമൻ ബ്രാഹ്മണശുശ്രൂഷയ്ക്കുവേണ്ടി പരദേശത്തുനിന്നും വരുത്തി അടിമകളാക്കി പാർപ്പിക്കപ്പെട്ടവർ അല്ലെങ്കിൽ സ്വർഗ്ഗത്തുനിന്നും ഭാർഗ്ഗവനാൽ കൊണ്ടുവരപ്പെട്ട സ്ത്രീകളിൽ ബ്രാഹ്മണർക്കു ജനിച്ചവർ ആയ ശൂദ്രർ അന്യായമായി സകലവും അപഹരിച്ച് അധീനത്തിലാക്കിയതിനാൽ ആ കാലംമുതൽക്ക് അവരുടെ പേരിൽ ഇപ്രകാരം രേഖാപ്രമാണങ്ങൾ ഉണ്ടാവാൻ ഇടയായതാണ്. അല്ലാതെ പൂർവസ്ഥിതിയിൽ അങ്ങനെ ആയിരുന്നില്ല.

നിഷേധം: എന്നാൽ ഇടക്കാലത്ത് അവർ കൈവശപ്പെടുത്തുന്നതിനുമുമ്പ് ഉള്ളതായ പ്രമാണങ്ങൾ ബ്രാഹ്മണരുടെ പക്കൽ കാണേണ്ടതാണ്. പ്രമാണങ്ങളേയും കൂടി ശൂദ്രർ അപഹരിച്ചു നശിപ്പിച്ചുകളഞ്ഞു എങ്കിൽ ശൂദ്രബാധകമായും ബ്രാഹ്മണസാധകമായും പറയുന്ന കേരളമാഹാത്മ്യം കേരളോല്പത്തികൾ മുതലായ സകല പ്രമാണങ്ങളുംകൂടി അവർ (ശൂദ്രർ) അപഹരിച്ചു നശിപ്പിക്കേണ്ടതായിരുന്നു. അപ്രകാരം കാണുന്നില്ലാത്തതുകൊണ്ടും ആവക പ്രമാണങ്ങൾ ബ്രാഹ്മണരുടെ പക്കൽ എന്നുതന്നെയല്ലാ ശൂദ്രരുടെ അധീനത്തിലും തിരസ്കൃതങ്ങളാകാതെ പ്രത്യക്ഷമായി കാണുകകൊണ്ടും അപഹരിച്ചു എന്നു പറയുന്നതു തീരെ ശരിയല്ല.

ഭാർഗ്ഗവൻ ഭൂമിയെ ഉണ്ടാക്കി രക്ഷയ്ക്കായിട്ട് രാജാക്കന്മാരെയും ശുശ്രൂഷാദികൾക്ക് ശൂദ്രരെയും മറ്റുള്ളവയ്ക്ക് മറ്റുള്ളവരേയും നിയമിച്ച് എല്ലാം സുമാറാക്കി മഹാബ്രാഹ്മണർക്ക് ദാനംചെയ്തതായിട്ടാണല്ലോ പറയുന്നത്. എന്നാൽ ഇതിനിടയ്ക്കു ശൂദ്രർക്ക് അപഹരിക്കാൻ

digitized by www.sreyas.in

സൗകര്യവും ശക്തിയും തീരെയില്ലായിരുന്നു എന്നും അതിൽ പിന്നീട് ബ്രാഹ്മണരും രാജാക്കന്മാരും വളരെ ഉയർന്നും ശൂദ്രർ അടിമകളുടെ നിലയിൽ വളരെ താഴ്ന്നും ഇരുന്നിരുന്നതേ ഉള്ളു എന്നും കേരളമാഹാത്മ്യം കേരളോല്പത്തി മുതലായ ഗ്രന്ഥങ്ങൾ ഒരിക്കലെങ്കിലും വായിച്ചിട്ടുള്ളവർക്ക് നല്ലപോലെ അറിയാവുന്നതും മേൽപ്രകാരം അവർ (ശൂദ്രർ) യാതൊരു അക്രമങ്ങളും ചെയ്തിട്ടുള്ളതായിട്ട് ഒരു പ്രമാണത്തിലും കാണുന്നില്ലാത്തതും ആകുന്നു.

അല്ലാതെയും അടിമകളായും അസ്വതന്ത്രരായും അനധികാരികളായും അസമ്പന്നന്മാരായും അശക്തന്മാരായും ഇരുന്ന ആ ശൂദ്രർ ഇതുകളെ എങ്ങനെ അപഹരിച്ചു? അപ്പോൾ സ്വാമിമാരും സമ്പന്നന്മാരും സ്വതന്ത്രന്മാരും ശക്തന്മാരും ആയിരുന്ന ബ്രാഹ്മണർ എന്തിനായിട്ട് ഏതുവിധത്തിൽ അവയെ വിട്ടുകളഞ്ഞു?

സമാധാനം: ബ്രാഹ്മണർ ആശ്രിതവാത്സല്യം കൊണ്ടും ഉപകാരസ്മരണകൊണ്ടും ശൂദ്രരിൽ പലർക്കും ഇടക്കാലങ്ങളിൽ പ്രഭുത്വത്തേയും സ്ഥാനമാനങ്ങളേയും കൊടുത്തു. അവർ കാലക്രമേണ പ്രബലന്മാരായി മറ്റുള്ള ശൂദ്രരെയും അധീനത്തിലാക്കി എല്ലാം അപഹരിക്കയും അങ്ങനെ വസ്തുക്കൾ ബ്രാഹ്മണരിൽനിന്നും കൈവിട്ടുപോകയും ചെയ്തു.

നിഷേധം: എങ്കിൽ ശൂദ്രർ കൈക്കലാക്കി എന്നു പറയുന്ന ഭൂമികളുടെ ഇടക്കിടെ വളരെ നല്പായും കൈവാക്കിനും എത്രയോ വസ്തുക്കൾ ബ്രഹ്മസ്വംവകയായി കിടക്കുന്നുണ്ട്. അവയ്ക്കൊക്കെയും ഇന്നുവരെയും ജന്മിമാർ ബ്രാഹ്മണരും ഒഴവന്മാർ ശൂദ്രരുംതന്നെ ആയിരിക്കുന്നു. എന്നാൽ അവയെക്കൂടി ആ പ്രബലന്മാരായ ശൂദ്രർക്ക് അപഹരിക്കരുതായിരുന്നോ?

സമാധാനം: ആ വസ്തുക്കളുടെ ജന്മിമാരായ ബ്രാഹ്മണർ ആ ശൂദ്രരെക്കാളും പ്രാബല്യവും ശക്തിയും ഉള്ളവരായിരുന്നതിനാൽ അപ്രകാരം പറ്റിയില്ല.

നിഷേധം: എങ്കിൽ ആ പ്രബലന്മാരായിരുന്ന ജന്മിമാർക്കുതന്നെ ശൂദ്രരേക്കാൾ ഇത്രത്തോളം ശക്തിയുണ്ടായിരുന്ന സ്ഥിതിക്ക് അവരും മറ്റു ബ്രാഹ്മണരും ഒരുമിച്ചുകൂടി ശൂദ്രരെ ദിക്കുവിട്ടു പറത്താമായിരുന്നല്ലോ. അപ്പോൾ അവർ ഈ അക്രങ്ങളെ ചെയ്കയില്ലായിരുന്നല്ലോ.

സമാധാനം: മറ്റുള്ളവരുടേത് അപഹരിച്ചുകഴിഞ്ഞപ്പോൾ മതിയെന്നും ശേഷം ജന്മികളുടേത് വേണ്ടെന്നും വെച്ചിട്ടാണ്.

digitized by www.sreyas.in

നിഷേധം: എങ്കിൽ പെട്ടെന്ന് അവർക്ക് ഇപ്രകാരം ഒരു വിരക്തി തോന്നുവാൻ കാരണമെന്ത്? ഇതു സംബന്ധമായി താഴെപ്പറയുന്ന പ്രമാണം നോക്കുക.

"വാസനിവാരകപ്രേഷ്യ വാക്യസ്യോച്ചാരണം മിഥഃ
പൗർവ്വാപര്യേണ തുല്യോയം ധർമ്മോ ഭൂദേവ ശൂദ്രയോഃ
ബാഹുജോരുജവർണ്ണാനാം ഭൂദേവേപി കനീയസി
ആഗതേ സദൃശോ ധർമ്മഃ പ്രത്യുത്ഥാനാഭിവാദനേ
രാമക്ഷേത്രേ തു ശൂദ്രസ്യ നാഭിവാദ ഇതി സ്ഥിതിഃ
സ തൽസ്ഥാനേഞ്ജലിം കുര്യാദിതി ഭാർഗ്ഗവശാസനം.
ബാഹുജോരുജയോദ്ധർമ്മസ്ത്രീകർമ്മപരിനിഷ്ടിതഃ
അന്യത്ര ഭാർഗ്ഗവക്ഷേത്രാൽ സാധാരണ ഇതി സ്മൃതഃ
ബാഹുജാംഘ്രിജയോദ്ധർമ്മസ്ത്യാഗോ വൈക്ലബ്യതോപിനാ
പ്രാണാനാം ബ്രാഹ്മണസ്യാർത്ഥേ സാധാരണ ഉദാഹൃതഃ
ഊരുജാംഘ്രിജയോർദൂർവ്വാലവനം ക്ഷിതിവർദ്ധനം
പ്രാണത്യാഗോ ഗവാർത്ഥേ ച ധർമ്മസാധാരണസ്ത്രികം"

(ശാങ്കരസ്മൃതി, അ. 1, പാദം 1)

വിശേഷിച്ചും മലയാളത്തിലേക്ക് പ്രത്യേകമായിട്ടുള്ള സ്മൃതിപ്രമാണം ഇവിടെ നടപ്പാക്കിയിരിക്കുന്നതിനാൽ മുൻപറഞ്ഞപ്രകാരം ശൂദ്രർ ഒരിക്കലും ബ്രഹ്മസ്വത്തെ അപഹരിച്ചിരിക്കയില്ല.

സമാധാനം: അവർ ദുരാശയും ദൗഷ്ട്യവും നിമിത്തം പ്രമാണത്തേയും ന്യായത്തേയും ലംഘിച്ച് അപ്രകാരം ചെയ്തുകളഞ്ഞു.

നിഷേധം: അങ്ങനെ ചെയ്തവർ ബ്രാഹ്മണശത്രുക്കളും പരമദ്രോഹികളും മഹാദുഷ്ടന്മാരുമായിരിക്കണം. ആ മട്ടിനു ബ്രാഹ്മണർക്ക് അവരോടും അവർക്ക് ബ്രാഹ്മണരോടും വിശ്വാസവും അടുപ്പവും സ്നേഹവും ആദരവും ഒരുകാലത്തും ഉണ്ടായിരിക്കാനിടയില്ല.

എന്നാൽ ഇവർ രണ്ടു വകക്കാരും ഈ മലയാളത്തിൽ പാരമ്പര്യമായിട്ട് അന്യോന്യം ഏതുപ്രകാരമാണ് പെരുമാറിവരുന്നത്? ശൂദ്രസ്ത്രീകൾക്ക് ബ്രാഹ്മണർ സംബന്ധം ചെയ്യുന്നത് എത്രയും നല്ലതാണെന്നു വിചാരിച്ച് മിക്ക ഭവനങ്ങളിലും അവരെക്കൊണ്ടുതന്നെ സംബന്ധം ചെയ്യിപ്പിച്ച് അങ്ങനെ നടന്നുവരുന്നു. ശൂദ്ര ഇടപ്രഭുക്കന്മാരുടെ (കയ്മൾ, പണിക്കർ മുതലായവരുടെ) ഭവനങ്ങളിൽ സമജാതിക്കാർ പാടില്ല. ബ്രാഹ്മണരേ സംബന്ധം ആകാവൂ എന്നുംകൂടിയുണ്ട്; ഇന്നുവരെയും നടപ്പും അപ്രകാരം തന്നെയാണ്. എന്നാൽ ശൂദ്രസ്ത്രീ

digitized by www.sreyas.in

യിൽ നമ്പൂതിരിക്കു ജനിച്ചുണ്ടാകുന്ന സന്തതിക്ക് ആ പിതാവിന്റെ സ്വത്തിൽ യാതൊന്നിനും അവകാശമില്ല. അഥവാ ആ പിതാവ് കുട്ടിക്ക് നാലുകാശിന് വല്ലതും തീർപ്പിച്ച് ഇട്ടുപോയാൽ "അയ്യയ്യോ: ബ്രഹ്മസ്വം വക യാതൊന്നും കുടുംബത്തിൽ കേറ്ററുതേ, തറവാടു മുടിഞ്ഞുപോകുമേ" എന്നു പെണ്ണുടയന്മാർ പറഞ്ഞ് ആയതിനെ മറ്റൊരു ബ്രാഹ്മണന് ദാനം ചെയ്കകൂടി പതിവാണ്. പിന്നെ ഭർത്താവായ നമ്പൂരി വരുമ്പോൾ അയാളോടുകൂടി ചങ്ങാതിമാരായി രണ്ടു മൂന്നിൽ കുറയാതെ നമ്പൂരിമാരും അവർക്ക് ആളൊന്നിന് ഓരോരുത്തർവീതമെങ്കിലും വാല്യക്കാരുംകൂടി വരും. പ്രത്യേകം മഠവും കിണറും കുളവും അടുക്കളയും ഇല്ലാത്ത തറവാടുകൾ മലയാളത്തു നായന്മാർക്ക് ദുർല്ലഭമാണ്. വരുന്നവർക്കെല്ലാം എത്രകാലമെങ്കിലും താമസിക്കാവുന്നതാണ്. അക്കാലങ്ങളിൽ വെടിപ്പായിട്ടു സാപ്പാട്, തേച്ചുകുളി, മുണ്ട് എന്നുവേണ്ട സകല ചെലവും കൊടുക്കും. പിന്നെ തൊട്ടതിനും പിടിച്ചതിനും എല്ലാം ഇവരെക്കൊണ്ട് കർമ്മം ചെയ്യിക്കുക, ഇവർക്ക് ദക്ഷിണകൊടുക്കുക മുതലായവയുമുണ്ട്. മലയാളകുടുംബത്തിലെ ഗൃഹച്ഛിദ്രം, മുതൽനഷ്ടം, അവമാനം, ദുർബുദ്ധികളായ സന്തതികൾ മുതലായ ആപൽപാദപങ്ങൾക്ക് ആദിബീജം മിക്കവാറും ബ്രാഹ്മണരുടെ പ്രവേശനമാണ്. ഇങ്ങനെ ഒരു മഹാസമ്പത്തുള്ള കുടുംബത്തിൽ എന്തിനായിട്ടെങ്കിലും ഇവരുടെ പ്രവേശനം ശാഖീനിബിഡവിപിനത്തിൽ വേനൽക്കാലത്ത് കാട്ടുതീ പിടിക്കുന്നതുപോലെയും തളിർത്തു കൊഴുത്തുനിൽക്കുന്ന കല്പവൃക്ഷത്തിൽ പ്രളയകാലത്ത് അതികഠിനമായ വജ്റപാതം ഉണ്ടാകുന്നതുപോലെയുമാണ്. ഇപ്രകാരം മലയാളത്തുള്ള മിക്ക തറവാടുകളും നശിച്ചുകഴിഞ്ഞും നശിച്ചുകൊണ്ടും ഇരിക്കുന്നു. എന്നിട്ടും തറവാട്ടുടമസ്ഥരിൽ പ്രധാനികൾ ചില നിസ്സാരങ്ങളായ ദുരഭിമാനങ്ങൾ നിമിത്തം, അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ആപത്തിൽനിന്നും രക്ഷപെടുന്നതിനു പ്രയത്നിക്കാതെയും അതിനെക്കുറിച്ചു പറയുന്നവരോട് ശുദ്ധ അസംബന്ധങ്ങളായ സമാധാനങ്ങളെ നിർല്ലജ്ജം വിളിച്ചെഴുന്നള്ളിച്ചുകൊണ്ടും തറവാട്ടുജന്മശ്ശനികളായി ജീവിക്കുന്നു. ഇവർ സാധുക്കളേയും ഗുണദോഷിക്കുന്ന യോഗ്യന്മാരേയും അലക്ഷ്യമായിട്ടു വിചാരിക്കുന്നു എങ്കിലും ബ്രാഹ്മണരോടു മര്യാദയുള്ളവരായിത്തന്നെയിരിക്കുന്നു. എങ്ങനെയുള്ള നടത്തക്കാരായാലും തരക്കേടില്ലാ, അവരോടെല്ലാം ശൂദ്രപ്രഭുക്കന്മാർപോലും വിളിമൊഴി, തിരുമേനി, തിരുമനസ്സ്, കല്പന, അരുളപ്പാട്, കരിക്കാടി, നെൽപതിര്, ചെമ്പുകാശ്, കല്ലരി, കുപ്പമാടം, പടന്നപ്പുഴി, പാണ്ടിഞെട്ട്, ഇത്തിപ്പൊടി, അടിതോൽ, വിടകൊൾക, പഴമനസ്സ്, നിലംപൊത്തുക, ഇറാൻ, അടിയൻ ഇത്യാദി താഴ്മ വാക്കുകൾ പറഞ്ഞും അതുപോലെ ആച

digitized by www.sreyas.in

രിച്ചും വരുന്നു. പിന്നെ ശൂദ്രർക്കു നമ്പൂരിമാരുടെ സന്തതികളാകുന്നു എന്നുള്ള ഔൽകൃഷ്ട്യനാട്യം അതങ്ങനെ; ബ്രാഹ്ണരെന്നുള്ള ഭയ ഭക്തി അതൊരുവക; അച്ഛന്മാരെന്ന ഭക്തി വേറൊരുവക; വിധികർത്താ ക്കന്മാരെന്നും മറ്റൊരുവക – എന്നുവേണ്ടാ ഒരു ജാതിക്കാരെക്കുറിച്ചു മറ്റൊരു ജാതിക്കാർക്കും മലയാളബ്രാഹ്മണരെക്കുറിച്ചു മലയാളശൂ ദ്രർക്കുള്ളതുപോലെയുള്ള ഭക്തിവിശ്വാസമില്ലാ. ഇങ്ങനെയാകുന്നു പാര മ്പര്യമായി ഇവർ തമ്മിലുള്ള പെരുമാറ്റം. ചില പരിഷ്കാരികൾ ഗുണ ദോഷങ്ങളെ പ്രത്യേകം കാണിച്ച് ഉപദേശിക്കുന്ന ഈ കാലത്ത് ഇത്ര ത്തോളം ആയപ്പോൾ "ബ്രാഹ്മണോ മമ ദൈവതം" എന്നു മുറുകെപ്പി ടിച്ചിരുന്ന മുൻകാലത്ത് എത്രമാത്രമായിരിക്കും! ഇങ്ങനെയുള്ളവർ ബ്രഹ്മസ്വം അപഹരിച്ചു എന്നു പറഞ്ഞാൽ അതു വലിയ അന്യായമാ യിത്തന്നെ ഇരിക്കും.

## അടിക്കുറിപ്പുകൾ

1. "പയസ്വിന്ന്യുത്തരേ ദേശേ" എന്നും പറയാറുണ്ട്.
2. അടുത്ത പുസ്തകത്തിൽ കാണിക്കും.

digitized by www.sreyas.in

അദ്ധ്യായം 5

# നായന്മാരുടെ സ്ഥാനമാനദാതാക്കൾ ഭാർഗ്ഗവനോ ബ്രാഹ്മണരോ അല്ല

ഇനി കഴിഞ്ഞ അദ്ധ്യായത്തിൽ കാണിച്ചവിധം ഭാർഗ്ഗവനോ ബ്രാഹ്മണരോ ആണ് നായന്മാരുടെ സ്ഥാനമാനദാതാക്കന്മാരെന്നുള്ള കേരളമാഹാത്മ്യാദി സിദ്ധാന്തത്തെപ്പറ്റി ആലോചിക്കാം. കയ്മൾ, കർത്താ, പണിക്കർ, മേനോൻ, ഇല്ലം, സ്വരൂപം, പള്ളിച്ചാൻ തുടങ്ങിയുള്ള എല്ലാ നായന്മാരെയും പൊതുവെ ശൂദ്രരാക്കി ഗണിച്ച് അവരിൽ ഓരോരുത്തർക്കുള്ള സ്ഥാനമാനങ്ങളെ ഭാർഗ്ഗവൻ അല്ലെങ്കിൽ ബ്രാഹ്മണർ കൊടുത്തതായിട്ടാണ് പറയുന്നത്. അതോടുചേർന്ന്,

"സാമന്താനാം ദ്വിജാദീനാം നായകഃ പരിചാരകഃ"

(കേ. മാ.)

അർത്ഥം: "നായർവർഗ്ഗം സാമന്തന്മാർക്കും ദ്വിജന്മാർക്കും പരിചാരകന്മാരാകുന്നു" എന്നു നിയമവും ഉണ്ട്. സ്വാമിമാരായ പ്രഭുക്കൾ അടിമകളായ ദാസന്മാരിൽ ചിലർക്കോ പലർക്കുമോ ആകട്ടെ പെരുമയും സ്ഥാനമാനങ്ങളും കൊടുക്കുന്നതായിരുന്നാൽ ആയത് എന്തിനായിരിക്കും? ആ ദാസന്മാർ ആ പ്രഭുക്കന്മാരേക്കാൾ താഴ്ന്ന സ്ഥിതിയിൽ ഇരിക്കുന്നതിനോ അവരോടു തുല്യന്മാരാകുന്നതിനോ അവരെക്കാൾ വളരെ ഉന്നതസ്ഥിതിയിൽ ആകുന്നതിനോ?

താഴ്ന്ന സ്ഥിതിയിൽത്തന്നെ ഇരിക്കാനാണെങ്കിൽ ആദ്യം തുടങ്ങി അപ്രകാരംതന്നെ ഇരുന്നുവരുന്നതിനാൽ അതിലേയ്ക്കായിട്ടു വിശേഷിച്ചൊന്നും പ്രവർത്തിക്കണമെന്നില്ല.

തുല്യാവസ്ഥയിലിരിക്കാനാണെങ്കിൽ അപ്രകാരമിരുന്നിട്ടു യാതൊരു പ്രയോജനവും ഉണ്ടാവാനില്ല. അല്ലാതെയും അതിന്മണ്ണം ചെയ്യുന്നത് ആ ദാസന്മാർ അപേക്ഷിച്ചിട്ടോ അപ്രകാരം ചെയ്തുകൊടുക്കാമെന്ന് പ്രഭുക്കന്മാരുടെ ഉള്ളിൽതന്നെ തനിയെ തോന്നിയിട്ടോ? ഏതുവിധമായാലും അത് ലോകസാധാരണമല്ല. ഇങ്ങനെ സ്ഥാനമാ

digitized by www.sreyas.in

നങ്ങളെ ദാസന്മാർ ബലാൽക്കാരമായിട്ട് എടുത്തുകൊണ്ടതാണെന്നു നിരൂപിക്കുന്നപക്ഷം ആയത് ശരിയാകയില്ലെന്നു മുന്നദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ട്.

സമാധാനം: ഓരോ മഹാജനം താഴ്ന്നനിലയിലുള്ള അനേകം പേർക്ക് സ്ഥാനമാനങ്ങൾ കൊടുത്തിട്ടുള്ളതായി കേൾവിയും അങ്ങനെ പുരാതനകാലം തുടങ്ങി നടപ്പും ഉണ്ട്.

നിഷേധം: 1. സ്ഥാനമാനസംഭാവനയും പ്രാപ്തിയും തൽസംബന്ധമായ ഒരുക്കങ്ങളും പ്രവൃത്തികളും പലപ്രകാരത്തിലുമുണ്ട്. ഒരു രാജകുടുംബത്തിലേക്ക് ആ കുടുംബത്തിലുള്ളതോ അല്ലാത്തപക്ഷം വേറെ ഒരു കുടുംബത്തിലുള്ളതോ ആയ ഒരാളിനെ പട്ടംകെട്ടേണ്ടതായും മറ്റും വരുമ്പോൾ ആയതിലേക്കു വേണ്ടുന്നവയെല്ലാം പ്രവർത്തിച്ചു കാര്യം നിറവേറ്റുന്നതിന് ഏർപ്പെടുത്തപ്പെട്ട് ആദായം പറ്റി പാരമ്പര്യമായി വാണുവരുന്ന പുരോഹിതർ, ജനപ്രധാനികൾ മുതലായവർ ഒന്നുചേർന്ന് ആവക ക്രിയകൾ ക്രമപ്രകാരം നടത്തുക. അതാതു പ്രഭുക്കന്മാരുടേയും അവരവരുടെ സ്ഥാനത്തിന്റെയും നാമം, ആചാരം ഇത്യാദികൊണ്ട് ആ ആൾ ഇന്ന വർഗ്ഗക്കാരനെന്ന് അറിയുക.

2. ഒരു രാജ്യത്തിൽത്തന്നെ വൈദികവിഷയത്തിലേക്കുള്ള ക്ഷേത്രത്തിൽ നിദാനകൃത്യങ്ങളായ പൂജാദികളും വിശേഷകൃത്യങ്ങളായ ഉത്സവാദികളും നടക്കുമ്പോൾ അവിടത്തെ കാര്യവിചാരത്തിനായി നിയമിക്കപ്പെട്ട് പതിവുള്ള ആദായം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഊരാണ്മക്കാർ മുതലായവരും, അപ്രകാരംതന്നെ ലൗകികവിഷയസംബന്ധമായി നിയമിക്കപ്പെട്ട കച്ചേരിമുതലായ സ്ഥലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരും, ആ രാജ്യത്തിലെ പ്രധാനിയായ പ്രഭുവിനും അപ്രധാനികളായ തങ്ങൾക്കും തമ്മിലുള്ള അവസ്ഥാതാരതമ്യം നിമിത്തം നടന്നുവരുന്നതും സേവ്യസേവകഭാവത്തെ സൂചിപ്പിക്കുന്നതും ആയ പല പ്രകാരത്തിലുള്ള കൃത്യങ്ങളെ വേണ്ടതായ സന്ദർഭങ്ങളിൽ നടത്തുകയും പ്രഭു സ്വീകരിക്കുകയും ചെയ്യുക.

3. പ്രഭുവായുള്ളവൻ യോഗ്യതയ്ക്കും സർവ്വീസിനും തക്കവണ്ണം ജനങ്ങളിൽ ചിലർക്കും ഉദ്യോഗസ്ഥന്മാർക്കും സ്ഥാനമാനങ്ങൾ കൊടുക്കുക.

ഇതുകളിൽ ഒന്നും രണ്ടും സേവ്യസ്ഥാനത്തിലുള്ളവർക്ക് അവരുടെ അധീനത്തിലും രക്ഷയിലും ഇരിക്കുന്ന സേവകസ്ഥാനത്തിലുള്ളവർ ചെയ്തുവരുന്ന കടമകളും മൂന്നാമതു പറയപ്പെട്ടത് സേവ്യന്മാർ സേവകർക്കു കൊടുക്കുന്ന സ്ഥാനമാനവും ആകുന്നു; എങ്കിലും മുൻപ

digitized by www.sreyas.in

റഞ്ഞപ്രകാരം സ്ഥാനമാനം വാങ്ങുന്നവർ സാധാരണ ഉള്ളവരിൽനിന്ന് മേലായ ഒരു വിശേഷസ്ഥാനത്തിലായി എന്നല്ലാതെ സ്ഥാനമാനം കൊടുത്ത ആളിനെക്കാൾ മേലായ പദവിയിൽ ഒരിക്കലും ആകുന്നില്ല.

ഇനി ഈ മലയാളത്തിൽ ഭാർഗ്ഗവനല്ലെങ്കിൽ ബ്രാഹ്മണർ കൊടുത്തതായി പറയപ്പെടുന്നവയും നായന്മാർക്കുള്ളവയുമായ ചില സ്ഥാനമാനങ്ങളെത്തന്നെ ഇവിടെ ചിന്തിച്ചുനോക്കാം.

ക്ഷേത്രങ്ങളിൽ ഉത്സവാദി അടിയന്തിരങ്ങൾക്ക് ആ സ്ഥലത്തെ നായർപ്രഭുവിനെ ബ്രാഹ്മണർ, കൂട്ടംകൂടി നിൽക്കുമ്പോൾ തണ്ടിലെടുത്തുകൊണ്ടുവരികയും ആ പ്രഭു ആ ബ്രാഹ്മണസദസ്സിലെ പ്രധാന അഗ്രാസനത്തിലിരിക്കയും ആഢ്യർ, വൈദികർ മുതലായവരോട് യഥാക്രമമിരുന്നുകൊള്ളുവാൻ ആജ്ഞാപിക്കയും അപ്രകാരമവരനുഷ്ഠിച്ചുകൊള്ളുകയും ചെയ്യുക.

ക്ഷേത്രങ്ങളിൽ കൊടിയേറുന്ന ദിവസം നായർസ്ഥാനി വാഹനാരൂഢനായിവന്നു മാന്യസ്ഥാനത്തിലിരുന്നാൽ അനന്തരം ബ്രാഹ്മണർ നിന്നുംകൊണ്ട് പ്രഭുവിനോട് അനുവാദത്തിനപേക്ഷിക്കുകയും അനുവാദം ലഭിച്ചശേഷം ഇരിക്കുകയും ചെയ്യുക.

ക്ഷേത്രത്തിൽ ഉത്സവത്തിന് ബ്രാഹ്മണർ സാധാരണ ജനങ്ങളുടെ ശേഖരത്തിൽ നിൽക്കവെ നായർപ്രഭു തണ്ടിൽ കയറി അവരുടെ മദ്ധ്യേ കൂടി ക്ഷേത്രത്തിനകത്തു വന്നിറങ്ങുകയും ആദ്യം താൻ സോപാനത്തിൽ കയറി തൊഴുകയും അപ്പോൾ അകത്തുനിൽക്കുന്ന നമ്പി, ദേവന്റെ പീഠത്തിൽ മുൻകൂട്ടി വച്ചിരിക്കുന്ന വെറ്റില പാക്ക് പണം ഇതുകളെ എടുത്തു ദക്ഷിണപോലെ കൊടുക്കുകയും പ്രഭു ആയതിനെ വാങ്ങിക്കൊണ്ട് ഇനി ബ്രാഹ്മണർ മുതലായി എല്ലാപേരും തൊഴുതുകൊള്ളട്ടെ എന്ന് ആജ്ഞാപിക്കുകയും അനന്തരം എല്ലാപേരും തൊഴുകയും ചെയ്യുക.

ബ്രാഹ്മണരുടെ വിവാഹം മുതലായ അടിയന്തിരങ്ങൾക്ക് ആ സ്ഥലത്തെ നായർസ്ഥാനിയുടെ ഭവനത്തിൽ അടിയന്തിരക്കാരൻ ബ്രാഹ്മണൻ വെറ്റിലക്കെട്ടു കൊണ്ടു വച്ച് "അടിയന്തിരസ്ഥലത്തുവന്ന് എല്ലാം ശട്ടംകെട്ടി നടത്തുന്നതിനു പിടാകക്കാർക്കും നടന്നുകൊള്ളുന്നതിന് ഞങ്ങൾക്കും അനുവാദമുണ്ടാകണം" എന്ന് അപേക്ഷിക്കുകയും അപ്രകാരം ചെയ്തതിനുശേഷം മാത്രം കാര്യം നടത്തുകയും ചെയ്യുക.

ക്ഷേത്രത്തിൽ കൊടിയേറ്റുസമയത്ത് അവിടത്തെ നായർസ്ഥാനി വല്ല കാരണത്താലും വന്നെത്താതിരുന്നുപോയാൽ "ഇവിടത്തെ നാഥൻ

digitized by www.sreyas.in

വന്നുചേർന്നോ? എന്ന് മറ്റുള്ള ക്ഷേത്രാധികാരികൾ ആദരവോടുകൂടി ഉച്ചത്തിൽ വിളിച്ചുചോദിക്കുകയും വന്നതായറിഞ്ഞതിനുമേൽ മാത്രം കൊടിയേറ്റുകയും ചെയ്യുക.

ബ്രാഹ്മണർ വേദം അഭ്യസിച്ചു പരീക്ഷകൊടുക്കാനായിട്ട് ഹാജരായാൽ ക്ഷേത്രഉടമസ്ഥനായ നായർപ്രഭു പരീക്ഷകനായിരുന്നുകൊണ്ട് പരീക്ഷിക്കുകയും ജയിക്കുന്നപക്ഷം ആണ്ടുതോറും ആയിരപ്പറ നെല്ലും മറ്റ് ആദായങ്ങളും കൊടുത്ത് അയാളെ ആ ക്ഷേത്രത്തിലെ ഒരു ഊരാണ്മസ്ഥാനത്തിലാക്കുകയും തോറ്റുപോകുന്നെങ്കിൽ അപമാനിച്ച് ആറ്റിനക്കരെകടത്തി ഓടിക്കുകയും ചെയ്യുക.

ഈ ഉദാഹരണങ്ങളിൽ ബഹുമാനിക്കപ്പെടുന്നവരെല്ലാം അതാതു ദേശങ്ങളിലെ പ്രഥമസ്ഥാനികളായ നായർ പ്രഭുക്കന്മാരും ബഹുമാനിക്കുന്നവരെല്ലാം അതാതു സ്ഥലങ്ങളിലെ മുൻപറയപ്പെട്ട പ്രഥമസ്ഥാനികളുടെ അധീനത്തിലിരിക്കുന്നവരായ മറ്റുള്ള പ്രഭുക്കന്മാരും ഊരാണ്മക്കാരായ ബ്രാഹ്മണരുമാകുന്നു.

ഇപ്രകാരം നായർ ഇടപ്രഭുക്കന്മാരുടെ സ്വന്തമായും അവരുടെ രക്ഷയിലും ഇരുന്നിരുന്ന ഈ മലയാളനാട്ടിൽ ഓരോ ദേശങ്ങളിലും മേൽക്കാണിച്ചപ്രകാരം സേവ്യസേവകഭാവത്തെ അറിയിക്കുന്നവയായ ഏർപ്പാടുകളും നടപടികളും സ്വല്പഭേദഗതികളോടുകൂടിയവയായിട്ടുണ്ട്. മേല്പറഞ്ഞ ഉദാഹരണങ്ങൾ ഏറെക്കുറെ സുപ്രസിദ്ധങ്ങളാകുന്നു. ഇങ്ങനെ ഇനിയും ഒട്ടുവളരെ പറവാനുണ്ട്; അവയെ അടുത്ത പുസ്തകത്തിൽ വിവരിച്ചുകൊള്ളാം.

digitized by www.sreyas.in

അദ്ധ്യായം 6

# നായന്മാരുടെ ഔൽകൃഷ്ട്യവും മലയാളഭൂമിക്കുള്ള അവരുടെ ഉടമസ്ഥാവകാശവും

ആദ്യം ബ്രാഹ്മണരുടെ ഔൽകൃഷ്ട്യത്തേയും ശൂദ്രരുടെ നൈകൃഷ്ട്യത്തേയും കാണിക്കുന്നതായ അവരുടെ അന്യോന്യപെരുമാറ്റങ്ങളെ പറഞ്ഞു. അനന്തരം ശൂദ്രരുടെ ഔൽകൃഷ്ട്യത്തേയും ബ്രാഹ്മണരുടെ നൈകൃഷ്ട്യത്തേയും കാണിക്കുന്ന കൃത്യങ്ങളെ പറഞ്ഞു. ഇതുകളിൽ ബ്രാഹ്മണരുടെ പെരുമയേയും (മേന്മയേയും) ശൂദ്രരുടെ താഴ്മയേയും കുറിച്ചു പറയുന്നതിനെ എല്ലാം ബ്രാഹ്മണപരമായിരിക്കുന്ന കേരളോല്പത്തികൾ, കേരളമാഹാത്മ്യം മുതലായവ താങ്ങുന്നുണ്ട്. ശൂദ്രരുടെ മേന്മയേയും ബ്രാഹ്മണരുടെ താഴ്മയേയും കുറിച്ചു പറയുന്ന സംഗതികളെ ഒക്കെയും എല്ലാപേരും സമ്മതിച്ചിരിക്കുന്ന ആധാരപ്രമാണങ്ങളും യുക്ത്യനുഭവങ്ങളും താങ്ങുന്നുണ്ട്. ഇതുകളിൽ ആദ്യത്തെ ഭാഗം ശരിയാണെങ്കിൽ രണ്ടാമത്തെ (വിധവും) ഭാഗവും രണ്ടാമത്തെ ഭാഗം ശരിയായിരിക്കുന്ന പക്ഷം ആദ്യത്തെ (ഒന്നാമത്തെ) ഭാഗവും വാസ്തവമായി വരാൻ പാടില്ല.

ഒന്നാമത്തെ പക്ഷത്തിൽ ചേർന്ന ഭാർഗ്ഗവബ്രാഹ്മണകീർത്തനങ്ങളും തൽപ്രമാണങ്ങളും ശ്രുതിയുക്ത്യനുഭവങ്ങൾക്ക് ഒക്കാതെയും ഖണ്ഡിക്കപ്പെട്ടും പോയതുകൊണ്ട് ആധാരപ്രമാണങ്ങൾക്കും യുക്ത്യനുഭവങ്ങൾക്കും ശരിയായിട്ടിരിക്കുന്ന രണ്ടാംഭാഗത്തെത്തന്നെ വാസ്തമായുള്ളതെന്നു നിശ്ചയിക്കേണ്ടതായിരിക്കുന്നു. അപ്രകാരമാകുമ്പോൾ മലയാളഭൂമിയും സകല വസ്തുക്കളും നായന്മാർക്കു മാത്രമുള്ളതായിട്ടേ ഇരിക്കാൻ പാടുള്ളൂ. അപ്പോൾ മലയാളബ്രാഹ്മണരുടെ വസ്തുക്കളും സ്ഥാനമാനങ്ങളും സകലവും ശൂദ്രരുടെ വകയായിട്ടും അവർ ഈ ബ്രാഹ്മണർക്കു കൊടുത്തതായിട്ടും തന്നെയിരിക്കണം. അല്ലെങ്കിൽ

digitized by www.sreyas.in

ഈ ബ്രാഹ്മണരും ശൂദ്രർതന്നെയാകുന്നു എന്നും മറ്റൊരു പ്രകാരത്തിലുമാവാൻ പാടില്ലെന്നുംവരും.

എന്നാൽ ഇനി ബ്രാഹ്മണരുടെ വസ്തുക്കളും പദവികളുംകൂടി മേല്പറഞ്ഞപ്രകാരം ശൂദ്രർക്കുള്ളതായിട്ടും അവർ ഈ ബ്രാഹ്മണർക്കു കൊടുത്തതായിട്ടും തന്നെയിരിക്കുന്നോ; അല്ലാത്തപക്ഷം മലയാളബ്രാഹ്മണർ എന്നു പറയപ്പെടുന്നവരും ശൂദ്രർതന്നെയാണെന്നു കലാശിക്കുന്നോ? രണ്ടുപ്രകാരത്തിലേതാകുന്നു ശരി എന്നു നോക്കാം:

മലയാളബ്രാഹ്മണർ എന്നാൽ മലയാളത്തിലെ ബ്രാഹ്മണർ എന്ന് അർത്ഥമാകുന്നു. മലയാളത്തിലെ ബ്രാഹ്മണരെന്നതിന്നർത്ഥം മലയാളത്തിൽ ജനിച്ചു വാഴുന്നവരെന്നോ അന്യദേശങ്ങളിൽ വന്നു താമസിക്കുന്നവരെന്നോ? മലയാളഭൂമിയുണ്ടായശേഷം ആദ്യമായിട്ട് അവിടെ ബ്രാഹ്മണരെന്നൊരു വകക്കാരുണ്ടായിരുന്നില്ലെന്നു പ്രമാണസിദ്ധമാകയാൽ ജനിച്ചുവാഴുന്നവരെന്നു പറവാൻ പാടില്ലാ. പരദേശങ്ങളിൽനിന്നു വന്നു താമസിക്കുന്നവരെന്നാകുന്നപക്ഷം ബ്രാഹ്മണജാതിയിലുള്ള അനേകവർഗ്ഗക്കാർ മലയാളത്തു വന്നു താമസിച്ചുവരുന്നുണ്ട്. അവരിലാർക്കും മലയാളശബ്ദം ചേരുകയോ ചേർക്കുകയോ ചെയ്തിട്ടില്ലാ. ഇവിടെനിന്നു ലഭിക്കുന്ന ആദായത്തിനോടു സ്നേഹമുണ്ടെങ്കിലും മലയാളശബ്ദത്തെ സ്വജാതിനാമത്തോടു ചേർക്കുന്ന കാര്യത്തിൽ പലർക്കും വെറുപ്പുതന്നെ. ശ്രവണമാത്രത്തിൽപ്പോലും വെറുപ്പുതോന്നുന്ന വകക്കാർ ധാരാളമില്ലെന്നില്ലാ. 'പരദേശബ്രാഹ്മണരെല്ലാപേരും പലപ്പോഴായിട്ട് തനിയെ വന്നിട്ടുള്ളവരും യഥേഷ്ടം സ്വദേശത്തും മലയാളത്തിലുമായിട്ടു ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്നവരുമാകയാൽ മലയാളരാകാത്തതാണ്. ആദ്യം വന്നവർ അപ്രകാരമുള്ളവരല്ലാ. ഭാർഗ്ഗവൻ പോയി ക്ഷണിച്ചുകൊണ്ടുവന്നു ഭൂമിയും കൊടുത്തു സ്വദേശമായ പരദേശത്ത് ഒരുനാളും പോകാൻപാടില്ലാത്ത വിധത്തിലുള്ള ഏർപ്പാടുകളും ചെയ്ത് ഇവിടെത്തന്നെ വാഴിക്കയാൽ മലയാളരായിപ്പോയതാണ്,' എന്നിങ്ങനെ പറയാമെന്നുവച്ചാൽ ഭാർഗ്ഗവൻ കൊണ്ടുവന്നു എന്നും മറ്റുമുള്ള സകല സംഗതികളും ഇതിനു മുമ്പുതന്നെ ഖണ്ഡിക്കപ്പെട്ടു പോയിരിക്കുന്നതിനാൽ ആയതിനും പാടില്ല.

അല്ലാതെയും 'മലയാളമെന്നും ബ്രാഹ്മണ'നെന്നും രണ്ടു വാക്കുള്ളവയിൽ ആദ്യത്തേതു പന്ത്രണ്ടു തമിഴുനാടുകളിലൊന്നായ ഈ മലയാളഭൂമിയുടെ പേരാകയാൽ മലയാളഭാഷയിലുള്ളതും രണ്ടാമത്തേത്

digitized by www.sreyas.in

(ബ്രാഹ്മണശബ്ദം) മലയാളഭാഷയോടു ചേർന്നതല്ലാത്തതും ബ്രഹ്മാവർത്തത്തിലുണ്ടായതും ആര്യാവർത്തം മുഴുവനും ധാരാളം നടപ്പുള്ളതുമാകയാൽ സംസ്കൃതഭാഷയിൽ ചേർന്നതുമാകുന്നു.

ഇപ്രകാരം മലയാളനാടും ബ്രാഹ്മണശബ്ദവും അന്യോന്യം വളരെ ദൂരത്തിലാകയാൽ ബ്രാഹ്മണശബ്ദത്തിന്റെ ദേശത്തു മലയാളനാടും മലയാളനാട്ടിൽ ബ്രാഹ്മണശബ്ദവും വരുവാൻ പാടില്ലാ. രണ്ടു ശബ്ദങ്ങളും ചേർന്ന് 'മലയാളബ്രാഹ്മണർ' എന്നൊരു വാക്ക് ഉണ്ടായി ഈ നാട്ടിൽ വളരെക്കാലമായിട്ടു നടപ്പിൽ വന്നിരിക്കയാൽ ഇതിലേക്ക് ഏതെങ്കിലും മാർഗ്ഗവും ആവശ്യവും കൂടാതെ കഴികയില്ലെന്നുള്ളതു നിശ്ചയംതന്നെ. എന്നാൽ അതിനെപ്പറ്റി അന്വേഷണം ചെയ്താൽ താഴെ കാണിക്കുന്നവയല്ലാതെ മറ്റു യാതൊരു മാർഗ്ഗവും ആവശ്യവും അതിനില്ലെന്നു തീർച്ചപ്പെടുന്നു.

ബ്രാഹ്മണർ ഇവിടെ വന്നുചേരുന്നതിനു മുമ്പേതന്നെ ഇവിടെ (മലയാളത്തിൽ) സ്വന്തമായിട്ട് ഒരുവക ആളുകൾ ഉണ്ടായിരുന്നു എന്നും ആയവർ വളരെ ബലവാന്മാരും സാമർത്ഥ്യശാലികളും സദാചാരധർമ്മതല്പരന്മാരും സൽഗുണസമ്പന്നരും ധൈര്യശാലികളും ആയിരുന്നുവെന്നും അവർതന്നെ ഈ ഭൂമിയെ പരിപാലിച്ചുവന്നു എന്നും അങ്ങനെയിരിക്കവെ ബ്രാഹ്മണർ ദാരിദ്ര്യനിവൃത്തിയെ കരുതി പലപ്പോഴും കൂട്ടംകൂട്ടമായിട്ട് ഇവിടെ വന്നുചേരുകയും അവരുടെ നടപടികളും സ്വഭാവങ്ങളും പിടിക്കായ്കയാൽ അപ്പഴപ്പോൾ സ്വദേശികൾ (നായകന്മാർ) അവരെ തുരത്തി ഓടിക്കയും എന്തായിട്ടും വേറെ ഗതിയില്ലായ്കയാൽ അവർ പലരും പല സമ്പ്രദായങ്ങളും കൊണ്ടു സൂത്രത്തിൽ വന്നു പലരേയും പലപ്രകാരത്തിൽ പ്രീതിപ്പെടുത്തുകയും ഇങ്ങനെ ക്രമേണ ഇവിടത്തെ താമസത്തിനു തരം സമ്പാദിക്കുകയും ചെയ്തു എന്നും സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിലെ നല്ല കവികളെക്കുറിച്ച് അഭിനവകാളിദാസനെന്നും ഇൻഡ്യൻ ഷേക്സ്പിയറെന്നും മറ്റും പറയുന്നതുപോലെ ആ കാലത്ത് ഈ മലയാളത്തുണ്ടായിരുന്നുവരുടെ അവസ്ഥ അവിടത്തെ (ആര്യാവർത്തത്തിലെ) സൽബ്രാഹ്മണരുടെ അവസ്ഥയോടു തുല്യമായിട്ടോ അതിനെക്കാൾ ഉപരിയായിട്ടോ ഇരിക്കുന്നതിനെ കണ്ടും എങ്ങനെയും മേൽക്കുമേൽ പ്രീതിയെ സമ്പാദിക്കുന്നതിനുവേണ്ടിയും ബഹുമാനസൂചകമായിട്ട് ആ (വന്നിരുന്ന) ബ്രാഹ്മണർതന്നെ ഇപ്രകാരം 'മലയാളബ്രാഹ്മണർ' എന്നു വിളിച്ചുതുടങ്ങുകയും ഇവർ അതിനെ സ്വീകരിച്ചുപോരുകയും ചെയ്തിട്ടുള്ളതാകുന്നു എന്നുമാണ് ഇതിന്റെ വാസ്തവം. മേല്പറഞ്ഞ സംഗതികളെ താഴെ കാണിക്കുന്ന പ്രമാണങ്ങൾ മുഴുവൻ സാധൂകരിക്കുന്നു.

digitized by www.sreyas.in

"നാകാസ്സർവ്വേ സമാഗത്യ ശ്രീമൂലസ്ഥാനമണ്ഡപേ,
ചതുഷ്ഷഷ്ടിതമാ നാകാ വയമേവ ന സംശയഃ
വരുണസ്തു പുരാസ്മാകം ദത്തവാൻ ദ്വിജസത്തമാഃ
സമുദ്രാന്തേ ച യാ ഭൂമിർജാതാ ചേന്മമ ശാസനാൽ
നാകേഭ്യശ്ച മയാ ദത്താ മദ്ദേഹസ്യ വിഷോൽകരം
നാകാനാം ശാസനാദേവ നിവാരയതു ദേഹജം.
വിഷഹീനശരീരോഭൂത്തൽക്കാലേ തേജസാ യുതഃ
തസ്മാദസ്മാകമേവാശു കേരളം ഭൂമിമണ്ഡലം
ന ദീയതേ ച യുഷ്മാഭിർച്ഛർദ്ദയിഷ്യാമഹേ വിഷം
ചതുഷ്ഷഷ്ടിതമേ ഗ്രാമേ സർവ്വം രാജസു കുർമ്മഹേ,
ഭാർഗ്ഗവം പ്രാഹ ഭഗവാൻ നാരദോ മുനിവല്ലഭഃ
ചതുർണ്ണാം സ്ഥാനമത്രൈവ ഏകഭാഗശ്ച ദീയതാം.
നാരദസ്യവചശ് ശ്രുത്വാ ഭാർഗ്ഗവോദത്തവാൻ ദ്വിജൈഃ
യാവൽ ഗോകർണ്ണപര്യന്തം താവൽ കന്യാകുമാരികാ
ഗ്രാമേഷു ക്ഷേത്രഗോഷ്ഠേഷ്ടഭവനേഷു മമാജ്ഞയാ
ചതുർണ്ണാമേകഭാഗഞ്ച നാകേഭ്യശ്ച പ്രയച്ഛതി"

(കേ. മാ. അ. 88.)

അർത്ഥം: "നാകന്മാരെല്ലാവരും കൂടിച്ചേർന്നു ശ്രീമൂലസ്ഥാനമണ്ഡലത്തിൽ പ്രവേശിച്ച് അല്ലയോ ദ്വിജസത്തമന്മാരേ! ഞങ്ങൾ 64 ഗ്രാമക്കാരായ നാകന്മാരാകുന്നു; സംശയമില്ലാ (സംശയിക്കേണ്ട) ഈ ഭൂമി വരുണൻ പണ്ടു ഞങ്ങൾക്കു തന്നതാകുന്നു (എങ്ങനെയെന്നാൽ) എന്റെ (വരുണന്റെ) ആജ്ഞനിമിത്തം സമുദ്രത്തിലുണ്ടായ ഭൂമിയെ ഞാൻ നാകന്മാർക്കായിട്ടു കൊടുത്തിരിക്കുന്നു; എന്റെ ശരീരത്തിലുണ്ടായിരിക്കുന്ന വിഷവർദ്ധന[1] ഈ നായകന്മാരുടെ ശാസനകൊണ്ടു തന്നെ ശമിക്കട്ടെ (ശമിക്കും)[2]; ഇപ്രകാരം കൊടുത്തപ്പോൾ വിഷഹീനശരീരനായി തേജോമയനായിഭവിക്കയും ചെയ്തു[3]; അതുകൊണ്ട് ഈ ഭൂമി ഞങ്ങൾക്കുള്ളതുതന്നെയാണ്. ഈ കേരളഭൂമണ്ഡലത്തെ തൽക്ഷണം ഇങ്ങോട്ടു വിട്ടുതന്നില്ലെന്നുവരികിൽ 64 ഗ്രാമങ്ങളിലും വിഷത്തെ പുറപ്പെടുവിക്കുന്നുണ്ട് [4]; ഇങ്ങനെ പറഞ്ഞപ്പോൾ ശരിയായിട്ടു നാലിലൊരുഭാഗം (ഗോകർണ്ണം മുതൽ കന്യാകുമാരിവരെ) അവർക്കു കൊടുക്കുന്നതാണ് നല്ലത് എന്നു ഭാർഗ്ഗവനോടു നാരദൻ പറഞ്ഞതുകേട്ട് ഭാർഗ്ഗവൻ എല്ലാ വസ്തുക്കളിൽനിന്നും നാലിലൊരു ഭാഗം ബ്രാഹ്മണരെക്കൊണ്ടു കൊടുപ്പിച്ചു."

എങ്കിലോ പണ്ടു ബ്രാഹ്മണനരുളാൽ അലകടലടിച്ചുകൊള്ളും, എണ്ണംകൊണ്ടടങ്ങാക്കൈകളെല്ലാം പൊലിവു വിട്ടു, പിൻവാങ്ങി

digitized by www.sreyas.in

ക്കൊൾവൂതാകവെ, സമുദ്രരാജനായിരിപ്പൊരു വരുണരാജൻ[5] മകിഴ്വുറ്റു[6] താനെ താൻ പെറ്റു[7] കൊടുപ്പൂതും ചെയ്തു.

"എങ്കിലോ അക്കടലുടയ നാകത്താന്മാരല്ലോ ആകുന്നത്.[11] അവർക്കല്ലോ ആദികാലത്തേ വരുണൻ ഒരു നൂറ്റെട്ടുകാതംകൊണ്ട തറ മുഴുവതും കൊടുത്തു എന്നു ചൊല്ലിയത്."

"അപ്പെരും കോലുറ്റ നാകരോ ചീ പടിയാക മഹാദും ബ്രാഹ്മണർക്കു വശമല്ലാഞ്ഞു;

"കാറിടിയൊത്തു ച്ചീറിമിഴിക്ക, പ്പേടി മുഴുത്തു, കൈകളൊതുക്കി, കൂറചുരുക്കി, ത്തലയതു താഴ്ത്തി, ക്കാതം വിട്ടുക്കണിയും വിട്ടു പ്പാടും വിട്ടു, ത്താനംവിട്ടു, ഇരവിൽ താനെ മൂച്ചു[8] വിടാതെ പ്പാറപ്പറ്റ പ്പലവഴി പോയാർ."

(ഒരു പഴയ കേരളോല്പത്തി)

"സമ്പൂർണ്ണാദുദകാജ്ജാതാ (നിറഞ്ഞ ജലത്തിൽനിന്നുണ്ടായത്) (കേരളമാഹാത്മ്യം)

"കേരളം"; യദ് (യാതൊന്നു) കേ (ജലേ) രളതി (രാജതി) യാതൊന്നു വെള്ളത്തിൽ ശോഭിക്കുന്നുവോ അതു കേരളം. (കേരളവിലാസം)

"സമുദ്രം ഒരുകാലത്തു ക്രമേണ മുന്നോട്ടുള്ള ഊക്കം വിട്ടു പടിഞ്ഞാറോട്ടു മാറിയപ്പോൾ സമുദ്രരാജനായ വരുണരാജൻ താനേ താൻ പെറ്റത്" (സമുദ്രം നീങ്ങിയപ്പോൾ അവിടെ കാണപ്പെട്ടത്.) (ഒരു പഴയ കേരളോല്പത്തി)

"ഭാർഗ്ഗവൻ വരുണനെ സേവിച്ചു തപസ്സുചെയ്തു ഭൂമീദേവിയെ വന്ദിച്ച് (സമുദ്രത്തിൽനിന്ന്) നൂറ്ററുപതുകാതം ഭൂമിയെ ഉണ്ടാക്കി." (വേറെ ഒരു കേരളോല്പത്തി)

ഈ പ്രമാണങ്ങളാൽ ഈ ഭൂമി, സമുദ്രം കിടന്നിരുന്ന സ്ഥലം അതായതു കടൽവെപ്പ് ആകുന്നു എന്നു വിശദമാകുന്നു.

"വരുണസ്തു പുരാസ്മാകം ദത്തവാന്മുനിസത്തമ"

(കേരളമാഹാത്മ്യം)

അർത്ഥം: വരുണനാകട്ടെ പണ്ടുപണ്ടേ ഞങ്ങൾക്കു തന്നുപോയിട്ടുള്ളതാകുന്നു.

digitized by www.sreyas.in

"തസ്മാദസ്മാകമേവ" (കേരളമാഹാത്മ്യം)

അർത്ഥം: "അതിനാൽ ഞങ്ങൾക്കുള്ളതുതന്നെയാണ്"[9], എന്നു നാകന്മാരും; അതിനെ സമ്മതിച്ച്,

നാകേഭ്യശ്ച മയാ ദത്താ (കേരളമാഹാത്മ്യം)

അർത്ഥം: "നാകന്മാർക്കായിട്ടു ഞാൻ കൊടുത്തിരിക്കുന്നു[10] എന്നു വരുണനും പറഞ്ഞിരിക്കുന്നതിനാലും,

"എങ്കിലോ അടക്കലുടയ നാകത്താന്മാരല്ലോ ആകുന്നത്;* അവർക്കല്ലോ ആദികാലത്തെ വരുണൻ ഒരു നൂറ്ററുപതുകാതംകൊണ്ട തറ മുഴുവതും കൊടുത്തു എന്നു ചൊല്ലിയത്."

എന്ന് മുൻപറഞ്ഞ കേരളോല്പത്തിവാക്യംകൊണ്ടും നാകന്മാർ കടൽവെപ്പായ ഈ ഭൂമിയുടെ ആദ്യത്തെ ഉടയക്കാരും കൈവശക്കാരും ഈ കടൽവെപ്പുണ്ടാകുന്നതിനുമുമ്പ് സമുദ്രത്തോടു തൊട്ടുകിടന്നിരുന്ന മലപ്രദേശത്തിലെ പ്രഭുക്കളുംഅവിടെ പാർപ്പുകാരും ആയിരുന്നു എന്നു സിദ്ധിക്കുന്നു.

ഇനി എല്ലാറ്റിലും നാലാലൊരുഭാഗം നാകന്മാർക്കു കൊടുപ്പിച്ചു, എന്നതിന്റെ സാരം അടുത്തുവരുന്ന പ്രസംഗങ്ങളിൽനിന്നു താനേ വെളിപ്പെടും, അതുകൊണ്ട് ഇവിടെ പ്രത്യേകം എടുത്തു വിവരിക്കുന്നില്ല.

"അസിഹസ്തൈ രക്ഷിതത്വാൽപ്രഭുഭിർന്നാകനാമകൈഃ"

(മലയാദ്രി മാഹാത്മ്യം)

അർത്ഥം: "കൈയിൽ വാളുള്ളവരും നാകന്മാർ എന്നു പ്രസിദ്ധന്മാരും ആയ പ്രഭുക്കളാൽ രക്ഷിക്കപ്പെടുക നിമിത്തം."

"നായകാഖ്യാ യത്ര ശൂദ്രരാജാനസ്സന്തി...."

(സഹ്യാദ്രിഖണ്ഡം)

അർത്ഥം: "നായകന്മാരെന്നു പേരുള്ള ശൂദ്രരാജാക്കളുള്ള സ്ഥലം."

ഈ പ്രമാണങ്ങളാൽ ഈ ഭൂമിയെ നാകന്മാർതന്നെ കൈവശം വച്ചു രക്ഷിച്ചുവന്നിരുന്നു എന്നു തീർച്ചപ്പെടും.

താഴെ കാണിക്കുന്ന പ്രമാണങ്ങളെക്കൊണ്ട് ഈ നാകന്മാർ പണ്ട് ഏതെല്ലാം അവസ്ഥയിലിരുന്നിട്ടുള്ളവരാണെന്ന് അറിയാം:

digitized by www.sreyas.in

1) "ഈശ്വരാരാധനേ രക്താ ഭക്താ യത്ര സുസാധവഃ
ജനാ യത്ര ദാനശൂരാഃ സംഗ്രാമാങ്കണഭൈരവാഃ
യോഗിനോ യദ് ഗുഹാന്തസ്തു പേടികാ രത്നദീപികാഃ
നായകാഖ്യാ യത്ര ശൂദ്രരാജാനസ്സന്തി സർവ്വദാ."
(സഹ്യാദ്രിഖണ്ഡം)

അർത്ഥം: എവിടത്തുകാർ ഈശ്വരാരാധനത്തിങ്കൽ ഇച്ഛയും ഭക്തിയുമുള്ള സാധുക്കളോ, യാതൊരിടത്തുള്ളവർ ദാനശൂരന്മാരായും വിശിഷ്ടയോദ്ധാക്കളായും ഇരിക്കുന്നോ, എവിടെയുള്ള ഗുഹകളിൽ പെട്ടികളിൽ രത്നദീപങ്ങളെന്നപോലെ യോഗികൾ ശോഭിക്കുന്നുവോ, സർവ്വസ്വവും ദാനംചെയ്യുന്നവരായ നായകർ എന്ന ശൂദ്രരാജാക്കൾ എവിടെയോ,

2) നെടുമീശൈ, വിരിമാറു, തിടമേനി, പടവാളു, നീറണിനെറ്റി, നേർന്തകോളരിമേത്തടം, പൊട്ടിച്ചിതറവമർത്തും നെടിന്തിടക്കൈ, നെടുവില്ലങ്കർ, തടവില്ലങ്കർ, മേത്തട വില്ലങ്കർ, ഇരുത്തട വില്ലങ്കർ, മുത്തട വില്ലങ്കർ, മാവില്ലങ്കർ, വെട്ടത്തറവില്ലങ്കർ, മാന്തറ, നെടന്തറ, കൊടിക്കടയ്ക്കൽ, കോവള മരുത്തംകോട്ട്, ചെമ്പുലിക്കണ്ണ്, ആനയോട്ടിപ്പടവർ, കുതിരവെട്ടിപ്പടവർ, ഉണ്ടതട്ടിപ്പടവർ, ഇട്ടിച്ചീരാട്ടിപ്പടവർ, നെടുമാത്തൻ കൊല്ലി, കരുമ്പാറക്കൈക്കൊല്ലി, പുത്തെല്ലി, മാറപ്പാടിക്കാവറോട്, കണ്ണനാട്, മൂഴിക്കുളം, പറണ്ടത്തോള്, എട്ടുവില്ലിങ്കൽ ഒരു കുതിപ്പിൽ മേൽ കിളമ്പി ഈരെട്ടെണ്ണം മേൽ മറിക്കരണം പോട്ട്, മുത്തറയ്ക്കപ്പാൽ ഉണ്ടതട്ടി, അമ്പുതട്ടി, കച്ചില്ലെറി തട്ടി, മാറ്റലർ കൊടുങ്കോളൊന്നുമേശാമൽ മുത്തറയ്ക്കപ്പാൽ മപ്പടിച്ചുക്കാലൂന്നി വട്ടക്കാൽവീശി, മാറ്റലർ കന്നം തെറിക്കക്കൊടും കാലടിക്കും, ആൾപടക്കാലമാടപ്പെരുന്തലൈവരയ്യായിരവും, കൊട്ടൂലണിവേന്തർ, മേയ്ക്കയ്മ്മ മുഴുക്കയ്മ, , കോയിക്കയ്മ, കോയിക്കപ്പേരുങ്കെയ്മ്മ, കൈമ്മപ്പളുവെണ്ണൂറും, നമ്പുകൊണ്ടതാനി നാലായിരവും എമ്പുകൊണ്ടതാനി എണ്ണായിരവും, നമ്പുകൊണ്ടതാനി മലച്ചേരിപ്പിരാൻ, നാരങ്ങൊളിപ്പിരാൻ, ചെങ്ങാലിവട്ടത്തറപ്പിരാൻ, മാമാത്തൻചേരി അരുമ്പിരാൻ മുപ്പത്തിരണ്ടും, മാമാത്തഞ്ചേരി വട്ടപ്പൂർ പെരുമ്പിരാൻ നാല്പത്തെട്ടും, പരുവാവണിവട്ടം ഒരു കോവണിപ്പടക്കളക്കണക്കു എണ്ണത്തിച്ചേർന്നൊരും, കിരിയത്തുനാകർ, കുഴാവൈച്ചം കണ്ടുറ്റച്ചേരരോ, എന്നാൽ എങ്കിലോ അച്ചേരവേന്ത്ർടിനെഴുന്തു, ചെംകൈ കുവിത്തു പരത്തി, നീട്ടിയുശക്തി പേരുതവിക്കുള്ളിരങ്കിയമ്പുറ്റു നേരാകമൊഴി ചെപ്പിനാർ, എന്നാൽ തിങ്കൾ പരിതി കതിത്തോങ്കി മണ്ണുവിണ്ണഞ്ചു പേരുതവിപ്പൊരുളു കതിത്തോം കുനാളെല്ലാം ചെമ്മൈ ച്ചെൽവം, ചെഴുഞ്ചെൽവം ചേർന്തുവാഴും ശിവച്ചെൽവം ചെമ്മൈ

digitized by www.sreyas.in

ച്ചെൽവം പെരുഞ്ചെൽവം പേശാവൂ മൈപ്പെരുഞ്ചെൽവമണികളുറ്റു വാഴ്വൂതാക, വാഴ്വൂതാക, നെടുനാൾവാഴ്വൂതാക, നീടൂഴിവാഴ്വൂതാക, തലൈയോങ്കിവാഴ്വൂതാക, പുകഴോന്തിവാഴ്വൂതാക, വെനക്കൊക്കരിത്താർ, കൂവിനാർ.'

(ഒരു പഴയ വട്ടെഴുത്തുഗ്രന്ഥം)

(3) "പാളത്താറും പടൈവാളും, മീതിലുടുപ്പും, മിതിയടിയും, മീശക്കൊമ്പും, വിരികുഴലും, വീരച്ചൊല്ലും, വിളൈയാട്ടും, നീറണിനെറ്റിത്തടവഴകും, നേരിശൈയോങ്കും നെറിനിലൈയും, നാകർക്കിരിയർ തുടിലിതേ, നാടിക്കുടിയർ വണങ്കുവതേ."

([12]ടി ഗ്രന്ഥം മറ്റൊരുഭാഗം)

(4) "എങ്കൾകുഴാം നല്ലറവർകുഴാമെ,
ചൊല്ലുവോം മെയ്ചൊൽതഴപ്പ്
എങ്കൾകുഴാം നല്ലറവർകുഴാമേ.
കള്ളരുന്തിടുവതുമില്ലോം;
എങ്കൾകുഴാം നല്ലറവർ കുഴാമേ,
കെണ്ടപ്പറണവ യൊരുവകയുമുൺപതില്ലോം;
എങ്കൾകുഴാം നല്ലറവർ കുഴാമേ,
ഊൻവകൈയുൾക്കൊളവില്ലോം;
എങ്കൾകുഴാംനല്ലറവർകുഴാമേ,
പിറമനവിയരൈത്തവറുവിരുപ്പുറ നോക്കുവതില്ലോം;
എങ്കൾകുഴാം നല്ലറവർകുഴാമേ,
ഈവതില്ലെന മൊഴിന്താൽ പിറകിങ്കുയിർ വാഴ്വതില്ലോം"

(മറ്റൊരു വട്ടെഴുത്ത് ഏട്)

(5) "ഉൾത്തിടമേ യുരുവാന നാകത്താരെ
കൈത്തിടമേ കരുവാന നാകത്താരെ
വൈത്തിടമേ വിലവിരുക്കും നാകത്താരെ
മെയ്ത്തിടമേ മേനിയാന നാകത്താരെ
പൊയ്ത്തിടരെ പൊടിയാക്കും നാകത്താരെ
കത്തിവാൾ കൈഏന്തും നാകത്താരെ
എത്തിശൈയും പുകൾ കൊണ്ട നാകത്താരെ
ചിത്തി, മുത്തി, കൈകണ്ട നാകത്താരെ
വില്ലാളിവീരരാന നാകത്താരെ
വിരുതുകെട്ടി പടവെല്ലും നാകത്താരെ

digitized by www.sreyas.in

പുല്ലനെവെല്ലാം തുറക്കും നാകത്താരെ
പുനിതരടിവണങ്കി വീഴും നാകത്താരെ
അറന്താനെ യുരുവാന നാകത്താരെ
അറന്താനെ കരുവിയാന നാകത്താരെ
അറന്താനെ യുള്ളമാന നാകത്താരെ
അറന്താനെ യുയിരാനനാകത്താരെ
അറന്താനെ കടവുളാന നാകത്താരെ
അറന്താനെ കൽവിയാന നാകത്താരെ
അറന്താനെയുലകമാന നാകത്താരെ
അറന്താനെ വയുമാന നാകത്താരെ
(വേറൊരു വട്ടെഴുത്ത് ഏട്)

ഇനി മേൽപറഞ്ഞ പ്രമാണങ്ങളിൽനിന്നു ചില പ്രധാന വാക്യങ്ങളെ എടുത്ത് ഒന്നുകൂടി വിവരിക്കാം.

"നെടുമീശ, നീറണിനെറ്റി, പാളത്താറും, മീതിലുടുപ്പും, മിതിയടിയും, മീശക്കൊമ്പും, വിരികുഴലും (വളർത്തിയ തലമുടി), വീരച്ചൊൽ (ഗൗരവവാക്ക്), നീറണിനെറ്റിത്തടവഴകും" (നീറണിനെറ്റിയെന്നുള്ളത് ഇവരെക്കുറിച്ചു പറയുന്നെടത്തൊക്കെ വിട്ടുപോകാതെ വിശേഷിച്ചെടുത്തു കാണിക്കുന്നു. അതുകൊണ്ട് ഇവരെല്ലാപേരും - ശൈവർ - ശിവഭക്തന്മാരാണെന്നു നിശ്ചയമാകുന്നുണ്ട്.) ഈ വാക്യങ്ങൾ ഈ നായകന്മാരുടെ വേഷം ഇന്നപ്രകാരമാണെന്നുള്ളതിനെ കാണിക്കുന്നു.

വിരിമാറ് = വിസ്താരമായ മാറ് (നെഞ്ച്), തിടമേനി = ദൃഢഗാത്രം, നേർത്ത = എതിർത്ത (മദിച്ചുവരുന്ന), കോളരി = സിംഹ(ത്തിന്റെ). മേത്തടം = മസ്തകം, പൊട്ടിച്ചിതറ = പിളർന്നു (രുധിരവും തലച്ചോറും ചിന്തുമാറ്), അമർത്തു = തിടിനെന്ന് ഊക്കോടുകൂടി വെച്ചുഞെരിക്കുന്ന അതായത് മുഷ്ടിചുരുട്ടി ഇടിക്കുന്ന, നെടുന്തിടക്കൈ = നീണ്ടും ദൃഢമായുമിരിക്കുന്ന കൈകൾ, കൈത്തിടമേ മേനിയാന (നാകത്താരെ) ബാഹുബലംതന്നെ സ്വരൂപമായുള്ള ഈ വാക്യങ്ങൾ അവരുടെ ശരീരബലത്തെ കാണിക്കുന്നു.

"സംഗ്രാമാങ്കണഭൈരവാഃ" "കാറിടിയൊത്തുച്ചീറിമിഴിക്ക" ഈ വാക്യങ്ങളാൽ അവർ പടക്കളത്തിൽ (ശത്രുക്കൾക്ക്) വലുതായ ഭയത്തെ ഉണ്ടാക്കുന്നവർ - അതായത് വിശിഷ്ട യോദ്ധാക്കളെന്നും, "പൊയ്ത്തിടരെ പൊടിയാക്കും നാകത്താരെ." ഈ വാക്യം അവർ (നാകന്മാർ) അസത്യവാന്മാരെ (ദുർജ്ജനങ്ങളെ) നശിപ്പിക്കുന്നവരാണെന്നും തെളിയുന്നു.

digitized by www.sreyas.in

'നെടുവില്ലങ്കർ', 'തടവില്ലങ്കർ', 'മേത്തടവില്ലങ്കർ', 'ഇരുത്തടവി ല്ലങ്കർ', 'മുത്തടവില്ലങ്കർ', 'മാവില്ലങ്കർ', 'വെട്ടത്തറവില്ലങ്കർ' മുതലായ വാക്യങ്ങൾ അവർ വില്ലുവിദ്യയിൽ അതിസമർത്ഥന്മാരും ശത്രുക്കളോട് മഹാവിഷമക്കാരുമാണെന്നു കാണിക്കുന്നു.

'അസിഹസ്തൈഃ' 'അസിപഞ്ജരിതത്വാച്ച' 'കത്തിവാൾ കയ്യേന്തും നാകത്താരെ' (പടവാൾ കയ്യിലുള്ളവർ) ഈ വാക്യങ്ങൾ നാകന്മാർ എല്ലായ്പോഴും കയ്യിൽ വാളുള്ളവരും വാളഭ്യാസത്തിൽ അതിസമർത്ഥന്മാരും പ്രസിദ്ധി സമ്പാദിച്ചവരും ആകുന്നു എന്നും, (7-ാം അദ്ധ്യായം നോക്കുക).

"ഉണ്ടതട്ടിപ്പടവർ" എന്നു കാണുന്നതിനാൽ നാകന്മാർ ഉണ്ട യിൽനിന്ന് അപായപ്പെടാതെ രക്ഷപെട്ടുകൊള്ളുന്നതിനു തക്കവണ്ണം വിശേഷമായി എന്തോ ഒരു വിദ്യയും സാമർത്ഥ്യവും ഉള്ളവരെന്നു കരു തേണ്ടിയിരിക്കുന്നു. അതിന്റെ വാസ്തവം ഏതുപ്രകാരമെന്ന് അറിവാൻ പാടില്ല. എന്നാൽ ഇവരുടെ പരിശയ്ക്ക് "ഉണ്ടതട്ടും പരിശ" എന്നാണ് നാമം. (ഇതിലേയ്ക്കുള്ള ദിവ്യഔഷധത്തിന് ഒരു ലോഹവും ചില പച്ചി ലകളും ചേരുമാനങ്ങളായി ഉണ്ട്. അതുകൂടാതേയും ഈവക പരിശ ഉപയോഗിക്കണമെന്നുള്ളപ്പോഴൊക്കെ അതിലും പരിശക്കാരുടെ ശരീരം, ഉടുപ്പ് മുതലായവയിലും മേൽപറഞ്ഞ ഔഷധങ്ങളെ തേക്കുക പതിവാണ്.)

'അമ്പുതട്ടി', 'കച്ചില്ലെറിതട്ടി' കൽ + ചില്ലു = കച്ചില്ലു = കരി ങ്കൽകഷണം ഈ വാക്കുകൾ എത്രയും ഊക്കത്തിൽ പാഞ്ഞുവരുന്ന അസ്ത്രങ്ങളേയും അതുകൂടാതെ കവിണകൊണ്ടുള്ള കല്ലേറുകളേയും (പണ്ട് ഈ കവിണേറ് ധാരാളമുണ്ടായിരുന്നു. അത് ഒരു വെടിയുണ്ട യെയോ അമ്പിനെയോപോലെ ഊക്കുള്ളതും വളരെ ഉപദ്രവകരവുമാ യിരുന്നു.) ഊക്കിൽവരുന്ന വാളുകളേയും ലഘുവിൽ തടുത്തുകളയു ന്നതിന് സാമർത്ഥ്യമുള്ളവരെന്നും, (വെട്ടും തടയും നാകന്മാർക്ക് ബാല പാഠമായിരുന്നു.)

"ഒരു കുതിപ്പിൽ മേൽകിളമ്പി.........." എന്നു തുടങ്ങിയ വാക്യ ങ്ങൾ വിശേഷമായ ചാട്ടങ്ങൾ, മറിച്ചിലുകൾ, ഒരു ചാട്ടത്തിനിടയ്ക്ക് അതിശയിക്കത്തക്കവയായ അനേകം അഭ്യാസങ്ങൾ ഇവയെ ചെയ്യു ന്നതിന് അവർ മഹാസമർത്ഥന്മാരായിരുന്നു എന്നും,

"കുതിരവെട്ടിപ്പടവർ" എന്നത് അവർ കുതിരപ്പടയെ വെട്ടുന്ന തിന് വിശേഷസാമർത്ഥ്യം ഉള്ളവരെന്നും, (കാലിന്റെ മുട്ടിനുതാഴെ പടം വരെ മുൻവശത്തു ഒരുമാതിരി മൂർച്ചയുള്ള ആയുധം വച്ചു മുറുക്കി

digitized by www.sreyas.in

ക്കൊണ്ട് അതിവേഗത്തിൽ മേൽപോട്ടുള്ള ചാട്ടത്തോടുകൂടി കുതിരയുടെ കഴുത്തിന്റെ മുൻവശത്തുനിന്നും മേല്പോട്ടു കാൽവീശി കഴുത്തിനെ മുറിക്കയും അതോടൊരുമിച്ചു കൈവാൾകൊണ്ടു കുതിരപ്പുറത്തിരിക്കുന്ന ആളിനെക്കൂടി വെട്ടുകയും ചെയ്യുക അവർക്കു സാധാരണമായ അഭ്യാസമായിരുന്നു.)

"ആനയോട്ടിപ്പടവർ" എന്ന പദം അവർ ആനപ്പടയെ ഓടിക്കുന്നതിനു വിരുതുള്ളവരെന്നും, (ഇക്കാര്യത്തിലേക്കും അവർക്ക് അനേകം ദിവൗഷധങ്ങളും പ്രത്യേകമായ അഭ്യാസചാതുര്യവും ഉണ്ടായിരുന്നു; 'മാതംഗലീല' (ഗജലക്ഷണശാസ്ത്രം) പോലെ 'ആനൈക്കുറിച്ചന്തം' 'പാകര്നടൈ' മുതലായ ഗ്രന്ഥനിരകൾ അവരുടെ ഭവനങ്ങളിൽ എല്ലായിടത്തും ഉണ്ടായിരുന്നു. സ്ത്രീജനങ്ങൾക്കുംകൂടി ഇതു നല്ലപോലെ പരിചയമുണ്ടായിരുന്നതായി കാണുന്നു.)

"ചൊല്ലുവോം മേയ്ച്ചൊൽതഴപ്പ്"; "പൊയ്വാർത്തൈ മൊഴിന്ത നാവോ പിറകിതപ്പട കാണാതെ" (അസഭ്യവാക്കു പറഞ്ഞ നാക്കിന് അതുവരെ അതിരുന്നു വാണസ്ഥലത്തെ പിന്നീടു കാണുന്നതിനു കഴിയുകയില്ല. അതായത് അപ്പോൾത്തന്നെ ആ നാക്കിനെ എടുത്തു വെളിയിൽ കളയുമെന്ന് അർത്ഥം.) ഇതുകൾ അവർ സദാ സത്യവാദികൾ ആയിരുന്നു എന്നും,

'അറവർ' = ധർമ്മിഷ്ഠർ, (സംസ്കൃതഭാഷയിൽ 'ധർമ്മ'മെന്നും 'അധർമ്മ'മെന്നും പറയുന്നതിന് തമിഴ് ഭാഷയിൽ 'അറം' എന്നും 'മറം' എന്നും പറയും. ഇതുകളിൽ അറത്തോടു ചേർന്നവർ 'അറവരും' മറത്തോടു ചേർന്നവർ 'മറവരും' ആകുന്നു.) തമിഴിൽ കുഴാം എന്ന വാക്കിന് 'സമൂഹം' എന്നർത്ഥം. അതിനാൽ, "എങ്കൾകുഴാം നല്ലവർകുഴാമേ" എന്ന വാക്യം ഞങ്ങളുടെ (നാകന്മാരുടെ) സമൂഹം ധർമ്മിഷ്ഠസമൂഹമാകുന്നു എന്നും,

"അറന്താനെ 'യുരു'വാന നാകത്താരെ, അറന്താനെ 'കരുവി'യാന നാകത്താരെ, അറന്താനെ 'യുള്ള'മാന നാകത്താരെ; അറന്താനെ 'യുയിരാ'ന നാകത്താരെ, അറന്താനെ 'കടവു'ളാന നാകത്താരെ, അറന്താനെ 'കൽവി'യാന നാകത്താരെ, അറന്താനെ 'യുലക'മാന നാകത്താരെ, അറന്താനെ 'യെവൈ'യുമാന നാകത്താരെ" ഈ വാക്യങ്ങൾ നാകന്മാരുടെ (ഉരു) സ്വരൂപവും, (കരുവി) പഞ്ചേന്ദ്രിയങ്ങളും, (ഉള്ളം) അന്തഃകരണവും, (ഉയിർ) പ്രാണങ്ങളും, (കടവുൾ) ദൈവവും, [13](കൽവി) വിദ്യയും, (ഉലകം) ലോകവും, എന്നുവേണ്ട അവരുടെ (എവൈ) സർവ്വവും ധർമ്മമയമായിരുന്നു എന്നും,

digitized by www.sreyas.in

"കള്ളരുന്തിടുവതില്ലോം" = "ഞങ്ങൾ മദ്യപാനം ചെയ്യുന്നില്ല; കൊണ്ടൈപ്പറണവ ഒരുവകൈയുൺപതില്ലോം" = മത്സ്യാദികൾ ഒന്നും ഭക്ഷിക്കുന്നില്ലാ; "ഊൻവകൈ യുൾക്കൊളവില്ലോം" = മാംസാദികൾ ഭക്ഷിക്കുന്നില്ല; "പിറർമനവിയരൈ ത്തവറു വിരുപ്പുറ നോക്കുവതില്ലോം" = പരസ്ത്രീകളെ തെറ്റായിട്ടുള്ള സ്നേഹം ജനിക്കുമാറു നോക്കുന്നില്ല. ഈ വാക്യങ്ങൾ നാകന്മാർ മദ്യപാനം; മത്സ്യംതീറ്റി, മാംസഭക്ഷണം, പരസ്ത്രീവാഞ്ഛ, ഇത്യാദി ദുർഗുണങ്ങൾ യാതൊന്നുമില്ലാത്ത പരിശുദ്ധരായിരുന്നു എന്നും,

"ദാനശൂരാഃ സർവ്വദാ" = എല്ലായ്പോഴും ദാനസ്വഭാവമുള്ളവർ; "ഇല്ലാരൈക്കണ്ടങ്ങിശൈന്തുതവി ചെയ്യവേണ്ടും" = ദരിദ്രരായും സാധുക്കളായും ഉള്ള ജനങ്ങളെ അന്വേഷിച്ചു സഹായിക്കണം; "ഈവതില്ലെന മൊഴിന്താൽ പിറകിംകുയിർ വാഴ്വതില്ലോം" = ഇല്ലെന്നു പറഞ്ഞുപോയാൽ പിന്നെ ജീവനെ ധരിക്കുന്നില്ല; ('ഇല്ല' എന്ന് ഒരു വാക്കു പുറപ്പെടുവിക്കാൻ ഇടയായിപ്പോയാൽ പിന്നെ അവർ ജീവിച്ചിരിക്കയില്ല). ഈ വാക്യങ്ങൾ അവർ മഹത്തായ ദാനശീലവും മനോഗുണവും ഉള്ളവരായിരുന്നു എന്നും.

"ഈശ്വാരാരാധനേ രക്താഃ ഭക്താഃ സുസാധവഃ" "പുനിതരടിവണങ്കി വീഴും നാകത്താരെ," "നല്ലാരെ ക്കണ്ടു നയന്തുവണങ്കവേണ്ടും", "നല്ലറിഞ്ഞർപാർച്ചെൻറു നല്ലടിമൈയാകവേണ്ടും. എല്ലാ വിനൈപ്പയനെൻറി ളകാതിക്കവേണ്ടും," ഈ വാക്യങ്ങളാൽ നാകത്താന്മാർ ഈശ്വരാരാധനത്തിൽ താല്പര്യവും, മഹത്തുക്കളിൽ ഭക്തിയും കൈങ്കര്യവും എങ്ങനെയുള്ള അനുഭവങ്ങൾ വന്നാലും ഇളകാതിരിക്കത്തക്കതായ ക്ഷമയും ഉള്ളവരെന്നും തെളിയുന്നു.

ഇനിയും നായകന്മാരുടെ കൂട്ടത്തിൽ രാജയോഗികൾ, സിദ്ധയോഗികൾ, ഹഠയോഗികൾ മുതലായ യോഗിവര്യന്മാരും ഉണ്ടായിരുന്നു എന്നുള്ളതിനു താഴെ പറയുന്നവ ദൃഷ്ടാന്തങ്ങളാകുന്നു.

(1) "യോഗിനോ യൽ ഗുഹാന്തസ്തു പേടികാ രത്ന ദീപികാ", (2) "ചിത്തി, മുത്തി, കൈകണ്ട നാകത്താരെ" (3) 'കോയിക്കപ്പെരുംകയ്മൾ' എന്നൊരു മഹാനായ നായർപ്രഭുവിന്റെ കവിതകളിൽനിന്നും.

## കോളരിപ്പാട്ട്

കോളരിയെ, കോളരിയെ, കോലമിറന്തൊരു കോളരിയെ
കണ്ടാരുൾവെളിക്കോളരിയെ കാണാതാർക്കിരുൾ കോളരിയെ

digitized by www.sreyas.in

ഒൻപതുവായ്[14]ക്കുണ്ടിന്മുകടുള്ളത്തുറ്റു വിളങ്കിയ കോളരിയെ
ആറും[15] താണ്ടിച്ചെന്നാലക്കരെ യരൺമനൈമേവിയ
കോളരിയെ[16]

## കോനാർ പാട്ട്

"കോനാരെക്കൈകൊട്ടിപ്പാടുവീരെ,
കൊണ്ടാനടിച്ചു കൂത്താടുവീരെ,
മാനമോനക്കോട്ടൈ പോടുവീരെ,
മാലറ്റു മാവിൻപം കൂടുവീരെ,
തീയും, പുനലും, [17] വളി, [18] വിശുമ്പും [19]
മണ്ണും കലർന്തു മടമ്പിക്കെട്ടി
വീട്ടിലിരിക്കും നർപ്പേരനാരെ,
പാടുവീർ പാടുവീർ പാവലരെ."

4. വേറൊരു നായർമഹാന്റെ കവിതകളിൽനിന്ന്

## പെരുമ്പെട്ടിപ്പാട്ട്

"തിങ്കൾ പരിതി തിരിന്തൊടുങ്കും പെരുമ്പെട്ടി
തേനൂറിവന്തു തെളിന്തിരുക്കും പെരുമ്പെട്ടി
മാനമറ്റ തുയർക്കു മാളാപ്പെരുമ്പെട്ടി
മണ്ണുവിണ്ണും മറ്റനൈത്തുമടംകും പെരുമ്പെട്ടി."

5. മറ്റൊരു കവി

"വേണാട്ടുപ്പൊങ്കിലിയാർ വെടിവച്ചുക്കാട്ട,
കാണാമ നിൻറവരെ കൺപൊട്ടെരെന്നാർ,
മാണാക്കർ താമരപൈ മകിഴ്ന്തുപറ്റി പാരാട്ട
കോണാമൽ കാണാരെ കോളിലികളെന്നാർ."

6. വേറൊന്ന്

"പിളരി മുഴക്കിപ്പള്ളിയെഴുപ്പിപ്പേരിമ്പക്കടൽ പൊങ്കിവര
കളരി തളുത്തു തുയിലയിട്ടുക്കാർമേനിപ്പൊരിചിന്തിയെഴ"

"പുല്ലെനവെല്ലാം തുറക്കും നാകത്താരെ" ഈ വാക്യം നാകന്മാരുടെ കൂട്ടത്തിൽ പെരിയ തുറവികളും (ത്യാഗികൾ) ഉണ്ടായിരുന്നു എന്നു കാണിക്കുന്നു.

digitized by www.sreyas.in

7. മാനാരിക്കോട്ടയിൽ കോമ്പിത്താൻ ശിവാങ്ങൾ

"ചുട്ടറവെ വെട്ട വെളി തനിയായോങ്കി
മട്ടറവെയടഞ്ഞ നില നിലതാനാകും
അന്നില താനഴിയാതോരറിവായോരു
വിണ്ണിലൈയെന്നമതാശാൻ വിളമ്പിനാരൈ"

"അകമറ്റു, പുറമറ്റങ്ങാകൈയറ്റു,
മേലറ്റു, കീഴറ്റു, വെളിയുമറ്റു,
കണ്ണറ്റു, ക്കാണലറ്റു, കാക്ഷിയറ്റു
വിണ്ണിലൈയെന്നമതാശാൻ വിളമ്പിനാരെ"

മന്നാടി അച്ചൻ ശിവാങ്ങൾ

"ഓമന്നെഴുത്തുതാനൂമൈ യായിനിന്നൂശി മുനയിലും നുണ്ണിതാകി, തേഞ്ഞുചിറുകി ശിവവിണ്ണാകി ഒറ്റുമേ യറ്റു പിരിവറ്റാകും.

എണ്ണാമയക്കാ കടന്തവാനം, ഏറ്റകുറവറ്റിരുക്കും വാനം, ഏമനെക്കാമനെത്തിന്റെ വാനം, എല്ലാമതു വാകി നിന്റെ വാനം, കാഴ്ചയ്ക്കും കേൾവിക്കും എട്ടാവാനം, നാറ്റം ചുവൈ, പറ്റിറന്തവാനം, വെച്ചുടൻ മൂച്ചറ്റിലകും വാനം, പേരിൻ പമാകപ്പൊലിന്തവാനം, മത്തലും കൊത്തലുമാണ്ടവാനം, വന്നാട്ടുമുന്നാട്ടം വിട്ടവാനം, ആശാനരുളാലടൈന്തവാനം, വാനമെന്നുള്ളതും പോന വാനം."

ഈ വാകൃങ്ങൾ നാകന്മാരുടെ കൂട്ടത്തിൽ ബ്രഹ്മസാക്ഷാൽകാരമടഞ്ഞ ജ്ഞാനികൾ സാധാരണമായുണ്ടായിരുന്നു എന്നു കാണിക്കുന്നു.

മേൽക്കാണിച്ച സംഗതികളെക്കൊണ്ട് നാകന്മാർ ഏറ്റവും ശരീരബലമുള്ളവരും, വിശിഷ്ടയോദ്ധാക്കളും, ദുർജ്ജനങ്ങളെ ഉപേക്ഷിക്കുന്നവരും, ശത്രുക്കൾക്ക് അതിഭയങ്കരന്മാരും, വില്ലഭ്യാസം, വാളഭ്യാസം, കല്ലേറഭ്യാസം, ഉണ്ടതട്ടുക, അമ്പുതട്ടുക, കുതിരവെട്ടുക, ആനയോട്ടുക, വിശേഷമായ ചാട്ടം, മറിച്ചിൽ, മർമ്മവിദ്യ മുതലായവയിൽ മഹാസമർത്ഥന്മാരും, എന്തൊക്കെ ആയാലും അസത്യം പറയാത്തവരും, ദാനശൗണ്ഡന്മാരും ഈശ്വരാരാധനത്തിലും മഹത്തുക്കളെക്കുറിച്ചും താല്പര്യവും ഭക്തിയും കൈങ്കര്യവും ഉള്ളവരും, അതിധർമ്മിഷ്ഠന്മാരും, മദ്യപാനം, മത്സ്യംതീറ്റി, മാംസഭക്ഷണം, ഇതുകളൊന്നുമില്ലാത്തവരും, പരസ്ത്രീഗമനത്തിലുള്ള വാഞ്ഛ ചിന്തയിൽപോലും അങ്കുരിക്കാതെ സൂക്ഷിച്ചുകൊള്ളുന്നവരും, രാജയോഗികൾ മുതലായ യോഗീശ്വരന്മാർ ബ്രഹ്മസാക്ഷാൽകാരമടഞ്ഞ ജ്ഞാനികൾ മുതലായ

digitized by www.sreyas.in

സമുദായാംഗങ്ങളോടുകൂടിയവരും ആ വക സംഗതികളെക്കുറിച്ച് സാധാരണമായി നല്ലപോലെ അറിവും വിശ്വാസവും ഉള്ളവരും ആയിരുന്നു എന്നു സിദ്ധിക്കുന്നു.

ബ്രാഹ്മണശബ്ദം ഈ മലയാളദേശത്തു സ്വന്തമായിട്ടുള്ളതല്ലെന്നും, ആദ്യകാലംമുതൽ ബ്രാഹ്മണർ വന്നുകേറിയ കാലംവരെ (വളരെ കൂടുതൽ കാലത്തേക്ക്) ഇതിവിടെ ഇല്ലാതിരുന്നതാണെന്നും, ഈ ശബ്ദം ഇവിടെ പലപ്രകാരത്തിലുള്ള ദോഷങ്ങൾക്കു ഹേതുവായി ഭവിച്ചിട്ടുണ്ട് എന്നും ഈ ശബ്ദത്തെക്കൊണ്ടു നന്മ സിദ്ധിക്കേണ്ടതായിട്ട് ആദ്യകാലം മുതൽക്കിതുവരെ ഗണനീയമായ ഒരു സംഗതിയും ഉണ്ടായിരുന്നിട്ടില്ലെന്നും, മലയാളരിൽ ആരെങ്കിലും ഇവിടെയിരുന്നുകൊണ്ടാകട്ടെ അവിടെ ചെന്നാകട്ടെ ഈ ശബ്ദത്തെ ആവശ്യപ്പെടുകയോ, കൊണ്ടുവരികയോ ചെയ്തിട്ടില്ലെന്നും, മുമ്പിൽ പറഞ്ഞപോലെ വിദേശത്തുനിന്നും വന്നവരായ ബ്രാഹ്മണർ അവരുടെ കാര്യലാഭത്തെക്കരുതി ഇവിടുത്തുകാരിലും ഈ ശബ്ദത്തെ സമർപ്പിക്കയും, എങ്ങനെയോ തെറ്റിദ്ധരിച്ച് ഇവർ അതിനെ സ്വീകരിക്കയും ചെയ്തുപോയതാണെന്നും ഉള്ളതു മേല്പറഞ്ഞ സംഗതികളിൽ നിന്നു നല്ലപോലെ തെളിഞ്ഞിരിക്കുന്നു. ആകയാൽ ഇടക്കാലത്തു കൂട്ടിച്ചേർത്തതും അനാവശ്യകവുമായ ഈ ശബ്ദത്തെ ഇവരിൽ നിന്ന് തള്ളിക്കളയേണ്ടതാകുന്നു. അല്ലാത്ത പക്ഷം അതിനെ വിദേശീയന്മാരായ ചില വർഗ്ഗക്കാർക്കുള്ള പൊതുപേരുകളെപ്പോലെമാത്രം ഗണിച്ചു മലയാളബ്രാഹ്മണർ എന്ന് അഭിമാനം ഭാവിക്കുന്നവരുടെ സ്ഥാനവലിപ്പത്തെ ഗണ്യമാക്കാതെ ഇരിക്കേണ്ടതാകുന്നു. ഇപ്രകാരം മലയാളബ്രാഹ്മണശബ്ദത്തെ ഉപേക്ഷിച്ചുകഴിഞ്ഞാൽ പിന്നെ ആ ശബ്ദത്തോടു കലർന്നിരിക്കുന്ന എമ്പ്രാൻ, നമ്പൂരി, പോറ്റി എന്നീ സ്ഥാനങ്ങൾ മാത്രമാണ് പ്രധാനമായി ശേഷിക്കുന്നത്. ഇവയെപ്പറ്റിയും മറ്റും സവിസ്തരം അടുത്ത പുസ്തകത്തിൽ പ്രതിപാദിച്ചുകൊള്ളാം.

## അടിക്കുറിപ്പുകൾ

1. 'എന്റെ(വരുണന്റെ) ശരീരത്തിലുണ്ടായിരുന്ന വിഷവർദ്ധന' എന്നതിനു സമുദ്രം മാറിയ സ്ഥലത്തുള്ള നിമ്നോന്നതപ്രദേശങ്ങളിലും ചതുപ്പുനിലങ്ങളിലും ഓരിന്റെ ഈർപ്പത്തിൽക്കൂടി വെയിലടിക്കുന്നതിനാലുള്ള അത്യുഷ്ണവും, ജലജന്തുക്കളുടെ അസ്ഥി, കൊമ്പ്, മുള്ള് മുതലായവയും മറ്റുംകൊണ്ടു പലപ്രകാരത്തിലുള്ള വിഷമതകൾ എന്നും.
2. 'നാകന്മാരുടെ ശാസനകൊണ്ട് ശമിക്ക' എന്നതിന് അതി സമീപവാസികളായും സ്വന്തക്കാരായും പ്രഭുക്കളായും അസംഖ്യം ജനം അധീനത്തിലുള്ളവരായും

digitized by www.sreyas.in

അത്യുത്സാഹികളായും സമ്പന്നന്മാരായും ഉള്ള നാകന്മാർ ഉദ്യമിച്ചാലേ ആൾ ശേഖരിച്ചു വേണ്ടുംപോലെ ദേഹണ്ണം നടത്തി ദുർഘടങ്ങളെയെല്ലാംനശിപ്പിക്കുവാൻ കഴിയൂ എന്നും,

3. 'വിഷഹീനശരീരനായി തേജോമയനായി ഭവിക്കയും ചെയ്തു' എന്നതിന് അപ്രകാരം നാകന്മാർ പ്രയത്നിച്ചു നന്നാക്കിയെന്നും അപ്പോൾമുതൽക്ക് ഈ ഭൂമിയുടെ നിഷ്പ്രയോജനതയും സകല മാലിന്യങ്ങളും ഒഴിഞ്ഞ് അത് സ്വർഗ്ഗസദൃശമായി പ്രകാശിച്ചു എന്നും,

4. 'ഈ കേരളഭൂമിയെ തൽക്ഷണം വിട്ടുതന്നില്ലെങ്കിൽ 64 ഗ്രാമങ്ങളിലും വിഷത്തെ പുറപ്പെടുവിക്കുന്നുണ്ട്' എന്നതിനു നീതികേടു കാണിച്ചാൽ എല്ലാപേരേയും ഞങ്ങൾ ശിക്ഷിച്ചു പുറത്താക്കിക്കളയുമെന്നും, (ഈ ബ്രാഹ്മണൻ അത്യാഗ്രഹം നിമിത്തം പലതവണയുംവന്ന് എന്തും തോന്ന്യാസങ്ങൾ കാണിക്കയും അതിനു നാകന്മാർ അവരെ അപ്പോഴപ്പോൾ ശിക്ഷിച്ചുപുറത്തുകളകയും ചെയ്തിട്ടുണ്ടെന്നും 'ഈ ബ്രാഹ്മണർക്ക് നാകന്മാരെക്കുറിച്ചു വളരെ ഭയമുണ്ടെന്നും ബ്രാഹ്മണർ ഇവിടെ സ്വന്തഇഷ്ടങ്ങൾ വല്ലതും സാധിച്ചിട്ടുണ്ടെങ്കിലും ആയതു നാകന്മാരെ ആശ്രയിച്ചുകൂടി സൂത്രത്തിൽ പറ്റിച്ച് കാലക്രമേണ പല ചതിവും വഞ്ചനയും പ്രയോഗിച്ചു മാത്രമാണെന്നും ഉള്ളതിലേക്ക് മേൽകാണിച്ച വാക്യവും, 'ഈ ബ്രാഹ്മണർ ഇവിടെ വന്ന് അടുക്കളവൈപ്പ്, മന്ത്രവാദം, അന്യോന്യം കലഹമുണ്ടാക്കുക, സേവാവൃത്തി മുതലായ തൊഴിലുകൾ ചെയ്തുകൊണ്ട് സൂത്രത്തിൽ ഇവിടെ കേറിപ്പറ്റിയതാകുന്നു' എന്ന സഹ്യാദ്രിഖണ്ഡവചനവും സാക്ഷ്യം വഹിക്കുന്നു. വന്നതിന്റെ ശേഷം ബ്രാഹ്മണർ നാകന്മാരുടെ ശാസനനിമിത്തം ഉറച്ചിരിക്കാതെ പൊയ്ക്കളഞ്ഞിട്ടുണ്ട് എന്നുള്ളതിലേക്ക് 'അപ്പെരും കോലുറ്റ നാകരോചീറുംപടിയാക മഹാബ്രാഹ്മണർക്ക് വശമല്ലാഞ്ഞു; കാറിടിയൊത്തുച്ചീറി മിഴിക്ക' എന്നു തുടങ്ങിയുള്ള കേരളോല്പത്തിവചനങ്ങൾ ദൃഷ്ടാന്തമാകുന്നു.

5. 'സമുദ്രരാജനായിരിപ്പൊരു വരുണരാജൻ' എന്നതിന് – സമുദ്ര(ജല) സമഷ്ടി – അതായത്, സമുദ്രംതന്നെയാകുന്നു എന്നും,

6. 'മകിഴ്വുറ്റ്' എന്നതിനു സന്തോഷിച്ചു എന്നും, (കടൽ ഊക്കോടുകൂടി അലയടിച്ച് മുഴങ്ങി മുമ്പോട്ടു താവിക്കൊണ്ടു നിൽക്കുന്ന അവസ്ഥയ്ക്ക് കടലിന്റെ കോപം എന്നും എന്നാൽ ആ അവസ്ഥ വിട്ട് ശാന്തമായി ഒതുങ്ങിയ നില മുൻപറഞ്ഞ കോപത്തിന്റെ വിപരീതാവസ്ഥയാകയാൽ അതിനു സന്തോഷമെന്നും പറയാറുണ്ട്.)

7. 'പെറ്റ്' എന്നതിനു കടൽ നീങ്ങിയിട്ട് ഭൂമി കാണുമാറായി എന്നും,

8. മൂച്ച് = ശ്വാസം

9, 10. 'വരുണൻ ഞങ്ങൾക്കു തന്നു എന്ന് നാകന്മാരും ഞാൻ നാകന്മാർക്കായി കൊടുത്തു എന്ന് വരുണനും പറഞ്ഞു' എന്നതിന് സമുദ്രത്തിൽനിന്നുണ്ടായ ഭൂമി മറ്റൊരുത്തരുടെ അധീനത്തിലാകാതെ നാകന്മാർക്ക് ആകമാറുതന്നെ കിടന്നിരുന്നു എന്നും നാകന്മാരു മറ്റൊരുത്തൻ മുഖാന്തരമായല്ലാതെ നേരിട്ടു പ്രവേശിച്ചു എന്നും,

11. 'അർക്കലുടയ നാകത്താന്മാരെല്ലോ ആകുന്നത് എന്നതിന് ഈ ഭൂമിയുണ്ടാകുന്നതിനു മുമ്പ് അതിനെ മൂടിക്കിടന്നതായ കടലും മേല്പറഞ്ഞ നാകത്താന്മാർക്കുള്ളതെന്നും, ഈ വാക്യങ്ങൾക്ക് അർത്ഥം ആകുന്നു. (മലയപർവ്വതത്തിന്റെ അരികിൽവരെ സമുദ്രം കിടന്നിരുന്നു എന്നും ആ സമുദ്രത്തോടു തൊട്ടുകൊണ്ട് കിഴക്കുവശത്തു തെക്കുവടക്കായി കിടക്കുന്ന മലയപർവ്വതത്തിൽ അതിന്റെ ആദി

digitized by www.sreyas.in

നാഥന്മാരായ നാകത്താന്മാർ നിരന്നു പാർത്തിരുന്നു എന്നും ഉള്ളത് എല്ലാം കൊണ്ടും പ്രസിദ്ധമാണല്ലോ. ആ പർവ്വതത്തിൽ അവരിൽ ഓരോരുത്തർക്കും തനതായുള്ള പ്രദേശത്തിന്റെ തെക്കുവടക്ക് അളവിനൊത്തു സമുദ്രഭാഗവുംകൂടി ചേർന്നിരുന്നു;)

12. പഴയഗ്രന്ഥങ്ങളെ (കിട്ടിയെടത്തോളമുള്ള ഭാഗങ്ങളെ) 3-ാം പുസ്തകത്തിൽ ചേർത്തു പ്രസിദ്ധംചെയ്യുന്നതാണ്). -പ്ര.സാ.
13. 'ധർമ്മോസ്മൽ കുലദൈവതം' എന്നുള്ള ഇവിടത്തെ അടയാളവാക്യവും മേൽ പറഞ്ഞതിനെ അനുസരിച്ച് സംഭവിച്ചിട്ടുള്ളതാകുന്നു എന്ന് നിശ്ചയിക്കേണ്ടിയിരിക്കുന്നു.
14. നവദ്വാരം
15. ഷഡാദാരം
16. അരൺമന = അരമന - രാജകൊട്ടാരം
17. പുനൽ = വെള്ളം
18. വളി = വായു
19. വിശുമ്പ് = ആകാശം

digitized by www.sreyas.in

അദ്ധ്യായം 7

# നായന്മാരെപ്പറ്റി ചരിത്രകാലത്തിൽ വിദേശീയന്മാർക്കുണ്ടായിട്ടുള്ള അഭിപ്രായങ്ങൾ

മുന്നദ്ധ്യായത്തിൽ കാണിച്ച പ്രമാണങ്ങൾ നായന്മാരുടെ പുരാതനസ്ഥിതിയെ കുറിക്കുന്നു. കാലാന്തരത്തിൽ പ്രസ്തുത സ്ഥിതിക്ക് പല കാരണങ്ങളാൽ വളരെ ഭിന്നതകളും ന്യൂനതകളും സംഭവിക്കാനിടയായി. അങ്ങനെ കഴിഞ്ഞുവരവെ ദ്വീപാന്തരനിവാസികളായ വിദേശീയന്മാരിൽ പലരും തങ്ങൾക്ക് ഇദംപ്രഥമമായി സിദ്ധിച്ച പരിഷ്കാരദശയാൽ പ്രേരിതന്മാരായി പല കാലങ്ങളിലും ഈ നാടിനെ സന്ദർശിക്കയും പ്രത്യക്ഷമായിക്കണ്ട നായർസമുദായത്തെ യഥാസ്ഥിതി വർണ്ണിക്കയും ചെയ്തിട്ടുണ്ട്; അവയിൽ ചിലതിനെ താഴെ ചേർക്കുന്നു:

(1) 'റോലൻഡ് സൺ' എന്ന സായ്പിനാൽ തർജ്ജിമ ചെയ്യപ്പെട്ട് ലണ്ടനിൽ 1833-ൽ അച്ചടിക്കപ്പെട്ട 'ടഹഫററുൾ മുജഹിഡിൻ' എന്ന മതസംബന്ധമായ പുരാതനഗ്രന്ഥത്തിന്റെ കർത്താവായ 'ഷൈക്ക്സിനുഡിൻ' എന്ന മുഹമ്മദീയൻ മലയാളികളുടെ സ്ഥിതിയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

'ഒരു പ്രഭു കൊല്ലപ്പെട്ടാൽ, അയാളുടെ അനുചരന്മാർ സംശപ്തകന്മാരുമായി എതിർത്തു പൊരുതി ശത്രുക്കളുടെ രാജ്യത്തെ പലവിധേന നശിപ്പിക്കയും അരിശം തീരുംവരെ ജനങ്ങളെ നിഗ്രഹിക്കയും ചെയ്യുന്നു.'

(2) ക്രിസ്ത്വബ്ദം 9-ാം ശതവർഷത്തിൽ രണ്ടു മുഹമ്മദീയ സഞ്ചാരികൾ* എഴുതിയതും 'റേനാട്ട്' എന്നയാൾ തർജ്ജിമചെയ്ത് 1733 ൽ ലണ്ടനിൽ പ്രസിദ്ധംചെയ്തതും ആയ പുസ്തകത്തിൽ താഴെ പറയുന്നപ്രകാരം[1] കാണുന്നതും ഈ നടപടിയെ ഉദ്ദേശിച്ചായിരിക്കാം.

digitized by www.sreyas.in

'രാജാക്കന്മാർ സിംഹാസനാരോഹണം ചെയ്യുമ്പോൾ താഴെ പറയുന്ന മര്യാദയെ അവലംബിക്കാറുണ്ട്: ഏതാനും ചോറ് രാജാവിന്റെ മുമ്പിൽ കൊണ്ടുനിരത്തും; ഉടൻ മുന്നൂറോ നാനൂറോ ആളുകൾ സ്വന്ത മനസ്സാലെ രാജസന്നിധിയെ പ്രാപിച്ച് അദ്ദേഹം അല്പം ഭക്ഷിച്ചതിനുശേഷം ഓരോപിടി ചോറ് അദ്ദേഹത്തിന്റെ കയ്യിൽനിന്നും വാങ്ങും. ഇതിനെ ഭക്ഷിക്കുന്നതോടുകൂടി രാജാവു മരിക്കയോ കൊല്ലപ്പെടുകയോ ചെയ്യുന്ന ദിവസത്തിൽ തങ്ങൾ അഗ്നിപ്രവേശം ചെയ്യുന്നതിനു നിർബ ന്ധിതന്മാരാകയും അതിനെ ശരിയാകുംവണ്ണം അവർ അനുഷ്ഠിക്കയും ചെയ്യുന്നു.' ഈമാതിരി ആളുകൾക്കു മലയാളപ്പേർ 'ചാവർ' (ചാകുവാൻ തയ്യാറുള്ളവർ) എന്നാകുന്നു. മേൽപറഞ്ഞതിന് 'ബർബോസാ', 'പർക്കാസ്' എന്നീ പോർത്തുഗീസ് ഗ്രന്ഥകാരന്മാരും സാക്ഷ്യംവഹിക്കുന്നു. (ഇതിനെ അനുകരിച്ച് മാപ്പിളമാരും, വള്ളുവനാട്ടു രാജാവിന്റെ കീർത്തിക്കായിട്ട് നായന്മാരോടുചേർന്നു തിരുനാവായിൽ 'മഹാമഖം' (മാമാങ്കം) എന്ന ഉത്സവത്തിനു പരസ്പരം യുദ്ധംചെയ്തു മരിപ്പാനൊരുങ്ങുന്നു.)

(3) മദ്രാസ് സംസ്ഥാനംവക 1891-ലെ സെൻസസ്സ് റിപ്പോർട്ടിൽ മിസ്റ്റർ എച്ച്.എ.സ്റ്റ്യുവർട്ട് എന്നയാൾ ഇപ്രകാരം എഴുതിയിരിക്കുന്നു: 'നായന്മാർ ഒരു ദ്രാവിഡവർഗ്ഗമാണ്; അവരിൽ പല ഭിന്നങ്ങളായ പിരിവുകളും ഓരോ പിരിവുകൾക്ക് പ്രത്യേക തൊഴിലുകളും കാണുന്നു; പുരാതന നായന്മാർ നിസ്സംശയമായും യുദ്ധോദ്യുക്തമായ ഒരു സംഘമായിട്ട് വിരുത്തിക്രമത്തിൽ വസ്തു അനുഭവിക്കയും വേണ്ടപ്പോൾ യുദ്ധം ചെയ്യുകയും ചെയ്തിരുന്നിരിക്കണം.'

(4) 'മലബാർ ജില്ലാഗസറ്റീയർ' എന്ന പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: 'ഉത്ഭവം നോക്കിയാൽ നായന്മാർ ഒരുവേള ദ്രാവിഡന്മാരായ കുടിപാർപ്പുകാരും മലബാറിനെ ആദ്യമായി ആക്രമിച്ചവരിൽ ചേർന്നവരും, ജേതാക്കളുടെ നിലയിൽ ഭരണകർത്താക്കളും ജന്മികളും ആയിത്തീർന്നവരും ആയിരിക്കണം: ആര്യരക്തസമ്മിശ്രതയും, ദേശ്യമായ പ്രകൃതിവിശേഷങ്ങളുംകൊണ്ട് ഇപ്പോഴത്തെ നായന്മാർക്ക് മദ്രാസ് സംസ്ഥാനത്തിലെ മറ്റുള്ള ദ്രാവിഡവർഗ്ഗങ്ങളിൽനിന്ന് പ്രത്യക്ഷമായ വ്യത്യാസം കാണപ്പെടുന്നു.

(5) ജാൺസ്റ്റണിന്റെ 'ലോകത്തിൽ ഏറ്റവും പ്രസിദ്ധമായ രാജ്യം' എന്ന പുസ്തകത്തിൽനിന്നും മി.ലോഗൻ താഴെ പറയുന്ന ഭാഗം ഉദ്ധരിക്കുന്നു: - "ഈ നാട്ടിലെ യോദ്ധാവ് തന്റെ ആയുധത്തെ പ്രയോഗിക്കുന്നതിൽ അതിശയനീയമായ സാമർത്ഥ്യം കാണിക്കുന്നു. അവ

digitized by www.sreyas.in

രൊക്കെ 'നായന്മാർ' എന്നു വിളിക്കപ്പെടുന്ന ഒരുമാതിരി പ്രഭുക്കന്മാരാണ്; ഏഴുവയസ്സു പ്രായമുള്ളപ്പോൾ 'കളരികളിൽ' അവരുടെ ആയുധാഭ്യാസം ആരംഭിക്കുന്നു. അവിടെ സമർത്ഥന്മാരായ 'ആശാന്മാർ' അവരുടെ ദേഹത്ത് എണ്ണയിട്ട് ഓരോ ചേർപ്പുകളെ മൃദുവാക്കുകയും പേശികളെ ഉടച്ചുചേർക്കുകയും ചെയ്യുന്നു. ഇതുനിമിത്തം അവർക്ക് ഗാത്രലാഘവവും ചുറുചുറുപ്പും സിദ്ധിക്കുന്നു. ദേഹത്തെ പലമാതിരിയിൽ വളയ്ക്കുന്നതിനും, മുമ്പും പിമ്പും ഉയർന്നും താഴ്ന്നും വേണ്ടവിധത്തിൽ അതിനെ ഉപയോഗിക്കുന്നതിനും അവർക്ക് കഴിയും. അവരുടെ ഇമ്മാതിരി അഭ്യാസം അവർക്ക് ചാരിതാർത്ഥ്യജനകവും അഭിമാനഹേതുകവും ആണ്. ഈ വിഷയത്തിൽ അവരെ ആരും അതിശയിക്കയില്ലെന്ന് അവർ ഉറപ്പായി വിശ്വസിക്കുന്നു."

(6) ബംഗാളിൽനിന്നും അയയ്ക്കപ്പെട്ട് (1792–93) മലബാറിനെ സന്ദർശിച്ച കമ്മീഷണറും പിന്നീട് ബോംബെ ഗവർണ്ണറുമായ ജോണതൻ ഡംകൻ എന്നയാൾ മിക്കിൾ എന്ന ഗ്രന്ഥകാരന്റെ 'കമോയൻസ്' 7–ാം പുസ്തകത്തിൽനിന്നും താഴെ കാണിക്കുന്ന ഭാഗത്തെ ഉദ്ധരിക്കുന്നു.

(തർജ്ജിമ)

"കീഴ്ജാതികൾ വേലക്കാർക്കവിടെ പുലയരെന്നുപേർ
വാഴ്ചയ്ക്കു പ്രഭുക്കന്മാരഭിമാനികൾ നായകർ;
കരകൗശലവും പിന്നെ കർഷകപ്പണിയാദിയിൽ
അതിപുച്ഛമവർക്കേറും വിരുതും പൊരുതുന്നതിൽ,
തെളിയും കരവാളത്തെച്ചുഴറ്റീട്ടു വലത്തിലും
എറിയും പരിശച്ചക്രമമർത്തീട്ടുപരത്തിലും"

ഈ ഭാഗത്തെപ്പറ്റി പ്രസ്തുത ഡങ്കൻ വീണ്ടും ഇങ്ങനെ വിമർശിക്കുന്നു: "മേല്പറഞ്ഞ ശ്ലോകപാദങ്ങൾ വിശിഷ്യ ഒടുവിലത്തെ രണ്ടു പാദങ്ങൾ നായരുടെ ഒരു നല്ല വർണ്ണനയാണ്. അന്യരാജ്യങ്ങളിൽ വഴിയാത്രക്കാർ ഒരു വടിയോ പിരമ്പോ വഹിച്ചു നടക്കാറുള്ളതുപോലെ അത്ര സാധാരണമായും സൗകര്യമായും നായന്മാർ വാളിനെ ഏന്തി എങ്ങും സഞ്ചരിക്കുന്നു. ഇവരിൽ ചിലർ വാൾപിടിയേ മുതുകിൽ തിരുകുന്നു. പിടി ഉടുപ്പിനടിയിൽ അരക്കെട്ടിൽ താഴ്ത്തിയിരിക്കും. മുനമേല്പോട്ടുയർന്ന് ഇരുഭുജങ്ങളിലും ഇടയ്ക്കിടെ തട്ടി തെളുതെളെ തെളിഞ്ഞു കാണപ്പെടും."

(7) സർ ഹെക്ടർ മൺറോ എന്ന ബ്രിട്ടീഷ് സേനാധിപൻ നായർയോദ്ധാക്കളെപ്പറ്റി ഇപ്രകാരം എഴുതുന്നു: "യുദ്ധകാലങ്ങളിൽ

digitized by www.sreyas.in

പകൽസമയത്ത് അവരെ പൊടിപോലും കാണുകയില്ല. അവർ മണൽക്കുന്നുകളുടേയും കുറ്റിച്ചെടികളുടേയും ഇടയിൽ പതുങ്ങിയിരുന്നുകളയും. ഞങ്ങൾ കോട്ടയെ ആക്രമിക്കാൻ പുറപ്പെടുമ്പോൾ മാത്രം അവർ കൂടിളകിയ തേനീച്ചകൾപോലെ കാണപ്പെടും. അവർ തങ്ങളുടെ തോക്കുകളെ ശരിയാകുംവണ്ണം പിടിക്കുകയും നല്ലപോലെ ലാക്കുനോക്കി വെടിവെക്കുകയും ചെയ്യുന്നു" (ഈ ഭാഗം തലശ്ശേരിപ്പണ്ടികശാലയിലെ 1761-ാമാണ്ടു വക ഡയറിയിൽ ഉൾപ്പെട്ടതാകുന്നു)

ഫ്രഞ്ചുഗവർണ്ണറായിരുന്ന എം.മാഹിഡിലാബോർഡനായിയും നായന്മാരുടെ യുദ്ധസാമർത്ഥ്യത്തെപ്പറ്റി പലതും പ്രശംസിച്ചു പറഞ്ഞിരിക്കുന്നു.

(8) മദ്രാസ് മ്യൂസിയം സൂപ്രണ്ടായ മിസ്റ്റർ ഈതർസ്റ്റൺ 'ദക്ഷിണ ഇന്ത്യയിലെ ജാതികളും വർഗ്ഗങ്ങളും' എന്ന ഗ്രന്ഥത്തിൽ നായന്മാരെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"അവർ പരന്നു പൊരുതുന്നതിന് ഏറ്റവും സമർത്ഥന്മാരായ യോദ്ധാക്കളായിരുന്നിരിക്കണം. എന്നാൽ ഓരോ പ്രത്യേക വിഭാഗങ്ങളായിട്ട് പ്രത്യേക ഉദ്ദേശ്യങ്ങളോടുകൂടി പിരിഞ്ഞിരിക്കുകയാൽ വിദേശീയന്മാരുടെ ആക്രമണങ്ങളെ തടുക്കുന്നതിന് അവർക്ക് നിവൃത്തിയില്ലാതെ തീർന്നിരുന്നു."

(9) ഒന്നാമത്തെ കുലോത്തുംഗ പാണ്ഡ്യമഹാരാജാവിന്റെ (ക്രിസ്ത്വബ്ദം 1083-84) ഒരു ശിലാലേഖനത്തിൽനിന്നും അദ്ദേഹം കുടമലനാട് (പടിഞ്ഞാറെ മലമ്പ്രദേശം) ആക്രമിച്ചു ജയിച്ചു എന്നും അവിടത്തെ യോദ്ധാക്കളായ ഇപ്പോഴത്തെ നായന്മാരുടെ പൂർവ്വികന്മാർ തങ്ങളുടെ സ്വാതന്ത്ര്യരക്ഷയ്ക്കായി ചെയ്ത സമരത്തിൽ ഒട്ടൊഴിയാതെ മരിച്ചു എന്നും കാണുന്നു.

(10) 'ഡുവാർട്ടു ബർബോസാ' എന്ന പാശ്ചാത്യനാൽ എഴുതപ്പെട്ടതും 1866-ൽ ഹാക്ലിയുട്ട് സംഘത്താൽ തർജ്ജമചെയ്യപ്പെട്ടതും ആയ 'കിഴക്കേ ആഫ്രിക്കയുടേയും മലബാറിന്റേയും സമുദ്രതീരവർണ്ണനം' എന്ന ഗ്രന്ഥത്തിൽ 16-ാം ശതവർഷാരംഭത്തിലെ നായന്മാരുടെ സ്ഥിതിയെക്കുറിച്ച് താഴെപ്പറയുന്ന വിവരം കാണുന്നു: 'നായന്മാർ നാട്ടിലെ പ്രഭുക്കന്മാരാകുന്നു; അവർക്കു യുദ്ധംചെയ്യുക മാത്രമേ തൊഴിൽ ഉള്ളു. അവർ വാൾ, വില്ല്, അമ്പ്, പരിശ, കുന്തം എന്നീ ആയുധങ്ങളെ പലപ്പോഴും ധരിച്ചു സഞ്ചരിക്കുന്നു. അവർ സമർത്ഥന്മാരും തങ്ങളുടെ പ്രഭാവത്തെക്കുറിച്ച് വളരെ അഭിമാനിക്കുന്നവരും ആകുന്നു;

digitized by www.sreyas.in

ഈ നായന്മാർ എല്ലാവരും ഉൽകൃഷ്ടകുലജാതന്മാർ ആയിരിക്കണെമെന്നു മാത്രമല്ലാ, തങ്ങൾ ഒരുമിച്ചു താമസിക്കുന്ന രാജാവിനാലോ പ്രഭുവിനാലോ ആയുധം കൊടുക്കപ്പെട്ടും ഇരിക്കണം. അതിനുശേഷമേ ആയുധം ധരിക്കുന്നതിനും നായർ സ്ഥാനത്തിനും അവർ അർഹന്മാരായി ഭവിക്കയുള്ളൂ. ശരിയായ ആയുധപ്രയോഗത്തിനുതകുന്നതായ പലമാതിരി അടവുകളും മുറകളും പഠിക്കുന്നതിനു സാധാരണയായി ഏഴുവയസ്സ് പ്രായമാകുമ്പോൾ അവർ വിദ്യാലയത്തിൽ അയയ്ക്കപ്പെടുന്നു; ഒന്നാമതായി നൃത്തംചെയ്യുന്നതിനും പിന്നീട് ഓരോവിധത്തിൽ മറിയുന്നതിനും അവർ പഠിക്കുന്നു; അതിനായിട്ടു ബാല്യത്തിലേ അവരുടെ അവയവങ്ങളെ എപ്രകാരമെങ്കിലും വളയ്ക്കത്തക്കവണ്ണം അവർ സ്വാധീനമാക്കിത്തീർക്കുന്നു. ഈ നായന്മാർ പട്ടണത്തിനു വെളിയിലായി മറ്റു ജനസാമാന്യത്തിൽനിന്നും പിരിഞ്ഞ് വേണ്ടുന്ന ബന്തോബസ്തുകളോടുകൂടിയ തങ്ങളുടെ വസ്തുക്കളിൽ പാർക്കുന്നു; എവിടെയെങ്കിലും പോകുമ്പോൾ മാർഗ്ഗം ഒഴിഞ്ഞുകൊടുക്കുന്നതിന് അവർ കർഷകന്മാരോട് ഉച്ചത്തിൽ വിളിച്ചുപറയുന്നു; അപ്രകാരംതന്നെ അനുസരിക്കപ്പെടുകയും ചെയ്യുന്നു; അതല്ലെങ്കിൽ യാതൊരു ചോദ്യവുംകൂടാതെ അവരെ നായന്മാർക്ക് കൊല്ലാവുന്നതാകുന്നു; ഒരു കർഷകൻ നിർഭാഗ്യവശാൽ ഒരു നായർസ്ത്രീയെ തൊട്ടുപോയാൽ അവളുടെ ബന്ധുക്കൾ ഉടൻതന്നെ അവളെ കൊല്ലുന്നു; അപ്രകാരംതന്നെ അവളെ തൊട്ടവനും അവന്റെ അഖിലബന്ധുക്കളും കൊലചെയ്യപ്പെടുന്നു; ഇതു കർഷകന്മാരുടെ രക്തം നായന്മാരിൽ കലർന്നുപോകാതിരിപ്പാനാണെന്ന് അവർ പറയുന്നു: ഈ നായർസ്ത്രീകൾ വളരെ വൃത്തിയുള്ളവരും വേണ്ടുംവണ്ണം വസ്ത്രധാരണമുള്ളവരും ആകുന്നു.'

(11) 18-ാം ശതവർഷത്തിൽ എഴുതപ്പെട്ട 'പൗരസ്ത്യഹിന്ദുദേശങ്ങളുടെ നവീന ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഹാമിൽടൺ ഇങ്ങനെ പറയുന്നു: പുരാതനകാലങ്ങളിൽ സാമൂതിരി 12 വർഷക്കാലമേ രാജ്യം ഭരിക്കാറു പതിവുള്ളു. ആ കാലാവധിക്കു മുമ്പിൽ മരണം പ്രാപിക്കയാണെങ്കിൽ പരസ്യമായി അയാൾക്ക് ആത്മഹത്ത്യ ചെയ്യേണ്ടിവരികയില്ല, അതിനിടയായില്ലെങ്കിൽ ഒന്നാമതായി അയാൾ തന്റെ എല്ലാ പ്രഭുക്കന്മാരേയും ഇടപ്രഭുക്കന്മാരേയും ക്ഷണിച്ചുവരുത്തി ഒരു സദ്യകൊടുക്കുകയും പിന്നീട് ഭക്ഷണത്തിനുശേഷം അവരെ അഭിവാദ്യം ചെയ്തിട്ടു പ്രത്യേകം തയ്യാറാക്കിയിട്ടുള്ള തൂക്കുമരത്തിലേറി സകലരും കാൺകെ എത്രയും കൃത്യമായ വിധത്തിൽ തന്റെ ശിരച്ഛേദം ചെയ്യുകയും ചെയ്യണം; അല്പംകഴിഞ്ഞു ശവശരീരത്ത എത്രയും ആഘോഷത്തോടും ബഹുമാനത്തോടുംകൂടി സൽക്കരിക്കയും പ്രഭുക്കന്മാരും

digitized by www.sreyas.in

മറ്റുംകൂടി ഒരു പുതിയ സാമൂതിരിയെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു." (ഇത് പുരാതന നടപടി മാത്രം)

(12) '1774-ലേയും, 1781-ലേയും വെസ്റ്റിൻഡ്യൻ കപ്പൽയാത്രകൾ' എന്ന ഗ്രന്ഥത്തിൽ 'സൊണ്ണറാറ്റ്' ഇപ്രകാരം എഴുതുന്നു:- "നായന്മാർ യോദ്ധാക്കളാകുന്നു; ആയുധം ധരിച്ചു നടക്കുന്നതുകൊണ്ട് അവരെ മറ്റു വർഗ്ഗങ്ങളിൽനിന്നും തിരിച്ചറിയാവുന്നതാണ്. അവർ എത്രയും അഹംഭാവമുള്ളവരാണ്; അവരുടെ അടുത്തു ചെല്ലുന്ന ചില പ്രത്യേകവർഗ്ഗങ്ങളെ കൊന്നുകളയുന്നതിന് അവർക്ക് അവകാശം ഉണ്ട്. അതിനെപ്പറ്റി പരാതിയും ഇല്ല."

ബുക്കാനൻ വീണ്ടും ഇപ്രകാരം പറയുന്നു:- "നായന്മാർ നമ്പൂതിമാരുടെ വരുതിയിലും, രാജാക്കന്മാരുടെ ഭരണത്തിലും മലയാളത്തിലെ യോദ്ധാക്കളായിരിക്കുന്നു; ആയുധപ്രയോഗത്തിലാണ് അവർക്ക് ഏറ്റവും സന്തോഷമുള്ളത്. ഇവർ മേലാവിനോട് വളരെ ഭക്തിയുള്ളവരാണ്. എങ്കിലും കീഴിലുള്ളവരെ ഒട്ടുവളരെ ഉപദ്രവിക്കുന്നു."

(13) 'മലബാർ നിയമവും നടപടിയും' എന്ന ഗ്രന്ഥത്തിൽ മിസ്റ്റർ എൽ. മൂർ ഇപ്രകാരം പറയുന്നു:- "ആംഗല ഇൻഡ്യൻ നിഘണ്ടുക്കളിൽനിന്നും നായർക്ക്, നായകൻ, നായർ ഇവ ഒരു ധാതുവിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്ന് അറിയാം."

(14) വിജയഗനരത്തിലെ നായക്കന്മാരോടും, വിട്ടുകൊടുക്കപ്പെട്ട ദേശങ്ങളിലെ 'നായക്കൻ' എന്നഭിധാനമുള്ള പോളിഗാർ പ്രഭുക്കന്മാരോടും പശ്ചിമതീരത്തിലെ നായന്മാർക്ക് സംബന്ധമുള്ളതായി സ്യൂവൽ, സർ താമസ് മൺറൊ ഇവർ അഭിപ്രായപ്പെടുന്നു. ആണറബിൾ ജാൺലിൻഡ്സേയും ഇതിനെ പിൻതാങ്ങി എഴുതുന്നു (1783)

(15) തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ മിസ്റ്റർ എൻ. സുബ്രഹ്മണ്യയ്യർ ഇപ്രകാരം പറയുന്നു:- "മധുരയിലെ ചില നാടുവാഴികൾ 'കർത്താ' എന്ന സ്ഥാനപ്പേർ മുമ്പിൽ വഹിച്ചിരുന്നു. മധുരയിലേയും  തഞ്ചാവൂരിലേയും നായർക്ക് രാജാക്കന്മാരുടെ അനന്തരാവകാശികൾ എന്നു ഗണിച്ചുവരുന്ന 'ബാലിജ'ന്മാർ 1901-ലെ ജനസംഖ്യക്കണക്കിൽ ഈ സ്ഥാനം ഉപയോഗിച്ചിരിക്കുന്നു."

(16) 1901-ൽ പ്രസിദ്ധം ചെയ്യപ്പെട്ട ഇൻഡ്യൻ സെൻസസ് റിപ്പോർട്ടിനെക്കുറിച്ചുള്ള ഒരു ഗുണദോഷനിരൂപണത്തിൽ 'നയന്റീൻത് സെഞ്ചറി' എന്ന സഞ്ചികയിൽ മിസ്റ്റർ ജെ.ഡി. റീഡ് (ഇപ്പോൾ സർ ജോൺ) 1904-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു:- "സെൻസസ് കമ്മീ

digitized by www.sreyas.in

ഷണർക്ക് നായന്മാരുടെ ഇടയിൽ താമസിക്കുന്നതിനു അവസരം ലഭിച്ചിരുന്നു എങ്കിൽ, അദ്ദേഹം അവരുടെ കൂട്ടത്തിലുള്ള സ്ത്രീ ബാഹുല്യത്തെക്കുറിച്ച് കുറ്റംപറകയില്ലായിരുന്നു. ഇൻഡ്യയിലെ ഏറ്റവും സുന്ദരികളായ സ്ത്രീവർഗ്ഗം എത്ര ധാരാളമാണെങ്കിലും ക്രമത്തിലധികമാകാൻ തരമില്ലല്ലോ." ബുക്കാനൻ വീണ്ടും ഇപ്രകാരം പറയുന്നു:- "മലയാളത്തിലെ ഉയർന്നവർഗ്ഗക്കാർക്ക് വസ്ത്രധാരണം കുറഞ്ഞരീതിയിലാണ്; പക്ഷേ, അവർ അതിശയനീയമാകുംവണ്ണം ശുചിയുള്ളവരാകുന്നു. നായർസ്ത്രീകൾ തങ്ങളുടെ ദേഹങ്ങളും മുടികളും ഓരോ സുഗന്ധവസ്തുക്കൾ തേച്ച് ശുചിയായി വയ്ക്കുന്നതിൽ എത്രയും ജാഗ്രതയുള്ളവരാകുന്നു. അവർ അഴുക്കുവസ്ത്രം ധരിക്കാറില്ല."

(17) മിസ്റ്റർ എഫ്.ഡബ്ളിയു. എല്ലിസ് ഇപ്രകാരം പറയുന്നു:- "ആദികാലം മുതൽ 18-ാം ശതവർഷത്തിന്റെ അവസാനകാലംവരെ, 'തറ' 'നാട്' ഈ ഏർപ്പാടുകൾ മൂലമായിട്ട് നായർപ്രഭുക്കന്മാർ മലയാളദേശത്തെ സ്വതന്ത്രരാജാക്കന്മാരുടെ ദുർഭരണത്തിൽനിന്നും രക്ഷിച്ചിരുന്നതിനാലാണ്, കോഴിക്കോട് മുതലായ നഗരങ്ങൾ യൂറോപീയാഗമനത്തോടുകൂടി വലിയ കച്ചവടസ്ഥലങ്ങളായിത്തീർന്നത്; നായന്മാർക്ക് പൊതുവേ ഓവർസീയർമാരുടേയും ജമിന്ദാരികളുടേയും സ്ഥാനം ഉണ്ടായിരുന്നു."

(18) മിസ്റ്റർ ലോഗൻ താഴെ കാണുന്നവിധം എഴുതുന്നു:- മലബാറിൽ നാട് ഏർപ്പാടുണ്ടായിരുന്നു; അതിൻപ്രകാരം ജനരക്ഷകസ്ഥാനം നായന്മാർക്ക് സിദ്ധമായിരുന്നു. (ബ്രിട്ടീഷ്പ്രവേശനംവരെ) സംഘങ്ങളിൽ '600' പേർവീതമുള്ള 'നാടു'കളും ഓരോ നാട്ടിലും '150' വീതം 'തറ'കളും, ഓരോ 'തറ'യ്ക്കും '4'ൽ കുറയാതെ കുടുംബങ്ങളും ഉണ്ടായിരുന്നു; ഇത്രയും വിഭാഗങ്ങൾ അടങ്ങിയ ദേശത്തിന്റെ രക്ഷാധികാരസ്ഥാനം തന്നാട്ടുപ്രഭുവും അറുനൂറ്റിനധിപനും ആയ നായർക്കായിരുന്നു."

(19) കോഴിക്കോട്ടുനഗരത്തിലെ ബഹുമാനപ്പെട്ട ഈസ്റ്റിൻഡ്യാ കമ്പനിവക കാര്യസ്ഥൻ, 1746 മേയ്മാസം 28-ാം തീയതി തലശ്ശേരിപ്പണ്ടികശാല വക ഡയറിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:- "ഈ നായന്മാർ കോഴിക്കോട്ട് ജനസംഘത്തിന്റെ നായകന്മാരാകയാൽ ഇവർ ഇംഗ്ലണ്ടിലെ പാർലമേണ്ടു സാമാജികന്മാരുടെ നിലയിലാണ്; ഇവർ രാജകല്പനയെ എല്ലാ കാര്യത്തിലും അനുസരിക്കുന്നില്ല. രാജാവിന്റെ മന്ത്രിമാർ അന്യായകൃത്യങ്ങളിൽ പ്രവേശിക്കുമ്പോൾ ഇവർ നിർഭയം അവരെ ശിക്ഷിക്കുന്നു." ഈ പാർലമേണ്ടുസഭ 'കൂട്ടം' എന്നുപേരായ

digitized by www.sreyas.in

സഭ ആയിരിക്കണം. ദക്ഷിണകർണ്ണാടകത്തിലെ 'കൂട്ടം' 1832-33-ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്ക് എത്രയും ഉപദ്രവകരമായി തീർന്നിരുന്നു.

(20) മലയാളദേശത്തെപ്പറ്റി നല്ല പരിചയം സിദ്ധിച്ചിരുന്ന അഞ്ജ കണ്ടിയിലെ മിസ്റ്റർ മർഡാക്ക് ബ്രൗൺ എന്നയാൾ 19-ാം ശതവർഷാ രംഭത്തിൽ 'മിസ്റ്റർ ഫ്രാൻസിസ് ബുക്കനൻ' എന്നയാൾക്കയച്ച എഴു ത്തിൽ രാജശക്തിയെ കുറിക്കുന്നതായി ഫ്രാൻസിലും മറ്റും നടപ്പുണ്ടാ യിരുന്ന ഫ്യൂഡൽ സിസ്റ്റത്തിന്റെ രീതിയിലായിരുന്നു മലബാറിലെ നട പടി (ബ്രിട്ടീഷ് പ്രവേശനംവരെ) എന്നു പറഞ്ഞിരിക്കുന്നു.

നായന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ഫ്യൂഡൽ സിസ്റ്റത്തിന് തിരുവിതാംകൂർ സെൻസസ് കമ്മീഷണർ എൻ.സുബ്രഹ്മണ്യയ്യർ അവർകളും സാക്ഷ്യം വഹിക്കുന്നു. ക്രിസ്ത്വബ്ദം 925-ൽ എഴുതപ്പെട്ട രണ്ടാമത്തെ സിരിയൻ ക്രിസ്ത്യൻ പ്രമാണത്തിൽ മേൽപറഞ്ഞ 'അറു ന്നൂറുകളെ'പ്പറ്റി രണ്ടിടത്തു പറഞ്ഞിരിക്കുന്നു. കൊല്ലം-371-ലെ ഒരു ശിലാലേഖനത്തിൽ ഒരു വേണാട്ടറുനൂറിനെ 'ക്ഷേത്രാധികാരി'കളുടെ നിലയിൽ പറഞ്ഞിരിക്കുന്നു. വേണാട്ടിൽ ആകെ 18 അറുനൂറുണ്ടായി രുന്നിരിക്കണം.

(21) 'കർക്കടകമാസത്തിൽ (ദേഹം തണുത്തിരിക്കുമ്പോൾ) ആണ് നായർയുവാക്കൾ കായികാഭ്യാസം പ്രത്യേകമായി ചെയ്യുന്നത്.'

'പയ്യോളിയിൽവെച്ച് ഒരു കളരിയിൽ കുറുപ്പു പഠിപ്പിക്കുന്നതും ശിഷ്യന്മാർ ചാട്ടം, മറിച്ചിൽ, തട മുതലായവ പഠിക്കുന്നതും കണ്ട് ഞാൻ എത്രയും അതിശയിച്ചു' എന്ന് മിസ്റ്റർ ഫാസ്റ്റ് പ്രസ്താവിക്കുന്നു (1845).

(22) നായന്മാരുടെ മതാനുഷ്ഠാനത്തെപ്പറ്റി മിസ്റ്റർ ഫാസ്റ്റ് വീണ്ടും ഇപ്രകാരം പറയുന്നു:

'ഗവർമ്മേണ്ട് ജീവനംനിമിത്തം അസൗകര്യമുള്ളവർ ഒഴിച്ച് ഒരു നായരും കുളിച്ചു മുണ്ടുമാറാതെ ഭക്ഷണം കഴിക്കയില്ല. കുളിച്ചതിന്റെ ശേഷം ദിനംപ്രതി ഒരു നേരം അമ്പലത്തിൽ തൊഴണമെന്നുള്ളതും ഒരു കണിശമായ നിയമമാണ്.'

'പലപ്പോഴും കുളി രണ്ടു തവണയായിരിക്കും. മുൻകാലങ്ങളിൽ അടുത്തുവരുന്ന (തീണ്ടുന്ന) പുലയനേയും മറ്റും വെട്ടിക്കളയുകയും ഇപ്പോൾ കാലഭേദംനിമിത്തം മാറിപ്പൊയ്ക്കൊള്ളുന്നതിനായി വഴിയാ ട്ടുകയും പതിവാണ്'. എന്ന് ബുക്കാനൻ അഭിപ്രായപ്പെടുന്നു.

(23) മുൻ പ്രസ്താവിച്ച സംഗതിയെ അടിസ്ഥാനപ്പെടുത്തിയും മറ്റും നായന്മാരെപ്പറ്റി മിസ്റ്റർ ഫാസ്റ്റ് വീണ്ടും ഇപ്രകാരം പറയുന്നു.

digitized by www.sreyas.in

'പാലക്കാടിനടുത്തുള്ള പ്രദേശങ്ങളിൽ ഒരുമാതിരി മല്ലയുദ്ധം നടപ്പുണ്ട്: അതു റോമൻകാരുടെ ഇടയിലുണ്ടായിരുന്ന രീതിക്കു സദൃശമായിരിക്കുന്നു. റോമങ്കാർക്കു ബി.സി. 30–മുതൽ മലബാറുമായിട്ടു സംബന്ധമുണ്ടായിരുന്നു. 'അലാറിക്ക്' എന്ന ഉത്തേരദേശീയൻ റോമിലെ രോധം മതിയാക്കുന്നതിന് ആവശ്യപ്പെട്ട സംഗതികളിൽ ഒന്ന് 3000 റാത്തൽ നല്ലമുളകായിരുന്നു (5–ാം ശതവർഷം). ഇതു മലബാറിൽനിന്നുതന്നെ റോമങ്കാർക്കു കിട്ടിയിരിക്കണം.

പുരാതന ഗ്രീക്കുകാരുടേയും റോമങ്കാരുടേയും ഇടയിൽ ഉണ്ടായിരുന്ന പല കളികളും കായികാഭ്യാസങ്ങളും നായന്മാരുടെ ഇടയിൽ അങ്ങുമിങ്ങും അവശിഷ്ടങ്ങളായിട്ട് അദ്യാപി കാണുന്നുണ്ട്. ഓണത്തിനു നായന്മാർ രണ്ടു കക്ഷികളായിനിന്നു മുന മടങ്ങിയ അസ്ത്രങ്ങൾ വർഷിച്ചു പലരും മുറിപ്പെട്ടുവീഴുന്നതിനേയും ഒരു പൊതുവായ ലക്ഷ്യത്തിൽ സാമർത്ഥ്യം പരീക്ഷിക്കുന്നതിനേയും മറ്റും പറ്റി 'പാളിനസ്' പ്രസ്താവിക്കുന്നു.

## അടിക്കുറിപ്പുകൾ

1. ഈതഴ്സ്റ്റന്റെ "ദക്ഷിണ ഇന്ത്യയിലെ" ജാതികളും വർഗ്ഗങ്ങളും നോക്കുക.

digitized by www.sreyas.in

### അദ്ധ്യായം 8

## ശൂദ്രശബ്ദം

മലയാളബ്രാഹ്മണശബ്ദവും മലയാള ശൂദ്രശബ്ദവും ആണ് ഇവിടുള്ള കുഴപ്പങ്ങൾക്കു പ്രധാന ഹേതുക്കൾ. ഇവയിൽ ഒന്നാമത്തേതിനെ ഒഴിവാക്കേണ്ടതാണെന്ന് ആറാം അദ്ധ്യായത്തിൽ സകാരണം വിവരിച്ചു. ശേഷിച്ചിരിക്കുന്ന (മലയാള) ശൂദ്രശബ്ദത്തെപ്പറ്റി ഇവിടെ ചിന്തിക്കാം.

ബ്രാഹ്മണർ മലയാളിനായന്മാരെ 'ശൂദ്രർ' എന്നു പറഞ്ഞുവരുന്നു. ഇത് വെറും വ്യവഹാരത്തിൽ മാത്രമല്ല. നായന്മാരെപ്പറ്റി അവർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലും കാണുന്നുണ്ട്. ആഗമവിസ്മൃതി കൊണ്ടോ അജ്ഞത്വംകൊണ്ടോ ഇവർ അതിനെ മനഃപൂർവ്വം സമ്മതിക്കയും ചെയ്യുന്നു. ഈ വ്യവഹാരം ഇങ്ങനെ വർദ്ധിച്ചു വർദ്ധിച്ച് സഹജമായി, ഇപ്പോൾ നായന്മാർ തമ്മിലുള്ള സംഭാഷണങ്ങളിലും രേഖാപ്രമാണങ്ങളിലും കൂടി ആ വിധം പ്രയോഗിക്കുന്ന നടപ്പ് സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്നു. ഈ അവസരത്തിൽ നായന്മാരുടെ ആഗമത്തെപ്പറ്റി 'കേരളമാഹാത്മ്യം', 'കേരളോല്പത്തി' മുതലായ പ്രമാണങ്ങളെ അനുസരിച്ചുള്ള ഒരു നിരൂപണം നിഷ്പ്രയോജനമായി ഭവിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഒന്നാമതായി, നായന്മാർക്കുണ്ടായിട്ടുള്ള ഈ ശൂദ്രശബ്ദം ആദ്യമേ ഉണ്ടായിരുന്നതോ ഇടക്കാലത്തു വന്നുകൂടിയതോ എന്നു നമുക്ക് ആലോചിച്ചുനോക്കാം: 'കേരളമാഹാത്മ്യ'ത്തിൽ ഇതിനെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'ബ്രാഹ്മണർക്ക്' അനുഭവിപ്പാൻ ദേവസ്ത്രീകളെ തരണം' എന്നു ഭാർഗ്ഗവൻ സ്വർഗ്ഗത്തുചെന്ന് ദേവേന്ദ്രനോടു ചോദിച്ചു. അദ്ദേഹം ജയന്തന്റെ പുത്രി 'സുഭഗ'യേയും ഗന്ധർവ്വന്റെ പുത്രി 'ശുഭ'യേയും ഒരു രാക്ഷസസ്ത്രീയേയും ആറാറു കന്യകമാരോടുകൂടി കൊടുത്തു. അനന്തരം അദ്ദേഹം ദാസികളേയും ദാസന്മാരേയും (വിദേശത്തുനിന്നും) കൊണ്ടുവന്നു.

ഈ സംഗതിയെ പ്രത്യേകം സംബന്ധിക്കുന്ന പ്രമാണങ്ങളെ അടിയിൽ വിവരിക്കുന്നു:

digitized by www.sreyas.in

| പ്രമാണം | അർത്ഥം |
|---|---|
| 1. 'ദേവനാര്യശ്ച ദാതവ്യാഃ' | ദേവസ്ത്രീകളെത്തരണം |
| 2. 'ജയന്തസ്യ സുതാം കാഞ്ചിൽ സുഭഗാനാമ സുന്ദരീം ഷട്ക്കന്യാസഹിതാം നാരീം' | ജയന്തന്റെ പുത്രി സുഭഗ യെന്ന സ്ത്രീയേയും ആറു കന്യകമാരേയും (കൊടുത്തു) |
| 3. 'ദേവനാര്യഃ കില' | (ഇവർ) ദേവസ്ത്രീകളാകുന്നു പോലും |
| 4. 'പുനഃ കാഞ്ചിച്ച നാരീന്തു ഗന്ധർവസ്യ സുതാം ശുഭാം ഷട്ക്കന്യാസഹിതാം നാരീം' | പിന്നെ ഗന്ധർവന്റെ പുത്രി ശുഭയെന്ന സ്ത്രീയേയും ആറു കന്യകമാരേയും (കൊടുത്തു) |
| 5. 'പുനശ്ച രാക്ഷസീം തന്വീം ഷട്ക്കന്യാ സഹിതാം തദാ' | അനന്തരം (ഒരു) രാക്ഷസ സ്ത്രീയേയും ആറു കന്യകമാ രേയും (കൊടുത്തു) |

മേൽ കാണിച്ച പ്രമാണങ്ങളിൽ ഒന്നിലുംതന്നെ ശൂദ്രസംജ്ഞ പ്രയോഗിച്ചുകാണുന്നില്ല. അതിനാൽ പരശുരാമൻ കൊണ്ടുവന്ന സ്ത്രീകൾക്ക് മുമ്പിൽ ഈ നാമം ഇല്ലായിരുന്നു എന്നു തെളിയുന്നു. കേരളത്തിൽ കൊണ്ടുവന്ന് ഇരുത്തുന്ന സമയം ആ മൂന്നുവക സ്ത്രീക ളെപ്പറ്റിയും മേല്പറഞ്ഞവിധം (ശൂദ്രശബ്ദം കൂടാതെതന്നെ) ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിനാൽ വഴിമദ്ധ്യേവച്ചും അവരിൽ ശൂദ്ര ശബ്ദം ചേർന്നില്ലെന്നുള്ളതും നിശ്ചയംതന്നെ. ഇനിയും.

'ദാസീദാസാൻ കുടുംബകാൻ'

അർത്ഥം: ദാസികളേയും ദാസന്മാരേയും (വിദേശത്തിൽ നിന്നും) കൊണ്ടുവന്നു, എന്ന് 'കേരളമാഹാത്മ്യ'ത്തിലും "ഭാർഗ്ഗവൻ പരദേശ ത്തുനിന്നു കാരയ്ക്കാട്ടു വെള്ളാളരെക്കൊണ്ടുവന്നു താമസിപ്പിച്ചു. അവ രാണ് കിരിയത്തു നായന്മാർ" എന്നു 'കേരളോല്പത്തി'യിലും കാണു ന്നു. ഇപ്രകാരമാണെങ്കിൽ കാരയ്ക്കാടുമുതൽ മലയാളംവരെ (ഉൾപ്പെ ടെ)യുള്ള ദേശങ്ങൾ തമിഴ്നാടാകയാൽ 'വെള്ളാംപിള്ള' മുതലായ തമിഴ്പേരുകളല്ലാതെ തമിഴിനോട് അല്പവും അടുപ്പമില്ലാത്തതും അന്യ ഭാഷയിലുള്ളതുമായ ശൂദ്രശബ്ദം അവിടെയാകട്ടെ ഇവിടെയാകട്ടെ തനതായിട്ടുണ്ടായിരിപ്പാനിടയില്ല.

ഇനി ചിന്തിക്കേണ്ടത് ഈ നാമം ഇവിടെ വന്നശേഷം ഉടൻതന്നെ ഉണ്ടായി പാരമ്പര്യമായി നടന്നുവരുന്നതോഅതല്ലാ അടുത്ത കാലങ്ങ ളിൽ ഉണ്ടായിട്ടുള്ളതോ എന്നാണ്.

digitized by www.sreyas.in

മലയാളദേശത്തുള്ള എഴുത്തുകുത്തുകളിലാകട്ടെ ആധാരപ്രമാണങ്ങളിലാകട്ടെ യാതൊന്നിലുംതന്നെ ഈ ശൂദ്രസംജ്ഞ കാണുന്നില്ല. മലയാംപട്ടാളത്തിനെ 'നായർപട്ടാളം' എന്നല്ലാതെ 'ശൂദ്രപ്പട്ടാളം' എന്നു പറയുന്നില്ല. ഒരു സ്ത്രീയോട് നിന്റെ 'നായര്' എന്നല്ലാതെ 'ശൂദ്രൻ' എന്നു പറയുന്നില്ല. 'പടനായർകുളങ്ങര' 'നായർകുളം' 'ഇരൈനായർകുളം' (ഇരണാകുളം) നായർവകപ്പടി ഇപ്രകാരം മലയാളത്തുള്ള പ്രദേശങ്ങൾ, വസ്തുക്കളുടെ ഇനം ഇതുകൾക്കെല്ലാം (ഉള്ളതിനൊക്കെ) നായർസംജ്ഞകളല്ലാതെ ശൂദ്രസംജ്ഞ ഒന്നിലും ഒരിടത്തും കാണുന്നില്ല.

എന്നാൽ ഉദ്ദേശം 50 കൊല്ലങ്ങൾക്കകം നടപ്പായിട്ടുള്ള രജിസ്റ്റർ ആധാരങ്ങളിൽ (അതും തിരുവിതാംകൂറിൽ മാത്രം) ഈ നാമം കാണുന്നുണ്ട്. അതിനാൽ ശൂദ്രശബ്ദം ഈ മലയാളത്തിൽ മുൻകാലങ്ങളിൽ ഇല്ലായിരുന്നു എന്നും അടുത്തകാലത്തു തുടങ്ങിയതാണെന്നും ഉള്ളതിനു സംശയമില്ല. ഇവിടുത്തെ ഭാഷകൊണ്ടു നോക്കിയാലും ഈ നാമം ഇവിടെ ഉള്ളതല്ലെന്നും സ്പഷ്ടമാകുന്നു. (വിവരണം വഴിയെ) കിരിയം മുതൽ താഴോട്ടുള്ള വകക്കാരെ ശൂദ്രരെന്നു കുറേക്കാലത്തിനിപ്പുറം പറഞ്ഞുവരികയും അവർ സാധാരണയായി അതിനെ വിസമ്മതിക്കാതിരിക്കയും ചെയ്തുപോരുന്നതുകൊണ്ടുമാത്രം ഈ ശബ്ദം അവരുടെ സ്വന്തമാണെന്നു പറവാൻ പാടില്ല. (സ്വന്തമാണെന്നു വരുന്നതല്ല). ഒരു വർഗ്ഗക്കാരെക്കുറിച്ച് മറ്റൊരു വർഗ്ഗക്കാർ സ്വേച്ഛാനുസരണം പല പേരും പറയുന്നതു നടപ്പില്ലാത്തതല്ല. ആയത് ഇപ്പോഴത്തെ നമ്പൂരിമാർ മുതലായവരെക്കുറിച്ചും ഇല്ലെന്നില്ല. അപ്രകാരമുള്ള എല്ലാ പേരുകളും വകയിൽ ചേർത്തു ഗണിക്കുന്നത് കേവലം ഭോഷത്വമെന്നേ പറവാനുള്ളു.

വിശേഷിച്ചും 'നമ്പൂരി ഇങ്ങോട്ടു വരു' 'പട്ടരേ വരു' 'പോറ്റി വരു' എന്നു പറയുന്നതുപോലെ 'ശൂദ്രാ വാ' എന്നു ഒരു നായരെ നോക്കി പറയുന്നില്ല. പറയുന്നതായാലും നമ്പൂരി, പട്ടർ ഇത്യാദി ഉപനാമം (വർഗ്ഗപ്പേർ അല്ലെങ്കിൽ സ്ഥാനപ്പേർ) പോലെ ആ സ്ഥാനത്തേക്ക് നായർ, പിള്ള, കർത്താ, കയ്മൾ, മേനവൻ മുതലായ സംജ്ഞകളെ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. മുൻ വിവരിച്ച സംഗതികളുടെ സാരാംശത്തെപ്പറ്റി അല്പംപോലും ചിന്തിക്കാതെ രജിസ്റ്ററാധാരത്തിൽ ഒരുവനെഴുതി, രണ്ടുപേരെഴുതി, മൂന്ന്, നാല്, പത്ത്, നൂറ് എന്നിങ്ങനെ തെരുതെരെ അങ്ങോട്ട് 'ഗഡ്ഡലികപ്രവാഹന്യായം'[1] പോലെ ഇത് സംഭവിച്ചു എന്നേയുള്ളൂ.

> "ഏകസ്യ കർമ്മ സംവീക്ഷ്യ കരോത്യന്യോപി ഗർഹിതം
> ഗതാനുഗതികോ ലോകോ ന ലോകഃ പാരമാർത്ഥികഃ"

digitized by www.sreyas.in

അർത്ഥം: "ഒരുത്തന്റെ നിന്ദ്യമായ പ്രവൃത്തി കണ്ടിട്ട് അന്യനും അതുപോലെ ചെയ്തുപോകുന്നു. ഇത് മുമ്പിൽ പോകുന്നവന്റെ പിന്നാലെ പലരും പോകുന്നതുപോലെയാണ്. ഒരുവനും പരമാർത്ഥമറിഞ്ഞു പ്രവർത്തിക്കുന്നില്ല."

ഇനി ശൂദ്രശബ്ദം, ഏതു ഭാഷയിലുള്ളതാണെന്ന് നോക്കാം:

"ബ്രഹ്മക്ഷത്രിയ വിട്ച്ശൂദ്രാ-
ശ്ചാതുർവർണ്യമിതി സ്മൃതം" (മനുസ്മൃതി)

അർത്ഥം: ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രർ ചാതുർവർണ്യമാകുന്നു. എന്നു സ്മരിക്കപ്പെട്ടു.

'ഹാ രേ ത്വാ ശൂദ്രാ' (ഛാന്ദോഗ്യോപനിഷത്ത്)
അർത്ഥം: 'കഷ്ടം കഷ്ടം എടാ! ശൂദ്രാ നിന്റെ.............'

'ശൗദ്രം വർണ്ണമസൃജത' (ബൃഹദാരണ്യോപനിഷത്ത്)
അർത്ഥം: 'ശൂദ്രജാതിയെ സൃഷ്ടിച്ചു.'

'ഹാ ഹാ ഹാ രേ ത്വാ ശൂദ്രാ' (സൂത്രഭാഷ്യം)
അർത്ഥം: 'കഷ്ടം! കഷ്ടം! കഷ്ടം! എടാ ശൂദ്രാ! നിന്റെ...................'

'ശൂദ്രാശ്ചാവരവർണ്ണാശ്ച
വൃഷലാശ്ച ജഘന്യജാ' (അമരകോശം)

അർത്ഥം; 'ശൂദ്രൻ, അവരവർണ്ണൻ, വൃഷലൻ, ജഘന്യജൻ ഇവ ശൂദ്രശബ്ദത്തിന്റെ പര്യായങ്ങൾ (ആകുന്നു):'

മേൽകാണിച്ച പ്രമാണങ്ങളും പര്യായങ്ങളും സംസ്കൃതഭാഷയിൽ കാണപ്പെടുന്നു. 'മലയാളം' തുടങ്ങി പന്ത്രണ്ടു പിരിവുകളുള്ള 'തമിഴു'ഭാഷയിലെ ഇലക്കണാദിഗ്രന്ഥങ്ങളിൽ 'അവരവരുണൻ' 'വിരുഴലൻ' 'ചകന്നിയചൻ' എന്നിങ്ങനെ തമിഴ് വാക്കുകളല്ലെന്നു കാണിച്ച് 'ചിതൈച്ചൊല്ലായിട്ട്' ഉപയോഗിച്ചിരിക്കുന്നതിനാൽ ശൂദ്രശബ്ദം സംസ്കൃതഭാഷയിലുള്ളതുതന്നെ എന്നു നിർണ്ണയിക്കാം.

(തമിഴ് ഭാഷയിൽ 'പെയർച്ചൊല്ല്' (നാമശബ്ദം) 'വിനൈച്ചൊല്ല്' (ക്രിയാശബ്ദം), 'ഇടൈച്ചൊല്ല്' (ഏകദേശം അവ്യയം), 'തിശൈച്ചൊല്ല്' (ദേശീയനാമം), 'വടൈച്ചൊല്ല്' (ഇതര ദേശഭാഷ, അതായത് സംസ്കൃതം), 'ചിതൈച്ചൊല്ല്' (ന്യൂനനാമം) എന്നിങ്ങനെ പദങ്ങളെ പിരിച്ചിട്ടുണ്ട്. ഇതിൽ വടൈച്ചൊല്ലെന്നതു തമിഴക്ഷരങ്ങൾകൊണ്ട് സംസ്കൃതത്തിലിരുന്നതുപോലെതന്നെ എഴുതാവുന്ന കരം, മരം

digitized by www.sreyas.in

ഇത്യാദി പദങ്ങളും, ചിതൈച്ചൊല്ലെന്നത് തമിഴക്ഷരങ്ങൾകൊണ്ടു ശരിയായിട്ടുച്ചരിക്കാൻ പാടില്ലാതെ 'ചിതച്ചു' (ന്യൂനപ്പെടുത്തി) ഉച്ചരിക്കുന്ന ഉട്ടണം (ഉഷ്ണം) പിരുങ്കം (ഭൃംഗം) ഇത്യാദി പദങ്ങളുമാകുന്നു. ശൂദ്രാദിപദങ്ങൾ തമിഴ് ഭാഷയിൽ ചിതൈച്ചൊല്ലായിരിക്കുന്നതിനാൽ സംസ്കൃതഭാഷയിലുള്ളവതന്നെ എന്നു തെളിയുന്നു).

ഇനി ശൂദ്രശബ്ദം ഏതു ഭാഷയിൽ എന്തിനായിട്ടുപയോഗിച്ചിരിക്കുന്നു എന്നു നോക്കുന്നപക്ഷം മുൻകാണിച്ചിരിക്കുന്ന പ്രമാണം കൊണ്ട് അതു ചാതുർവർണ്ണ്യവ്യവസ്ഥയിൽ നാലാമത്തെ വർണ്ണത്തിനു സംജ്ഞയാണെന്നു തെളിയുന്നു. ഈ വർണ്ണത്തിന്റെ ലക്ഷണാദികളെ പ്രത്യേകം സ്പഷ്ടമാക്കി കാണിക്കുന്നതിനു പൊതുവായ ചാതുർവർണ്ണ്യത്തിന്റെ ഒരു വിവരണം അത്യാവശ്യമായി തോന്നുകയാൽ അടുത്ത അദ്ധ്യായത്തിൽ അതിനൊരുമ്പെടുന്നു.

## അടിക്കുറിപ്പുകൾ

1. ഗഡ്ഡുലി = ചെമ്മരി: ഒരു പറ്റമായിട്ടു പോകുന്ന ആട്ടിൻകൂട്ടം വഴിതെറ്റിപ്പോയാലും നേർവഴിക്ക് പോയാലും മുമ്പിൽ നടക്കുന്ന പ്രമാണിയെ തുടർന്നുതന്നെ പൊയ്പ്പോകുന്നു. ഇതുപോലെതന്നെയാണ് ഒരുത്തൻ ചെയ്ത പ്രവൃത്തി ശരിയോ തെറ്റോയെന്നാലോചിക്കാതെ അതുപോലെ പ്രവർത്തിക്കുന്നത്.

digitized by www.sreyas.in

അദ്ധ്യായം 9

# ചാതുർവർണ്യം

ചാതുർവർണ്യം എന്നതു മുൻപറഞ്ഞ ബ്രാഹ്മണാദി നാലു ശബ്ദങ്ങൾക്കും ഒന്നായിട്ടുള്ള പേരാകുന്നു. ചതുർവർണ്ണം എന്നതുതന്നെ ചാതുർവർണ്യം. 'സ്വാർത്ഥികഷ്യഞ്' എന്നുള്ള പ്രത്യയംകൊണ്ട് രൂപഭേദം സിദ്ധിച്ചതല്ലാതെ അതിനു വിശേഷിച്ച് അർത്ഥഭേദം ഇല്ല.

ചാതുർവർണ്യത്തിനെ രണ്ടായി പിരിക്കാം. അവയിൽ ഒന്ന് ഗുണകർമ്മങ്ങളെ അടിസ്ഥാനപ്പെടുത്തിയും മറ്റേതു കുക്ഷിപൂരണമതത്തെ അടിസ്ഥാനപ്പെടുത്തിയും ഇരിക്കുന്നു. എന്നാൽ യഥാർത്ഥമായ വർണ്ണവിഭാഗം ശരിയല്ലാത്തതാണെന്നോ അതിൻപ്രകാരം ഇഹപരസുഖങ്ങൾ സാധിക്കയില്ലെന്നോ യാതൊരു വർഗ്ഗത്തിനും ഇതുമാതിരിയുള്ള ഏർപ്പാടിൽ പ്രതിബിംബഭാവത്തിൽ എങ്കിലും അകപ്പെടാതെ ലോകത്തു ജീവിപ്പാൻ കഴിയുമെന്നോ പറവാൻ പാടില്ല; പറയുന്നുമില്ല. ഇപ്പോൾ ഇവിടെ നടപ്പിലിരിക്കുന്ന ചാതുർവർണ്യനിയമം ഒന്നാമതായി പറഞ്ഞ ഗുണകർമ്മവിഭാഗപ്രധാനമായ നിയമത്തിലുള്ളതല്ല. വിധിപ്രകാരമുള്ള ബ്രാഹ്മണക്ഷത്രിയാദി നാമങ്ങളെ മാത്രം വച്ചുംകൊണ്ട് ആ നിയമത്തിന്റെ ഉദ്ദേശത്തിനു വിപരീതമായും അതിന്റെ ശരിയായ സ്വരൂപത്തിന് മറവായും നാശകരമായും ഉള്ള രണ്ടാമത്തെ പിരിവിനെയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഇത് ഒരിക്കലും ആദ്യം മഹാന്മാരാൽ അനുഷ്ഠിക്കപ്പെട്ട ചാതുർവർണ്യനിയമമല്ല എന്നു നിശ്ചയംതന്നെ. ഇതിനെ പാഷണ്ഡമതലോകായതമതമിശ്രമായ ദുർവ്യവസ്ഥയെന്നോ കഷ്ടിപിഷ്ടി ചാതുർവർണ്യാഭാസമെന്നോ മറ്റോ വേണം പറവാൻ. പൂർവ്വനിയമം അമൃതം: ഇതു വിഷം. അതിനെ ആചരിക്കുന്നത് മാതാവിന്റെ മുലയിൽ നിന്നും പാലുകുടിക്കുന്നതുപോലെ: ഇതിനെ ആചരിക്കുന്നത് മുല ഛേദിച്ച് രക്തപാനം ചെയ്യുന്നതുപോലെ. ഈ വാസ്തവത്തെക്കുറിച്ചുള്ള അജ്ഞത്വം നിമിത്തം ഇതു മഹാന്മാരുടെ നിയമമാകയാൽ ത്യാജ്യമല്ലെന്നുള്ള അന്ധവിശ്വാസജാഡ്യത്തിൽ നമ്മുടെ ആളുകൾ അകപ്പെട്ടിരിക്കയാണ്.

digitized by www.sreyas.in

ഈ ചതുർവിധവിഭാഗത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് മലയാളി നായർവർഗ്ഗത്തിൽ ശൂദ്രശബ്ദാരോപണം ചെയ്തിട്ടുള്ളത്. ഈ ആരോപണം അവർക്കു വലുതായ നാശത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതുകാരണം ജനസമൂഹത്തിന് അതിമൂഢത, ധനനാശം, അലസത, ദാരിദ്ര്യം, മിത്രദ്രോഹം, കുടുംബകലഹം, സ്വജനദ്വേഷം, അപമര്യാദ, ദുരാചാരം, ഭൃത്യവൃത്തി, ധർമ്മഭ്രംശം, കർമ്മലോപം, അനാസ്തികൃം ഇതുകൾ വർദ്ധിച്ചു നിലനിന്ന് ആകപ്പാടെ ഇവർ ദുരിതരൂപികളായി പരജനപരിഹാസത്തിനും ഇഹലോകപരലോകങ്ങളിൽ നരകാനുഭൂതിക്കും പാത്രീഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ആപത്തിൽനിന്നും രക്ഷപെടണമെങ്കിൽ ഒന്നാമതായിട്ടു സകലദോഷങ്ങൾക്കും ബീജമായ ഈ ദുർവ്യവസ്ഥയിൽനിന്ന് ഒഴിയണം. അപ്രകാരം ഒഴിയണമെങ്കിൽ ജനസമൂഹത്തിൽ വളരെക്കാലമായി വേരുറച്ചുകിടക്കുന്ന തെറ്റിദ്ധാരണ നിശ്ശേഷം നശിക്കണം. അങ്ങനെ നശിക്കണമെങ്കിൽ ഋഷീശ്വരന്മാരാൽ സ്മൃതിമൂലം ഏർപ്പെടുത്തപ്പെട്ട ശരിയായ ചാതുർവർണ്ണ്യനിയമരീതികളേയും കെടുതലിനെ വർദ്ധിപ്പിച്ചു മയക്കിക്കൊണ്ടിരിക്കുന്ന ദുർവ്യവസ്ഥാരീതികളേയും തൽകർത്താക്കന്മാരുടെ യോഗ്യതകളേയും ശരിയായിത്തന്നെ മുഴുവനും അറിയണം. ആയതു കഴിച്ചെങ്കിലേ മറ്റുള്ള ഔഷധങ്ങൾ ഫലിക്കു. അതുകൊണ്ടു മുൻപറഞ്ഞ രണ്ടുവക വ്യവസ്ഥകളേയും സംബന്ധിച്ചു വേണ്ട വിവരങ്ങൾ പ്രമാണയുക്ത്യനുഭവസഹിതം കാണിക്കാൻ തുടങ്ങുന്നു.

ആദ്യമായി ഗുണകർമ്മവിഭാഗപ്രധാനമായ മതത്തെ പറയാം. അതിലേക്ക് അനുക്രമമായി താഴെ പറയുന്ന സംഗതികളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

1. അതിന്റെ സാമാന്യനാമം
2. " പ്രത്യേകനാമം
3. " കർത്താവ്
4. " ജനനകാലം
5. " പ്രയോജനം
6. " അടിസ്ഥാനം
7. " അധികാരി
8. " നടപ്പുമുറ
9. " താരതമ്യം
10. " വ്യാപ്തി

digitized by www.sreyas.in

## 1. സാമാന്യനാമം

'സന്തതിഗ്ഗോത്രജനനകുലാന്യഭിജനാന്വയൗ
വംശോന്വവായസ്സന്താനോവർണ്ണാഃസ്യുർബ്രാഹ്മണാദയഃ' (അമരകോശം)

അർത്ഥം: "സന്തതി, ഗോത്രം ജനനം, കുലം, അഭിജനം, അന്വയം, വംശം, അന്വവായം, സന്താനം ഈ ഒൻപതു ശബ്ദങ്ങളും ബ്രാഹ്മണക്ഷത്രിയാദി വർണ്ണങ്ങൾക്ക് സർവ്വസാധാരണമായിട്ടുള്ള നാമങ്ങളാകുന്നു. ഇതുകളിൽ വർണ്ണമെന്ന ശബ്ദം ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രജാതികൾക്ക് പൊതുവായിട്ടുള്ളതാകുന്നു."

വർണ്ണസ്തുതൗ (വർണ്ണ എന്ന ധാതു സ്തുതി എന്ന അർത്ഥത്തിൽ വരും).

വർണ്ണ്യന്തേ = "കപിലാരുണപീതകൃഷ്ണവർണ്ണൈഃ നിരൂപ്യന്ത ഇതി"

അർത്ഥം : കപിലനിറം (ഗോരോചനയുടെ നിറംപോലെയുള്ള നിറം) അരുണം (പ്രകാശമില്ലാത്ത ചുവപ്പുനിറം) പീതം (മഞ്ഞൾനിറം) കൃഷ്ണം (കറുപ്പുനിറം) ഈ വർണ്ണങ്ങൾകൊണ്ട് സ്തോത്രം ചെയ്യപ്പെടുന്നത്.

"കപിലാശ്ചാരുണാഃ പീതാഃ
കൃഷ്ണാശ്ചേരി പൃഥക് പൃഥക്
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാ
ശൂദ്രാശ്ചേതി വിവക്ഷിതാഃ" (വിഷ്ണുപുരാണം)

കപിലാഃ = ബ്രാഹ്മണർ; അരുണാഃ = ക്ഷത്രിയർ; പീതാഃ = വൈശ്യർ; കൃഷ്ണാഃ = ശൂദ്രർ.

കപിലാരുണപീതകൃഷ്ണവർണ്ണങ്ങൾക്ക് പ്രത്യേകം പ്രത്യേകം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു പറയപ്പെടുന്നു.

## 2. പ്രത്യേകനാമം

"ബ്രഹ്മക്ഷത്രിയവിട്ച്ശൂദ്രാ" (സ്മൃതി)
അർത്ഥം: ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രർ

"ബ്രാഹ്മണം ക്ഷത്രിയം വൈശ്യം ശൂദ്രഞ്ച" (സ്മൃതി)
അർത്ഥം: ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും

digitized by www.sreyas.in

"ബ്രഹ്മവാ ഇദമഗ്ര ആസീൽ" (ബൃ. ഉപനിഷത്ത്)
അർത്ഥം: ആദ്യം ബ്രഹ്മമെന്ന ഒരു ജാതിതന്നെ ഭവിച്ചു.

"അസൃജത ക്ഷത്രം" (ബൃഹദാരേണ്യോപനിഷത്ത്)
അർത്ഥം: ക്ഷത്രത്തെ (ക്ഷത്രിയനെ) സൃഷ്ടിച്ചു.

"വിശമസൃജത്" (ബൃ. ഉപനിഷത്ത്)
അർത്ഥം: വൈശ്യനെ സൃഷ്ടിച്ചു.

"ശൗദ്രം വർണ്ണമസൃജത്" (ബൃ. ഉപനിഷത്ത്)
അർത്ഥം: ശൂദ്രജാതിയെ സൃഷ്ടിച്ചു.

ഈ പ്രമാണങ്ങളെക്കൊണ്ട് ഇതിലടങ്ങിയ പ്രത്യേക നാമങ്ങൾ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നതുകളാകുന്നു എന്നു സിദ്ധിക്കുന്നു.

## 3. ജന്മഭൂമി

"സരസ്വതീദൃഷദ്വത്യോർദ്ദേവനദ്യോര്യദന്തരം
തം ദേവനിർമ്മിതം ദേശം ബ്രഹ്മാവർത്തം പ്രവക്ഷ്യതേ" (മനുസ്മൃതി)

അർത്ഥം: 'സരസ്വതി'യെന്നും 'ദൃഷദ്വതി'യെന്നും പറയപ്പെടുന്ന ദേവനദികളുടെ മദ്ധ്യദേശം ദേവന്മാരാലേർപ്പെടുത്തപ്പെട്ട ബ്രഹ്മാവർത്തമെന്നു പറയപ്പെടുന്നു.

"തസ്മിൻ ദേശേ യ ആചാരഃ പാരമ്പര്യക്രമാഗതഃ
വർണ്ണാനാം സാന്തരാത്മാനാം സ സദാചാര ഉച്യതേ." (മനുസ്മൃതി)

അർത്ഥം : ആ ദേശത്തിൽ എപ്പോഴും മഹാന്മാർ വസിക്കുന്നതിനാൽ ബ്രാഹ്മണാദിവർണ്ണങ്ങൾക്കും സങ്കരജാതികൾക്കും ശിഷ്ടാചാരം അനാദിയായി അവിടത്തിൽനിന്നും ഉണ്ടാകുന്നു.

ഈ പ്രമാണംകൊണ്ട് ചാതുർവർണ്ണ്യം ഉണ്ടായത് ബ്രഹ്മാവർത്തത്തിൽനിന്നാണെന്നു സിദ്ധിച്ചു.

## 4. കർത്താവ്

"കൃതവാൻ പ്രഭു" (ഗായത്രിതന്ത്രം)
അർത്ഥം: പ്രഭുവിനാൽ ചെയ്യപ്പെട്ടു.

digitized by www.sreyas.in

"ചാതുർവർണ്യം മയാ സൃഷ്ടം" (ഭഗവൽഗീത)
അർത്ഥം: ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു.

ഇതുകൾകൊണ്ട് ചാതുർവർണ്യനിയമത്തെ സൃഷ്ടിച്ചത് സച്ചിദാത്മാവായ ഭഗവാനാണെന്നു സിദ്ധമായി.

## 5. ജനനകാലം

വർണ്ണാശ്രമ വിഭാഗശ്ച ത്രേതായാം കൃതവാൻ (ഗായത്രി തന്ത്രം)

വർണ്ണാശ്രമവിഭാഗത്തെ ത്രേതായുഗത്തിൽ ചെയ്തു എന്നതുകൊണ്ട് ഇതിന്റെ ജനനകാലം ത്രേതായുഗത്തിലാണെന്നു സിദ്ധിച്ചു.

## 6. പ്രയോജനം

"ലോകാനാന്തു വിവൃദ്ധ്യർത്ഥം" (മനുസ്മൃതി)

അർത്ഥം: ലോകങ്ങളുടെ വർദ്ധനയ്ക്കുവേണ്ടി; എന്നതുകൊണ്ട് ഇതിന്റെ പ്രയോജനം ലോകവർദ്ധന (രക്ഷ)യാണെന്നു തെളിയുന്നു.

ഹിന്ദുമതാനുസാരികൾക്ക് ആദരണീയങ്ങളെന്നു സമ്മതമുള്ള പ്രമാണങ്ങളിൽ കാണുന്നവിധം മേല്പറഞ്ഞ മൂന്നുമുതൽ ആറുവരെ കാര്യങ്ങളിൽനിന്നു പ്രഭുവായിരുന്ന ഭഗവാൻ ഈ വർണ്ണാശ്രമവിഭാഗത്തെ ബ്രഹ്മാവർത്തത്തിൽ വച്ചു ലോകങ്ങളുടെ വർദ്ധനയ്ക്കുവേണ്ടി ഉണ്ടാക്കി എന്നു സ്പഷ്ടമായി.

ഈ നിയമം ലോകവർദ്ധനയ്ക്കായിട്ടിരിക്കുന്ന സ്ഥിതിക്ക് ത്രേതായുഗത്തിനുമുമ്പ് കൃതയുഗത്തിലും ഈ വർദ്ധന അവശ്യം വേണ്ടതായിരിക്കാനേ തരമുള്ളൂ.

"ആദൗ കൃതയുഗേ വർണ്ണോ
നൃണാം ഹംസ ഇതി സ്മൃതഃ" (ഭാഗവതം)

അർത്ഥം: ആദിയിൽ കൃതയുഗത്തിൽ മനുഷ്യർ എല്ലാവരും ഹംസന്മാർ എന്നു പറയപ്പെടുന്ന ഒരു വർണ്ണം മാത്രമായിരുന്നു.

"ന വിശേഷോസ്തി വർണ്ണാനാം
സർവ്വം ബ്രഹ്മമിദം ജഗദ്" (ഭാരതം)

അർത്ഥം: വർണ്ണഭേദംകൂടാതെ ലോകം ഒരേ ജാതിയായിരുന്നു.

digitized by www.sreyas.in

"ഏകവർണ്ണമിദം പൂർവ്വം
വിശ്വമാസീദ്യുധിഷ്ഠിര" (ഭാരതം)

അർത്ഥം: ഹേ യുധിഷ്ഠിര! പണ്ടു ലോകം വർണ്ണഭേദം കൂടാതെ ഒരേ ജാതിയായിരുന്നു.

"ബ്രഹ്മ വാ ഇദദം അഗ്രആസീദേകമേവ" (ബൃഹദാരണ്യകോപനിഷത്ത്)

ഈ പ്രമാണങ്ങളാലും "ത്രേതായാം കൃതവാൻ പ്രഭുഃ" എന്നതിനാലും കൃതയുഗത്തിൽ ഈ വിഭാഗം ഉണ്ടായിരുന്നില്ലെന്നു കാണുന്നു. കൃതയുഗത്തിലും ലോകവൃദ്ധി ആവശ്യമുള്ളതായിരുന്നിട്ടും ആ കാലത്ത് ഏർപ്പെടുത്താതിരിപ്പാനും ത്രേതവരെ താമസിപ്പാനും കാരണമെന്ത്?

"കൃതകൃത്യാഃ പ്രജാ ജാത്യാ
തസ്മാൽ കൃതയുഗം വിദുഃ" (ഭാഗവതം)

അർത്ഥം: പ്രജകൾ ജനനാൽ തന്നെ കൃതകൃത്യന്മാരായിരിക്കയാൽ കൃതയുഗമെന്നു പറയപ്പെട്ടു.

"ചതുഷ്പാത്സകലോ ധർമ്മഃ
സത്യം ചൈവ കൃതേ യുഗേ
നാധർമ്മേണാഗമഃ കശ്ചി-
ന്മനുഷ്യാൻ പ്രതിവർത്തതേ" (മനുസ്മൃതി അ. 1)

അർത്ഥം: കൃതയുഗത്തിൽ ധർമ്മവും നാലു പാദമായിരുന്നു. അതിൽ മനുഷ്യരെ അധർമ്മത്തിനാലുണ്ടാകുന്ന ദുഃഖം പീഡിപ്പിക്കുന്നില്ല.

ഈ പ്രമാണങ്ങളാൽ കൃതയുഗത്തിൽ ധർമ്മം തികഞ്ഞു സംപൂർണ്ണമാകുംവണ്ണമുണ്ടായിരുന്നെന്നും, അതിനാൽ ജനങ്ങൾ വർണ്ണഭേദം കൂടാതെ ഒരേ ജാതിയിൽ നിഷ്കളങ്കഹൃദയരും ഉപാസകരും ധർമ്മിഷ്ഠന്മാരുമായിരുന്നെന്നും, അതിനാൽ അവർക്ക് യാതൊരുപദ്രവങ്ങളും നേരിട്ടിട്ടില്ലായിരുന്നു എന്നും, വേണ്ടുന്ന കാര്യങ്ങളെ അവരവർതന്നെ നിർബാധമായി പ്രയത്നംചെയ്തു നിവർത്തിച്ചുപോന്നു എന്നും, ആയതുകൊണ്ട് അക്കാലത്ത് 'ഈ വിഭാഗം' (ചാതുർവർണ്ണ്യം) ആവശ്യമായിരുന്നില്ലെന്നും വെളിവാകുന്നു എന്നാൽ,

'ത്രേതായുഗേ ഭിന്നധിയോ' (ഭാഗവതം)

digitized by www.sreyas.in

അർത്ഥം: ത്രേതായുഗത്തിൽ (മനുഷ്യർ) വിപരീതബുദ്ധികളായി ഭവിച്ചു.

"ഇതരേഷ്വാഗമാദ്ധർമ്മഃ
പാദശസ്ത്വവരോപിതഃ
ചൗരികാനൃതമായാഭി-
ർദ്ധർമ്മശ്ചാപൈതി പാദശഃ" (മനുസംഹിത, അ. 1)

അർത്ഥം: മറ്റു യുഗങ്ങ(ത്രേതായുഗം മുതലായ)ളിൽ മോഷണം, അസത്യം, വഞ്ചന ഈ കൃത്യങ്ങളെക്കൊണ്ട് ധനം, വിദ്യ മുതലായവ സമ്പാദിക്കനിമിത്തം ധർമ്മം, സത്യം ഇവ ഓരോ പാദമായി കുറയുന്നു.

ഈ പ്രമാണങ്ങളാൽ ത്രേതായുഗം മുതൽക്ക് ധർമ്മം ക്രമേണ കുറഞ്ഞും, അധർമ്മം വർദ്ധിച്ചും വന്നിരുന്നു എന്നും, ജനങ്ങളും അധർമ്മിഷ്ഠന്മാരായി ഭവിച്ചു എന്നും കാണുന്നു. അതുകൊണ്ട് ആ കാലം (ത്രേതായുഗം) മുതൽക്ക് ഈ വിഭാഗം (ചാതുർവണ്ണ്യം) ആവശ്യമായിവന്നു. ഇതാകുന്നു കൃതയുഗത്തിലേർപ്പെടുത്താതിരിപ്പാനും ത്രേതവരെ താമസിപ്പാനും കാരണം.

## 7. അടിസ്ഥാനം

"ചാതുർവ്വർണ്യം മയാ സൃഷ്ടം
ഗുണകർമ്മ വിഭാഗശഃ" (ഭഗവത്ഗീത)

അർത്ഥം: ഗുണകർമ്മവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി ചാതുർവ്വർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു.

"ബ്രഹ്മണാ പൂർവ്വസൃഷ്ടം ഹി
കർമ്മഭിർവർണ്ണതാം ഗതം" (ഭാരതം)

അർത്ഥം: ബ്രഹ്മാവിനാൽ പണ്ട് (എല്ലാ മനുഷ്യരും) സൃഷ്ടിക്കപ്പെട്ടു. കർമ്മംകൊണ്ട് (പല) വർണ്ണങ്ങളെ പ്രാപിച്ചു.

"കർമ്മക്രിയാ വിശേഷേണ
ചാതുർവ്വർണ്യം പ്രതിഷ്ഠിതം" (ഗായത്രീതന്ത്രം)

അർത്ഥം: കർമ്മങ്ങളുടെ ഭേദഗതികൊണ്ട് ചാതുർവ്വർണ്യം പ്രതിഷ്ഠിക്കപ്പെട്ടു. ഇതിൽനിന്നു ചാതുർവ്വർണ്യത്തിന്റെ അടിസ്ഥാനം വൃത്തിഭേദത്തെ ആശ്രയിച്ചാണെന്ന് വ്യക്തമാകുന്നു.

digitized by www.sreyas.in

## 8. ഇന്നിന്ന ഗുണകർമ്മങ്ങളുള്ളവനെ ഇന്ന വിഭാഗത്തിൽവച്ചു എന്ന്

[1]'ബ്രഹ്മ വാ ഇദമഗ്ര ആസീദേകമേവ തദേകം സൻനപ്യഭവത് ശ്രേയോ രൂപമത്യസൃജത ക്ഷത്രം യാന്യേതാനിദേവക്ഷത്രാണീന്ദ്രോ വരുണഃ സോമോ രുദ്രഃ പർജ്ജന്യോ യമോ മൃത്യുരീശാന ഇതി.' (1–4–11)

(തസ്മാൽ ക്ഷത്രാൽ പരം നാസ്തി തസ്മാൽ ബ്രാഹ്മണഃ ക്ഷത്രിയ മധസ്താദുപാസ്തേ രാജസൂയേ ക്ഷത്ര ഏവ തദ്യശോദധാതി സൈഷാ ക്ഷത്രസ്യ യോനിര്യദ് ബ്രഹ്മ തസ്മാദ്യപി രാജാ പരമതാം ഗച്ഛതി ബ്രഹ്മൈവാന്തത ഉപനിശ്രയതി സ്വാം യോനിം യ ഉ ഏനം ഹിനസ്തി സ്വാം സ യോനിമൃച്ഛതി സ പാപീയാൻ ഭവതി യഥാ ശ്രേയാംസംഹിംസിത്വാ)

(ബൃഹദാരണ്യകോപനിഷത്ത്) (1–4–1)

അർത്ഥം: 'ആത്മൈവേദമഗ്ര ആസീൽ' എന്നുള്ളെടത്ത് ആത്മ ശബ്ദംകൊണ്ടു വിവക്ഷിതമായിരിക്കുന്ന സ്രഷ്ട്രു ബ്രഹ്മം യാതൊന്നോ (അഗ്നിയെ സൃഷ്ടിച്ചു) ബ്രാഹ്മണജാത്യഭിമാനമുള്ള ആദ്ധ്യാത്മികമായിരിക്കുന്ന അത് ഏകം മാത്രമായിരുന്നു. പരിപാലനാദി ചെയ്യുന്നതിനുള്ള 'ക്ഷത്ര'ത്തോടുകൂടാതെ കർമ്മത്തിനായിക്കൊണ്ടു മതിയായില്ല. അതുകൊണ്ട് ആ ബ്രഹ്മകർമ്മകർത്തൃത്വവിഭൂതിക്കായിട്ട് പ്രശസ്തരൂപമൊന്നു വിശേഷമായി സൃഷ്ടിച്ചു. അതായത് 'ക്ഷത്രം', ഇന്ദ്രൻ, വരുണൻ, സോമൻ, പർജന്യൻ (വിദ്യുദാതികളുടെ നാഥൻ), യമൻ, മൃത്യുരീശാനനെന്നിങ്ങനെ യാവചിലരുണ്ടോ അവർ ദേവ(ന്മാരിൽ) ക്ഷത്രിയ(ന്മാ)ർ.

"സ നൈവ വ്യഭവത്സ വിശമസൃജത യാന്യേതാനി ദേവജാതാനി ഗണശ ആഖ്യായന്തേ വസവോ രുദ്രാ ആദിത്യാവിശ്വേദേവാ (1–4–12) മരുത ഇതി."

(ബൃഹദാരണ്യകോപനിഷത്ത്)

അർത്ഥം: ബ്രാഹ്മണജാത്യഭിമാനമുള്ള ആ അഗ്നിപുരുഷൻ ദ്രവ്യസമ്പാദ്യക്കാരനോടുകൂടാതെ കർമ്മത്തിനായിക്കൊണ്ട് മതിയാകാതെ വൈശ്യജാതിയെ സൃഷ്ടിച്ചു. ആ ദേവവൈശ്യന്മാർ ഏവരെന്നാൽ വസുക്കൾ, രുദ്രന്മാർ, ആദിത്യന്മാർ, വിശ്വദേവന്മാർ, മരുത്തുകൾ എന്നിങ്ങനെ വർഗ്ഗംവർഗ്ഗമായി പറയപ്പെടുന്നവർതന്നെ.

digitized by www.sreyas.in

'സനൈവവ്യഭവത്സശൗദ്രംവർണ്ണമസൃജത; (1-4-13) പൂഷണ മിയം വൈ പൂഷേയം ഹീദം സർവ്വം പുഷ്യതി യദിദം കിഞ്ച.' (ബൃ: ഉപനിഷത്ത്)

അർത്ഥം: 'പിന്നീട് ഇവൻ (ആ അഗ്നിപുരുഷൻ) പരിചാരകനില്ലായ്കയാൽ കർമ്മത്തിന് ആകാതിരുന്ന് ശൂദ്രവർണ്ണം (ജാതി) സൃഷ്ടിച്ചു. പൂഷാവ് ഈ ശൂദ്രവർണ്ണത്തിൽ ചേർന്നവനാകുന്നു. ഈ പൃഥിവിയാകട്ടെ പൂഷാവായിട്ടു ഭവിക്കുന്നു. എന്തെന്നാൽ ഈയുള്ള (ഭൂതജാലം) എല്ലാം പോഷിപ്പിക്കുന്നു.'

'കാമ ഭോഗപ്രിയസ്തീക്ഷ്ണാഃ ക്രോധനാഃ പ്രിയസാഹസാഃ ത്യക്തസ്വധർമ്മരക്താംഗാഃ തേ ദ്വിജാഃ ക്ഷത്രതാം ഗതാഃ'

അർത്ഥം: വിഷയസുഖത്തിൽ ഇച്ഛയോടുകൂടിയവരും സാഹസത്തിൽ പ്രിയമുള്ളവരും കോപിഷ്ഠന്മാരും ആയി സ്വധർമ്മങ്ങളെ വിട്ടു രജോഗുണത്തോടിരുന്ന ബ്രാഹ്മണർ ക്ഷത്രിയരായി ഭവിച്ചു.

'ഗോഭ്യോ വൃത്തിം സമാസ്ഥായ പീതാ കൃഷ്ട്യുപജീവിനഃ
സ്വധർമ്മാന്നാനുതിഷ്ഠന്തി തേ ദ്വിജാ വൈശ്യതാം ഗതാഃ'

അർത്ഥം: പശുപാലനവും ഉഴവും തന്റെ വൃത്തിയായിട്ടു വച്ചുകൊണ്ടു രജോഗുണവും തമോഗുണവും ഉള്ളവരായി സ്വധർമ്മത്തെ ത്യജിച്ചവരായ ബ്രാഹ്മണർ വൈശ്യരായി ഭവിച്ചു.

'ഹിംസാനൃതക്രിയാലുബ്ധാഃ സർവ്വകർമ്മോപജീവിനഃ
കൃഷ്ണാശ്ശൗചപരിഭ്രഷ്ടാസ്തേ ദ്വിജാഃ ശൂദ്രതാം ഗതാഃ' (ഭാരതം)

അർത്ഥം: 'കൊലയും കളവും പ്രവർത്തിക്കുന്നവരും ലോഭികളും ഉപജീവനത്തിന് എന്തു കർമ്മത്തേയും അനുഷ്ഠിക്കാൻ മടിയില്ലാത്തവരും തമോഗുണശീലന്മാരും ശൗചമില്ലാത്തവരും പരിഭ്രഷ്ടന്മാരുമായ ബ്രാഹ്മണർ ശൂദ്രരായിത്തീർന്നു.'

മേൽ കാണിച്ച പ്രമാണങ്ങളിൽനിന്ന് ഇന്നിന്ന ഗുണങ്ങളുള്ളവർ ഇന്ന ജാതിയായി എന്നു സിദ്ധിക്കുന്നു.

## 9. നടപ്പുമുറ

'ന വിശേഷോസ്തി വർണ്ണാനാം
സർവ്വം ബ്രഹ്മമിദം ജഗത്

digitized by www.sreyas.in

ബ്രഹ്മണാ പൂർവ്വസൃഷ്ടം ഹി
കർമ്മണാ വർണ്ണതാം ഗതം' (ഭാരതം)

അർത്ഥം: 'വർണ്ണഭേദമില്ല, ലോകംമുഴുവനും ബ്രഹ്മസംബന്ധമായത് ആകുന്നു. ബ്രഹ്മാവിനാൽ പൂർവ്വം സൃഷ്ടിക്കപ്പെട്ടു. അവനവന്റെ കർമ്മംനിമിത്തം വർണ്ണങ്ങളെ സമ്പാദിച്ചു.'

'ശൂദ്രോ ബ്രാഹ്മണതാമേതി
ബ്രാഹ്മണശ്ചൈതി ശൂദ്രതാം
ക്ഷത്രിയാജ്ജാതമേവന്തു
വിദ്യാദ്വൈശ്യാത്തഥൈവച' (മനുസ്മൃതി)

അർത്ഥം: 'ശൂദ്രരും ബ്രാഹ്മണരാകുന്നു. ബ്രാഹ്മണരും ശൂദ്രരാകുന്നു. ക്ഷത്രിയരും വൈശ്യപുത്രരും ഇപ്രകാരം തന്നെ ആകുന്നു എന്ന് അറിയണം.'

ഈ വിഷയം ഭാരതത്തിലെ അനുശാസനപർവ്വത്തിൽ വിസ്താരമായി കാണിച്ചിരിക്കുന്നു.

'ഏഭിസ്തു കർമ്മഭിർദ്ദേവീ
ശൂഭൈരാചരിതൈസ്തഥാ
ശൂദ്രോ ബ്രാഹ്മണതാം യാതി
വൈശ്യഃ ക്ഷത്രിയതാം വ്രജേൽ.'

അർത്ഥം: അല്ലയോ ദേവീ! ഈ (മുൻചൊന്ന) കർമ്മങ്ങളാലും സദാചാരത്തിനാലും ശൂദ്രൻ ബ്രാഹ്മണനാകുന്നു. വൈശ്യൻ ക്ഷത്രിയനാകുന്നു.

'ഏതൈഃ കർമ്മഫലൈർദ്ദേവീ! ന്യൂനജാതികുലോത്ഭവഃ
ശൂദ്രോപ്യാഗമസമ്പന്നോ ദ്വിജോ ഭവതി സംസ്കൃതഃ'

അർത്ഥം: അല്ലയോ ദേവീ! താഴ്ന്നജാതിയിൽ താഴ്ന്ന കുലത്തിൽ ജനിച്ച ശൂദ്രനെന്നുവരികിലും അവൻ ഈ കർമ്മങ്ങളുടെ ഫലത്തിനാൽ ശാസ്ത്രജ്ഞാനമുണ്ടായി പരിശുദ്ധനായി ദ്വിജനായി ഭവിക്കുന്നു.

'ബ്രാഹ്മണോ വാപ്യസദ്വൃത്തിസ്സർവ്വസങ്കരഭോജനഃ
ബ്രാഹ്മണ്യം സമനുൽസൃജ്യ ശൂദ്രോ ഭവതി താദൃശഃ'

അർത്ഥം: അപ്രകാരം ബ്രാഹ്മണനായിരുന്നാലും ദുർമ്മാർഗ്ഗിയും സങ്കരഭോജിയും ആകുന്നു എങ്കിൽ ബ്രാഹ്മണത്ത്വത്തോടുവേർപെട്ട് ശൂദ്രനായി ഭവിക്കുന്നു.

digitized by www.sreyas.in

'കർമ്മഭിഃ ശുചിഭിർദ്ദേവീ! ശുദ്ധാത്മാ വിജിതേന്ദ്രിയഃ
ശൂദ്രോപി ദ്വിജവൽ സേവ്യഃ ഇതി ബ്രഹ്മാനുശാസനം'

അർത്ഥം: അല്ലയോ ദേവീ! കർമ്മത്തിനാലും പരിശുദ്ധതയാലും പരിശുദ്ധാത്മാവായി ഇന്ദ്രിയങ്ങളെ ജയിച്ചവൻ ശൂദ്രനായിരുന്നാലും ദ്വിജനെന്നപോലെ സേവിക്കപ്പെടത്തക്കവനാകുന്നു എന്ന് ദൈവനിയമം.

'സ്വഭാവം കർമ്മ ച ശുഭം യത്ര ശൂദ്രോപി തിഷ്ഠതി
വിശിഷ്ടഃ സ ദ്വിജാതേർ വൈ വിജ്ഞേയ ഇതി മേ മതിഃ'

അർത്ഥം: യാതൊരു ശൂദ്രന്റെ സ്വഭാവവും പ്രവൃത്തിയും പരിശുദ്ധങ്ങളായിരിക്കുന്നു ആ ശൂദ്രനെ ദ്വിജനെക്കാളും ഉത്തമനായി (വിശേഷവാനായി) അറിയണം; ഇത് എന്റെ അഭിപ്രായമാകുന്നു.

'ന യോനിർന്നാപി സംസ്കാരോ ന ശ്രുതം ന ച സന്തതിഃ
കാരണാനി ദ്വിജത്വസ്യ വൃത്തമേവ തു കാരണം'

അർത്ഥം: ജനനം, മതാനുഷ്ഠാനം, ശാസ്ത്രപ്രയത്നം, കുലം, ഇവ ദ്വിജത്വം സിദ്ധിക്കുന്നതിനു കാരണമാകയില്ല. അതിലേക്ക് ആചാരംതന്നെ കാരണം.

'സർവേഷാം ബ്രാഹ്മണോ ലോകേ വൃത്തേന ച വിധീയതേ
വൃത്തേസ്ഥിതസ്തു ശൂദ്രോപി ബ്രാഹ്മണത്വം നിയച്ഛതി.'

അർത്ഥം: ലോകവാസികളായ എല്ലാവരും ആചാരം കൊണ്ടുതന്നെ ബ്രാഹ്മണരാകാം. സദ്വൃത്തിയിലിരിക്കുന്ന ശൂദ്രനും ബ്രാഹ്മണത്വം സിദ്ധിക്കുന്നു.

ബ്രഹ്മസ്വഭാവഃ കല്യാണി! സമഃ സർവ്വത്ര മേ മതിഃ
നിർഗുണം നിർമ്മലം ബ്രഹ്മം യത്ര നിഷ്ഠതി സ ദ്വിജഃ

അർത്ഥം: അല്ലയോ കല്യാണീ! ബ്രഹ്മത്തിന്റെ സ്വഭാവം എല്ലായിടത്തും ഒന്നുപോലെതന്നെ ഇരിക്കുന്നു. നിർഗ്ഗുണവും നിർമ്മലവുമായ ബ്രഹ്മം ഏവനിലുണ്ടോ അവനേ ബ്രാഹ്മണൻ.

'ഏതത്തേ ഗുഹ്യമാഖ്യാതം യഥാ ശൂദ്രോ ഭവേദ്ദ്വിജഃ
ബ്രാഹ്മണോ വാ ച്യുതോ ധർമ്മാൽ യഥാശൂദ്രത്വമാപ്നുതേ'

അർത്ഥം: ശൂദ്രന് ഏതുപ്രകാരം ബ്രാഹ്മണനാകാൻ കഴിയുമോ, ബ്രാഹ്മണൻ ധർമ്മനാശംകൊണ്ട് എപ്രകാരം ശൂദ്രനാകുന്നോ അതിന്റെ രഹസ്യവിഷയങ്ങൾ നിനക്കായിട്ടു പറയപ്പെട്ടു.

digitized by www.sreyas.in

ഇതുപോലെ മഹാഭാരതത്തിൽ ഇനിയും പല സ്ഥലങ്ങളിലും കാണാവുന്നതാണ്.

'സത്യം ദാനം ക്ഷമാശീലം ആനൃശംസ്യം തപോ ഘൃണാ
ദൃശ്യതേ യത്ര നാഗേന്ദ്ര! സ ബ്രാഹ്മണ ഇതി സ്മൃതഃ'

അർത്ഥം: സത്യം, ദാനം, ക്ഷമ, സദാചാരം, ശാന്തത, തപസ്സ്, കരുണ ഇതുകൾ ആരിലിരിക്കുന്നോ അല്ലയോ നാഗേന്ദ്ര! അവൻതന്നെ ബ്രാഹ്മണൻ.

'ജിതേന്ദ്രിയോ ധർമ്മപരഃ സ്വാധ്യായനിരതഃ ശുചിഃ
കാമക്രോധൗ വശേ യസ്യ തം ദേവാ ബ്രാഹ്മണം വിദുഃ'

അർത്ഥം: എവൻ ഇന്ദ്രിയങ്ങളെ ജയിച്ചവനോ, ധർമ്മങ്ങളെ അനുഷ്ഠിക്കുന്നവനോ, വേദാധ്യയനത്തിൽ ഇച്ഛയുള്ളവനോ, പരിശുദ്ധനോ, ഏവന് കാമക്രോധങ്ങൾ വശമായിരിക്കുന്നോ അവനെത്തന്നെ ദേവന്മാർ ബ്രാഹ്മണനെന്ന് അറിയുന്നു.

'യസ്യ ചാത്മസമോ ലോകോ ധർമ്മജ്ഞസ്യ സമന്വിതഃ
സർവ്വധർമ്മേഷു ചരതസ്തം ദേവാ ബ്രാഹ്മണം വിദുഃ'

അർത്ഥം: ഏവൻ ലോകരെ തന്നെപ്പോലെ നിരൂപിക്കുന്നോ ധർമ്മത്തിൽ ജ്ഞാനവും പ്രശസ്തചിത്തവും ഉള്ളവനോ, മേലും ഏവൻ ധർമ്മാനുഷ്ഠാനങ്ങളിൽ ഇച്ഛയുള്ളവനായിരിക്കുന്നോ അവനെത്തന്നെ ദേവതകൾ ബ്രാഹ്മണനെന്ന് അറിയുന്നു.

മഹാഭാരതം ആരണ്യപർവ്വം യക്ഷയുധിഷ്ഠിരസംവാദം എന്ന ഘട്ടത്തിൽ ഇനിയും ഈ കാര്യത്തെപ്പറ്റി പറഞ്ഞിരിക്കുന്നു.

യക്ഷോവാച:-

'രാജൻ! കുലേന വൃത്തേന സ്വാധ്യായേന ശ്രുതേന വാ
ബ്രാഹ്മണ്യം കേന ഭവതി പ്രബ്രൂഹ്യേതൽ സുനിശ്ചിതം'

അർത്ഥം: അല്ലയോ രാജാവേ! ബ്രാഹ്മണത്വം, കുലത്തിനാലോ പ്രവൃത്തിയാലോ, വേദശാസ്ത്രപഠനത്തിനാലോ ഏതിനാൽ ഉണ്ടാകുന്നു? ഈ നിശ്ചയത്തെ നല്ലപോലെ പറഞ്ഞാലും.

യുധിഷ്ഠിരോവാച:-

'ശൃണു യക്ഷ! കുലം താത! ന സ്വാധ്യായോ ന ച ശ്രുതം
കാരണം ഹി ദ്വിജത്വേ ച വൃത്തമേവ ന സംശയഃ'

digitized by www.sreyas.in

അർത്ഥം: അല്ലയോ യക്ഷ! അങ്ങു കേട്ടാലും, ബ്രാഹ്മണ്യത്തിനു കുലം വേദശാസ്ത്രപഠനം ഇതുകൾ കാരണങ്ങളാകയില്ല. സദാചാരംതന്നെയാകുന്നു ദ്വിജത്വകാരണം സംശയമില്ല.

ഇതുവരെ എടുത്തുകാണിച്ച പദ്യങ്ങളാൽ ഒരു പ്രവൃത്തിചെയ്യുന്ന പിതൃമാതൃക്കളിൽ ജനിച്ച ഒരുവനാകട്ടെ തന്നത്താനെ ഒരു പ്രവൃത്തിചെയ്യുന്നവനാകട്ടെ മറ്റൊരു പ്രവൃത്തിയാൽ വേറെ ജാതിയിലാകാമെന്നും ഇതിനാൽ താഴ്ന്ന ജാതിക്കാരൻ ഉയർന്ന ജാതിയിലും ഉയർന്നവൻ താഴ്ന്ന ജാതിയിലും വരുമെന്നുള്ളതുകൊണ്ട് ഇന്ന ജാതി എന്നു നിശ്ചയിക്കുന്നതിലേക്കു പ്രവൃത്തിയും ഗുണവുംതന്നെ മുഖ്യങ്ങളെന്നും തെളിയുന്നു.

## 10. താരതമ്യം (സ്ഥാനം) അതായത് ഉൽപത്തി

'............................മുഖബാഹൂരുപാദതഃ' (മനുസ്മൃതി)
അർത്ഥം: മുഖം, കൈ, തുട, പാദം ഈ സ്ഥാനങ്ങളിൽനിന്ന്.
'ബ്രാഹ്മണോസ്യ മുഖമാസീൽ' (പുരുഷസൂക്തം)
അർത്ഥം: ബ്രാഹ്മണൻ ഇവന്റെ മുഖമാകുന്നു.
'ബാഹൂ രാജന്യഃ കൃതഃ'
അർത്ഥം: രാജാവ് കൈ ആകുന്നു.
'ഊരു വൈശ്യ' (പുരുഷസൂക്തം)
അർത്ഥം: വൈശ്യൻ തുടയാകുന്നു
'പദ്ഭ്യാം ശൂദ്രോ അജായത' (പുരുഷസൂക്തം)
അർത്ഥം: പാദങ്ങളിൽനിന്നു ശൂദ്രൻ ജനിച്ചു.

ഈ പ്രമാണങ്ങൾകൊണ്ട് ഒരു ശരീരത്തിൽ മുഖബാഹൂരുപാദങ്ങളുടെ മുഖ്യാമുഖ്യതകൾപോലെ ബ്രാഹ്മണക്ഷത്രിയാവൈശ്യശൂദ്രർകളായ നാലു വർണ്ണങ്ങൾക്കും ഏറ്റക്കുറച്ചിൽ ഉണ്ടെന്നു സിദ്ധിക്കുന്നു.

'സർവ്വവർണ്ണേഷു തുല്യാസു പത്നീഷ്വക്ഷതയോനിഷു
ആനുലോമ്യേന സംഭൂതാ ജാത്യാ ജ്ഞേയാസ്തയൈവതേ' (മനു. അ. 1, ശ്ലോ.5)

അർത്ഥം: 'നാലു വർണ്ണങ്ങളിലും തന്റെ ജാതികളായും വ്യഭിചാരദോഷമില്ലാത്തവളായും ഇരിക്കുന്ന ധർമ്മപത്നിയെ വിവാഹംചെയ്തവരന്റെ ബീജംകൊണ്ട് ആ ധർമ്മപത്നി പ്രസവിക്കുന്ന പുത്രന്മാർ അനുലോമ്യമായി അതാതു ജാതികളെന്ന് അറിയേണ്ടതാകുന്നു.'

digitized by www.sreyas.in

'അനാര്യമാര്യകർമ്മാണമാര്യഞ്ചാനാര്യകർമ്മിണം
സ പ്രധാര്യാബ്രവീദ്ധാതാ ന സമൗ നാസമാവിതി' (മനു. അ 10, ശ്ലോ.73)

അർത്ഥം: ബ്രാഹ്മണന്റെ തൊഴിലിനെ ചെയ്താലും ശൂദ്രൻ ബ്രാഹ്മണജാതിയായി ഭവിക്കുന്നതല്ല. എന്തെന്നാൽ അവനു ബ്രാഹ്മണജാതി തൊഴിലിൽ അധികാരമില്ലയല്ലോ. ശൂദ്രകൃത്യത്തെ ചെയ്താലും ബ്രാഹ്മണൻ ശൂദ്രനായി ഭവിക്കയില്ല. എന്തെന്നാൽ അവൻ ഹീനകർമ്മത്തെ ചെയ്താലും അവന്റെ ജാതി ഉയർന്നതല്ലയോ. ഇപ്രകാരംതന്നെ ഈ വിഷയങ്ങളെ ബ്രഹ്മാവും നിശ്ചയം ചെയ്തിരിക്കുന്നു.

ഇത്യാദി പ്രമാണങ്ങളാൽ ഈ ബ്രാഹ്മണാദി നാലു ശബ്ദങ്ങളും രൂഢങ്ങളാണെന്നും ഗുണകർമ്മങ്ങൾ ആർക്ക് എങ്ങനെയിരുന്നാലും ബ്രാഹ്മണത്വാദികൾക്ക് അതുകൾ സംബന്ധമായി യാതൊരു ന്യൂനതയും വരികയില്ലെന്നും ആണ് ഇദാനീന്തനന്മാ(ബ്രാഹ്മണ)രുടെ വാദം. എന്നാൽ ഇവരുടെ ഈ വാദത്തിന് ഈ രൂഢമെന്നത് അടിസ്ഥാനമായിരിക്കയാൽ ഈ രൂഢത്തേയും, ഇതിനടുത്തവയും അത്യാവശ്യങ്ങളും ആയ യോഗരൂഢാദികളേയുംപറ്റി ഒരു വിവരണം ഇവിടെ കാണിക്കാതിരുന്നാൽ ഇതിലുള്ള സംഗതി മുഴുവനും എല്ലാവർക്കും ധരിക്കുന്നതിന് എളുപ്പമില്ലാത്തതിനാൽ അതിലേക്കൊരുങ്ങുന്നു.

സംസ്കൃതഭാഷയിൽ വാക്കുകൾ, നാമം, ആഖ്യാതം, ഉപസർഗ്ഗം, നിപാതം എന്നിങ്ങനെ നാലുപ്രകാരത്തിലുണ്ട്. ഇവയിൽ നാമം എന്നതു ജാതിശബ്ദം, ഗുണശബ്ദം, ക്രിയാശബ്ദം, സംജ്ഞാശബ്ദം എന്നു നാലു പ്രകാരമുണ്ട്; ഇതുകൂടാതെ ശക്തം, ലക്ഷകം, വ്യഞ്ജകം എന്ന് വേറെ മൂന്നു വിധത്തിലുണ്ട്. ഇതുകളിൽ ശക്തമെന്നതിനെ വിവരിച്ചു കാണിക്കുന്നതിനുവേണ്ടി ശബ്ദശക്തിയുടെ ലക്ഷണത്തെ താഴെ കാണിക്കുന്നു.

'അസ്മാച്ഛബ്ദാദയമർത്ഥോ ബോദ്ധവ്യ ഇതീശ്വരസങ്കേതശ്ശക്തിഃ'

അർത്ഥം: 'ഇന്ന ശബ്ദത്തിൽനിന്ന് ഇന്ന അർത്ഥത്തെ ബോധിക്കേണ്ടതാകുന്നു എന്ന ഈശ്വരസങ്കേതം (നിയമം) ആകുന്നു ശക്തി', എന്നു ചിലരും,

'അർത്ഥസ്മൃത്യനുകൂലപദപദാർത്ഥസംബന്ധശ്ശക്തിഃ', ഒരു ശബ്ദത്തെ കേൾക്കുമ്പോൾ അതിനുള്ള അർത്ഥം ഓർമ്മയിൽവരുന്ന

digitized by www.sreyas.in

തിനു കാരണമായ പദപദാർത്ഥങ്ങളുടെ തമ്മിലുള്ള സംബന്ധമാകുന്നു ശക്തി' എന്ന് വേറെ ചിലരും; പറയുന്നു.

ഈ ശക്തിയാകട്ടെ സമുദായശക്തിയെന്നും അവയവശക്തി യെന്നും രണ്ടുവിധം പറയപ്പെടുന്നു. ഇതുകളിൽ സമുദായശക്തിയെ രൂഢി എന്നും അവയവശക്തിയെ യോഗം എന്നും പറയും. ഇങ്ങനെ ഏതെങ്കിലും അർത്ഥത്തെ ബോധിപ്പിക്കുന്നതിനുള്ള ശക്തിയെ വഹിച്ച ശബ്ദവിശേഷമാകുന്നു മുൻപറഞ്ഞ ശക്തം. ഈ ശക്തമാകട്ടെ രൂഢം, യോഗരൂഢം, യൗഗികം, യൗഗികരൂഢം എന്നിങ്ങനെ നാലുവിധം.

'രൂഢ്യൈവ അർത്ഥബോധകഃ രൂഢഃ'

അർത്ഥം: രൂഢികൊണ്ട് അർത്ഥത്തെ ബോധിപ്പിക്കുന്നതു രൂഢം.

രൂഢലക്ഷണം: "അവയവശക്തിനൈരപേക്ഷ്യേണ സമുദായശ ക്തിമാത്രേണ ബുദ്ധ്യതേ തദ്രൂഢം."

അർത്ഥം: യാതൊന്നിൽ അവയവശക്തിയെ അപേക്ഷിക്കാതെ സമുദായശക്തിയെമാത്രം ബോധിപ്പിക്കുന്നുവോ ആ പദം രൂഢം. ഉദാ ഹരണം: പൃഥ്വി, ജലം മുതലായവ.

യോഗരൂഢലക്ഷണം: "യത്ര തു അവയവശക്തിവിഷയേ സമു ദായശക്തിരപ്യസ്തി തദ്യോഗരൂഢം."

അർത്ഥം: യാതൊരു ശബ്ദത്തിൽ അവയവശക്തിക്കു വിഷയ മായ പൊരുളിൽ സമുദായശക്തിയുമിരിക്കുന്നുവോ അതു യോഗരൂ ഢം. ഉദാഹരണം: 1. പങ്കജം എന്ന പദം. പങ്കത്തിൽ (ചേറിൽ)നിന്നു ജനിച്ചതെന്നുള്ള അവയവശക്തിക്കു വിഷയമായ അർത്ഥത്തെ സമു ദായശക്തികൊണ്ട് 'താമരപ്പൂ' എന്നു ബോധിപ്പിക്കുന്നു. 2. ഷട്പദം എന്ന പദം. ഷട് = ആറ്, പദം = പാദങ്ങൾ: ആറുകാലുള്ളത് എന്ന് അവയവാർത്ഥം. വണ്ട് എന്നു സമുദായാർത്ഥം.

യൗഗികലക്ഷണം: "യത്ര അവയവാർത്ഥ ഏവ ബുദ്ധ്യതേ തദ്യൗഗികം."

അർത്ഥം: യാതൊരു ശബ്ദത്തിൽനിന്ന് അവയവാർത്ഥം മാത്രം അറിയപ്പെടുന്നോ അതു യൗഗികം. ഉദാഹരണം; പാചകഃ എന്ന പദം തനത് ഒരു അവയവമായ 'പച്' എന്ന ധാതുവിന്റെ അർത്ഥമായ പാകം ചെയ്കൽ എന്നതിനേയും 'അക' എന്ന പ്രത്യയത്തിന്റെ അർത്ഥമായ കർത്താവിനേയും ചേർത്തു പാകംചെയ്യുന്നവൻ എന്ന അർത്ഥത്തെ

digitized by www.sreyas.in

ബോധിപ്പിക്കുന്നതല്ലാതെ ഈ പദം മറ്റു യാതൊരർത്ഥത്തേയും ബോധിപ്പിക്കുന്നില്ലാ.

യൗഗികരൂഢലക്ഷണം: 'യത്ര തു യൗഗികാർത്ഥരൂഢ്യർത്ഥയോസ്സ്വാതന്ത്ര്യബോധകസ്തദ്യൗഗികരൂഢം.'

അർത്ഥം: യാതൊന്നിൽ യൗഗികാർത്ഥത്തിനും രൂഢ്യർത്ഥത്തിനും പരസ്പരസ്വാതന്ത്ര്യം (ഒന്നിനൊന്നു സഹായംകൂടാതെ) ബോധിപ്പിക്കുന്നോ അതു യൗഗികരൂഢം. ഉദാഹരണം: 'ഉത്ഭിദ്' എന്ന പദം ഉത്ഭേദിച്ചു(പിളർന്നു)കൊണ്ട് മേല്പോട്ടു പുറപ്പെട്ടുവരുന്ന വൃക്ഷലതാദികളേയും അതിന്റെ സഹായംകൂടാതെ ഒരു യാഗത്തിനേയും ബോധിപ്പിക്കുന്നു. ഇതാണ് രൂഢ്യാദിവിവരണം.

ബ്രാഹ്മണക്ഷത്രിയാദി ശബ്ദങ്ങൾ ഒന്നാമതായി പറയപ്പെട്ട രൂഢവകുപ്പിൽ ചേർന്നവയാകുന്നു എന്നും അവയവാർത്ഥം ചിന്തിച്ചിട്ടു കാര്യമില്ലെന്നും ഗജതുരഗാദിശബ്ദങ്ങൾ പലവിധ മൃഗജാതികളെ ബോധിപ്പിക്കുന്ന നാമങ്ങളാകുന്നതുപോലെ ബ്രാഹ്മണാദിശബ്ദങ്ങളും പലവിധ മനുഷ്യജാതിയെ ബോധിപ്പിക്കുന്ന നാമങ്ങളാകുന്നു എന്നും ഈ മനുഷ്യജാതിയിലുള്ള വകഭേദങ്ങളെ സ്രഷ്ടാവായ ഈശ്വരനും പരോക്ഷജ്ഞാനശക്തരായ മഹർഷികൾക്കും മാത്രമേ അറിവാൻ കഴിയൂ എന്നും അതിനാൽ ഉത്തമഗുണങ്ങളെ ലഭിച്ചതുകൊണ്ട് അധമവകുപ്പുകാർ ഉത്തമവകുപ്പിലും അധമഗുണങ്ങൾ ഹേതുവായിട്ട് ഉത്തമവകുപ്പുകാർ അധമവകുപ്പിലും ആകയില്ലെന്നും, അതാതു ജാതിയിലുള്ളവരുടെ പുത്രപൗത്രപരമ്പരകൾ മാത്രമേ അതാതു ജാതിയാകയുള്ളു എന്നും ആണ് ഇദാനീന്തനബ്രാഹ്മണരുടെ വാദം.

ഇവരുടെ ഈ സിദ്ധാന്തവും ഇതിന്നനുകൂലമായ സകല പ്രമാണങ്ങളും സർവാബദ്ധമെന്ന് താഴെ കാണിക്കുന്നു.

പതഞ്ജലിയുടെ വ്യാകരണമഹാഭാഷ്യം 2-ാം ആഹ്നികത്തിൽ 'നവീനങ്ങളായേർപ്പെടുത്തുന്ന ശബ്ദങ്ങളെ ന്യായാനുസരണം കല്പിക്കണ'മെന്നു പറയുന്നു. മാഹേശ്വരസൂത്രം രണ്ടാം നിരുക്തത്തിലും ശാകടായനവ്യാകരണത്തിലും 'നാമങ്ങളെല്ലാം ധാതുക്കളിൽനിന്നുണ്ടായവ'യെന്നു പറഞ്ഞിരിക്കുന്നു. അല്ലാതെയും, ധാതു, പ്രത്യയം ഇതുകളെക്കൊണ്ടു നാമങ്ങളെ ഉണ്ടാക്കുന്ന ആൾ, ആ ധാതുവിന്റേയും പ്രത്യയത്തിന്റേയും അർത്ഥത്തെ ത്യജിച്ചിട്ട് ശബ്ദമാത്രംകൊണ്ട് യാതൊരുകാരണവും കൂടാതെ നാമങ്ങളെ ഏർപ്പെടുത്തി എന്നു പറയുന്നത് അസംബന്ധമാകുന്നു. ഇക്കാലത്തും നിഘണ്ട്വാദികളുടെ

digitized by www.sreyas.in

വ്യാഖ്യാതാക്കന്മാരായ ഭാനുദീക്ഷിതർ മുതലായവർ ഒരു ശബ്ദത്തെ എങ്കിലും അവയവാർത്ഥം കൂടാതെ വിട്ടുകളയുന്നില്ല. അതിനാൽ അസ്പഷ്ടകാരണകങ്ങൾ അല്ലെങ്കിൽ അജ്ഞാതകാരണകങ്ങൾ ആയ നാമങ്ങളെ രൂഢങ്ങളെന്നും ജ്ഞാതകാരണകങ്ങളെ യോഗരൂഢങ്ങളെന്നും പറയുന്നതുതന്നെ യുക്തമായിരിക്കും. ആയതിനാൽ അവയവാർത്ഥമില്ലാതെ യാതൊരു ശബ്ദവുമില്ല കാലാധിക്യം ഹേതുവായിട്ട് ചില ശബ്ദങ്ങളുടെ കാരണം അറിയാതെവന്നതിനാൽ അവയവാർത്ഥം സ്പഷ്ടമാകാതെ ഇരുന്നതുകൊണ്ടുമാത്രം അതുകളെ രൂഢങ്ങളെന്നു പറയുന്നു. അങ്ങനെ രൂഢങ്ങൾ അജ്ഞാതകാരണകങ്ങൾ എന്നല്ലാതെ അഭാവകാരണകങ്ങൾ (അവയവാർത്ഥമില്ലാത്തവ) ആണെന്ന് ഒരിക്കലും സിദ്ധിക്കുന്നില്ല.

ഇനി ഈ ബ്രാഹ്മണരുടെ സിദ്ധാന്തപ്രകാരം ബ്രാഹ്മണാദിശബ്ദങ്ങൾ രൂഢവകുപ്പിൽചേർന്നവയല്ലെന്നു കാണിക്കുന്നു.

ബ്രാഹ്മണൻ: ബ്രഹ്മാവിന്റെ ഉത്തമാംഗത്തിൽനിന്നും ജനിച്ചതുകൊണ്ടും ആദ്യം ഉണ്ടായതുകൊണ്ടും ബ്രഹ്മത്തെ (വേദത്തെ) ധരിച്ചതുകൊണ്ടും 'ബ്രാഹ്മണൻ'; (മനുസ്മൃതി).

ബ്രഹ്മാവിന്റെ പുത്രനായതുകൊണ്ടും ബ്രഹ്മത്തെ (വേദത്തെ) പഠിക്കുന്നവനല്ലെങ്കിൽ അറിയുന്നവനാകകൊണ്ടും 'ബ്രാഹ്മണൻ' (പാണിനീസൂത്രം)

ക്ഷത്രിയൻ: ക്ഷതത്തിങ്കൽ (ആപത്തിൽ, മുറിവിൽ) നിന്നും ത്രാണനം ചെയ്യുന്ന(രക്ഷിക്കുന്ന)വൻ 'ക്ഷത്രം'. ക്ഷത്രത്തിന്റെ സന്തതി 'ക്ഷത്രിയൻ' (പാണിനീസൂത്രം 1-13-8) ഇനിയും ക്ഷത്രം എന്ന വാക്കിന്റെ പര്യായനാമമായ 'രാജ' എന്ന വാക്കിന് 'ദുഷ്ടന്മാരുടെ ഉപദ്രവത്തിൽനിന്നു നീക്കി രഞ്ജിപ്പിക്കുന്നവൻ' എന്നു മഹാഭാരതത്തിൽ അർത്ഥം കാണുന്നു. ഇതുകൂടാതെയും രാജസൻ, രാജപുത്രൻ, ക്ഷത്രിയൻ, ക്ഷത്രപുത്രൻ ഈ നാമങ്ങൾ സവ്വാർത്ഥനാമങ്ങളായിട്ടു തന്നെയിരിക്കുന്നു. അതിനാൽ ക്ഷത്രിയശബ്ദം സ്പഷ്ടകാരണകം തന്നെയെന്നും രൂഢവകുപ്പിൽ ചേർന്നതല്ലെന്നും സിദ്ധിക്കുന്നു.

വൈശ്യൻ: വൈശ്യൻ എന്ന വാക്ക് 'വിശ' എന്ന ധാതുവിൽനിന്ന് ഉണ്ടായതും തൊഴിലുകളിൽ പ്രവേശിച്ചവൻ എന്ന് അർത്ഥമുള്ളതുമായ 'വിശ' എന്നൊരു നാമം (രൂപം) കൂടിയുള്ളതും ആകുന്നു (നിഘണ്ടുവ്യാഖ്യാനം)

digitized by www.sreyas.in

പിന്നെയും ഇതിന്റെ പര്യായനാമങ്ങൾ എല്ലാം ധനികൻ എന്നോ കച്ചവടക്കാരൻ എന്നോ ഉള്ള അർത്ഥത്തെ ബോധിപ്പിക്കുന്നതുകൊണ്ട് ഇവയും സ്പഷ്ടകാരണകങ്ങൾതന്നെയെന്നു തെളിയുന്നു.

ശൂദ്രൻ: ഈ പദം 'ശുച=ശോകേ' എന്ന ധാതുവിൽ നിന്നുണ്ടായതും, ശോകിക്കുന്ന, ദുഃഖിക്കുന്ന)വൻ എന്നർത്ഥമുള്ളതും ആകുന്നു. (വ്യാസരുടെ വേദാന്തസൂത്രം) ഇതിനെ ശങ്കരാചാര്യരുടെ ടി സൂത്രഭാഷ്യവും നിഘണ്ടുവ്യാഖ്യാനവും താങ്ങിപ്പറയുന്നു. ഇതിൽനിന്നും ശൂദ്രൻ മറ്റു മൂന്നു വകുപ്പുകാ (ബ്രാഹ്മണക്ഷത്രിയവൈശ്യ)രുടെ ക്രിയകളെ ചെയ്യുന്നതിനുള്ള ബുദ്ധിയെ ലഭിക്കാത്തതുകൊണ്ടു ശോകിക്കുന്നവൻ അല്ലെങ്കിൽ ശോകിക്കുന്നവിധമുള്ള താഴ്മയോടുകൂടിയവൻ ആണെന്നു കാരണംകൊണ്ടു വന്നതിനാൽ ഈ ശബ്ദവും സ്പഷ്ടകാരണകംതന്നെ. അതുകൊണ്ട് ഈ ശബ്ദങ്ങൾ ഒന്നുംതന്നെ അവയവാർത്ഥം ഇല്ലാതുള്ളവയല്ലെന്നും തന്നിമിത്തം രൂഢങ്ങളല്ലെന്നും സിദ്ധിക്കുന്നു.

## 11-ാമത് ഈ നിയമത്തിൽപ്പെട്ട ഭൂമികൾ

'സരസ്വതീദൃഷദ്വത്യോർദ്ദേവനദ്യോര്യദന്തരം
തന്ദേവനിർമ്മിതം ദേശം ബ്രഹ്മാവർത്തം പ്രവക്ഷ്യതേ' (മനു. 2-17)

അർത്ഥം: സരസ്വതിയെന്നും ദൃഷദ്വതിയെന്നും പറയപ്പെടുന്ന ദേവനദികളുടെ മദ്ധ്യപ്രവേശം ദേവന്മാരാൽ ഏർപ്പെടുത്തപ്പെട്ട ബ്രഹ്മാവർത്തമെന്നു പറയപ്പെടുന്നു.

'കുരുക്ഷേത്രഞ്ച മത്സ്യാശ്ച പാഞ്ചാലാഃ ശൂരസേനകാഃ
ഏഷ ബ്രഹ്മർഷിദേശോ വൈ ബ്രഹ്മാവർത്താദനന്തരഃ' (മനു. 2-19)

അർത്ഥം: കുരുക്ഷേത്രം, മത്സ്യദേശം, പാഞ്ചാലദേശം, ഉത്തരമധുര ഈ ദേശങ്ങൾ ബ്രഹ്മർഷികൾ വസിക്കുന്ന ദേശങ്ങളാകുന്നു. ഈ സ്ഥലങ്ങൾ ബ്രഹ്മാവർത്തദേശങ്ങളോളം ശ്ലാഘ്യങ്ങളല്ല.

'ഹിമവദ്വിന്ധ്യയോർമ്മധ്യം യൽ പ്രാഗ്വിനശനാദപി
പ്രത്യഗേവ പ്രയോഗാച്ച മധ്യദേശഃ പ്രകീർത്തിതഃ' (മനു. 2-21)

അർത്ഥം: ഹിമവാൻപർവ്വതത്തിനും വിന്ധ്യപർവ്വതത്തിനും മധ്യമായും സരസ്വതി മറഞ്ഞ വിജനദേശത്തിനു കിഴക്കായും പ്രയാഗയ്ക്കു പടിഞ്ഞാറായും ഇരിക്കുന്ന പ്രദേശം മധ്യദേശമെന്നു പറയപ്പെടുന്നു.

digitized by www.sreyas.in

'ആസമുദ്രാത്തു വൈ പൂർവ്വാദാസമുദ്രാത്തു പശ്ചിമാൽ
തയോരേവാന്തരം ഗിര്യോരാര്യാവർത്തം വിദുർ ബുധാഃ'
(മനു. 2-22)

അർത്ഥം: കിഴക്കെ സമുദ്രം തുടങ്ങി പടിഞ്ഞാറെ സമുദ്രംവരെയുള്ള മുൻപറഞ്ഞ പർവ്വതങ്ങളുടെ മധ്യപ്രദേശം മഹാന്മാർ അധിവസിക്കുന്ന ആര്യാവർത്തമെന്നു പറയപ്പെടുന്നു.

'കൃഷ്ണസാരസ്തു ചരതി മൃഗോ യത്ര സ്വഭാവതഃ
സജ്ഞേയോ യജ്ഞിയോ ദേശോ മ്ലേച്ഛദേശസ്ത്വതഃ പരഃ'
(മനു. 2-23)

അർത്ഥം: കൃഷ്ണസാരമെന്ന മാനാകട്ടെ ഏതു സ്ഥലത്തിൽ സ്വാഭാവികമായി സഞ്ചരിക്കുന്നോ ആ ദേശംതന്നെയാണ് യാഗംചെയ്യുന്നതിനു യോഗ്യമായത്-മറ്റുദേശങ്ങൾ അശുദ്ധങ്ങളായ മ്ലേച്ഛദേശങ്ങളെന്നു പറയപ്പെടുന്നു.

ഈ പ്രമാണങ്ങളാൽ ചാതുർവർണ്ണ്യവ്യവസ്ഥയുടെ ജനനഭൂമിയായ ബ്രഹ്മാവർത്തത്തിൽ ജനങ്ങളുടെ അഭിവൃദ്ധിനിമിത്തം അവിടം തപോനുഷ്ഠാനങ്ങൾക്കു മതിയാകായ്കയാൽ ആ ഋഷികൾ അടുത്തുള്ള വിജനപ്രദേശങ്ങളിൽ വന്നു ഹിതമാകുംവണ്ണം താമസിച്ചു. അതുകൊണ്ട് ഈ പ്രദേശത്തിനു ബ്രഹ്മർഷിദേശമെന്ന സംജ്ഞ സിദ്ധിച്ചു. ഈ സ്ഥലം ബ്രഹ്മാവർത്തത്തിന്റെ അടുത്തു തെക്കുകിഴക്കായിട്ടാകുന്നു. ഇതിന്റെ വടക്കേ അറ്റം ബ്രഹ്മാവർത്തത്തിന്റെ അടുത്ത പൂർവ്വദക്ഷിണഭാഗത്തുള്ള ഹസ്തിനാപുരം മുതലായതിനെ ഒരുകാലത്ത് അന്തർഭവിപ്പിച്ചുകൊണ്ടിരുന്ന കുരുക്ഷേത്രവും മധ്യത്തിൽ പാഞ്ചാലദേശവും ശൂരസേനകവും (അതായതു മധുര അല്ലെങ്കിൽ മുട്രായും) ദക്ഷിണത്തിൽ മത്സ്യദേശവും ആകുന്നു. ദാർലാപ്പൂരിന്റെ പടിഞ്ഞാറും ജെയിപ്പൂരിന് 40 മൈൽ വടക്കുമുള്ള വിരാടം (ബൈരട്) എന്ന പ്രദേശം ഒരുകാലത്ത് ഇതിന്റെ പ്രധാന സ്ഥാനമായിരുന്നു. ഈ സ്ഥലവും ജനനിബിഡമായപ്പോൾ ഋഷികൾ കോസലം മുതലായ മധ്യദേശങ്ങളിൽ വന്നു താമസിച്ചു. ഏകദേശം മധ്യകാലത്തുണ്ടായതുകൊണ്ടും പൂർവ്വപശ്ചിമസമുദ്രങ്ങളുടെ ഇടയിലുള്ള ഭൂമിയുടെ ഏകദേശം മധ്യാന്തരത്തിലാകകൊണ്ടും അടുത്തു പറയപ്പെട്ട ബ്രഹ്മർഷിദേശം ഉൾപ്പെടെ കോസലം മുതലായവയ്ക്കു മധ്യദേശം എന്നു സംജ്ഞ ലഭിച്ചിരിക്കണം. ഇതിന്റെ പശ്ചിമാവധി കുരുക്ഷേത്രവും, പൂർവ്വാവധി പ്രയാഗയും, ദക്ഷിണോത്തരാവധികൾ വിന്ധ്യഹിമാലയ പർവ്വതങ്ങളുമാകുന്നു. ഇവിടെയും ഗംഗാനദിയുടെ ഉത്തരതീരത്തിൽ ആദ്യം ഋഷികൾ വന്നു താമസിച്ചതിന്റെ ശേഷമാണ് മറ്റുള്ളവരും അവിടെവന്നു

digitized by www.sreyas.in

നിറഞ്ഞതെന്നും അതിനാൽ ഋഷികൾ ഗംഗയുടെ ദക്ഷിണതീരത്തിൽ വസിപ്പാനാരംഭിച്ചു എന്നും, ഋഷികൾ താന്താങ്ങൾതന്നെ ധ്യാനാദികൾക്കു വിജനപ്രദേശങ്ങളെ അന്വേഷിക്കുന്നവരാകകൊണ്ടും വാല്മീകിരാമായണത്തിൽ (ബാലകാണ്ഡം) വിശ്വാമിത്രൻ മുതലായ ഋഷികളുടെ ആശ്രമങ്ങൾ ദക്ഷിണതീരത്തിലും അയോദ്ധ്യ മുതലായ സ്ഥലങ്ങൾ ഉത്തരതീരത്തിലും വർണ്ണിക്കപ്പെട്ടതുകൊണ്ടും ഊഹിക്കാവുന്നതാണ്. ഇങ്ങനെ കാലക്രമേണ പൂർവ്വപശ്ചിമസമുദ്രങ്ങളുടേയും ഹിമാലയവിന്ധ്യപർവ്വതങ്ങളുടേയും അന്തരാളഭൂമി ആസകലം ജനങ്ങളുടെ വാസസ്ഥലമായിട്ടു ഭവിച്ചു. ഈ സ്ഥലത്തു മുഴുവനും വർണ്ണാശ്രമധർമ്മങ്ങൾ ഉണ്ടായിരുന്നു. വർണ്ണാശ്രമധർമ്മങ്ങളുടെ അവധിയിലുൾപ്പെട്ടവർക്ക് ആര്യന്മാരെന്നും മറ്റുള്ളവർക്ക് മ്ലേച്ഛന്മാരെന്നും പേരിട്ടു വ്യവഹരിച്ചുവരുന്നു. ആര്യൻ എന്ന വാക്കിന് ('ഋഗതൗ ഗത്യർത്ഥാനാം ജ്ഞാനാർത്ഥത്വം') അറിവുള്ളവൻ എന്നും മ്ലേച്ഛശബ്ദത്തിന് (മ്ലേച്ഛ അപശബ്ദേ) നല്ലവണ്ണം സംഭാഷണംചെയ്യാനറിയാത്തവൻ എന്നും അർത്ഥമാകുന്നു. ആര്യന്മാർ വർത്തിച്ചതുകൊണ്ട് ഈ സ്ഥലത്തിന് ആര്യാവർത്തമെന്നും മറ്റുള്ളസ്ഥലങ്ങൾക്ക് മ്ലേച്ഛദേശങ്ങൾ എന്നും പേർ കിട്ടി.

ഇതിൽനിന്നു ചാതുർവർണ്ണ്യനിയമത്തിന്റെ അവധിയിലുൾപ്പെട്ട ഭൂമികൾ, പൂർവ്വപശ്ചിമസമുദ്രങ്ങൾക്കും വിന്ധ്യഹിമാലയപർവ്വതങ്ങൾക്കും അന്തരാളഭൂമിയായ ആര്യാവർത്തമാണെന്നു സിദ്ധിച്ചു.

മേൽപറഞ്ഞ പ്രമാണങ്ങളാൽ ജഗന്നിയന്താവായിരിക്കുന്ന ഭഗവാൻ ബ്രഹ്മാവർത്തത്തിലിരുന്നു ത്രേതായുഗത്തിൽ ലോകത്തിന്റെ വർദ്ധനയ്ക്കായിട്ട് ഗുണകർമ്മവിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ശരീരത്തിൽ മുഖം, ബാഹു, ഊരു, പാദം ഇതുകളുടെ താരതമ്യക്രമത്തിനു വർണ്ണമെന്നു സാമാന്യനാമത്തോടും ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രരെന്ന പ്രത്യേക നാമത്തോടുംകൂടിയ ചാതുർവർണ്ണ്യ വ്യവസ്ഥാപനയെ ബ്രഹ്മാവർത്തം തുടങ്ങി ആര്യാവർത്തം മുഴുവനിലേക്കുമുള്ള നിയമമായിട്ട് ഏർപ്പെടുത്തി എന്നു വ്യക്തമായി.

ഈ മലയാളദേശമാകട്ടെ ബ്രഹ്മാവർത്തത്തിന്റെയും ആര്യാവർത്തത്തിന്റെയും അതിർത്തിയിലുൾപ്പെട്ടതല്ലെന്നും, അതിനാൽ ഇവിടെ ചാതുർവർണ്ണ്യനിയമം ആ കാലങ്ങളിൽ നടപ്പിലായിരുന്നില്ലെന്നും ഇതിൽനിന്നും വ്യക്തമാകുന്നു. മേല്പറഞ്ഞ അതിർത്തിക്കു പുറമേയുള്ള എല്ലാ സ്ഥലങ്ങളേയും മ്ലേച്ഛദേശങ്ങളെന്നും എല്ലാ ആളുകളേയും മ്ലേച്ഛന്മാരെന്നും ഒരുപോലെ കരുതിപ്പോന്നിരുന്ന ആര്യന്മാർ തങ്ങളുടെ ചില ഗ്രന്ഥങ്ങളിൽ മലയാളിനായന്മാരെ മ്ലേച്ഛസ്ഥാനത്തി

digitized by www.sreyas.in

ലുപരിയായി കല്പിച്ചിരിക്കുന്നതുതന്നെ അക്കാലത്തെ നായന്മാരുടെ ബഹുമാന്യതയ്ക്ക് ഒരു മതിയായ തെളിവാകുന്നു. [2]ഇങ്ങനെയിരിക്കവേ ഈ മലയാളിനായന്മാരിൽ ശൂദ്രശബ്ദാരോപണംചെയ്‌വാൻ, പ്രമാണ യുക്ത്യാനുഭവങ്ങളാൽ ത്യാജ്യമായി തള്ളിയ പരമ്പരാവകാശംകൊണ്ടു പോലും ആർക്കും അർഹതയില്ലെന്നു തെളിഞ്ഞിരിക്കുന്നു.

ഇനിയും വർണ്ണവ്യത്യാസം പ്രകൃത്യനുസരണമായിരിക്കുന്നതി നാൽ യാതൊരു സമുദായത്തിനും മറ്റൊന്നിന്റെ മേൽ ജാതിശ്രേഷ്ഠത ഭാവിക്കുവാൻ അർഹതയില്ലെന്നുള്ളതിനു മേൽകാണിച്ചവകൂടാതെ താഴെപ്പറയുന്ന സംഗതികളും ഗണനീയങ്ങളാകുന്നു.

"ഋഗ്ഭ്യോ ജാതം വൈശ്യവർണ്ണമാഹു; യജുർവ്വേദം ക്ഷത്രിയ സ്യാഹുർ യോനിം; സാമവേദോ ബ്രാഹ്മണാനാം പ്രസൂതിഃ"

(തൈത്തിരീയബ്രാഹ്മണം)

അർത്ഥം: ബ്രാഹ്മണന്റെ ജന്മം സാമവേദത്തിൽനിന്നും, ക്ഷത്രി യന്റെ ജന്മം യജുർവ്വേദത്തിൽനിന്നും വൈശ്യന്റെ ജന്മം ഋഗ്വേദ ത്തിൽനിന്നും ആകുന്നു. ശൈവശാസ്ത്രത്തിൽ ശിവന്റെ അവയവങ്ങ ളിൽനിന്നും ചാതുർവ്വർണ്യമുണ്ടായി എന്നും വൈഷ്ണവശാസ്ത്ര ത്തിൽ വിഷ്ണുവിന്റെ അവയവങ്ങളിൽനിന്നാണെന്നും ശാക്തേയ ത്തിൽ ശക്തി (ദേവി) യുടെ അവയവങ്ങളിൽനിന്നാണെന്നും കാണുന്നു; ആകപ്പാടെ നോക്കിയാൽ വർണ്ണവ്യത്യാസത്തിനുള്ള കാരണം ലോകവൃദ്ധി മാത്രമാകുന്നു. അതനുസരിച്ച് എല്ലായിടത്തും എല്ലാക്കാലത്തും പലമാതിരി സ്ഥിതിഭേദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കു ന്നു. (ബൃഹദാരണ്യകോപനിഷത്തിൽനിന്നും മുമ്പിൽ ചേർത്തിരിക്കുന്ന ഭാഗം നോക്കുക) പുരോഹിതപ്പെരുമയുടെ ദോഷഫലങ്ങളെ ഒഴിച്ചു നോക്കുകയാണെങ്കിൽ നമ്മുടെ കർമ്മഭൂമിയിൽത്തന്നെയും പുരാതന കാലംമുതൽക്കേ ഇതിന്റെ പരമാർത്ഥം ശരിയായി അറിയപ്പെട്ടിരുന്നു എന്നു വെളിവാകുന്നതാണ്. ഉദാഹരണമായി താഴെപ്പറയുന്ന ബ്രാഹ്മ ണലക്ഷണം നോക്കുക.

"അഗ്നിഹോത്രവ്രതപരാൻ സ്വാധ്യായനിരതാൻ ശുചീൻ
ഉപവാസരതാൻ ദാന്താംസ്താൻ ദേവാ ബ്രാഹ്മണാൻ വിദുഃ
ക്ഷാന്തം ദാന്തം മിതക്രോധം ജിതാത്മാനം ജിതേന്ദ്രിയം
തമേവ ബ്രാഹ്മണം മന്യേ ശേഷാഃ ശൂദ്രാ ഇതി സ്മൃതഃ

..........................................................................................................

ന ജാതിഃ പൂജ്യതേ രാജൻ ഗുണാഃ കല്യാണകാരകാഃ
ചണ്ഡാലമപിവൃത്തസ്ഥം തം ദേവാ ബ്രാഹ്മണം വിദുഃ"

(ഗൗതമസംഹിതാ)

digitized by www.sreyas.in

ഇനിയും, ബ്രാഹ്മണവർണ്ണം മനുഷ്യരിൽ മാത്രമല്ലാ ദേവന്മാരിലും ഉണ്ടെന്നുള്ളതിനു മുൻകാണിച്ച ബൃഹദാരണ്യോപനിഷദ് ഭാഷ്യം തെളിവായിരിക്കുന്നു; എന്നുതന്നെയുമല്ല, ഓരോ ജന്തുക്കളേയും സാധനങ്ങളേയുംപറ്റി പറയുന്നിടത്തൊക്കെ ഈമാതിരി വർണ്ണവ്യത്യാസം പണ്ടുപണ്ടേ വ്യവസ്ഥാപിതവും ആകുന്നു. ഉദാഹരണമായി ആന, സർപ്പം മുതലായ ജന്തുക്കളിലും രാഗം, സ്വരം മുതലായവയിലും ചാതുർവർണ്യം യോജിപ്പിച്ചു കാണുന്നുണ്ട്. ഗ്രന്ഥവിസ്തരഭയത്താലും ഈ വക സംഗതികൾ വായനക്കാർക്ക് ദുഷ്പ്രാപമല്ലായ്കയാലും ഇവിടെ പ്രത്യേകം വിവരിക്കുന്നില്ല.

ഇപ്രകാരം ചാതുർവ്വർണ്യത്തിന്റെ നിലനില്പിന് അതിന്റെ അടിസ്ഥാനമായ ഗുണകർമ്മവിഭാഗം കാരണമാകയാൽ അതിലിരിക്കുന്നതിന് അതാതു വർണ്ണങ്ങളിലേക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗുണകർമ്മങ്ങളുള്ളവൻ മാത്രമേ യോഗ്യനാവൂ എന്നും അല്ലാത്തവൻ വർണ്ണത്തിലെ പിതൃമാതൃക്കളിൽനിന്നു ജനിച്ചവനായാലും ആ വർണ്ണങ്ങളിലിരിക്കാൻ യോഗ്യനാകയില്ലെന്നും ഏതെങ്കിലും ഒരു വർണ്ണത്തിൽ ജനിച്ചവനിൽ ആ വർണ്ണത്തിലേക്കു വേണ്ടതായ ഗുണകർമ്മങ്ങളില്ലാതിരിക്കയും മറ്റു വർണ്ണത്തിലേക്കു തക്കതായ ഗുണകർമ്മങ്ങളുണ്ടായിരിക്കയും ചെയ്താൽ യഥായോഗ്യം മാറ്റിവെക്കാമെന്നും, അപ്രകാരം ഇന്നുവരേയും ചെയ്തുവരുന്നുണ്ടെന്നും ഇങ്ങനെ ഗുണകർമ്മങ്ങളെ ആശ്രയിച്ചല്ലാതെ മറ്റേതുവിധമായാലും ഈ നിയമത്തിന് അടിസ്ഥാനമില്ലാതായി പോകുന്നതുകൊണ്ട് കാലാന്തരത്തിൽ മുൻപറഞ്ഞ സകല ഏർപ്പാടുകളും നശിച്ചു വർണ്ണസാംകര്യം സംഭവിച്ചുപോകുമെന്നും ചാതുർവ്വർണ്യനിയമത്തിനുമുമ്പ് എങ്ങനെയിരുന്നുവോ അപ്രകാരംതന്നെ (കാലഭേദമൊഴിച്ച്) ആയിത്തീരുമെന്നും സിദ്ധിക്കുന്നു.

എന്നാൽ ഇപ്പോഴത്തെ നടപ്പുമുറ ഇതിന് അനുകൂലമായിട്ടാകുന്നു. അതിനെയാകുന്നു (മുമ്പിൽ പറയപ്പെട്ട), രണ്ടാമത്തെ പിരിവായ കുക്ഷിപൂരണമതമെന്നു പറയുന്നത്, അതിന്റെ സ്വഭാവാദികളെ അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നു.

## അടിക്കുറിപ്പുകൾ

1. ആത്മൈവേദം  എന്നു പാഠാന്തരം.
2. ധർമ്മരാജ്യം എന്ന പേരുതന്നെ സാക്ഷാൽ ധർമ്മപുത്രർ ഈ മലയാളത്തിനു കൊടുത്തിട്ടുള്ളതാണെന്ന് ഒരു ഐതിഹ്യമുണ്ട്. – പ്ര. സാ.

digitized by www.sreyas.in

അദ്ധ്യായം 10

# ചാതുർവർണ്ണ്യാഭാസവും ബ്രാഹ്മണമതവും

"ശൂദ്രായാം ബ്രാഹ്മണാജ്ജാതഃ ശ്രേയസാം ചേൽ പ്രജായതേ
അശ്രേയാംച്ശ്രേയസീം ജാതിം ഗച്ഛത്യാസപ്തമാദ്യഗാൽ"

അർത്ഥം: ബ്രാഹ്മണൻ വിവാഹംചെയ്ത ശൂദ്രസ്ത്രീയിൽ ജനിച്ച കന്യക ബ്രാഹ്മണനെത്തന്നെ വിവാഹംചെയ്തിട്ട് അവൾക്കും പുത്രികൾ ജനിച്ച് അവരും അപ്രകാരം തന്നെ ഏഴു തലമുറവരെ ബ്രാഹ്മണനെത്തന്നെ വിവാഹം ചെയ്തുകൊണ്ടുവന്നാൽ ഏഴാമതു തലമുറയിൽ ജനിച്ചവർ ബ്രാഹ്മണജാതിയായിത്തീരുന്നു.

"ശൂദ്രോ ബ്രാഹ്മണതാമേതി ബ്രാഹ്മണശ്ചൈതി ശൂദ്രതാം
ക്ഷത്രിയാജ്ജാതമേവന്തു വിദ്യാദ്വൈശ്യാ തഥൈവ ച"
(മനുസ്മൃതി)

അർത്ഥം: മേൽപറഞ്ഞപ്രകാരം സ്ത്രീസന്തതിവഴിയിൽ ശൂദ്രകുലത്തിൽ ഏഴാമത്തെ തലമുറയിൽ ബ്രാഹ്മണനു ജനിച്ചവൻ ബ്രാഹ്മണനാകുന്നു. ആ ശൂദ്രസ്ത്രീയിൽ തന്നെ ബ്രാഹ്മണനു ജനിച്ച പുരുഷസന്തതി ശൂദ്രത്വത്തെ പ്രാപിക്കും. ക്ഷത്രിയന് ശൂദ്രസ്ത്രീയിൽ ജനിച്ച സ്ത്രീസന്തതി ക്ഷത്രിയനെത്തന്നെ തുടർന്ന് വിവാഹംചെയ്തുകൊണ്ടുവന്നാൽ അഞ്ചാമത് തലമുറയിൽ ക്ഷത്രിയത്വത്തെ പ്രാപിക്കുന്നു. വൈശ്യനു ശൂദ്രസ്ത്രീയിൽ ജനിച്ച സ്ത്രീസന്തതി മൂന്നു തലമുറവരെ വൈശ്യനെത്തന്നെ വിവാഹംചെയ്തുകൊണ്ടുവന്നാൽ വൈശ്യത്വത്തേയും പ്രാപിക്കും.

ബ്രാഹ്മണജാതിയിൽ ഉള്ള സ്ത്രീപുരുഷന്മാർ വിധിപ്രകാരം വിവാഹംചെയ്ത് അവരിൽനിന്ന് ജനിച്ച പുത്രപൗത്രപരമ്പരകളായി വരുന്നവർമാത്രമാണ് ബ്രാഹ്മണജാതികൾ എന്നു കാണുന്നു. ഈ അഭിപ്രായപ്രകാരം, വർഗ്ഗവർദ്ധനയ്ക്കു ജാതി ഇന്നതെന്നു കണ്ടുപിടിക്കേണ്ടതത്യാവശ്യമാകയാൽ അതിലേക്കുള്ള മാർഗ്ഗമെന്തെന്നു നോക്കാം.

digitized by www.sreyas.in

മനുഷ്യരിലുള്ള ഗുണകർമ്മവിഭാഗങ്ങളെക്കൊണ്ടു കണ്ടുപിടിക്കാമെന്നുവച്ചാൽ, ബ്രാഹ്മണന്റെ തൊഴിലിനെ ചെയ്താൽ ശൂദ്രൻ ബ്രാഹ്മണനാവുകയോ ശൂദ്രന്റെ തൊഴിലിനെ ചെയ്താൽ ബ്രാഹ്മണൻ ശൂദ്രനാവുകയോ ചെയ്കയില്ലെന്നു കാണുന്നസ്ഥിതിക്കും ഏതു ജാതിയിലും ഏതു കർമ്മവും വ്യവസ്ഥകൂടാതെ കാണുമെന്നുള്ളതിനാലും അതിനെ ജാതിലക്ഷണമായി സ്വീകരിച്ചുകൂടാ. ഗുണകർമ്മവിഭാഗങ്ങളെ ഒഴിച്ചാൽ ജാതി കണ്ടുപിടിക്കുന്നതിന് ഉപകരിക്കുന്നതായി പറയുന്നത് രൂഢ(വാദ)ത്തെയാണ്. ഇതു തീരെ അടിസ്ഥാനമില്ലാത്തതാണെന്നു മുമ്പിൽത്തന്നെ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി, "കപിലാരുണപീതകൃഷ്ണാ"ദികളായ വർണ്ണങ്ങളെക്കൊണ്ടു ജാതി നിർണ്ണയം ചെയ്യാം എന്നു വിചാരിക്കുന്നപക്ഷം അവ പരസ്പരവിരുദ്ധമായും വ്യവസ്ഥയില്ലാതെയും കാണുന്നതുകൊണ്ട് അതിലേക്ക് തീരെ ഉപകരിക്കുന്നില്ല. പിന്നെ ജാതിയനുരിച്ചു ദമ്പതികളെ തിരഞ്ഞെടുക്കുന്നതിനു മറ്റൊരു മാർഗ്ഗവും ഉള്ളതായും തോന്നുന്നില്ല.

ഗുണകർമ്മങ്ങളെ ഒഴിച്ച് മറ്റു യാതൊന്നും ജാതിവിഭാഗത്തിന് അടിസ്ഥാനമായി വന്നുകൂടായെന്നും പാരമ്പര്യത്തിനെ അതിലേക്ക് അടിസ്ഥാനമാക്കി കല്പിക്കുന്നതു ശരിയല്ലെന്നും ഉള്ളതിലേക്ക് ചില പ്രമാണങ്ങളെ താഴെ ചേർക്കുന്നു.

### 1. ഭാരതം അനുശാസനപർവ്വം:

"തതോ ബ്രാഹ്മണതാം യാതോ
വിശ്വാമിത്രോ മഹാതപാഃ
ക്ഷത്രിയഃ സോപ്യഥ തഥാ
ബ്രഹ്മവംശസ്യ കാരകഃ"

അർത്ഥം: മഹാ തപസ്വിയായ വിശ്വാമിത്രൻ ക്ഷത്രിയനായിരുന്നിട്ടും പിന്നീടു ബ്രാഹ്മണനായി. അല്ലാതേയും ബ്രാഹ്മണവംശത്തിനു കാരണമായി.

### 2. വിഷ്ണുപുരാണം 4–ാം അംശം 19–ാം അദ്ധ്യായം

"പ്രതിരഥാൽ കണ്വസ്തസ്യാപി മേധാതിഥിർയ്യതഃ
കാണ്വായനദ്വിജാഃ ബഭൂവുഃ"

അർത്ഥം: ക്ഷത്രിയനായ പ്രതിരഥന്റെ പുത്രൻ കണ്വൻ, കണ്വന്റെ പുത്രൻ മേധാതിഥി, മേധാതിഥിയിൽനിന്ന് കാണ്വായനബ്രാഹ്മണർ സകലരും ഉണ്ടായി.

digitized by www.sreyas.in

"പുത്ര പ്രതിരഥസ്യാസീൽ കണ്വഃ സമഭവന്നൃപഃ
മേധാതിഥിസുതസ്തസ്യ യസ്മാൽ കണ്വോഭവദ്വിജഃ"

അർത്ഥം: കണ്വൻ പ്രതിരഥന്റെ പുത്രൻ. മേധാതിഥി അവന്റെ പുത്രൻ; അവനിൽനിന്നു കാണ്വായനബ്രാഹ്മണർ ഭവിച്ചു.

"മഹാവീര്യാദുരുക്ഷയോനാമ പുത്രോഭൂൽ തസ്യ ത്രയ്യാ-
രുണപുഷ്കരിണൗ കപിശ്ച പുത്രത്രയമഭൂൽ തച്ച ത്രിത
യമപി പശ്ചാൽ വിപ്രതാമുപജഗാമ"

അർത്ഥം: 'മഹാവിര്യനെന്ന ക്ഷത്രിയന് ഉരുക്ഷയനെന്ന പുത്രൻ ഭവിച്ചു. അവനു ത്രയ്യാരുണൻ, പുഷ്കരൻ, കപി ഇങ്ങനെ മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. ഈ മൂന്നു പേരും പിന്നീടു ബ്രാഹ്മണരായി ഭവിച്ചു.'

### 3. ഭാരതം ഹരിവംശം 32-ാം അദ്ധ്യായം

"ദിവൗദാസസ്യ ദായാദൗ ബ്രഹ്മർഷിർമ്മിത്രയുർന്നൃപഃ
മൈത്രായണസ്തതസ്സോമമൈത്രേയാസ്തു തതസ്മൃതാഃ"

അർത്ഥം: "ദിവൗദാസനെന്നവന്റെ പുത്രൻ മിത്രയു എന്ന രാജാവ് ബ്രഹ്മർഷിയായി. അദ്ദേഹത്തിന്റെ പുത്രൻ മൈത്രായണൻ. മൈത്രായണന്റെ പുത്രൻ സോമൻ. സോമനിൽനിന്ന് മൈത്രേയബ്രാഹ്മണരുണ്ടായി."

കേവലം ക്ഷത്രിയർ മാത്രമേ ബ്രാഹ്മണരായിട്ടുള്ളൂ എന്നുപറവാൻ പാടില്ലാ.[1] താഴ്ന്നജാതിക്കാരും ബ്രാഹ്മണരായിട്ടുണ്ട്; സ്കാന്ദപുരാണത്തിൽ ചേർന്ന സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധത്തിൽ താഴെ പറയുന്നവിധം കാണുന്നു.

"അബ്രാഹ്മണ്യേ തദാ ദേശേ കൈവർത്താൻ പ്രേക്ഷ്യ ഭാർഗ്ഗവഃ
ഛിത്വാ തൽബളിശം കണ്ഠേ യജ്ഞസൂത്രമകല്പയത്."

അർത്ഥം: 'ബ്രാഹ്മണരഹിതമായ ആ ദേശത്തിൽ ഭാർഗ്ഗവൻ മുക്കുവന്മാരെ കണ്ട്, അവരുടെ ചൂണ്ടയെ ഖണ്ഡിച്ചുകളഞ്ഞിട്ട് കയറിനെ പൂണൂലായി ധരിപ്പിച്ചു.'

മേലും ഇപ്രകാരം ഒരു ജാതിയിൽനിന്നു വേറൊരു ജാതി കർമ്മം നിമിത്തം ഉണ്ടാകുന്നതു കൂടാതെ ഒരു വംശത്തിൽതന്നെ കർമ്മകാരണത്താൽ ബ്രാഹ്മണാദിയായ നാലു ജാതികളും ഉണ്ടാകുന്നു എന്നു

digitized by www.sreyas.in

കാണുന്നു. ഇതിനും അനേക പ്രമാണങ്ങൾ ഭാരതം, വിഷ്ണുപുരാണം മുതലായ ഗ്രന്ഥങ്ങളിൽ ഉണ്ട്.

## 4. വിഷ്ണുപുരാണം 4–ാം അംശം 1–ാം അദ്ധ്യായം

"കരുഷാൽ കാരുഷാ മഹാബലാ ക്ഷത്രിയാ ബഭൂവുഃ"

അർത്ഥം: (ബ്രാഹ്മണനായ വൈവസ്വതമനുവിന്റെ പുത്രന്മാരിൽ ഒരുവനായ) കരുഷനിൽനിന്ന് ഏറ്റവും ബലമുള്ള കാരുഷന്മാരെന്ന ക്ഷത്രിയരുണ്ടായി.

"നാഭാഗോ നേദിഷ്ടപുത്രസ്തു വൈശ്യതാമഗമത്."

അർത്ഥം: 'ആ വൈവസ്വതമനുവിന്റെ മറ്റൊരു പുത്രൻ നേദിഷ്ടൻ, അവന്റെ പുത്രനായ നാഭാഗൻ വൈശ്യനായി ഭവിച്ചു.'

"പൃഷദ്ധ്രസ്തു ഗുരുഗോവധാൽ ശൂദ്രത്വമഗമൽ"

അർത്ഥം: 'ആ വൈവസ്വതമനുവിന്റെ വേറൊരു പുത്രനായ പൃഷദ്ധ്രൻ എന്നവൻ ഗുരുവിന്റെ പശുവിനെ കൊന്നതിനാൽ ശൂദ്രനായി ഭവിച്ചു.'

## 5. വിഷ്ണുപുരാണം 4–ാം അംശം 8–ാം അദ്ധ്യായം

"ശകാലേശഗൃത്സമദാസ്ത്രയോസ്യാഭവൻ
ഗൃത്സമദസ്യ ശൗനകശ്ചാതുർവർണ്യപ്രവർത്തയിതാ"

അർത്ഥം: '(സുനഹോത്രനു) കാശൻ, ലേശൻ, ഗൃത്സമദൻ ഇങ്ങനെ മൂന്നു പുത്രന്മാർ. ഗൃത്സമദന്റെ പുത്രനായ ശൗനകനിൽനിന്നു നാലു ജാതികളുമുണ്ടായി.'

ഹരിവംശത്തിൽ ഈ 'ലേശൻ' എന്നുള്ള നാമത്തെ 'ശലൻ' എന്നും, 'ശൗനകൻ' എന്ന നാമത്തെ 'ശുനകൻ' എന്നും എഴുതിയിരിക്കുന്നു.

## 6. വിഷ്ണുപുരാണം 29–ാം അദ്ധ്യായം

"സുനഹോത്രസ്യ ദായാദാസ്ത്രയഃ പരമധാർമ്മികാഃ
കാശഃ ശലശ്ച ദ്വാവേതൗ തഥാ ഗൃത്സമദഃ പ്രഭുഃ"

അർത്ഥം: 'സുനഹോത്രനു കാശൻ, ശലൻ, 'ഗൃത്സമദൻ' എന്നു മഹാധർമ്മിഷ്ഠന്മാരായ മൂന്നു പുത്രന്മാരുണ്ടായിരുന്നു.'

digitized by www.sreyas.in

"പുത്രോ ഗൃത്സമദസ്യാപി ശുനകോ യസ്യ ശൗനകാഃ
ബ്രാഹ്മണാക്ഷത്രിയാശ്ചൈവ വൈശ്യാഃ ശൂദ്രാസ്തഥൈവ ച"

അർത്ഥം: ഗൃത്സമദന്റെ പുത്രൻ ശുനകൻ. അവന്റെ പുത്രന്മാരായ ശൗനകന്മാർ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും ആയിട്ടു ഭവിച്ചു.

## 7. വിഷ്ണുപുരാണം 29-ാം അദ്ധ്യായം

"ഭാർഗ്ഗസ്യ ഭാർഗ്ഗഭൂമിരതശ്ചാതുവർണ്യപ്രവൃത്തിഃ"

അർത്ഥം: 'ഭാർഗ്ഗന്റെ പുത്രൻ ഭാർഗ്ഗഭൂമിഃ ഭാർഗ്ഗഭൂമിയിൽനിന്നും നാലു വർണ്ണങ്ങളും ഉണ്ടായി.'

## 8. ഭാരതം ഹരിവംശം 32-ാം അദ്ധ്യായം

"ഏതേഷംഗിരസഃ പുത്രാ ജാതാ വംശേഥ ഭാർഗ്ഗവേ
ബ്രാഹ്മണാഃ ക്ഷത്രിയാഃ വൈശ്യാഃ ശൂദ്രാശ്ചഭരതർഷഭ!"

അർത്ഥം: 'ഭൃഗുവംശത്തോടുചേർന്ന അംഗിരസ്സിന്റെ പുത്രന്മാർ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രരായി ഭവിച്ചു.'

## 9. ഭാരതം ഹരിവംശം 11-ാം അദ്ധ്യായം

"നാഭാഗാരിഷ്ടപുത്രൗ ദ്വൗ വൈശ്യൗ ബ്രാഹ്മണതാം ഗതൗ"

അർത്ഥം: 'നാഭാഗാരിഷ്ടപുത്രന്മാരായ രണ്ടു വൈശ്യന്മാർക്കു ബ്രാഹ്മണ്യം സിദ്ധിച്ചു.'

വൈവസ്വതമനുവിന്റെ പൗത്രനായിരുന്ന് വൈശ്യനായി ഭവിച്ച നാഭാഗൻ എന്നവൻ ഹരിവംശമെന്ന പ്രമാണത്തിൽ നാഭാഗാരിഷ്ടൻ എന്ന സംജ്ഞയാൽ പറയപ്പെടുന്നു. നേദിഷ്ടന്റെ പുത്രനായ ഈ നാഭാഗൻ അല്ലെങ്കിൽ നാഭാഗാരിഷ്ടൻ എന്നവൻ നീചകർമ്മത്താൽ വൈശ്യനായി ഭവിച്ചതുപോലെതന്നെ വൈശ്യന്മാരായിരുന്ന അവന്റെ രണ്ടു പുത്രന്മാർ ഉത്തമകർമ്മത്താൽ ബ്രാഹ്മണരായി ഭവിച്ചു. ഇതിനാൽ ഒരു വംശക്കാർ ഒരുകാലത്തു നീചകർമ്മത്താൽ നീചജാതികളായി ഭവിച്ചു എങ്കിലും മറുപടിയും ആ വംശക്കാർതന്നെ ഉത്തമകർമ്മത്താൽ ഉയർന്ന ജാതിക്കാരാകാമെന്നു സിദ്ധിക്കുന്നു. ഇതുവരെ എടുത്തുകാണിച്ച ശാബ്ദപ്രമാണങ്ങളാൽ പൂർവ്വികന്മാർ നിയമിച്ച ജാതിക്കു കാരണം

digitized by www.sreyas.in

കർമ്മമല്ലാതെ ജന്മമെന്നു വരുന്നില്ല എന്നുള്ളതു നിഷ്പക്ഷപാതിക ളായ എല്ലാപേർക്കും നിശ്ചയമാകുമെന്നു വിചാരിക്കുന്നു.

ഇനി ഇതിലേക്ക് വേദത്തിൽനിന്നും ചില പ്രമാണങ്ങളെ ഉദ്ധരിക്കുന്നു.

## 10. കൗഷീതകിബ്രാഹ്മണം

"മാദ്ധ്യമാഃ സരസ്വത്യാം സത്രമാസത. തദ്ധാപി കവഷോമദ്ധ്യേ നിഷസാദ. തം ഹേമ ഉപോദുർദ്ദാസ്യാ വൈത്വം പുത്രോസി - ന വയം ത്വയാ സഹ ഭക്ഷയിഷ്യാമ ഇതിസഃ ക്രുദ്ധഃ പ്രദ്രവത്സരസ്വതീമേതേന സൂക്തേന തുഷ്ടാവ. തം ഹേയമന്വേയായാത ഉഹേ മേ നിരാഗാ ഇവ മേനിരേ. തം ഹാന്വാവൃത്യോചുഃ ഋഷേ നമസ്തേ അസ്തുമാനോ ഹിംസീ സ്ത്വം വൈനഃ ശ്രേഷ്ഠോസി യം ത്വേയമന്വേ നീതി. തം ഹ യജ്ഞപയാംചക്രു സ്തസ്യഹ ക്രോധം വിനിന്യുഃ (സ ഏഷ കവഷ സ്യൈഷ മഹിമാസൂക്തസ്യ ചാനുവേദിതാ.)"

അർത്ഥം: നടുവ(മദ്ധ്യമ)രെന്നു വിളിക്കപ്പെടുന്ന (ആശ്വലായന സൂക്തം-2-4) ഗൃത്സമദ, വിശ്വാമിത്ര, വാമദേവ, അത്രി, ഭരദ്വാജ, വസിഷ്ഠ മഹർഷിമാർ സരസ്വതീതീരത്ത് (ഒരിക്കൽ) ഒരു സത്രം നടത്തി. അവരുടെ ഇടയിൽ അപ്പോൾ 'കവഷൻ' കയറി ഇരുന്നു. അദ്ദേഹത്തെ ഇവർ നീ അടിമപ്പെൺപിള്ള (ദാസീപുത്രൻ) ആകുന്നു എന്നിങ്ങനെ ശകാരിച്ചു. അദ്ദേഹം കോപിച്ചു സരസ്വതിയെ മേൽ പറഞ്ഞ (പ്രദേവത്രേതി) സൂക്തംകൊണ്ടു സ്തുതിച്ചു. അപ്പോൾ ദേവി അദ്ദേഹത്തെ ചൂഴ്ന്നു (കൂടി) വരികയാൽ അവർ, അദ്ദേഹം നിഷ്കന്മഷനെന്നുവച്ച് അടുത്തുചെന്ന് "അല്ലയോ ഋഷേ! മന്ത്രദ്രഷ്ടാവേ! അങ്ങേയ്ക്കു നമസ്കാരം; ഞങ്ങൾക്കു ദ്രോഹം ചെയ്യരുതേ! യാതൊരു അങ്ങെ ഈ ദേവി അനുഗ്രഹിച്ചുവന്നുവോ അതിനാൽ അങ്ങു ഞങ്ങളിൽ ശ്രേഷ്ഠനാകുന്നു." എന്നിങ്ങനെ പറഞ്ഞ് അവർ അദ്ദേഹത്തെ യജ്ഞകാര്യദർശിയാക്കിചെയ്ത് അദ്ദേഹത്തിന്റെ കോപമടക്കി. (ഈ സൂക്തത്തെ ഉണ്ടാക്കിയ (കണ്ടുപിടിച്ച) ആളെന്നതാണ് ഇദ്ദേഹത്തിന്റെ മഹിമ) കൗഷീതകിബ്രാഹ്മണത്തിൽ കാണിച്ചതുപോലെ ഐതരേയ ബ്രാഹ്മണത്തിലും ദാസീപുത്രനായ ഈ കവഷന്റെ കഥയുണ്ട്.

## 11. കൗഷീതകിബ്രാഹ്മണം-ദ്വിതീയപഞ്ചികാ- തൃതീയാദ്ധ്യായഃ

"ഋഷയോ വൈ സരസ്വത്യാം സത്രമാസത-തേ കവഷമൈലൂഷം സോമാദനയൻ-ദാസ്യാഃ പുത്രഃ കിതവോ ബ്രാഹ്മണഃ കഥം നോ മദ്ധ്യേ

digitized by www.sreyas.in

ദീക്ഷിഷ്ടേതി. തം ബഹിർദ്ധന്വോദ വഹന്നത്രൈനം പിപാസാ ഹന്തു, സരസ്വത്യോദകം മാ പാദിതി സ ബഹിർദ്ധന്യോഭൂ ഇഹ പിപാസയാ വിത്ത ഏതദപോനപ്ത്രീയമപശ്യത്. പ്രദേവത്രിബ്രാഹ്മണേ ഗാതുരേത്വിതി.''

അർത്ഥം: (പ്രസിദ്ധിപെറ്റ) ഋഷിമാർ സരസ്വതീതീരത്തുള്ള ഒരു സത്രം ആരംഭിച്ചിരുന്നതിൽ നിന്നും ഇലൂഷപുത്രനായ 'കവഷ'നെ 'ദാസീപുത്രനും ധൂർത്തനും അബ്രാഹ്ണനു(ശൂദ്രനു)മായ ഇവൻ എങ്ങനെ നമ്മുടെ ഇടയിൽ ഇരുന്ന് യജ്ഞകൃത്യമർഹിക്കും' എന്നു പറഞ്ഞു പുറംതള്ളി അദ്ദേഹത്തെ ഒരു ഊഷരഭൂമിയിലാക്കി സരസ്വതിയിലെ വെള്ളം കുടിക്കാതെ (ദാഹം ഇവനെ കൊല്ലട്ടെ) മരിക്കണമെന്നു നിശ്ചയിച്ചു. അദ്ദേഹം ഇങ്ങനെ (നിർജ്ജല) മരുഭൂമിയിലാക്കപ്പെട്ട് ദാഹംകൊണ്ടു വലഞ്ഞപ്പോൾ 'ആപോനപ്ത്രിയം' എന്നു മന്ത്രത്തെ ദർശിച്ചു (കണ്ടുപിടിച്ചു).

12. ഇനിയും വേദത്തിൽ 'കക്ഷീവാൻ' എന്ന ഒരു ബഹുമാന്യനായ ശൂദ്രസ്ത്രീപുത്രന്റെ കഥ പറയുന്നുണ്ട്.

''സോമപാനസ്സ്വരണം കൃണുഹി ബ്രഹ്മണസ്പതേ കക്ഷീവന്തം യ ഔശിജഃ''

അർത്ഥം: അല്ലയോ ബ്രഹ്മണസ്പതേ! ഈ സോമപാനം ചെയ്യുന്ന എന്നെ യാവനൊരുത്തനോ 'ഉശിക്' എന്നവളുടെ പുത്രൻ ആ 'കക്ഷീവാനെ'പ്പോലെ പ്രകാശമുള്ളവനാക്കിച്ചെയ്താലും.

ശൂദ്രനു വിദ്യയ്ക്കും വേദാദ്ധ്യയനം മുതലായവയ്ക്കും അധികാരമില്ലെന്നാണ് ബ്രാഹ്മണരുടെ വാദം. ഇതിലേയ്ക്കായിട്ട് വേദവേദാംഗങ്ങളിലുള്ള പല പ്രമാണങ്ങൾക്കും അവർ പൂർവപക്ഷംചെയ്തു കൃത്രിമാർത്ഥങ്ങൾ കല്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അവർക്ക് ഒട്ടുവളരെ ബുദ്ധിമുട്ടിന് ഇടയാക്കീട്ടുള്ളതും ഇപ്പോഴും മുഴുവൻ സ്ഥിരപ്പെടാതെ കിടക്കുന്നതും ആയ ഒരു വിഷയമാണ് ഛാന്ദോഗ്യോപനിഷത്തിലെ ജാനശ്രുത്യുപാഖ്യാനം. അതിന്റെ സംഗതിസാരം താഴെ ചേർക്കുന്നു.

'ജാനശ്രുതി' അല്ലെങ്കിൽ 'പൗത്രായണൻ' എന്ന പ്രഭു തന്റെ മാളികയിൽ ഉറങ്ങിക്കിടന്നിരുന്നു. അപ്പോൾ മൂന്നു ഹംസങ്ങൾ അവിടെ പറന്നുപറ്റി. അതിൽ ഒരുവൻ 'ഈ ജാനശ്രുതിതന്നെ മഹാകേമൻ' എന്നിങ്ങനെ പറഞ്ഞു. അതുകേട്ട് മറ്റൊരുവൻ 'ഹെ! എന്തുപറഞ്ഞു? വിദ്യാവിഹീനനായ ഇവനാണോ കേമൻ? വണ്ടിയോടുകൂടിയ 'രയി

digitized by www.sreyas.in

ക്വ'നെ കേമനെന്നു പറയണം' എന്ന് അപഹസിച്ചു. ഈ അനാദര വാക്യം കേട്ട് ജാനശ്രുതി തന്റെ കുറവു തീർപ്പാൻ ഏതാനും സ്വർണ്ണവും പശുക്കളും മറ്റുംകൊണ്ട് രയിക്വന്റെ അടുക്കൽചെന്ന് തനിക്കു ബ്രഹ്മ വിദ്യ ഉപദേശിക്കണമെന്ന് അപേക്ഷിച്ചു. 'കഷ്ടം! കഷ്ടം! എടാ! ശൂദ്രാ! നിന്റെ പശുക്കൾ നിനക്കുതന്നെ ഇരിക്കട്ടെ' എന്ന് അദ്ദേഹം നിരസിച്ചു. ജാനശ്രുതി തിരിച്ചുവന്ന് തന്റെ പുത്രിയും സുന്ദരിയും ആയ ഒരു കന്യ കയേയും ആയിരം പശുക്കളേയും ഏതാനും രഥത്തേയും മറ്റും കൊണ്ട് രയിക്വന്റെ അടുക്കൽ വീണ്ടും ചെന്നു. അവയെ സ്വീകരിച്ചുകൊണ്ട് അദ്ദേഹം ജാനശ്രുതിക്കു ബ്രഹ്മവിദ്യയെ ഉപദേശിച്ചു.'

ഇതിന്റെ മൂലം താഴെ ചേർക്കുന്നു.

## (സാമവേദം - ഛാന്ദോഗ്യ ഉപനിഷത്ത്)

(4-ാം പ്രപാഠം, സംവർഗ്ഗവിദ്യ, ജാനശ്രുത്യുപാഖ്യാനം)

1

തദൂഹ ജാനശ്രുതിഃ പൗത്രായണ ഷട്ശതാനിഗവാം നിഷ്കമ ശ്വതരീരഥം തദാദായ പ്രതിചക്രമേ തഗുംഹാഭ്യുവാദ.

2

രയിക്വേമാനി ഷട്ശതാനി ഗവാമയം നിഷ്കേയമശ്വതരീരഥോ നുമ ഏതാം ഭഗവോ ദേവതാംഗുംശാധിയാം ദേവതാമുപാസ്മ ഇതി.

3

തമുഹപരഃ പ്രത്യുവാച ഹ ഹാരേ ത്വാ ശൂദ്ര തവൈ വസഹ ഗോഭിരസ്ത്വിതി തദുഹ പുനരേവ ജാനശ്രുതിഃ പൗത്രായണ സഹസ്രം ഗവാം നിഷ്കമശ്വതരീരഥം ദുഹിതരം തദാദായ പ്രതിചക്രമേ.

4

തഗുംഹാഭ്യുവാദ രയിക്വേദഗും സഹസ്രം ഗവാമയം നിഷ്കോ യമശ്വതരീ രഥ ഇയം ജായായം ഗ്രാമോയസ്മിന്നാസ്സേന്വേവമാഭഗവഃ ശാധീതി.

5

തസ്യ ഹമുഖമപോദ്ഗൃഹ്ണന്നുവാചാ ജഹാരേ മാം ശൂദ്രാനേ നൈവ മുഖേനാലാപയിഷ്യഥാ ഇതി തേ ഹൈതേ രയിക്വ പർണ്ണാനാ മമഹാവൃഷേഷുയത്രാസ്മാ ഉവാസതസ്മൈ ഹോവാച.

digitized by www.sreyas.in

## 12. ബ്രഹ്മസൂത്രവും ശങ്കരഭാഷ്യവും

മേൽ കാണിച്ച വേദഭാഗങ്ങളിലെ ശൂദ്രശബ്ദത്തിന് കൃത്രിമാർത്ഥം ചെയ്ത സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങളുടെ അർത്ഥങ്ങളും അടിയിൽ ചേർക്കുന്നു. (ഭാഷ്യങ്ങൾക്ക് അനുബന്ധം നോക്കുക 2)

സൂത്രം: ശുഗസ്യ തദനാദരശ്രവണാത്തദാദ്രവണാൽ സൂച്യതേ ഹി. 34

ഭാഷ്യാർത്ഥം: മനുഷ്യർക്ക് വിദ്യാധികാരമുണ്ടെന്ന് സിദ്ധാന്തിച്ചുംവച്ച് ഏതുപ്രകാരം ദേവന്മാർക്കും വിധിക്കപ്പെട്ടുവോ അപ്രകാരം ശൂദ്രനും വിദ്യാധികാരമുണ്ടെന്ന ശങ്കയെ നിവൃത്തിക്കാനാണ് ഈ അധികരണം ആരംഭിക്കപ്പെടുന്നത്.

ശൂദ്രനു വിദ്യയിലധികാരമുണ്ട്. ശൂദ്രനു യാഗത്തിൽ അധികാരമില്ലെന്നു നിഷേധിക്കപ്പെട്ടതുപോലെ വിദ്യയിലും നിഷേധിക്കപ്പെട്ടതായി കേൾക്കുന്നില്ല. ശൂദ്രന് (അനഗ്നിത്വം) യാഗാഗ്നിയുടെ ഇല്ലായ്മയുണ്ട്. ഈ 'അനഗ്നിത്വം' തനിക്കു കർമ്മങ്ങളിൽ അധികാരമില്ലെന്നുള്ളതിനു കാരണമാകുമെന്നല്ലാതെ അത് വിദ്യാധികാരനിഷേധത്തിനും കാരണമാകുന്നില്ല. ആഹവനീയാദിയായ യാഗാഗ്നിയില്ലാത്തവന് വിദ്യയെ ഗ്രഹിപ്പാൻ കഴിയുന്നതല്ലെന്നുമില്ല. വിദ്യയിൽ ശൂദ്രാധികാരത്തെ പ്രബലീകരിക്കുന്നതിന് സംവർഗ്ഗവിദ്യയിൽ ജാനശ്രുതിയായിരിക്കുന്ന പൗത്രായണൻ, വേദശ്രവണത്തിന് ഇച്ഛിച്ചപ്പോൾ രയിക്വന്റെ സംബോധനവാക്യത്തിൽ പ്രയോഗിക്കപ്പെട്ട ശൂദ്രശബ്ദം പരാമർശകമായിരിക്കുന്നു. അതായത് 'കഷ്ടം കഷ്ടം കഷ്ടം എടാ ശൂദ്രാ, നിന്റെ പശുക്കൾ നിനക്കുതന്നെ ഭവിക്കട്ടെ' എന്നാണ്. വിദുരാദികൾ ശൂദ്രയോനിയിൽ ജനിച്ചവരായിരുന്നിട്ടും വിശിഷ്ടവിജ്ഞാനസമ്പത്തിയുള്ളവരായിരുന്നു എന്നു സ്മരിച്ചിട്ടുമുണ്ട്, ഈ കാരണങ്ങളാൽ ശൂദ്രന് വിദ്യാധികാരമുണ്ടെന്നുണ്ടെങ്കിൽ നാമിപ്രകാരം പറയുന്നു. എങ്ങനെയെന്നാൽ, ശൂദ്രന് വേദാധികാരമില്ലാത്തതിനാൽ വിദ്യയിലുമധികാരമില്ല. വേദം പഠിച്ചവനു മാത്രമേ വേദാർത്ഥങ്ങളിലുമധികാരമുണ്ടാവൂ. ശൂദ്രന് വേദാദ്ധ്യയനമില്ലല്ലോ. എന്തെന്നാൽ വേദാദ്ധ്യയനത്തിന് ഉപനയനസംസ്കാരം കഴിഞ്ഞാലെ വിധിയുള്ളൂ. ഉപനയനമോ (ദ്വിജാദികൾ) ബ്രഹ്മക്ഷത്ര, വൈശ്യന്മാർക്കു മാത്രമേ വിധിച്ചിട്ടുള്ളു. (സാമർത്ഥ്യം) ശക്തിയില്ലാതിരിക്കുമ്പോൾ വിദ്യയിൽ അപേക്ഷയുണ്ടെന്നുള്ളതുമാത്രം അധികാരകാരണമായി തീരുന്നില്ല. ശാസ്ത്രീയകാര്യത്തിൽ ശാസ്ത്രീയമായിരിക്കുന്ന സാമർത്ഥ്യം വിദ്യാധികാരത്തിനു മതിയാവുന്നുമില്ല. ശൂദ്രന് വേദാദ്ധ്യയനം നിഷിദ്ധമാകയാൽ തത്സംബന്ധി

digitized by www.sreyas.in

നിയായ ശക്തിയും നിരാകരിക്കപ്പെട്ടിരിക്കയാണല്ലോ? ന്യായത്തിനു സാധാരണത്വമുള്ളതാകയാൽ ഏതു ന്യായത്താൽ ശൂദ്രന് യാഗത്തിലുമധികാരമില്ലയോ? അതുതന്നെ വിദ്യയ്ക്കുമധികാരമില്ലെന്നുള്ളതിനെ സൂചിപ്പിക്കുന്നു.

സംവർഗ്ഗവിദ്യയിൽ ശൂദ്രശബ്ദം കേൾക്കപ്പെടുകയാൽ ശൂദ്രനും വിദ്യാധികാരമുണ്ടെന്നു വിചാരിക്കയാണെങ്കിൽ ന്യായവിരുദ്ധമാകയാൽ അതും കാരണമാകുന്നില്ല. എന്തെന്നാൽ ന്യായവചനത്തിന് ലിംഗ ദർശനം ദ്യോതകമാകുന്നു. ഇവിടെ ന്യായമുണ്ടാകുന്നുമില്ല. ഈ ശൂദ്ര ശബ്ദം സംവർഗ്ഗവിദ്യയിൽ ഇരിക്കയാൽ ആ വിദ്യയൊന്നിൽ ഇരിക്കുന്ന ശൂദ്രനെ മാത്രമേ അധികരിക്കുന്നുള്ളൂ. 'സംവർഗ്ഗവിദ്യ' അർത്ഥവാദ ഘട്ടത്തിലാകയാൽ ഈ ശൂദ്രശബ്ദം തനിക്കു മറ്റുള്ള വിദ്യകളിൽ ഒരിടത്തും അധികാരമുണ്ടാക്കുന്നതിനു ശ്രമിക്കുന്നില്ല. ഈ ശൂദ്രശബ്ദം അധികാരവിഷയത്തിൽ മാത്രമേ ഉപയോഗിക്കൂ എന്നുള്ളതെങ്ങനെ യാണെന്നുണ്ടെങ്കിൽ പറയാം: "എടാ, വിദ്യാഹീനനായിരുന്നിട്ടും (ഒ രുത്തനെ) ഈ ജാനശ്രുതിയെ വണ്ടിയോടുകൂടിയിരിക്കുന്ന രൈക്വ നോടു സദൃശനാക്കിപ്പറയുന്നോ?" എന്ന ഹംസവാക്യത്താൽ തന്റെ അനാദരത്തെ ശ്രുതവാനായിരിക്കുന്ന ആ ജാനശ്രുതിയെന്ന പൗത്രാ യണന് ദുഃഖമുണ്ടായി. ഇതിനെ ഋഷിയായിരിക്കുന്ന രൈക്വൻ ശൂദ്രശ ബ്ദംകൊണ്ട് സൂചിപ്പിച്ചത്, ജാതിശ്ശൂദ്രന് വിദ്യാധികാരമില്ലാഴികയാൽ തന്റെ പരോക്ഷജ്ഞാനത്തെ അറിയിക്കുന്നതിനായിട്ടാണെന്നു തോന്നു ന്നു, തനിക്ക് (ശുക്)ശോകമുണ്ടായെന്നു ശൂദ്രശബ്ദംകൊണ്ടു സൂചി ക്കപ്പെടുന്നത്. (എങ്ങനെയെന്നാൽ) ശുക്കിന്റെ ആദ്രവണം ഹേതുവാ യിട്ടും, ശുക്കിനെ അഭിദ്രവിക്കയാലും, ശുക്കിനാൽ അഭിദ്രവിക്കപ്പെട്ടെ ന്ന്, ശുക്കോടുകൂടി രൈക്വനെ അഭിദ്രവിച്ചെന്നും, ശൂദ്രശബ്ദത്തിന് അവയവാർത്ഥമുള്ളതാകയാലും രൂഢാർത്ഥമില്ലാഴികയാലുമാകുന്നു. എന്നാൽ ഈ അർത്ഥം ഈ ജാനശ്രുത്യുപാഖ്യാനത്തിൽ കാണപ്പെടു ന്നുമുണ്ട്.

സൂത്രം: ക്ഷത്രിയത്വഗതേശ്ചോത്തരത്ര
ചൈത്രരഥേന ലിംഗാൽ 35

ഭാഷ്യാർത്ഥം: ഇതുഹേതുവായിട്ടും ജാനശ്രുതി ജാതിശൂദ്രനല്ല. യാതൊന്നിന്റെ കാരണം പ്രകരണത്തെ നിരൂപിക്കയാൽ സ്പഷ്ടമാ കുന്നു. എങ്ങനെയെന്നാൽ ഈ ജാനശ്രുതിക്ക് സംവർഗ്ഗവിദ്യയുടെ ഉത്തരഭാഗത്തിൽ ചൈത്രരഥനായി അഭിപ്രതാരിയായിരിക്കുന്ന ക്ഷത്രി യനോടുള്ള സമഭിഹാരം (കൂട്ടിച്ചേർത്തു പറക) എന്നതു ഹേതുവാൽ

digitized by www.sreyas.in

ക്ഷത്രിയത്വം ബോദ്ധ്യപ്പെടുന്നു. സംവർഗ്ഗവിദ്യാവാക്യശേഷത്തിലാണ് ചൈത്രരഥിയായിരിക്കുന്ന അഭിപ്രതാരിയെന്ന ക്ഷത്രിയൻ കീർത്തിക്കപ്പെടുന്നത്. അതായത് അനന്തരം സൂതനാൽ പരിവിഷ്യമാണന്മാരായി (വിളംബപ്പെടുന്നവരായി) ശൗനകനായിരിക്കുന്ന കാക്ഷസേനിയേയും ബ്രഹ്മചാരി ഭിക്ഷിച്ചു എന്നാണ്. അഭിപ്രതാരി തനിക്കു കാപേയയോഗം ഹേതുവായിട്ട് (ചൈത്രരഥിത്വ) ചിത്രരഥന്റെ വംശത്തിലുള്ളവനാണെന്നുള്ളതും സ്പഷ്ടമാകുന്നു. എന്തെന്നാൽ "ഇതുകൊണ്ടാണ് ചൈത്രരഥനെ കാപേയന്മാർ യജിപ്പിച്ചത്," എന്ന വേദവാക്യത്താൽ ചൈത്രരഥനു കാപേയയോഗമുണ്ടെന്നും അറിയപ്പെട്ടു. തുല്യവംശന്മാർക്കു മിക്കവാറും തുല്യവംശന്മാർ മാത്രമേ യാജകന്മാരാകുന്നുള്ളൂ. അതു ഹേതുവായിട്ട് ചൈത്രരഥിയെന്നു പ്രസിദ്ധനായ ഒരു ക്ഷത്രപതിയുണ്ടായി എന്നും വേദവാക്യത്തിൽ ക്ഷത്രപതിയെന്നു ബോധിക്കയാൽ ചൈത്രരഥിക്കു ക്ഷത്രിയത്വമുണ്ടെന്നും സ്പഷ്ടമാകുന്നു. ക്ഷത്രിയനായിരിക്കുന്ന ആ അഭിപ്രതാരിയോടുകൂടി ജാനശ്രുതിക്കു തുല്യയായിരിക്കുന്ന വിദ്യാവിഷയത്തിൽ സങ്കീർത്തനം ഭവിക്കയാൽ തനിക്കും ക്ഷത്രിയത്വമുണ്ടെന്നു സൂചിക്കുന്നു. തുല്യന്മാരെ മാത്രമേ മിക്കവാറും കൂട്ടിച്ചേർത്തു പറകയുള്ളൂ. സൂതനെ അയയ്ക്കുക മുതലായ ഐശ്വര്യയോഗമിരിക്കയാലും ജാനശ്രുതിക്കും ക്ഷത്രിയത്വമുണ്ടെന്നു വെളിവാകുന്നു. ഇതു ഹേതുവായിട്ടും ജാതിശൂദ്രന് വിദ്യാധികാരമില്ല.

സൂത്രം: സംസ്കാരപരാമർശാത്തദഭാവാഭിലാപാച്ച. 36

ഭാഷ്യാർത്ഥം: ഇതു ഹേതുവായിട്ടും ശൂദ്രന് വിദ്യയ്ക്ക്, അധികാരമില്ല.

എന്തെന്നാൽ വിദ്യാപ്രദേശങ്ങളിൽ ഉപനയനാദിയായിരിക്കുന്ന സംസ്കാരങ്ങൾ ആവശ്യമാണെന്നു പരാമർശിക്കപ്പെടുന്നു, "അവനെ ഉപനയിപ്പിച്ചു ഭഗവാനെ! പഠിപ്പിക്കണേ!" എന്നു പറഞ്ഞുംകൊണ്ട് ഉപസാദിച്ചു എന്നും വേദപാരഗന്മാരായും സഗുണബ്രഹ്മനിഷ്ഠന്മാരായുമുള്ള ഭരദ്വാജാദികൾ ബ്രഹ്മത്തെ തിരഞ്ഞ് ഈ പിപ്പലാദൻ എല്ലാം പറയുമെന്നു നിശ്ചയിച്ച് അവർ കയ്യിൽ ചമതയും വച്ചുകൊണ്ട് ഭഗവാനായിരിക്കുന്ന പിപ്പലാദനെ പ്രാപിച്ചു" എന്നും "അവരെ ഉപനയിപ്പിക്കാതെ" എന്നും കേൾക്കുകയാൽ വേദാദ്ധ്യയനത്തിന് ഉപനയനപ്രാപ്തി കാണിക്കപ്പെട്ടതായിത്തന്നെയിരിക്കുന്നു. "ശൂദ്രൻ നാലാമത്തെ വർണ്ണവും ഏകജാതിയും" എന്ന് സ്മരിച്ചിരിക്കയാലും ശൂദ്രങ്കൽ പാപം അല്പവും ഇല്ലാത്തതിനാൽ അവന് സംസ്കാരം ആവശ്യമില്ലെന്നു പറകയാലും ശൂദ്രന് സംസ്കാരമില്ലെന്നു പറയപ്പെടുന്നു.

digitized by www.sreyas.in

സൂത്രം: തദഭാവനിർദ്ധാരണേ ച പ്രവൃത്തേഃ

ഭാഷ്യാർത്ഥം: ഇതു ഹേതുവായിട്ടും ശൂദ്രന് വിദ്യയിലധികാരമില്ല. എന്തെന്നാൽ, സത്യവചനത്താൽ താൻ ശൂദ്രനല്ലെന്ന് ഉറപ്പാക്കിയതിന്റെ ശേഷമേ ജാബാലനെ ഗൗതമൻ ഉപനയിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുള്ളു. ഇതിനെ വിവേചിച്ചു പറയുന്നതിന് ബ്രാഹ്മണനല്ലാത്തവൻ യോഗ്യനാകുന്നില്ല. അല്ലയോ സൗമ്യ! നീ ചെന്ന് ചമതയെക്കൊണ്ടുവാ, നിന്നെ ഉപനയിപ്പിക്കാം. നീ സത്യത്തിൽനിന്നും തെറ്റിയില്ല എന്ന വേദവാക്യം (ലിംഗ)കാരണമാകുന്നു.

സൂത്രം: ശ്രവണാദ്ധ്യയനാർത്ഥപ്രതിഷേധാൽ സ്മൃതേശ്ച. 38

ഭാഷ്യാർത്ഥം: ഇതു ഹേതുവായിട്ടും ശൂദ്രന്ന് വിദ്യയിൽ അധികാരമില്ല, എന്തെന്നാൽ സ്മൃതിപ്രമാണത്താൽ ശൂദ്രന്ന് ശ്രവണത്തിനും അദ്ധ്യയനത്തിനും പ്രതിഷേധം കാണുകയാൽ വേദശ്രവണപ്രതിഷേധവും വേദാദ്ധ്യയനപ്രതിഷേധവും വേദാർത്ഥജ്ഞാനപ്രതിഷേധവും വേദാനുഷ്ഠാനപ്രതിഷേധവും സ്മരിക്കപ്പെടുന്നു. ശ്രവണപ്രതിഷേധം പറയപ്പെട്ടത് എങ്ങനെയെന്നാൽ, "ഇവൻ വേദത്തെ കേൾക്കുകയാൽ ഈയവും മെഴുകുമുരുക്കിയൊഴിച്ച് ഇവന്റെ ചെവികളെ നിറയ്ക്കുക" എന്നും, പദ്യു[2] ഹവേ, ത്യാദിവാക്യത്താൽ ശൂദ്രസമീപത്തിൽവച്ചു അദ്ധ്യയനം ചെയ്യരുതെന്ന് കേൾക്കുകയാൽ സമീപത്തിൽവച്ചുപോലും വിധിയല്ലാത്ത വേദാദ്ധ്യയനം തനിക്ക് അശേഷം പാടില്ലെന്നും സ്പഷ്ടമാകുന്നു. 'അത്രയുമല്ലാ ശൂദ്രൻ വേദമുച്ചരിച്ചാൽ നാക്കു കണ്ടിക്കണമെന്നും, ധരിച്ചാൽ ശരീരത്തെ വെട്ടിപ്പിളർക്കണമെന്നു'മിരിക്കയാൽ, വേദാർത്ഥജ്ഞാനത്തിനും തദനുഷ്ഠാനത്തിനും പാടില്ലെന്ന് സിദ്ധമാകുന്നു. 'ശൂദ്രന് ജ്ഞാനത്തെ കൊടുക്കരുതെന്നും' അദ്ധ്യയനം, യാഗം, ദാനം ഇതുകൾ ദ്വിജാതികൾക്കാണെന്നും വേദപ്രമാണവും കാണുന്നു. പൂർവ്വജന്മത്തിൽ ചെയ്യപ്പെട്ട സംസ്കാരപ്രാപ്തിയാൽ വിദുരൻ, ധർമ്മവ്യാധൻ തുടങ്ങിയ ശൂദ്രർക്ക് ജ്ഞാനോല്പത്തിയുണ്ടായിരുന്നുവെങ്കിലും ജ്ഞാനത്തിന് ഐകാന്തികഫലത്വമുള്ളതിനാലും ഇതിഹാസപുരാണങ്ങളെ ചാതുർവർണ്ണ്യങ്ങളെ ശ്രവിപ്പിക്കണമെന്ന ഹേതുവാലും അവർക്ക് ഫലപ്രാപ്തിയെ പ്രതിബന്ധിപ്പിക്കാൻ കഴിയുന്നതല്ല. ആകയാൽ വേദപൂർവ്വകമായിരിക്കുന്ന വിദ്യാധികാരം ശൂദ്രന് വിഹിതമല്ലെന്നിരിക്കുന്നു."

ജാനശ്രുതി രയിക്വന്റെ അടുക്കൽചെന്ന് ഉപദേശം വേണമെന്ന് അപേക്ഷിക്കുകയും രയിക്വൻ "കഷ്ടം! കഷ്ടം! ശൂദ്രനായ നിനക്കു പറഞ്ഞുതരികയില്ലാ; നിന്റെ ദ്രവ്യം നീതന്നെ എടുത്തോ" എന്ന് ഉപേ

digitized by www.sreyas.in

ക്ഷിച്ചു പറയുകയും ചെയ്തു. ശൂദ്രനു വിദ്യാധികാരമില്ല, അവനെ യാതൊന്നും പഠിപ്പിച്ചുപോകരുത് എന്നുള്ള നിയമം പ്രബലമായി നടന്നുവരുന്ന കാലത്താകയാൽ, ഈ വാക്കുകേട്ടുകൂടുമ്പോൾ, "ഓഹോ എന്നെ രയിക്വൻ ശൂദ്രനെന്നു തെറ്റിദ്ധരിച്ചുപോയി; അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞുനിഷേധിച്ചത്." എന്നു ജാനശ്രുതിക്കു നല്ലതിൻവണ്ണം മനസ്സിലായിരിക്കും. താൻ ശൂദ്രനല്ലായിരുന്നു എങ്കിൽ (പെട്ടെന്ന്) "അയ്യോ ഞാൻ ശൂദ്രനല്ലെ, ഇന്ന ജാതിക്കാരനാണെ" എന്ന് ഉടൻ പറയുമായിരുന്നു. അപ്രകാരം യാതൊന്നും ചെയ്യാത്തതുകൊണ്ടു ജാനശ്രുതി ജാതി ശൂദ്രനാണെന്നും തന്നിമിത്തം ശൂദ്രശബ്ദത്തിന് അവയവാർത്ഥമില്ലെന്നും വരുന്നു.

അല്ലാതെയും, ഈ ജാനശ്രുത്യുപാഖ്യാനം കേട്ടാൽ സാധാരണ വിദ്വാന്മാർപോലും ഈ ശൂദ്രശബ്ദത്തിന് ജാതിശൂദ്രതയെത്തന്നെ അർത്ഥമായി ഗ്രഹിപ്പാനെ ഇടയുള്ളു. അങ്ങനെതന്നെ ധരിച്ചുമിരിക്കുമെന്നു കരുതിയാണ് സൂത്രഭാഷ്യകാരന്മാർ ആയതിനെ മറയ്ക്കുന്നതിനു മനഃപൂർവ്വം പൂർവ്വപക്ഷം ചെയ്തു നിഷേധിച്ചുംവച്ചു വേറെ പ്രകാരത്തിൽ സിദ്ധാന്തിച്ച് വളരെ ഒക്കെ ബദ്ധപ്പെട്ടു പരാക്രമങ്ങളെ കാണിച്ചിരിക്കുന്നത്; ഇതിനെ ആലോചിക്കുമ്പോൾ ഇപ്രകാരം ഒരു സിദ്ധാന്തം ചെയ്തില്ലെങ്കിൽ ജാനശ്രുതിക്ക് എല്ലാപേരും ജാതിശൂദ്രതയെത്തന്നെ നിശ്ചയിച്ചുകളയുമെന്നു ഭാഷ്യകർത്താവും നിരൂപിച്ചിട്ടുള്ളതായി തെളിയുന്നു; ജാനശ്രുതി രയിക്വന്റെ വാക്ക് കേട്ടുകൂടുമ്പോൾ അതിന്റെ സാധാരണ അർത്ഥമായ ജാതിശൂദ്രതയെത്തന്നെയാണ് മനസ്സിലാക്കിയത് എന്ന് ഇതുകൊണ്ടും നിശ്ചയിക്കാവുന്നതാണ്.

അതല്ല, രയിക്വൻ ആന്തരമായിക്കരുതിയ അവയവാർത്ഥത്തെ താൻ അറിഞ്ഞതുകൊണ്ടായിരുന്നു മിണ്ടാതെ പോയതെങ്കിൽ "വിദ്യാവിഹീനനായ ഒരുവനെ" എന്നു പറഞ്ഞതുകേട്ടു വ്യസനിച്ച് അതിനെ പരിഹരിപ്പാൻ നോക്കിയ ജാനശ്രുതിക്കു രയികന്റെ മനോഗതത്തേയും ശൂദ്രശബ്ദത്തിന് അസാധാരണമായി കൊണ്ടുവന്ന അവയവാർത്ഥത്തേയും അറിയുന്നതിനുതക്കതായ പരോക്ഷജ്ഞാനവും ശബ്ദാർത്ഥശാസ്ത്രപാണ്ഡിത്യവും ഉണ്ടായിരിപ്പാനും ഇടയില്ല. ആയതിനാൽ അതും ചേരുകയില്ല. ഈ ന്യായങ്ങളാൽ ജാനശ്രുതി ജാതിശൂദ്രനെന്നും അവയവാർത്ഥം വൃഥാകല്പിതമെന്നും തെളിയുന്നു.

പിന്നെയും, അവയവാർത്ഥം സ്വീകരിക്കുന്നപക്ഷം ജാനശ്രുതി ജാതിശൂദ്രനല്ല ക്ഷത്രിയനാണെന്നും അപ്പോൾ വേദാദ്ധ്യയനത്തിന് അനർഹനല്ലെന്നും വരണം. ആ സ്ഥിതിക്ക് നേരെ ഉപദേശിച്ചുകൊടു

digitized by www.sreyas.in

ക്കാതെ "കഷ്ടം കഷ്ടം...." എന്നുപറഞ്ഞു നിഷേധിച്ചത് ഉചിതമായോ? അതിശ്രദ്ധയോടുകൂടി വ്യസനിച്ചു വരുന്നവന് ഉപദേശിക്കരുതെന്ന് വല്ല നിഷേധവുമുണ്ടായിരുന്നിട്ടാണെങ്കിൽ അതു പ്രമാണവിരുദ്ധമാകുന്നു; ഉപദേശിക്കപ്പെട്ടാലല്ലാതെ വിട്ടുപോകാത്തതും ആദ്യം ഉപദേശിക്കാതെ ഉപേക്ഷിപ്പാൻ കാരണമെന്നു കാണപ്പെടുന്നതുമായ വ്യസനത്തോടു കൂടി ഇരിക്കവേതന്നെ രണ്ടാമത് ഉപദേശിച്ചുമിരിക്കുന്നു; ഇപ്രകാരം വരുന്നവൻ ആകുന്നു ഉപദേശിക്കപ്പെടാൻ പാത്രമെന്നുള്ളത് "വിദ്യായാം വ്യസനം" മുതലായ പ്രമാണങ്ങൾക്കും യുക്ത്യനുഭവ ങ്ങൾക്കും അനുസരണമായുമിരിക്കുന്നു.

ജാനശ്രുതിയുടെ പരിപാകതയെ പരീക്ഷിപ്പാനായിരുന്നു എങ്കി ൽ മുമ്പിൽക്കൂട്ടി പരോക്ഷജ്ഞാനംകൊണ്ട് അറിഞ്ഞിരിക്കുന്ന രയി ക്വന് പരീക്ഷ വേണ്ടല്ലോ. വേണമെന്നു വരുന്നപക്ഷത്തിൽ അദ്ദേഹം പരോക്ഷജ്ഞാനം കൊണ്ട് അറിയുന്ന ആളല്ലെന്നും അപ്പോൾ ശൂദ്ര ശബ്ദം അവയവാർത്ഥകമല്ലെന്നും വരും.

ജാനശ്രുതിക്ക് അപ്പോൾ ഉണ്ടായിരുന്ന ഭക്തിശ്രദ്ധ മതിയാകാ യ്കയാൽ ആയതിനെ വർദ്ധിപ്പിക്കാനായിരുന്നു എങ്കിൽ വളരെക്കാലം താമസിപ്പിക്കയും ശുശ്രൂഷിപ്പിക്കയും മറ്റുംചെയ്ത് സൂക്ഷിച്ചു കണ്ട റിഞ്ഞ് പറഞ്ഞുകൊടുക്കേണ്ടതായിരുന്നു. പരീക്ഷിക്കാനാണെങ്കിലും അപ്രകാരംതന്നെ "ദ്വാദശാബ്ദന്തു ശുശ്രൂഷാം" എന്നല്ലയോ പ്രമാണം പറയുന്നത്. ഇവിടെ അതും അനുഷ്ഠിക്കപ്പെട്ടില്ല; നേരേമറിച്ച് "ഇയം ജായാ അയംഗ്രാമോ" എന്നിരിക്കയാൽ ഗുരവോ ബഹവസ്സന്തി ശിഷ്യ വിത്താപഹാരകാഃ എന്നപോലെ പരീക്ഷിപ്പാൻ നോക്കിയത് കൂടുതൽ ദക്ഷിണയെക്കരുതിയാണെന്നു തോന്നുന്നു. വേറെ വിധം പറയുന്ന തിന് യാതൊരു മാർഗ്ഗവും കാണുന്നില്ല.

താൻ ആദ്യം ഉപേക്ഷിച്ചാൽ രണ്ടാമത് ഉപദേശിക്കേണ്ടതായി വരും; അപ്പോൾ അടുത്ത ഭവിഷ്യത്തിനെപ്പോലും അറിയുന്നതിനുള്ള പരോക്ഷജ്ഞാനം തനിക്ക് ഇല്ലെന്നു വന്നുപോകും; ആയതു ശരിയു മല്ല എന്നോർത്തു ക്ഷമിച്ചുകളയാതെ ഉപേക്ഷിച്ചതിനെ നോക്കുമ്പോൾ എല്ലാപേരേയുംപോലെ മാംസദൃഷ്ടികൊണ്ട് പുറമെ അപ്പോൾ കണ്ട പ്രകാരം അറിഞ്ഞിരിക്കുമെന്നല്ലാതെ രയിക്വൻ തന്റെ പരോക്ഷജ്ഞാ നംകൊണ്ട് അറിയുകയോ ആയതിനെ വെളിക്കു സൂചിപ്പിക്കണമെന്നു കരുതുകയോ ചെയ്തിട്ടില്ലെന്നും ആദ്യം ഉപേക്ഷിച്ചിട്ട് രണ്ടാമത് ഉപ ദേശിക്കയും വേണ്ടെന്നു തള്ളിയേച്ചു കൂടുതലായി കിട്ടിയപ്പോൾ മടങ്ങി സ്വീകരിക്കയും ചെയ്തതിനാൽ എന്തായാലും ദ്രവ്യലാഭത്തിനു

digitized by www.sreyas.in

തക്കപോലെ പ്രവർത്തിക്കണമെന്നല്ലാതെ തന്റെ വാക്കിനും പ്രവൃത്തിക്കും വ്യവസ്ഥകേടു സംഭവിക്കരുതെന്നുള്ള വിചാരത്തിനു മൂലവും ന്യായവുമായ ഒരഭിമാനം രയിക്വന് ഉണ്ടായിരുന്നില്ലെന്നും കാണുന്നതിനാൽ ഈ ശൂദ്രശബ്ദം അവയവാർത്ഥകമല്ലെന്നും ജാനശ്രുതി ജാതിശൂദ്രൻ തന്നെ എന്നും സിദ്ധിക്കുന്നു.

മേൽകാണിച്ച സൂത്രഭാഷ്യത്തിൽ ഒരുദാഹരണമായി സ്വീകരിച്ചിരിക്കുന്നതും ജാനശ്രുത്യുപാഖ്യാനംപോലെ ഈ വിഷയത്തിൽ ഒരു പ്രമാണമായി പറയപ്പെടുന്നതും ആയ ജാബാലന്റെ കഥയെപ്പറ്റി സ്വല്പം ചിന്തിക്കാം.

ജാബാലകഥാസാരം: "ജാബാലൻ ഗൗതമന്റെ അടുത്ത് അദ്ധ്യയനത്തിനു ചെന്നു. ഗൗതമന് അവന്റെ പേരിൽ ശൂദ്രശങ്കയുണ്ടായി. ജാബാലനെക്കൊണ്ട് താൻ ശൂദ്രനല്ലെന്നു സത്യംചെയ്യിച്ചശേഷമേ പഠിപ്പിച്ചുകൊടുത്തുള്ളൂ."

ഇതിനെയും ശൂദ്രൻ വിദ്യയ്ക്കു പണ്ടുപണ്ടേ അനർഹനാണെന്നുള്ളതിന് ഒരു ദൃഷ്ടാന്തമായി ബ്രാഹ്മണർ പറയുന്നുണ്ട്.

ശൂദ്രൻ വിദ്യയ്ക്ക് അനർഹനെന്നും അതിനാൽ അവനെ യാതൊന്നും പഠിപ്പിച്ചുപോകരുതെന്നും മുമ്പിനാലെ നിഷേധിക്കപ്പെട്ടിട്ടുണ്ട് - ജാബാലൻ ചെന്നത് അഭ്യസിപ്പാനുമായിരുന്നു. അപ്പോൾ ഗൗതമൻ ജാബാലനെക്കൊണ്ട് ശൂദ്രനല്ലെന്നു സത്യം ചെയ്യിച്ചതിനാൽ ഗൗതമന് ജാബാലനെക്കുറിച്ച് ശൂദ്രശങ്കയുണ്ടായിരുന്നെന്നും തന്നിമിത്തം ഇവൻ നമ്മെ കബളിപ്പിച്ച് വിദ്യാമോഷണത്തിനായി വന്നിരിക്കയാണെന്നുള്ള സംശയം അദ്ദേഹത്തിന്റെ ഉള്ളിൽ ജനിച്ചിരുന്നു എന്നും നിശ്ചയംതന്നെ: പിന്നെ ശൂദ്രൻ അനൃതവാക്കാണെന്ന് പ്രമാണവും ഉണ്ട്. ഇങ്ങനെ അവിശ്വാസിയെന്നു തെളിയുന്ന ജാബാലന്റെ വാക്കിനെ ഗൗതമൻ വിശ്വസിക്കയും സന്ദേഹത്തിൽനിന്നു വേർപെടുകയും ചെയ്കയില്ല. ഗൗതമന് ജാബാലന്റെ ജാതിനിർണ്ണയം ചെയ്തേ കഴിയൂ എന്നു നിർബന്ധമുണ്ടായിരുന്നെങ്കിൽ ജാബാലനെ നല്ല പരിചയമുള്ളവരായ ബ്രാഹ്മണരോട് ആരോടെങ്കിലും അദ്ദേഹം പരമാർത്ഥം ചോദിച്ചറിയുമായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നുമില്ല. ഉപനയിപ്പിക്കയും പഠിപ്പിക്കയും ചെയ്തിട്ടുമുണ്ട്. ഇതെല്ലാംകൊണ്ടും ഗൗതമന് മനഃപൂർവ്വമായിട്ട് ശൂദ്രനെ പഠിപ്പിച്ചുകൂടെന്നോ പഠിപ്പിച്ചാൽ തനിക്കും പഠിച്ചാൽ അവനും ദോഷമുണ്ടെന്നോ ശൂദ്രനല്ലെന്ന് വരികിലേ പഠിപ്പിക്കാവൂ എന്നോ ഉള്ള അഭിപ്രായം ഉണ്ടായിരുന്നില്ലെന്നും ആരായാലും എന്തു ജാതിയായാലും ശരി, ശ്രദ്ധയുള്ളവരെ പഠിപ്പിക്കണമെന്നുള്ള അഭിപ്രായമേ ഉണ്ടായിരുന്നുള്ളൂ എന്നും സ്പഷ്ടമാകുന്നു.

digitized by www.sreyas.in

സമാധാനം: എന്നാൽ സത്യം ചെയ്യിച്ചതെന്തിന്?

നിഷേധം: അതു പറയാം. ശൂദ്രന് ബ്രാഹ്മണശുശ്രൂഷ ഒഴിച്ച് മറ്റൊരു നന്മയ്ക്കും അധികാരമില്ലെന്നും. ആരും ഒന്നും പഠിപ്പിച്ചുപോകരുതെന്നും, അവനവന്റെ ഇച്ഛപോലെ ചില സങ്കേതങ്ങൾ ഏർപ്പെടുത്തി അവയെ അനാദിപ്രമാണാനുസരണം നടത്തുന്നതിന് ശ്രദ്ധാലുക്കളായിരുന്ന അക്കാലത്തെ പ്രബലന്മാരോട്, ഞാൻ സത്യംചെയ്യിച്ചതിൽ പിന്നീടേ പറഞ്ഞുകൊടുത്തുള്ളു എന്നുള്ള സമാധാനംപറഞ്ഞ് സമ്മതപ്പെടുത്തുന്നതിലേക്കായിട്ടുമാത്രമായിരുന്നു.

ഇനി മേൽക്കാണിച്ച ഭാഗങ്ങളെത്തുടർന്ന്, ഉപനയനാദികൊണ്ട് ബ്രഹ്മവിദ്യയ്ക്ക് അർഹത സിദ്ധിക്കയില്ലെന്നും, സാധനചതുഷ്ടയസമ്പന്നനാണ് അതിലേക്ക് അർഹനെന്നുമുള്ളതിന് ശ്രീവേദാന്തസൂത്രഭാഷ്യം ഒന്നാം അദ്ധ്യായം, ഒന്നാം പാദം, ഒന്നാം അധികരണം, ഒന്നാം സൂത്രഭാഗത്തെ താഴെ ചേർക്കുന്നു.

"അഥാതോ ബ്രഹ്മജിജ്ഞാസാ" ഇതിഭാഷ്യം തത്ര അഥ ശബ്ദ ആനന്തര്യാർത്ഥഃ പരിഗൃഹ്യതേ. നാധികാരാർത്ഥഃ ബ്രഹ്മജിജ്ഞാസായാ അനധികാര്യത്വാൽ മംഗളസ്യ ച വാക്യാർത്ഥേ സമന്വയാഭാവാൽ അർത്ഥാന്തരപ്രയുക്തം ഏവ ഹി അഥ ശബ്ദഃ ശ്രുത്യാ മംഗളപ്രയോജനോ ഭവതി. പൂർവ്വ പ്രകൃതാപേക്ഷായാശ്ച ഫലതഃ ആനന്തര്യ അവ്യതിരേകാൽ സതി ച ആനന്തര്യാർത്ഥത്വേ യഥാ ധർമ്മജിജ്ഞാസാ പൂർവ്വവൃത്തം വേദാദ്ധ്യയനം നിയമേനാപേക്ഷ തേ ഏവം ബ്രഹ്മജിജ്ഞാസാപി യൽ പൂർവ്വവൃത്തം നിയമേനാപേക്ഷതേ തദ്വക്തവ്യം സ്വാദ്ധ്യായാനാന്തര്യന്തു സമാനം നന്വിഹ കർമ്മാവബോധാനന്തര്യം വിശേഷഃ ന ധർമ്മജിജ്ഞാസായാഃ പ്രാഗപ്യധീതവേദാന്തസ്യ ബ്രഹ്മജിജ്ഞാസോപപത്തയേ യഥാ ച ഹൃദയാദ്യവദാനാനാമാനന്തര്യനിയമഃ ക്രമസ്യ വിവക്ഷിതത്വാൽ ന തഥേഹ ക്രമോ വിവക്ഷിതഃ ശേഷശേഷിത്വേ അധികൃതാധികാരേ വാ പ്രമാണാഭാവാൽ ധർമ്മബ്രഹ്മജിജ്ഞാസയോഃ ഫലജിജ്ഞാസാഭേദാച്ച അഭ്യുദയഫലം ധർമ്മജ്ഞാനം തച്ചാനുഷ്ഠാനാപേക്ഷം നിശ്രേയസഫലന്തു ബ്രഹ്മവിജ്ഞാനം, ന ചാനുഷ്ഠാനാന്തരാപേക്ഷം ഭവ്യശ്ച ധർമ്മോ ജിജ്ഞാസ്യോ ന ജ്ഞാനകാലേസ്തി പുരുഷവ്യാപാര തന്ത്രത്വാൽ ഇഹ തു ഭൂതം ബ്രഹ്മജിജ്ഞാസ്യം നിത്യനിർവൃത്തത്വാൽ ന പുരുഷവ്യാപാരതന്ത്രം ചോദനാപ്രവൃത്തി ഭേദാച്ച യാഹി ചോദനാധർമ്മസ്യ ലക്ഷണം സാ സ്വവിഷയേ നിയുഞ്ജാനൈവ പുരുഷമവബോധയതി ബ്രഹ്മചോദനന്തു പുരുഷമവബോധയത്യേവകേവലം. അവബോധനസ്യചോദനാജന്യ

digitized by www.sreyas.in

ത്വാൽ ന പുരുഷോ/വബോധേ നിയുജ്യതേ യഥാ ക്ഷാത്ര്യസന്നികർഷേണാർത്ഥാവബോധേ തദ്വൽ തസ്മാൽ കിമപി വക്തവ്യം യദനന്തരം ബ്രഹ്മജിജ്ഞാസോപദിശ്യത ഇതി ഉച്യതേ. നിത്യാനിത്യവസ്തുവിവേകാ ഇഹാമുത്രാർത്ഥ ഭോഗവിരാഗഃ ശമദമാദി സാധനസമ്പൽമുമുക്ഷുത്വഞ്ച തേഷു ഹി സത്സുപ്രാഗപി ധർമ്മജിജ്ഞാസായ ഊർദ്ധ്വഞ്ചശക്യതേ ബ്രഹ്മജിജ്ഞാസിതും ജ്ഞാതുഞ്ച തസ്മാദഥ ശബ്ദേന യഥോക്തസാധനസമ്പത്യാനന്തര്യമുപദിശ്യതേ.

ഗുണകർമ്മങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമേ വർണ്ണവ്യത്യാസം ഉണ്ടായിരിക്കാൻ പാടുള്ളു എന്നും അതിലേക്കു പാരമ്പര്യത്തെ അടിസ്ഥാനമാക്കിപ്പറയുന്നതു പിശകാണെന്നും ആദ്യകാലംമുതൽക്ക് പാരമ്പര്യഭിന്നമായും അനുലോമപ്രതിലോമഗതികളായും വർണ്ണഭേദങ്ങളുണ്ടായിട്ടുണ്ടെന്നും മുമ്പിൽ പ്രസ്താവിച്ചു. ഇതിലേക്കു വേറൊരുദാഹരണമായി ബ്രാഹ്മണവർഗ്ഗത്തിന്റെ ഒരു പൊതു വിവരണവും പുത്രപൗത്രപരമ്പരയാ ബ്രാഹ്മണരെന്നഭിമാനിച്ച് പരിഷ്കാരപ്രാപ്തിക്കു ബാധകളായിത്തീർന്നിരിക്കുന്നവരിൽ ചിലരുടെ ഉല്പത്തികളും ഇവിടെ ചേർക്കുന്നു. ഇവർക്ക് വർണ്ണവ്യത്യാസം സംബന്ധിച്ചും വർഗ്ഗസാധാരണമായും എന്തുമാത്രം ബഹുമാന്യത സാമുദായികമായി സംഭവിക്കാമെന്ന് വായനക്കാർതന്നെ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ.

സ്കാന്ദപുരാണാന്തർഗ്ഗത സഹ്യാദ്രിഖണ്ഡോത്തരാർദ്ധം ഒന്നാം അദ്ധ്യായത്തിന്റെ സാരം:

ചിത്പാവനബ്രാഹ്മണോല്പത്തി (സ്കന്ദമഹാദേവസംവാദം.) ബ്രാഹ്മണർ പ്രധാനമായി രണ്ടുവിധമുണ്ട്. (1) പഞ്ചദ്രാവിഡർ, 2) പഞ്ചഗൗഡർ.

പഞ്ചദ്രാവിഡർ: 1) ദ്രാവിഡന്മാർ, 2) തൈലംഗന്മാർ, 3) കർന്നാടർ, 4) മധ്യദേശഗന്മാർ, 5) ഗുർജരന്മാർ.

പഞ്ചഗൗഡന്മാർ: 1) ഗൗഡർ, 2) സാരസ്വതർ, 3) കാന്യകുബ്ജർ, 4) ഉൽകലർ, 5) മൈഥിലർ; അഥവാ 1) ത്രിഹോത്രന്മാർ, 2) അഗ്നിവൈശ്യന്മാർ, 3) കാന്യകുബ്ജർ, 4) കനോജയർ, 5) മൈത്രായണർ.

## ബ്രാഹ്മണരുടെ പൊതു അവകാശങ്ങൾ:

1) ബ്രഹ്മഗായത്രി, 2) വേദകർമ്മം, 3) അദ്ധ്യയനാദ്ധ്യാപനാദിഷ്ട്കർമ്മം, 4) ഭുംജ്യത്വം, 5) ഭോജനീയത്വം, 6) വിവാഹം (ശാഖയ്ക്കും സൂത്രത്തിനും (ഗോത്രത്തിനും)) ഒത്ത്.

digitized by www.sreyas.in

## ബ്രാഹ്മണരുടെ ആചാരങ്ങൾ (ദേശദോഷങ്ങൾ)

1) ഗുർജരദേശത്ത്, തോലിൽ ആക്കിയ വെള്ളം (ചർമ്മാംബു) സ്വീകരിക്കുക (ഉപയോഗിക്കുക), 2) ദക്ഷിണദേശത്ത്, ദാസീഗമനം, 3) കർന്നാടദേശത്ത്, പല്ലുതേല്പില്ലായ്മ, 4) കശ്മീരദേശത്ത്, അലക്കുജോലി ചെയ്യുക, 5) തൈലംഗദേശത്ത്, ഗോവാഹനം, 6) ദ്രാവിഡദേശത്ത്, പഴഞ്ചോറുഭക്ഷണം; ഗുർജരസ്ത്രീകൾ മേൽക്കച്ചയില്ലാത്തവരും (കച്ഛഹീനാ) വിധവകൾ റൗക്കയുള്ളവരും ആകുന്നു; ത്രിഹോത്രന്മാരും കനോജയന്മാരും മത്സ്യമാംസം തിന്നുന്നവരും, കാന്യകൂബ്ജർ ഭ്രാതൃഗാമികളും ആകുന്നു.

അനന്തരം ചിത്പാവനബ്രാഹ്മണോല്പത്തിയാകുന്നു: ഇതിനെപ്പറ്റിയുള്ള പ്രധാനവിവരങ്ങൾ അവതാരികയിലും മറ്റും വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ചേർക്കുന്നില്ല.

## 13. സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം രണ്ടാം അദ്ധ്യായത്തിന്റെ സാരം:

### കരാഷ്ട്രബ്രാഹ്മണോല്പത്തി:

കാരാഷ്ട്രദേശം, വേദവതിക്കു വടക്കും, കോയനാസംഗമത്തിനു തെക്കുമായി ദശയോജനവിസ്താരത്തിൽ കിടക്കുന്നു.

ബ്രാഹ്മണരുടെ സ്ഥിതി:

"ഖരസ്യാവ്യസ്ഥിയോഗേന രേത ക്ഷിപ്തം വിഭാവകം
തേന തേഷാം സമുല്പത്തിർ ജാതാ വൈ പാപകർമ്മിണാം."

കരാഷ്ട്രബ്രാഹ്മണരുടെ മാതൃകാദേവിക്കു വർഷംതോറും ലക്ഷണമൊത്ത ബ്രാഹ്മണപുരുഷനെ ബലികൊടുക്കാറുണ്ട്. (ഇപ്രകാരം) ബ്രഹ്മഹത്തികൊണ്ട് ഇവർ നശിക്കുന്നു. ഇവരെ തൊട്ടാൽ കുളിക്കണം. ഇവരുള്ളേടംതൊട്ട് മൂന്നു യോജനദൂരം വായു ദുഷിച്ചുപോകുന്നു.

ഇവർ സർവ്വകർമ്മധർമ്മബഹിഷ്കൃതന്മാരാകുന്നു. ഇതിൽ ചിലർ ഇരുപദനാമധാരകന്മാരാകുന്നു.

കൊങ്കണദേശം: സഹ്യന്റെ മുകളിൽ നാലും നൂറും യോജനവിസ്താരത്തിൽ ഈ ദേശം കിടക്കുന്നു. കൊങ്കണത്തിലുള്ളവർ പാദമാത്രഗായത്രിയുള്ളവരാണ്. കൊങ്കണബ്രാഹ്മണർ (പദ്യയോഃ ബ്രാഹ്മണാ

digitized by www.sreyas.in

ഖലു) പാദപാരഗനാമധാരകന്മാർ ആകുന്നു. ഇവരെ സകല കർമ്മങ്ങളിലും വർജ്ജിക്കണം.

## 14. ടിയിൽ അഞ്ചാം അദ്ധ്യായം:

ഗൗഡന്മാർ: ഇവരിൽ ഗോവിന്ദപുരവാസികളായ ബ്രാഹ്മണർ മദ്യമാംസം അശിക്കുന്നവരാകുന്നു. കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രതീരവാസികളായ സാരസ്വതന്മാർ മത്സ്യം ഭക്ഷിക്കുന്നവരാണ്. ഇവർ പത്തുവിധം: 1) ശുദ്ധർ 2) അശുദ്ധർ 3) സിദ്ധർ 4) കാപൗൺഡ്രർ 5) ഭീതചാരി 6) ശ്രേണി 7) കൗശികർ 8) നർവ്വർ 9) ബഡികർ 10) ലജ്ജകർ. വാരാഹത്തിൽ ബ്രാഹ്മണർ ഗജഭക്ഷകരായിരുന്നു എന്നു പറയുന്നു. ജഗന്നാഥത്തുള്ളവർ മദ്യമാംസങ്ങൾ ഉപയോഗിക്കും. ഉത്തരഭാഗത്തും മാംസഭക്ഷണമുണ്ട്. നർമ്മദയ്ക്കു തെക്കുള്ളവർ മരുമകളെ വിവാഹംചെയ്യും. (സ്കാന്ദത്തിൽ നാഗരഖണ്ഡവും, ലിംഗപുരാണവും നോക്കുക)

ഈ വിവരണം വിസ്തരഭയത്താൽ തൽക്കാലം നിറുത്തിവയ്ക്കുന്നു. കേരളത്തിൽ മേല്പറഞ്ഞ തരത്തിലുള്ള ബ്രാഹ്മണരുടെ പ്രവേശനവും മറ്റും അടുത്ത പുസ്തകത്തിൽ കാണിച്ചുകൊള്ളാം.

കേരളാചാരങ്ങളെ കുറിക്കുന്നതായും കേരളവാസികൾക്കു സർവ്വോപരിയായ ഒരു പ്രമാണമായും നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് കേരളമാഹാത്മ്യം. ഇതിൽ കേരളീയർക്കായി ഉണ്ടാക്കിവച്ചിട്ടുള്ള മതവും ആചാരങ്ങളും അത്യന്തം പാപഗർഭവും ലജ്ജാവഹവുമാണെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇതിനെ അറിവാനിച്ഛിക്കുന്ന വായനക്കാർ 3-ാം അനുബന്ധം നോക്കി കാര്യം ഗ്രഹിച്ചുകൊള്ളട്ടെ. (അവിടെയും അതിനെ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടില്ല.)

ഈ കേരളത്തിൽ വളരെ പുരാതനകാലംമുതൽക്കെ നടപ്പുണ്ടായിരുന്ന സദാചാരങ്ങളെക്കുറിച്ചും സത്യതല്പരതയെക്കുറിച്ചും മറ്റും ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ശാങ്കരസ്മൃതി, സഹ്യാദ്രിഖണ്ഡം മുതലായ സംസ്കൃതപ്രമാണങ്ങൾ ഇവയെ വേണ്ടവിധം സാധൂകരിക്കയും ചെയ്യുന്നു. അങ്ങനെയുള്ള ജനസമുദായത്തിന് ഇത്ര കഠിനമായ ഒരു പതിത്വം എങ്ങനെ സംഭവിച്ചു ഇതിനെ അവർ സ്വയം വരുത്തിക്കൊണ്ടതോ? അതോ വിദേശീയന്മാർ അവർക്കായി ചമച്ചുവച്ചതോ? എന്നിങ്ങനെ നിരൂപിക്കുംപക്ഷത്തിൽ ഈ ഗ്രന്ഥത്തിൽ ഇതിനുമുൻപിൽ അനേകം തവണ പ്രസ്താവിച്ചവിധം സ്വദേശബഹിഷ്കൃതന്മാരും പാഷണ്ഡമതഗാമികളും ആയ ഒരുകൂട്ടം ആര്യബ്രാ

digitized by www.sreyas.in

ഹ്മണരുടെ ആഗമനം നിമിത്തമാണ് കേരളീയരായ സാധുക്കൾക്ക് ഈ നരകാനുഭൂതിക്കിടവന്നതെന്നു വിചാരിക്കേണ്ടിവരുന്നു. പാരമ്പര്യമായ ധർമ്മതല്പരതയുള്ള ഒരു സമുദായത്തിലോ സ്ഥാപനത്തിലോ സംസർഗ്ഗദോഷംകൊണ്ടും കാലഭേദത്താലും ഓരോ ദുരാചാരങ്ങൾ വന്നുകൂടുന്നതിനു ലോകചരിത്രത്തിൽ വേണ്ടുവോളം ഉദാഹരണങ്ങളുണ്ട്. മേലും പുരാണകാലത്തിനു മുമ്പുതന്നെ ആര്യന്മാരായ ബ്രാഹ്മണരുടെ കൂട്ടത്തിൽ ദുരിതരൂപികളായ വംശക്കാർ ധാരാളമുണ്ടായിരുന്നതായി മേൽക്കാണിച്ച പുരാണഭാഗങ്ങളിൽ കാണുന്നു. ഈ കേരളത്തിൽ വന്നുകൂടിയ ബ്രാഹ്മണർ ഇപ്രകാരമുള്ള പാപികളോ അതോ അവർ മദ്ധ്യപ്രദേശങ്ങളിലും മറ്റുമുള്ള ചില സൽ ബ്രാഹ്മണരോ എന്ന് ഇനി തീരുമാനിക്കേണ്ടതായിരിക്കുന്നു. ഇതിലേക്കായി അന്യവർഗ്ഗക്കാരായ മലയാളികളുടെ സദാചാരധർമ്മതല്പരതയ്ക്കു സാക്ഷ്യംവഹിക്കുന്നതും ആര്യന്മാരാൽ സംസ്കൃതഭാഷയിൽ എഴുതപ്പെട്ടതും ആയ സഹ്യാദ്രിഖണ്ഡം മുതലായവയും നാരദവ്യാസവചനങ്ങളും ഉദാഹരണങ്ങളാകുന്നു. (സഹ്യാദ്രിഖണ്ഡഭാഗത്തിന് 4-ാം അനുബന്ധം നോക്കുക ആർഭടീയസംഹിത 11-ാം അദ്ധ്യായത്തിലും മേല്പറഞ്ഞ വചനങ്ങളിലും ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

ശൗനകഃ

"ശൃണു വിപ്ര! ദ്വിജശ്രേഷ്ഠാ ഭ്രഷ്ടാസ്തേ പര്യടൻ ഭുവി
ആക്ഷിപ്താ (അലബ്ധാ) ഹാരനിലയാ ജഗ്മുസ്തേ ദക്ഷിണാം ദിശം

യത്രാസ്തേ ഭഗവാൻ സാക്ഷാൽ കുംഭയോനിർമ്മുനീശ്വരഃ
യത്ര ദക്ഷിണകന്യാഖ്യം കുമാരീക്ഷേത്ര(തീർത്ഥ)മുത്തമം.
യത്രാഖിലഗുണാഢ്യാ ഭൂസ്ത്രിവേണീ വ വിരാജതേ
പശ്ചിമാബ്ധിതടാത്സഹ്യപര്യന്തം ദ്വിജപുംഗവ!
ഈശ്വാരാരാധനേ രക്താ ഭക്താ യത്ര സുസാധവഃ
ജനാ യത്ര ദാനശൂരാഃ സംഗ്രാമാങ്കണഭൈരവാഃ
യോഗിനോ യൽ ഗുഹാന്തസ്തു പേടികാ രത്നദീപികാഃ
നായകാഖ്യാ യത്ര ശൂദ്ര(ാ) രാജാനഃ സന്തി സർവദാ
തത്രാഗത്യാ ഛലാദ്വാസം ചക്രുഃ ക്വചന കേചന
സേവാരതാഃ കേചിദന്യേപ്രഭുലബ്ധോപജീവികാഃ (നഃ)
കൃത്വാഭിചാരമപരേ ജഗൃഹുർദ്ധന സമ്പദഃ
മിഥഃ കലഹമുൽക്ഷിപ്യ തത്രപൂജ്യാഃ പരേഭവൻ

digitized by www.sreyas.in

രാജ്ഞോപവരകേ സ്ഥിത്വാപ്യന്യേ ധനമുപാദദുഃ
ശ്വാവൃത്യാപ്യുപജീവന്തി ഭാസുരാ അപി ഭൂസുരാഃ
കിം ന കുർവന്തി വിഭ്രഷ്ടാ രാമശാപഹതാശ്ച തേ."

(ആർഭടീയസംഹിത. അ. 11)

അർത്ഥം: ഭ്രഷ്ടന്മാരായ ബ്രാഹ്മണൻ ഭക്ഷണവും ഇരിപ്പിടവുമില്ലാത്തവരായിട്ട് അലഞ്ഞുതിരിഞ്ഞ് ഒടുവിൽ യാതൊരിടത്തു പടിഞ്ഞാറെ സമുദ്രംമുതൽ സഹ്യൻവരെ ഗുണാഢ്യയായിരിക്കുന്ന ഭൂമി ത്രിവേണിയെന്നപോലെ ശോഭിക്കുന്നോ, യാതൊരുദിക്കിൽ അഗസ്ത്യ ഭഗവാൻ വസിക്കുന്നോ, എവിടെ ദക്ഷിണകന്യാകുമാരീക്ഷേത്രമിരിക്കുന്നോ, എവിടത്തുകാർ ഭക്തിയുള്ള സാധുക്കളോ, യാതൊരിടത്തുള്ളവർ ദാനശൂരന്മാരായും വിശിഷ്ടയോദ്ധാക്കളായും ഇരിക്കുന്നോ, എവിടെയുള്ള ഗുഹകളിൽ പെട്ടികളിൽ രത്നദീപങ്ങളെന്നപോലെ യോഗികൾ ശോഭിക്കുന്നോ, സർവ്വസ്വവും ദാനംചെയ്യുന്ന നായകരെന്ന ശൂദ്ര രാജാക്കളെവിടെയോ (അങ്ങനെ ഇരിക്കുന്ന) ആ ദക്ഷിണദിക്കിനെ നോക്കിത്തിരിച്ചു. അവരിൽ ചിലർ ചിലടത്തു സൂത്രത്തിൽ (കേറി) പാർത്തു പ്രഭുവിങ്കൽനിന്നു കിട്ടിയതുകൊണ്ടുപജീവനം കഴിച്ചു. ചിലർ സേവിച്ചുനിന്നു. ക്ഷുദ്രംചെയ്തു ചിലർ ധനസമ്പത്തുകളുണ്ടാക്കി. ചിലർ തമ്മിൽത്തല്ലിച്ചു ധനം കൈക്കലാക്കി. അടുക്കളവേലചെയ്തു ചിലർ ധനം നേടി. ഹീനവൃത്തിയെടുത്തും ചില ബ്രാഹ്മണർ കാലംകഴിക്കുന്നു. രാമശാപമേറ്റു കെട്ടവരെന്തു ചെയ്കയില്ലതന്നെ.

(ശതാനീകൻ ചോദിച്ചതിന് ഉത്തരമായിട്ടു മേല്പറഞ്ഞവ സ്കന്ദൻ പറഞ്ഞതാകുന്നു.)

നാരദവചനം:-

"ശ്രുതിസ്മൃതിപഥഭ്രഷ്ടാശ്ശിഷ്ടാചാരപരാങ്മുഖാഃ
തേമീപാഷണ്ഡിനസ്സാക്ഷാൽശിശ്നോദരപരായണാഃ"

വ്യാസവചനം:-

"സന്ധ്യാത്രയവിഹീനാശ്ച ഗായത്രീഭക്തിവർജ്ജിതാഃ
ദൈവഭക്തിവിഹീനാശ്ച പാഷണ്ഡമതഗാമിനഃ
അഗ്നിഹോത്രാദി സൽകർമ്മസ്വധാസ്വാഹാവിവർജ്ജിതാഃ-
മൂലപ്രകൃതിരവ്യക്താം നൈവ ജാനന്തി കർഹിചിൽ
തപ്തമുദ്രാജിതാഃ കേചിൽ കാമാചാരരതാഃ പരേ

digitized by www.sreyas.in

കാപാലികാഃ കൗളികാശ്ച ബൗദ്ധാജ്ജൈനാസ്തഥാപരേ
പണ്ഡിതാ അപി തേ സർവേ ദുരാചാരപ്രവർത്തകാഃ
ലംപടാ പരദാരേഷു ദുരാചാരപരായണാഃ
കുംഭീപാകം പുനസ്സർവേ യാസ്യന്തി നിജകർമ്മഭിഃ"

ഇങ്ങനെയുള്ള പ്രമാണങ്ങൾ നിഷേധിക്കപ്പെടുകയാണെങ്കിൽ ഉണ്ടാകുന്ന സ്ഥിതിയെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ഇവയിൽ വിവരിക്കുന്നവിധമുള്ള മനുഷ്യർ കേരളമാഹാത്മ്യാദികളിലെ നിന്ദ്യമായ മതം നിർമ്മിച്ചതിൽ അതിശയിപ്പാനില്ല. അതുനിമിത്തമുള്ള കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുപോയവർക്ക് തങ്ങളുടെ ബുദ്ധിമോശത്തിനെ ഓർത്തു പശ്ചാത്തപിക്കയേ ഇനി നിവൃത്തിയുള്ളു. മേലാൽ തങ്ങളുടെ കർത്തവ്യങ്ങളെ ശരിയായനുഷ്ഠിക്കുന്ന പക്ഷം ഈ ദുര്യശസ്സ് ഒടുങ്ങുകയും പൂർവമഹിമ പ്രകാശിക്കയും ചെയ്യുമെന്ന് സമാശ്വസിക്കാം.

ശുഭം

## അടിക്കുറിപ്പുകൾ

1. പ്രഫസർ രംഗസ്വാമി അയ്യങ്കാരുടെ ഇൻഡ്യാചരിത്രം നോക്കുക. – പ്ര. സാ.
2. പദ്യു = പാദയുക്തം, ശൂദ്രവദ്യുയൽ = ഏതൽ; ശ്മശാനം. ഹവാ സഞ്ചരിഷ്ണു രൂപം ശ്മശാനം.

digitized by www.sreyas.in

## അനുബന്ധം 1

"കൃഷ്ണാതീരേ തു ഗത്വാഥ ചചാര ഭൃഗുനന്ദനഃ
തത്രാസ്തേ ബ്രാഹ്മണഃ കശ്ചിൽ വേദവിദ്ഭിരലംകൃതഃ
ഷട്ക്കർമ്മനിരതോ നിത്യം ആചാര്യസ്തൽ പുരേ സുധിഃ
അതിദാരിദ്ര്യസംയുക്തോ അതിദാക്ഷിണ്യവാൻ ദ്വിജഃ
ബ്രാഹ്മണാനാം കുലശ്രേഷ്ഠോ യോഗാഭ്യാസ വിശാരദഃ
തസ്യ ദാരാ പതിവ്രതാ ഭർത്തൃശുശ്രൂഷണേ രതാ
തയോരഷ്ടസുപുത്രാശ്ച ചതുരോ ബ്രഹ്മചാരിണഃ
വേദാദ്ധ്യയനസമ്പന്നാഃ നിത്യം വേദപരായണാഃ
തേഷാം ജ്യേഷ്ഠസുതശ്രേഷ്ഠഃ സത്യസന്ധോ ജിതേന്ദ്രിയഃ
ബ്രഹ്മചര്യാശ്രമം ധൃത്വാ ബ്രഹ്മതേജോ ബലാധികഃ
ചതുർവേദവിദാം നിത്യം കല്പയാമാസ കർമ്മഠാ
കാശ്യപസ്യ ഗൃഹേ രമ്യേ യോഗ്യസ്യ ശുഭമന്ദിരേ
ഗത്വാശു സുമഹാത്മാനം ബ്രാഹ്മണം ബ്രഹ്മവർച്ചസം
സാഷ്ടാംഗം സംപ്രണമ്യാഥ അഭിവാദ്യസ്ഥിതഃ പ്രഭുഃ
ആഗതം നരശാർദൂലം ദൃഷ്ട്വാ ദ്വിജവരോത്തമഃ
ഉത്ഥായ ശീഘ്രമാദായ അർഗ്ഘ്യപാദ്യാദികം തതഃ
യഥാവൽ പൂജയാമാസ രാജാനം വാക്യമബ്രവീൽ
മഹാരാജ മഹാപ്രാജ്ഞ അത്രാഗമനകാരണം
ദരിദ്രോഹം മഹാഭാഗ മൽഗൃഹാഗമനം വൃഥാ
മഹാദാരിദ്ര്യസംയുക്തേ പീഡിതസ്സകുടുംബകൈഃ
അസ്മിൻഗൃഹേ കിമർത്ഥം ത്വമാഗതോസി വദ പ്രഭോ
ഗച്ഛ ശീഘ്രം യഥാപൂർവ്വം ദരിദ്രഃ കിം കരോമ്യഹം
മൽഗൃഹാന്മനസാവാചാ ന സ്മരത്വം ജനേശ്വര
ഇത്യുക്തോ ഭാർഗ്ഗവോ വിപ്രമുവാച ദ്വിജസത്തമം
മദ്വാക്യം ശൃണ്വതാം ബ്രഹ്മൻ മധുസൂദനപൂജക
മമരാജ്യേസമാഗത്യസ്ഥീയതാം ദേവതാദിഭിഃ
നാശയിഷ്യാമി ദാരിദ്ര്യം ദദാമ്യൈശ്വര്യകേരകം
ബ്രഹ്മപീഠേഭിഷേക്ഷ്യാമി ബ്രാഹ്മണാനാം വിധായക

digitized by www.sreyas.in

ബ്രഹ്മചര്യാശ്രമം ഗത്വാ തവ പുത്രസ്തു കേരളേ
അഖിലാനാം ദ്വിജാതീനാം ക്ഷേത്രാണാം ഗുരുരേവസഃ
മമാപി മദ്വിധേയാനാം യോഗാചാര്യോ ന സംശയഃ
യോഗപട്ടഞ്ച ദാസ്യാമി യോഗപീഠേ നിവേശ്യതാം
യോഗമുദ്രാം ദദാമ്യസ്യ സത്യമേവ വദാമ്യഹം
ഭാർഗ്ഗവേണൈവമുക്തസ്തു ദ്വിജാതീനാം ഗുരുസ്തദാ
അഷ്ടപുത്രൈസ്സദാരൈശ്ച പ്രയാണമകരോദ്ദ്വിജഃ
ആഗതാ കേരളേ സംജ്ഞേ പൃഷാദ്രീപുരസംജ്ഞികേ
തേഷാം ജ്യേഷ്ഠസുതസ്തസ്മിൻ ശ്രീമൂലസ്ഥാനമണ്ഡപേ
യോഗപീഠേ നിവേശ്യാഥ യോഗപട്ടഞ്ച ദത്തവാൻ
സർവേഷാം ബ്രാഹ്മണാനാഞ്ച ഗുരുഭൂതോസ്തു തത്വതഃ
ബ്രഹ്മചര്യാശ്രമം നിത്യം സർവേഷാം വിധിരേവ ഹി
മന്ത്രാണാഞ്ച തു തന്ത്രാണാം യോഗാചാര്യോ ന സംശയഃ"

(കേ. മാ. അ. 11)

"മദ്ധ്യാർജ്ജുനേ മഹാവിപ്രോ ബ്രാഹ്മണാനാം ഗുരുസ്തദാ
ഋഗ്വേദാനാമുപാദ്ധ്യായോ......................
തം ബ്രാഹ്മണം സമാനീയ പ്രതിഷ്ഠാമകരോൽ പ്രഭുഃ
യജൂർവ്വേദായ വിപ്രം തം പ്രതിഷ്ഠാപ്യ ഗൃഹേ ശുഭേ
സാമവേദായ വിപ്രം തം നിവേശ്യ ച ശുഭേ ഗൃഹേ
................................................ പുനർഗ്ഗച്ഛൻ യഥാ പുരാ
ശതാധിക്യാംശ്ഛ വിപ്രാംശ്ച ആനയാമാസ ഭാർഗ്ഗവഃ
..........................................................................................................
കാശ്യപസ്യ തു ഗോത്രാംശ്ച ഭരദ്വാജസ്യ ഗോത്രകാ
ദ്വിജോത്തമാൻ.........................................................................
............................ ഭാർഗ്ഗവഃ പുനർഗ്ഗത്വാ യഥാ പുരാ
ശാലീവാഹപുരേ കേചിൽ ബ്രാഹ്മണാസ്സകുടുംബിനഃ
.................................... നിത്യം വേദപരായണാഃ
നിത്യോപവാസിനഃ കേചിൽ ആനയാമാസ താൻ ദ്വിജാൻ

(കേ. മാ. അ. 12)

.......................................................... പുനശ്ച മധുരാപുരീം
പ്രവേശ്യ കാശ്യപാൻ ഗോത്രാൻ തദ്വിജാനീയ ഭാർഗ്ഗവഃ
..........................................................................................................
......................................................... ബ്രാഹ്മണാനാമധീശ്വരാഃ
ഗോദാവരീം പുനർഗ്ഗത്വാ വായുമാർഗ്ഗേണ ഭാർഗ്ഗവഃ

digitized by www.sreyas.in

ധനുർവേദവിദാൻ വിപ്രാൻ ഗദാഭ്യാസം ദദർശ ഹ
പഞ്ചവിപ്രാൻ സമാനീയ കുടുംബൈശ്ച സമന്വിതാൻ
പുനർ ദ്വിജോത്തമാൻ ശ്രേഷ്ഠാനാനയാമാസ ഭാർഗ്ഗവഃ
.....................................................................................................
ചതുഃഷഷ്ടിതമാൻ ഗ്രാമാൻ പ്രതിഷ്ഠാപ്യ ദ്വിജോത്തമാൻ
(കേ. മാ. അ.14)

## അനുബന്ധം 2

### സൂത്രം 34

ഭാഷ്യം യഥാമനുഷ്യാധികാര നിയമമപോദ്യ ദേവാ ദീനാമപി വിദ്യാസ്വധികാര ഉക്തസ്തഥൈവ ദ്വിജാത്യധികാരനിയമാപവാദേന ശൂദ്രസ്യാപ്യധികാരസ്സ്യാദിത്യേ താം ആശങ്കാം നിവർത്തയിതുമിദമധി കരണമാരഭ്യതേ.

തത്ര ശൂദ്രസ്യാപ്യധികാരസ്യാദിതി താവൽ പ്രാപ്തം അർത്ഥിത്വ സാമർത്ഥ്യയോസ്സംഭവാൽ 'തസ്മാച്ഛൂദ്രോ യജ്ഞേ നാവക്ലിപ്ത' ഇതി വൽ; ശൂദ്രോ വിദ്യായാമനവ ക്ലിപ്ത ഇതി ച നിഷേധാശ്രവണാൽ യച്ച, കർമ്മസ്വനധികാരകാരണം ശൂദ്രസ്യാനഗ്നിത്വം, ന തദ്വിദ്യാസ്വ ധികാരസ്യാപവാദകം ലിംഗം. നഹ്യാവഹനീയാദിരഹിതേ ന വിദ്യാ വേദിതും ന ശക്യതേ-ഭവതി ച ലിംഗം ശൂദ്രാധി കാരസ്യോപോദ്ബ ലകം, സംവർഗ്ഗവിദ്യായാം ഹി ജാനശ്രുതിം പൗത്രായണം ശുശ്രൂഷും ശൂദ്രശബ്ദേന പരാമൃശതി.

"ഹ ഹ ഹ! രേ ത്വാ" ശൂദ്ര തവൈവ സഹഗോഭിരസ്തു ഇതി വിദുരപ്രഭൃതയശ്ച ശൂദ്രയോനിപ്രഭവാ അപി വിശിഷ്ടവിജ്ഞാനസം പന്നാഃ സ്മര്യന്തേ തസ്മാദധിക്രിയന്തേ ശൂദ്രാ വിദ്യാസ്വിത്യേവം പ്രാപ്തേ ബ്രൂമഃ.

ന ശൂദ്രസ്യാധികാരോ വേദാദ്ധ്യയനാഭാവാൽ-അധീതവേദോ ഹി വിദിതവേദാർത്ഥോ വേദാർത്ഥേഷ്വധിക്രിയതേ, ന ച ശൂദ്രസ്യ വേദാ ദ്ധ്യയനമസ്തി ഉപനയന പൂർവ്വകത്വാൽ വേദാദ്ധ്യയനസ്യ ഉപനയ നസ്യച വർണ്ണത്രയവിഷയത്വാൽ യത്ത്വർത്ഥിത്വം ന തദസതിസാ മർത്ഥ്യേധികാരകാരണം ഭവതി. സാമർത്ഥ്യമപി ന ലൗകികം കേവലം അധികാരകാരണം ഭവതി. ശാസ്ത്രീയേർത്ഥേ ശാസ്ത്രീയസ്യസാ മർത്ഥ്യസ്യ അപേക്ഷിത ത്വാൽ, ശാസ്ത്രീയസ്യ ച സാമർത്ഥ്യസ്യാ

digitized by www.sreyas.in

ദ്ധ്യായനനിരാകരണേ ന നിരാകൃതത്വാൽ, യച്ഛേദം ശൂദ്രോ യജ്ഞേന വക്ലിപ്ത ഇതി തന്ന്യായപൂർവ്വകത്വാദ്വിദ്യായാമപ്യനവക്ലിപ്തത്വം ദ്യോതയതി; ന്യായസ്യ സാധാരണത്വാൽ; യൽ പുനസ്സംവർഗ്ഗ വിദ്യായാം ശൂദ്രശബ്ദശ്രവണം ലിംഗം മന്യസേ? ന തല്ലിംഗം ന്യായാ ഭാവാൽ, ന്യായോക്തേർ ഹി ലിംഗദർശനം ദ്യോതകം ഭവതി, ന ചാത്ര ന്യായോസ്തി, കാമഞ്ചായം ശൂദ്രശബ്ദസ്സംവർഗ്ഗവിദ്യായാമേവൈ കസ്യാം ശൂദ്രമധികുര്യാൽ, തദ്വിഷയത്വാൽ. ന സർവാസു വിദ്യാസു, അർത്ഥവാദസ്ഥത്വാൽ; ന തു ക്വചിദപ്യയം ശൂദ്രമധികർത്തുമുത്സഹ തേ, ശക്യതേ ചായം ശൂദ്രശബ്ദോധികൃതവിഷയേ യോജയിതും കഥ മിത്യുച്യതേ കം വര ഏനമേതത്സന്തം സയുഗ്മാനമിവ രൈക്വമാർത്ഥേ ത്യസ്മാദ്ധം സവാക്യാദാത്മനോ*f*നാദരം ശ്രുതവതോ ജാനശ്രുതേഃ പൗത്രായണസ്യ ശുഗുത്പേദേ, താമൃഷീരൈക്വഃ ശൂദ്ര ശബ്ദേനാനേന സൂചയാംബഭൂവാത്മനഃ പരോക്ഷജ്ഞാനസ്യ വ്യപനായേതി ഗമ്യതേ ജാതിശൂദ്രസ്യാനധികാരാൽ കഥം പുനഃ ശൂദ്രശബ്ദേന ശുഗുത്പന്നാ സൂച്യത ഇത്യുച്യതേ? തദാ ദ്രവണാച്ശുചമഭിദുദ്രാവ; ശുചാവാഭിദു ദ്രുവേ, ശുചാവാരൈക്വമഭിദുദ്രാവേതി ശൂദ്രാവയവാർത്ഥസംഭവാൽ, രൂഢാർത്ഥസ്യ അസംഭവാൽ ദൃശ്യതേ ചായമർത്ഥോ*f*സ്യാമാഖ്യായി കായാം.

### സൂത്രം 35

ഭാഷ്യം: ഇതശ്ച ന ജാതിശൂദ്രോ ജാനശ്രുതി യൽ കാരണം പ്രക രണനിരൂപണേന, ക്ഷത്രിയത്വമസ്യോത്തരത്ര ചൈത്രരഥേനാഭിപ്രതാ രിണാ ക്ഷത്രിയേണ സമഭി വ്യാഹാരാൽ ലിംഗാൽ ഗമ്യതേ ഉത്തരത്ര ഹി സംവർഗ്ഗഹി സംവർഗ്ഗവിദ്യാവാക്യശേഷേ, ചൈത്രരഥിരഭിപ്രതാ രീക്ഷത്രിയസ്സം കീർത്ത്യതേ; “അഥ ഹ ശൗനകഞ്ചകാപേയമഭിപ്രതാ രിണഞ്ച കാക്ഷസേനിം സൂതേന പരിവിഷ്യമാണൗ ബ്രഹ്മചാരീബി ഭിക്ഷേ ഇതി, ചൈത്രരഥിത്വഞ്ചാഭിപ്രതാരിണഃ കാപേയോഗാദവഗ ന്തവ്യം കാപേ യയോഗോ ഹി ചൈത്രരഥസ്യാവഗതഃ ഏതേനവൈ ചൈത്രരഥം കാപേയാ അയാജയൻ, ഇതി “സമാനാന്വയാനാഞ്ചപ്രാ യേണ സമാനാന്വയായാജകാ ഭവന്തി തസ്മാച്ചൈത്രരഥിർമ്മാമൈക ക്ഷത്രപതിരജായത” ഇതി ച ക്ഷത്രപതിത്വാവഗമാൽ ക്ഷത്രിയത്വമ സ്യാവഗന്തവ്യം തേന ക്ഷത്രിയേണാഭിപ്രതാരിണാ സഹ സമാനായാം വിദ്യായാം സങ്കീർത്തനം ജാനശ്രുതേരപി ക്ഷത്രിയത്വം സുചയതി. സമാനാനാമേവ ഹി പ്രായേണ സമഭിവ്യാഹാരാ ഭവന്തി ക്ഷതൃപ്രേഷ ണാദൈശ്വര്യയോഗാച്ച ജാനശ്രുതേഃ. ക്ഷത്രിയതാവഗതിം അതോ ന ജാതി ശൂദ്രസ്യാധികാരഃ

digitized by www.sreyas.in

### സൂത്രം 36

ഭാഷ്യം: "ഇതശ്ച ന ശൂദ്രസ്യാധികാരോ, യദ്വിദ്യാപ്രദേശേഷുപ നയനാദയഃ സംസ്കാരാഃ പരാമൃശ്യന്തേ", "തം ഹോപനിന്യേ അധീഹി ഭഗവ ഇതി ഹോപസസാദ" ബ്രഹ്മപരാബ്രഹ്മനിഷ്ഠാ പരം ബ്രഹ്മാന്വേ ഷമാണാ ഏഷ ഹ വൈതത്സർവ്വം വക്ഷ്യതീ തി", "തേഹ സമിത്പാ ണയോ ഭഗവന്തം പിപ്പലാദമുപസന്നാഃ" ഇതി ച, "താൻ ഹാനുപ നീയൈവേത്യപി പ്രദർശിതൈവോപനയനപ്രാപ്തിർഭവതി ശൂദ്രസ്യ ച സംസ്കാരാഭാവോഭിലപ്യതേ ശൂദ്രശ്ചതുർത്ഥോ വർണ്ണ ഏകജാതി "രിത്യേക ജാതിത്വസ്മരണാൽ. ന ശൂദ്രേ പാതക കിഞ്ചിന്ന ച സംസ്കാരമർഹതീത്യാദിഭിശ്ച."

### സൂത്രം 37

ഭാഷ്യം: ഇതശ്ച ന ശൂദ്രസ്യാധികാരോ യത്സത്യവചനേന ശൂദ്ര ത്വാഭാവേ നിർദ്ധാരിതേ ജാബാലം ഗൗതമ ഉപനേതുമനുശാസിതും ച പ്രയവൃതേ, നൈതദബ്രാഹ്മണോ വിവക്തുമർഹതി സമിധം സോമ്യാ ഹരോപത്വാനേഷ്യേ നസത്യാദഗാഃ ഇതി ശ്രുതിലിംഗാൽ.

### സൂത്രം 38

ഭാഷ്യം: ഇതശ്ച ന ശൂദ്രസ്യാധികാരോ "യദസ്യ സ്മൃതേഃ ശ്രവ ണാദ്ധ്യയനാർത്ഥ പ്രതിഷേധോ ഭവതി, വേദശ്രവണ പ്രതിഷേധോ വേദാധ്യയന പ്രതിഷേധഃ തദർത്ഥജ്ഞാനാനുഷ്ഠാന യോശ്ച. പ്രതി ഷേധഃ ശൂദ്രസ്യ സ്മര്യതേ, ശ്രവണ പ്രതിഷേധസ്താവൽ, അഥാസ്യ വേദമുപശൃണ്വതസ്ത്രൂപുജതുഭ്യാം ശ്രോത്രപ്രതിപൂരണം" ഇതി "പദ്യൂ ഹവാ ഏതൽ ശ്മശാനം യച്ഛൂദ്രസ്തസ്മാച്ഛൂദ്രസമീപേനാദ്ധ്യേതവ്യ" മിതിച അത ഏവാദ്ധ്യയനപ്രതിഷേധോ യസ്യ ഹി സമീപേ/പി നാദ്ധ്യേ തവ്യം ഭവതി സ കഥം അശ്രുതമധീയീത, ഭവതി, ച വേദോച്ചാരണേ ജിഹ്വാച്ഛേദോധാരണേ ശരീരഭേദ ഇതി, അത ഏവ ച തദർത്ഥജ്ഞാ നാനുഷ്ഠാനയോഃ പ്രതിഷേധോ ഭവതി "ന ശൂദ്രായ മതിം ദദ്യാ" ദിതി. "ദ്വിജാതീനാമദ്ധ്യയനമിജ്യാദാന" മിതിച, യേഷാം പുനഃ പൂർവ്വകൃത സംസ്കാരവശാദ്വിദുരധർമ്മവ്യാധപ്രഭൃതീനാം ജ്ഞാനോത്പത്തി സ്തേഷാം ന ശക്യതേ ഫലപ്രാപ്തിഃ പ്രതിബദ്ധും ജ്ഞാനസ്യൈകാ ന്തികഫലത്വാൽ "ശ്രാവയേച്ചതുരോവർണ്ണാനിതിചേതിഹാസപുരാണാ ധിഗമേ ചാതുർവർണ്ണ്യാധികാര സ്മരണാൽ വേദപൂർവ്വകസ്തുനാസ്ത്യ ധികാരഃ ശൂദ്രാണാമിതിസ്ഥിതം."

digitized by www.sreyas.in

## അനുബന്ധം 3

"അഥ രാമോ മഹാതേജോഃ ശ്രീമൂലസ്ഥാനമാഗതഃ
ചതുഃഷഷ്ഠിതമാൻ ഗ്രാമാൻ ബ്രാഹ്മണാന്വാക്യമബ്രവീൽ
ഇന്ദ്രലോകേ ച ഗത്വാഹമാഗച്ഛാമി ദ്വിജോത്തമാഃ
അനുജ്ഞാപ്യ ദ്വിജാൻ സർവ്വാനിന്ദ്രലോകം ജഗാമ ഹ
ഭാർഗ്ഗവാഗമനം ദൃഷ്ട്വാ ദേവേന്ദ്രസ്ത്വരിതോത്ഥിതഃ
അർഘ്യപാദ്യം സമാദായ പൂജയിത്വാഥ ഭാർഗ്ഗവം
അനർഘ്യമാസനം ദത്വാ മന്ദംമന്ദമുവാ ച ഹ
ഭൃഗുനന്ദന തതത്വജ്ഞ കിമാഗമനകാരണം
വക്തുമർഹസി രാജർഷേ കിമപേക്ഷാസ്തി ഭാർഗ്ഗവ
ദേവേന്ദ്രേണൈവമുക്തസ്തു ഭാർഗ്ഗവോ വാക്യമബ്രവീൽ
ശൃണു ദേവപതേ തത്വം മൽകാര്യഞ്ച വദാമ്യഹം
മൽഭൂമൗ നിത്യവാസീനാം ബ്രാഹ്മാണാനാം തപസ്വിനാം
രത്യർത്ഥം ദേവനാര്യാശ്ച ദാതവ്യാ ദേവവല്ലഭ
ഭാർഗ്ഗവേണൈവമുക്തശ്ച ദേവേന്ദ്രഃ പ്രദദൗ തദാ
ബ്രാഹ്മണാനാം ച രത്യർത്ഥം ഭാർഗ്ഗവായ സുകന്യകാഃ
ശശാങ്കവദനാ നാര്യസ്ത്രയഃ കന്യാസ്സുശോഭനാഃ
നവയൗവനസമ്പന്നാ രതിശാസ്ത്രവിചക്ഷണാഃ
ജയന്തസ്യ സുതാം കാഞ്ചിൽ സുഭഗാനാമ സുന്ദരീം
ഷട്കന്യാസഹിതാന്നാരീം ഭാർഗ്ഗവായ ദദൗ തദാ
പുനഃ കാഞ്ചിച്ച നാരീം തു ഗന്ധർവ്വസ്യ സുതാം ശുഭാം
ഷട്കന്യാസഹിതാം നാരീം ദേവേന്ദ്രോ ഭാർഗ്ഗവായ ച
പുനശ്ച രാക്ഷസീം തന്വീം ഷട്ക്കന്യാസഹിതാം തദാ
ഭാർഗ്ഗവപ്രതിഗൃഹ്യാഥ പ്രഹൃഷ്ടോഭൂദ്വിശാമ്പതേഃ
അഷ്ടാദശാഭിഃ കന്യാഭിഃ സഹനാരീസ്ത്രയശ്ശുഭാഃ
പ്രതിഗൃഹ്യ തദാ രാമഃ പ്രയാണമകരോത്തദാ
പ്രസ്ഥാനമകരോത്തത്ര ഭാർഗ്ഗവോ ഹൃഷ്ടമാനസഃ
താശ്ച സർവാസ്സമാനീയ സ്വസ്ഥാനം ഗതവാൻ നൃപഃ
വൃഷാദ്രീപുരമാഗത്യ ശ്രീമൂലസ്ഥാനമണ്ഡപേ
സംസ്ഥിതാൻ ബ്രാഹ്മണാൻ സർവ്വാനഭിവാദ്യാഥ ഭാർഗ്ഗവഃ
ഉവാച വാക്യം വാക്യഞ്ജ്ഞഃ യോഗാചാര്യം ഗുരുഞ്ച വൈ
സർവേഷാം ബ്രാഹ്മണാനാഞ്ച മയാ നീതാ ദിവിസ്തിതാഃ
യൗവനാഢ്യാശ്ച സുന്ദര്യോ രത്യർത്ഥം നിത്യമേവച
ഗൃഹസ്ഥാനാം ദേവതാഭിഃ സുന്ദരീഭിദ്വിജോത്തമാഃ

digitized by www.sreyas.in

രത്യർത്ഥഞ്ച ശയിഷ്യന്തു സന്തത്യർത്ഥഞ്ച നിത്യശഃ
ഷട്ക്കന്യാസഹിതാം രാമോ ദേവനാരീന്നിവേശ്യ ച
വൃഷാദ്രീപുരമദ്ധ്യേ ച ക്രീഡാർത്ഥം ഷട്ഗൃഹാൻ തഥാ
കല്പയിത്വാഥ രാമശ്ചബ്രാഹ്മണാനാം സുഖായ ച
ജ്യേഷ്ഠപുത്രം വിനാ സർവേ ബ്രാഹ്മണാ ദ്വിജസത്തമാഃ
സുഭഗാഭിശ്ച കന്യാഭിരതിം കുർവന്തു നിത്യശഃ
മമദേശേ ച ശൂദ്രാശ്ച മാസ്തു ദൃഷ്ടാശ്ച സന്തതം
ക്രീഡയന്തു സുരാസ്സർവേ ദിവി ദേവാ യഥാ തഥാ
തയാ സാകം ദ്വിജാ നിത്യം ചത്വാരോ വാത്ര യശ്ച വാ
ബ്രാഹ്മണാനാഞ്ച സർവ്വേഷാം സംഗദോഷോ ന വിദ്യതേ
ദേവനാര്യഃ കില ത്വസ്മാൽ ക്രീഡാഹശ്ച ദിനേ ദിനേ
പരസ്ത്രീസംഗദോഷാനിമമദേശേ ന കിഞ്ചന
ദ്വിജസ്ത്രീയോജനാസ്സർവേ ക്രീഡായാമ ദ്വിജോത്തമാഃ
ഉപരിക്രീഡ സുരതാനാചരന്തുസ്ത്രിയസ്സദാ
നാരീണാഞ്ച തു സർവ്വാസാം സ്തനവസ്ത്രാണിമാസ്ത്വിഹ
യഥേഷ്ടൈശ്ച ദ്വിജൈസ്സാകം ക്രീഡയദ്ധ്വം ദിനേ ദിനേ
തിഷ്ഠന്തു ദേവനാര്യശ്ച മൽ ഭൂമൗ കേരളേ സദാ
അംഗീകൃത്യ ദ്വിജാസ്സർവേ താഭിസ്സാകം സുഖം സ്ഥിതാഃ
.........................................................................................................
ഷട്ക്കന്യാസഹിതാം നാരീം ഗന്ധർവ്വസ്യകുലോത്ഭവാം
ലക്ഷ്മീപുര്യാം നിവേശ്യാഥ തത്ര തത്ര ച ഭാർഗ്ഗവഃ
ക്രീഡാർത്ഥം ബ്രാഹ്മണാസ്സർവ്വേ അംഗീകുർവന്തു നിത്യശഃ
താഭിസ്സുന്ദരനാരീഭിഃ ക്രീഡയന്തു ദ്വിജോത്തമാഃ
സാമന്താനാം ദ്വിജാതീനാമന്യദേശേ നിവാസിനാം
ബ്രാഹ്മണാനാം തു വാ നാര്യസ്തിഷ്ഠന്തു ച സുഖായ വൈ
താസ്തു ഗന്ധർവ്വലോകേ തു ആചരന്തു യഥാ തഥാ
ഏകസ്യാശ്ചൈവ ഏകോസ്തു മദ്ധ്യദേശേ നിവാസിനാം
ഗന്ധർവ്വകുലനാരീഭിർമ്മാനയുക്താഭിരന്വഹം
ബ്രാഹ്മണാശ്ചൈവ സാമന്താഃ ക്രീഡയന്തു ദിനേ ദിനേ
കശ്ചിദ്ദേവതയാ സാകമുപരിക്രീഡമംഗളം
രതിം കൃത്വാ ദ്വിജാസ്സർവേ തിഷ്ഠന്തു ച യഥാസുഖം
പുനശ്ച രാക്ഷസീംതന്വീം ഷട്ക്കന്യാസഹിതാം തദാ
അംബികായാം പുരേ രാമോ നിവേശ്യോന്മത്തയൗവനാം
ബ്രാഹ്മണാനാഞ്ച രത്യർത്ഥം തിഷ്ഠന്തു ച ദിനേ ദിനേ
യഥാ രക്ഷസലോകേ ച കർത്തവ്യം കന്യകാസ്തഥാ

digitized by www.sreyas.in

ബ്രാഹ്മണൈശ്ച സദാ യൂയം രതിക്രീഡനമംഗളം
സർവേ...................................... രമയന്തു ദ്വിജോത്തമാഃ."
(കേ. മാ. 40-ാം 50-ാം അദ്ധ്യായങ്ങൾ)

## അനുബന്ധം 4

ഈശാലയാപിനഃ കേചിൽ കേചിദ്ധർമ്മപലായിനഃ
സാമഭിസ്തൂതപഃ കേചിദേവമിഥ്യാഭിമാനിനഃ
ദോഷൈകനിരതഃ കേചിദ്വിശതാദാത്മ്യമാനിനഃ
സ്ത്രീത്വം പുംസ്ത്വം ദ്വയോർ ജാതിരിതരാഃ ഭ്രാന്തിമൂലകാഃ
വേദാഃ പ്രമാണം നേച്ഛന്തിഹ്യാഗമം നൈവ ചാപരേ
സത്യക്ഷമേ കൃതേ ചേതി ലോകായതമതാനുഗീ
ശക്തിരേവ സവിത്രീതി മതം ജഗ്നിഹിരേ പരേ
ഭൈരവീതന്ത്രമാലംബ്യ ജാതിസങ്കരകാരിണഃ
ജനനീജനകാൻ ജന്യാൻ ധർമ്മപത്നീദ്വിഷന്തി ച
ദേവാൻ ദ്വിജാൻ ഗുരൂൻ പ്രാജ്ഞാൻ ധർമ്മമാർഗ്ഗാനുവർത്തിനഃ
അവമാന്യ മഹത്വം തു വിവിധാ ധിഷണാഃ പരേ
ഈശോഹം ബലഭദ്രോഹം സിദ്ധോഹം ബലവാനഹം
ആഢ്യോസ്മി ബലവാനസ്മി കോ ദ്യോമ ഇതി വാദിനഃ
ഭൂതാഭിചാരതോ ഭക്ഷാ; സർവഭക്ഷാ വിഭക്ഷകാഃ
ഹരേരനർപ്പിതാഹാരാഃ അന്യദേവാർപ്പിതാശനാഃ
പുത്രാദീൻ നൈവ പുഷ്ണന്തി ശിശ്നോദരരതാഃ പരേ
പരസ്ത്രീനിരതാസ്സർവേ സല്ലികാദല്പധർമ്മിണഃ
സ്വസ്മിൻ ഗുണിത്വമന്താരോ ദേവദ്വിജാനു നിന്ദിനഃ
മാംസാഹാരാ മദ്യപാശ്ച സ്വദാരാച്ഛിദ്രവാദിനഃ
ഷണ്ഡാമേകൈകലിംഗൈശ്ച പാഷണ്ഡശകുനൈസ്തഥാ
ഏതദുക്തമനുഷ്ഠായ ജനാസ്സർവേ/പി സന്തി ഹി
ഏകജന്യാ ജനാഃ കേചിന്നൈകജന്യാ ജനാഃ പരേ
സങ്കീർണ്ണബുദ്ധയഃ കേചിദ്യോനിസങ്കരകാരിണഃ
ദോഷാ നൈവ വിചിന്വന്തി കാരണം ഹ്യത്ര കാരണം.
ഗരദാ ബ്രഹ്മണാഃ കേചിദ്വിവാഹസ്യ ച കണ്ടകാഃ
വൃത്തിച്ഛേദകരാഃ കേചിൽ പരദോഷാവമർശിനഃ
ഏവം ജനാഃ ബഹുവിധാഃ ദോഷവാർത്തൈകലോലുപാഃ
ഏകകൃച്ഛ്റാദ്വികൃച്ഛ്റാശ്ച ത്രിചതുഃകൃച്ഛ്റകാഃ പരേ
ഏകകൂർച്ചാ ദ്വികൂർച്ചാശ്ച ബഹുകൂർച്ചാതി കൂർച്ചകാഃ

digitized by www.sreyas.in

മന്ത്രവാദരതാഃ കേചില്ലോകോപകൃതിഹേതവേ
നാമഭിർ ജിനസമ്പന്നാ ശ്രുതിശാസ്ത്രവിവർജിതാഃ
ലോകാൻ ദ്വിഷന്തി ധർമ്മജ്ഞാൻ ഗരദാ ലോകഗർഹിതാഃ
കൂടസാക്ഷിപ്രവക്താരഃ സസ്നേഹാസ്താദൃശേഷു ച
പാപക്ഷിപകലൗ ലോകാൻ സദോഷാദോഷവാദിനഃ
നതൈസ്സഹ വസേദ്ധീമാൻ നാവമന്യേത കർഹിചിൽ
അനന്താഗണശോ ദോഷാ ഉദാഹർത്തും ന ച ക്ഷമഃ
കൃച്ഛ്ര റേശാനാഞ്ച വേദാനാം കാ തത്രപരിവേദനാ
ഗ്രാമേ ഗ്രാമേ ദുരാചാരാ ലോകാസ്സന്തി ഹ്യനേകശഃ
ഏവം മഹാന്തമാലോകം ഗ്രാമമാശ്രയേതേ ജനാഃ
ഏവം കുലേഷു സർവേഷു ദോഷജാത്യമനന്തകം
സദ്വംശജാ അയോഗ്യാശ്ച നിന്ദ്യാ ഏവ ന സംശയഃ
ധനുർവംശോ വിശുദ്ധോപി നിർഗ്ഗുണഃ കിം കരിഷ്യതി
യോഗ്യോ ദുർവംശജാതോപി ശസ്യതേ സർവസജ്ജനൈഃ
സ്ക്കാന്ദേ നാഗരഖണ്ഡേപി പ്രോക്തം ലൈംഗേപി ചോദിതഃ
ജാതീനാം നിർണ്ണയഃ സമ്യഗുദാഹരണപൂർവ്വകം.
(സഹ്യാദ്രിഖണ്ഡം)

digitized by www.sreyas.in